വാല്യം 133

ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

## ഒമ്പതാം പദ്ധതി
## ജനകീയ പദ്ധതി

# കക്കോടി ഗ്രാമ പഞ്ചായത്ത്

## വികസനരേഖ

# കക്കോടി ഗ്രാമപഞ്ചായത്ത്

# വികസന രേഖ

വികസന സെമിനാർ

16 - നവംബർ - 1996

കക്കോടി പ്രിയ ഓഡിറ്റോറിയം


N
S
AREA - 18.64 SQ. KM
PWD ROADS
ചേളന്നൂർ പഞ്ചായത്ത്
1
2
3
4
5
6
7
8
9
10
11
12
കോഴിക്കോട് കോർപ്പറേഷൻ

## എഡിറ്റോറിയൽ ബോർഡ്

കെ.കെ.ചോയിക്കുട്ടി
കെ.സി.കെ.ഉണ്ണി
അബൂബക്കർ മാസ്റ്റർ
ജയകൃഷ്ണൻ മാസ്റ്റർ
എം. രാമദാസൻ
കെ.പി. മജീദ്
പി. രാജൻ
പ്രൊഫ. ശോഭീന്ദ്രൻ
നെല്ല്യേരി ബാലൻ
സുജാ അശോകൻ
പി. ശോഭീന്ദ്രൻ
എം. രാജേന്ദ്രൻ
എം.എം. സിറാജ്

# കക്കോടി ഗ്രാമപഞ്ചായത്ത്

# ഭരണസാരഥികൾ



കെ.കെ. ചോയിക്കുട്ടി
പ്രസിഡണ്ട്



എം. വാസുമാസ്റ്റർ
(വൈസ് പ്രസിഡണ്ട്)



പി. രാജൻ
(സെക്രട്ടറി)



എം.എ.സിറാജ്
(സ്റ്റാന്റിംങ്ങ് കമ്മിറ്റി ചെയർമാൻ)

അംഗങ്ങൾ
വി.എം. രവീന്ദ്രൻ
കയ്യാട്ടയിൽ പുഷ്പ
എം. രാജേന്ദ്രൻ
ചാലിൽ ബീന
ഷീബാശാന്തി
കെ. രാമകൃഷ്ണൻ
എം.ജയകൃഷ്ണൻ മാസ്റ്റർ
സുജാഅശോകൻ
മാടിച്ചേരി ഗംഗാധരൻ

● ● ●

# ആമുഖം

ഇരുനൂറ്റാണ്ടിലേറെക്കാലം നീണ്ടുനിന്ന വിദേശാധിപത്യം ചൈതന്യം ചോർത്തിക്കളഞ്ഞ നമ്മുടെ രാഷ്ട്രത്തെ ശ്രേയസ്സിലേക്ക് നയിക്കാനായിരുന്നു സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ ഭരണ നേതൃത്വം ആസൂത്രിത വികസനത്തിനുവേണ്ടി പഞ്ചവത്സരപദ്ധതി ആവിഷ്കരിച്ചത്. 8-ാം പഞ്ചവത്സരപദ്ധതിയുടെ അവസാനവർഷമാണ് ഇത്. 9-ാം പഞ്ചവത്സര പദ്ധതിയുടെ പടിവാതിൽക്കലും. പദ്ധതി പ്രവർത്തനങ്ങളെക്കൊണ്ട് ഒരു പാട് നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു എങ്കിലും ലക്ഷ്യമിട്ട നേട്ടങ്ങളിലേക്ക് എത്താൻ കഴിഞ്ഞില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. കേന്ദ്രീകൃത ഭരണവ്യവസ്ഥയ്ക്ക് കീഴിൽ കേന്ദ്രീകൃതമായി ആവിഷ്കരിക്കപ്പെട്ട പദ്ധതികൾ ജനങ്ങളുടെ ആവശ്യങ്ങളിൽ നിന്നും അഭിലാഷങ്ങളിൽനിന്നും ഉയർന്നുവന്നതായിരുന്നില്ല. കേന്ദ്രീകൃതമായി നടത്തപ്പെട്ട പദ്ധതിപ്രവർത്തനങ്ങൾ ജനങ്ങളിൽനിന്നും അന്യവൽക്കരിക്കപ്പെട്ടു. ജനങ്ങളുടെ വിയർപ്പിൽനിന്നും കോടിക്കണക്കിനു രൂപ സ്വരൂപിച്ചു പദ്ധതിപ്രവർത്തനങ്ങൾ നടത്തിയത് ജനങ്ങളുടെ ക്ഷേമത്തിനായിരുന്നുവെങ്കിലും അത് അവർക്ക് മുഴുവൻ അനുഭവപ്പെട്ടില്ല. മറിച്ച് നേട്ടങ്ങളിൽ കൊയ്ത്തുനടത്തിയവർ ഇടനിലക്കാരായിരുന്നുവെന്ന വസ്തുതയാണ് ആസൂത്രിത വികസനം സംബന്ധിച്ചു പുനർവിചിന്തനം നടത്താനും അധികാര വികേന്ദ്രീകരണത്തെ ആസ്പദമാക്കി പഞ്ചായത്തിരാജ്, നഗരപാലികാ നിയമം പാർലമെന്റിൽ പാസ്സാക്കാനും ഇടവന്നത്.

കറയറ്റ രാഷ്ട്രീയ ഇച്ഛാശക്തിയോടെ 9-ാം പദ്ധതി ജനകീയ പദ്ധതിയാക്കി നടത്താൻ സംസ്ഥാന സർക്കാരും, പ്ലാനിംഗ്ബോർഡും തീരുമാനിച്ചിരിക്കുകയാണ്. ഇതിലൂടെ സ്വാതന്ത്ര്യത്തിന് ശേഷം ഇന്ത്യക്ക് മാതൃകയായ പല ഭരണനടപടികളും സ്വീകരിച്ച കേരളം ജനകീയആസൂത്രണ പ്രവർത്തനത്തിലും ഇന്ത്യക്ക് മാതൃകയാകുകയാണ്.

ഉൽപാദനമേഖലയിൽ വേണ്ടത്ര നേട്ടം കൈവരിക്കാതെ സേവനമേഖല പുഷ്ടിപ്പെടുത്തിക്കൊണ്ട് ജീവിതഗുണമേന്മനേടിയ ഒരു ജനത എന്ന നിലയിൽ കേരള മോഡൽ വികസനം ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെടുന്നു എങ്കിലും കേരളം നേരിടാനിരിക്കുന്ന വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്ക് സാമ്പത്തിക വിദഗ്ദർ ഇതിനകം വിരൽ ചൂണ്ടിയിട്ടുണ്ട്. ഉൽപാദനമേഖല മുരടിച്ചു നിൽക്കുന്ന അവസ്ഥയിൽ നാം നിത്യജീവിതത്തിനുവേണ്ട വിഭവങ്ങൾക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ്. ഒരു ഉപഭോക്തൃസംസ്ഥാനം എന്ന നിലക്ക് നമുക്ക് നമ്മുടെ സാമ്പത്തിക സ്രോതസ്സിലൊന്ന് ഗൾഫിൽനിന്നും മറ്റും വരുന്ന പണമാണ്. അതിന്റെ നാളുകൾ എണ്ണപ്പെട്ടു കഴിഞ്ഞു എന്ന് ഇതിന്നകം വ്യക്തമായികഴിഞ്ഞിരിക്കുന്നു. കാർഷിക, വ്യാവസായിക മേഖലയിലെ മുരടിപ്പിന്ന് അതിവേഗം പരിഹാരം കണ്ടില്ലെങ്കിൽ ഒരു ജനത എന്ന നിലക്ക് നമ്മുടെ നിലനിൽപ് അപകടപ്പെടും എന്നതാണ് അവസ്ഥ. നിലനിൽപിന്റേതായ ഈ സന്നിഗ്ധാവസ്ഥയിൽ ഒരു പിടിവള്ളി എന്ന നിലക്ക് 9-ാം പദ്ധതി ജനകീയ പദ്ധതി എന്ന ആശയം എല്ലാ സങ്കുചിത ചിന്തകൾക്കും അതീതമായി സ്വാഗതം ചെയ്യപ്പെട്ടുകഴിഞ്ഞു,

കക്കോടി ഗ്രാമപഞ്ചായത്തിൽ ജനകീയ പദ്ധതിയുമായി ബന്ധപ്പെട്ടു നാളിതുവരെയുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി തന്നെ നടത്തപ്പെട്ടിട്ടുണ്ട്.

സെപ്തംബർ 3,4,5 തിയ്യതികളിൽ നടന്ന ജില്ലാ തല പരിശീലനത്തിൽ പഞ്ചായത്തിൽനിന്നു 9 പേർ പങ്കെടുത്തു. 10-9-96 ന് പഞ്ചായത്തിലെ എല്ലാ കലാസാംസ്കാരിക സ്ഥാപനങ്ങളുടെയും യോഗം നടന്നു. പ്രസ്തുത യോഗത്തിൽ വെച്ചു 9-ാം പദ്ധതിയുടെയും, ഗ്രാമസഭകളുടെയും പ്രചരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. 11.9.96 ന് പഞ്ചായത്ത് ലൈബ്രറി ഹാളിൽവെച്ചു ഒന്നാം ഘട്ട പഞ്ചായത്ത്തല പരിശീലനം നടന്ന പരിശീലനത്തിൽ 42 പേർപങ്കെടുത്തു. 17.9. 96 ന് പ്രചരണപരിപാടി സംഘടിപ്പിച്ചു. എല്ലാ വാർഡുകളിലും ഗ്രാമസഭയുടെ വിജയത്തിന് സ്വാഗതസംഘം രൂപീകരിച്ചു.

21-9-96 മുതൽ 2-10-96 വരെയുള്ള കാലയളവിൽ ഒഴിവുദിവസങ്ങളിൽ 12 വാർഡുകളിലും ഗ്രാമസഭകൾ വിജയകരമായി നടന്നു. ഗ്രാമസഭകളിലെ പങ്കാളിത്തം തൃപ്തികരമായിരുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളേയും ഭാഗഭാക്കിത്തമുണ്ടാകാൻ ശക്തമായ പ്രചരണ തന്ത്രങ്ങൾ ഇനിയും ആവശ്യമാണ്. ഗ്രാമസഭകളിൽ മൊത്തം 2668 ആളുകൾ പങ്കെടുത്തു. ഇതിൽ 654 പേർ സ്ത്രീകളായിരുന്നു. പഞ്ചായത്തിലെ കാർഷിക വ്യാവസായിക സേവന മേഖലകളെ സംബന്ധിച്ചു വിലപ്പെട്ട പല നിർദ്ദേശങ്ങളും ഗ്രാമസഭകളിൽനിന്ന് ഉയർന്നു വരികയുണ്ടായി. 5-10-96 ന് ജില്ലാ പഞ്ചായത്ത് തല പരിശീലകരുടെ യോഗം ചേരുകയും ദ്വിതീയ വിവരശേഖരണത്തെപ്പറ്റിയും മറ്റും തീരുമാനമെടുക്കുകയും ചെയ്തു. 13-10-96ന് ദ്വിതീയ വിവരശേഖരണപ്രവർത്തനത്തിന് തുടക്കം കുറിച്ചു. പലഗ്രൂപ്പുകളായി തിരിഞ്ഞു നടത്തിയ പ്രവർത്തനം വിജയകരമായിരുന്നു. 20-10-96 ന് വിവിധ ഗ്രൂപ്പുകൾ കൂടിയിരുന്ന് ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്ന നിർദ്ദേശങ്ങളെയും, ദ്വിതീയ വിവരശേഖരണത്തിന്റെയും അടിസ്ഥാനത്തിൽ കരട് റിപ്പോർട്ട് തയ്യാറാക്കി. ഒക്ടോബർ 22, 23, 24 തിയ്യതികളിൽ രണ്ടാംഘട്ട ജില്ലാതല പരിശീലനം നടന്നു. ഒന്നാംഘട്ട പരിശീലകർക്ക് പുറമെ, പഞ്ചായത്ത് തലത്തിലുള്ള ഏതാനും ഉദ്യോഗസ്ഥരും പരിശീലന പരിപാടിയിൽ പങ്കെടുത്തു. തുടർന്ന് 27.10-96 ന് പഞ്ചായത്ത് തലത്തിൽ പഠനപര്യടനം നടത്തിയ പഞ്ചായത്തിന്റെ കിഴക്ക് നിന്നും, പടിഞ്ഞാറുനിന്നും രണ്ടു ഗ്രൂപ്പുകൾ ആരംഭിച്ച പഠനപര്യടനം വൈകുന്നേരം കൂടത്തുംപൊയ്യിലിൽ സന്ധിച്ചു. പഞ്ചായത്തിലെ ഭൂപ്രകൃതിയെ സംബന്ധിച്ചും, വിളകളെ സംബന്ധിച്ചും മറ്റും സമഗ്രമായ വിവരശേഖരണമാണ് പഠനപര്യടനസംഘം നടത്തിയത്. തുടർന്ന് ഒക്ടോബർ 30-ാം തിയ്യതി പഞ്ചായത്ത് തലത്തിലുള്ള രണ്ടാംഘട്ട പരിശീലനം കണ്ണാടിച്ചാൽ പഞ്ചായത്ത് ശിശുമന്ദിരത്തിൽ വെച്ചുനടന്നു. പരിശീലന പരിപാടിയിൽപഞ്ചായത്ത് വികസന സെമിനാറിലേക്ക് സമഗ്രമായ വികസന റിപ്പോർട്ട് തയ്യാറാക്കാൻ 12 ഗ്രൂപ്പുകൾ രൂപീകരിച്ചു. കേരളപിറവിയുടെ 40ാം വാർഷികമായ 96 നവംബർ 1 ജനകീയ ആസൂത്രണ പ്രവർത്തനത്തിന്റെ ഭാഗമായി പുനർസമർപ്പണദിനമായി ആചരിക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും 12 വാർഡുകളിലും വികസന പ്രവർത്തനങ്ങൾ നടത്താനും അതിനുവേണ്ടി സന്നദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും തീരുമാനിച്ചു. ആവശ്യമായ സാധനസാമഗ്രികൾ പഞ്ചായത്ത് ചെലവിൽ വാങ്ങാമെന്നായിരുന്നു തീരുമാനം. 12 വാർഡുകളിലും 22 വികസന പ്രവർത്തനങ്ങൾക്കാണ് അന്നു തുടക്കം കുറിച്ചത്. 1000 ലേറെ പേർ നവംബർ 1 ന് മാത്രം ശ്രമദാനപ്രവർത്തനം നടത്തി അവയുടെ പൂർത്തീകരണത്തിന് തുടർന്നും സന്നദ്ധ പ്രവർത്തനം നടത്തി. $2\frac{1}{2}$ ലക്ഷത്തോളം രൂപയുടെ സാധനസാമഗ്രികളും, 2000 ത്തോളം മനുഷ്യാദ്ധ്വാനവും ചിലവഴിച്ചുനടത്തിയ പ്രസ്തുത വികസന പ്രവർത്തനങ്ങളുടെ മതിപ്പ്മൂല്യം 5 ലക്ഷത്തിലേറെ രൂപയ്ക്കുള്ളതാണ്.

ആവേശകരമായ ഈ പ്രവർത്തനം ജനകീയ ആസൂത്രണ പ്രവർത്തനത്തിന്റെ വിജയത്തിലേക്കുള്ള ചൂണ്ടുപലകയാണ്.

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനം ആരംഭിച്ചശേഷം ഈ പുതിയ ആശയത്തെ നെഞ്ചേറ്റുവാനും എല്ലാ സങ്കുചിത ചിന്താഗതികൾക്കും അതീതമായി കൂട്ടായ്മയോടെ യത്നിക്കുവാനും ഒരുപാടാളുകൾ മുന്നോട്ടുവന്നിട്ടുണ്ട്.

ഈ പ്രവർത്തനത്തിലൂടെ ജനങ്ങളുടെ ഐക്യവും സഹകരണവും വളർത്താനും, വികസന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കാനും നമ്മുടെ പഞ്ചായത്തിനെ സർവ്വതോന്മുഖമായ ശ്രേയസ്സിലേക്ക് നയിക്കാനും സാധിക്കുമാറാകട്ടെ.

രണ്ടാംഘട്ട പഞ്ചായത്ത് തല പരിശീലന പരിപാടിയിൽ രൂപീകരിച്ച ഉദ്യോഗസ്ഥരും വിദഗ്ദരും, പൊതുപ്രവർത്തകരുമടങ്ങുന്ന 12 ഗ്രൂപ്പുകൾ രാപ്പകൽ ഭേദമെന്യേ യത്നിച്ചു തയ്യാറാക്കിയ ഈ റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന്റെ ഭാവി വികസനത്തിന് മാർഗ്ഗരേഖയാകുമെന്ന പ്രത്യാശയോടെ നിങ്ങളുടെ പരിഗണനക്കും, ചർച്ചയ്ക്കും വേണ്ടി സമർപ്പിക്കുന്നു.

| | |
|---|---|
| പഞ്ചായത്ത് | കക്കോടി |
| റവന്യൂ വില്ലേജ് | കക്കോടി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | കക്കോടി |
| ബ്ലോക്ക് പഞ്ചായത്ത് | ചേളന്നൂർ |
| താലൂക്ക് | കോഴിക്കോട് |
| ജില്ല | കോഴിക്കോട് |
| അസംബ്ലി മണ്ഡലം | കൊടുവള്ളി |
| ലോകസഭ | കോഴിക്കാട് |
| വിസ്തീർണ്ണം | 18.59 ച.കി.മീ. |
| ജനസംഖ്യ | 30024 |
| വാർഡുകളുടെ എണ്ണം | 12 |
| പ്രസിഡണ്ട് | കെ.കെ. ചോയിക്കുട്ടി |
| വൈസ്പ്രസിഡണ്ട് | വാസുമാസ്റ്റർ.എം |
| സ്റ്റാൻഡിംങ്ങ് കമ്മിറ്റി ചെയർമാൻ | എം.എ. സിറാജ് |
| സിക്രട്ടറി | പി.രാജൻ |

# സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം

കോഴിക്കോട് താലൂക്കിൽ കോഴിക്കോട് കോർപ്പറേഷന് തൊട്ടുവടക്കുള്ള കക്കോടി ഗ്രാമപഞ്ചായത്ത് മുമ്പത്തെ മക്കട, പടിഞ്ഞാറ്റുംമുറി എന്നീ റവന്യൂ വില്ലേജുകൾ സംയോജിപ്പിച്ചു രൂപം കൊടുത്തതാണ്. മക്കട,ബദിരൂർ, മോരിക്കര, മൂരിക്കര, മൂട്ടോളി, കിരാലൂർ, പടിഞ്ഞാറ്റുംമുറി, കിഴക്കുംമുറി എന്നീ ദേശങ്ങൾ ഉൾപ്പെട്ട പ്രദേശമാണ് ഇത്. കുന്നുകളും താഴ്വരകളും വയൽപ്രദേശങ്ങളും നിറഞ്ഞ 18.59 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള ഫലഭൂയിഷ്ടമായ കക്കോടി ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 30024 ആണ്. (91 ലെ സെൻസസ് ) അനുകൂല ഘടകങ്ങൾ പലതുണ്ടെങ്കിലും പറയതക്ക വ്യവസായഘടകങ്ങളൊന്നുമില്ലാത്ത കക്കോടി ഗ്രാമപഞ്ചായത്ത് കാർഷിക പ്രധാനമായ പ്രദേശമാണ്. കക്കോടി ഗ്രാമപഞ്ചായത്തിന് വടക്ക്ഭാഗം അതിരിട്ടൊഴുകുന്ന പൂനൂർ പുഴ പണ്ട്കാലത്ത് വളരെയേറെ ഗതാഗതപ്രാധാന്യമുള്ളതായിരുന്നു. കിഴക്കൻ മലമ്പ്രദേശങ്ങളിൽ നിന്നും മരക്കച്ചവടത്തിനു പേരുകേട്ട മൂരിയാട്ടേക്ക് തിരപ്പങ്ങളാക്കിയായിരുന്നു മരംകൊണ്ടുപോകാറ്. ഇടതടവില്ലാതെ, രാപ്പകൽ ഭേദമെന്യേ മരത്തിരപ്പങ്ങൾ നീങ്ങിക്കൊണ്ടിരിക്കും. പൂനൂർപുഴയിലൂടെ മംഗലപൂഴ, കടന്നു കനോലികനാൽ വഴിയായിരുന്നു അവ മൂരിയാട്ടേക്ക് നീങ്ങിയിരുന്നത്. കക്കോടി ഗ്രാമപഞ്ചായത്തിലെ മിക്കപ്രദേശത്തും കാർഷിക വിളകളുടെ നേട്ടകോട്ടങ്ങൾ നിർണയിക്കുന്നതിൽ പൂനൂർ പുഴ നിർണ്ണായകമായ പങ്കുവഹിച്ചു. ഇന്ന് വേനൽക്കാലത്തും, മഴക്കാലത്തും പുഴയുടെ ഭാവത്തിനും വിശേഷിച്ചു മാറ്റമൊന്നുമില്ലെങ്കിലും പണ്ടുകാലത്ത് പൂനൂർപുഴ കരകവിഞ്ഞൊഴുകാതെ ഒരു മഴക്കാലവും കടന്നുപോകാറില്ല. ഓരോ വർഷവും താഴ്‌വീഥികൾ വെള്ളത്തിലാഴുമ്പോൾ നിക്ഷേപിക്കപ്പെടുന്ന എക്കൽമണ്ണ് പ്രദേശത്തെ ഫലഭൂയിഷ്ഠമാക്കി. അതോടൊപ്പം വലിയ വെള്ളപൊക്കങ്ങൾ ജനജീവിതത്തെ ദുരിതപൂർണ്ണമാക്കാറുണ്ടായിരുന്നു. 1941 ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ കക്കോടി പ്രദേശം മുങ്ങിപ്പോയി. ഇന്നത്തെ കക്കോടി ബസാറിൽ നിരത്തിൽ നിന്നും ആറടി ഉയരത്തിൽ വെള്ളംപൊങ്ങി. ധാരാളം കന്നുകാലികളും മനുഷ്യരും ചത്തൊടുങ്ങി. നിരവധി കൂരകൾ മലവെള്ളപ്പാച്ചിലിൽ ഒഴുകിപ്പോയി. 1961-ൽ കക്കോടി ബസാറിനു പിന്നിൽ പൂനൂർപുഴയോരത്തുകൂടി ഒരു ബണ്ട് പണിതതിനുശേഷമാണ് വെള്ളപൊക്കം നിയന്ത്രണവിധേയമായത്.ബണ്ട്കെട്ടിയതിനുശേഷമാണ് മരക്കാട്ട് താഴം, തച്ചറുപുഴ പെരവത്ത് കടവ്, വെള്ളാർതോട്, കോൺട് എന്നീസ്ഥലങ്ങൾ കൃഷിയോഗ്യമായതും. താമസയോഗ്യമായതും. ഇപ്പോൾ കാലാവസ്ഥയിലും വലിയ മാറ്റങ്ങൾവന്നിരിക്കുന്നു. പൂനൂർപുഴ കരകവിഞ്ഞൊഴുകാറില്ല. കൃത്യമായി കാലാവസ്ഥയെ നിർണയം ചെയ്തുകൊണ്ടുള്ള വിളയുൽപ്പാദനവും സാധിക്കാതെയായി. അന്നു എടവം 15-നു കൃത്യമായി മഴ പെയ്യും. മിഥുനം,കർക്കിടകം മാസങ്ങളിൽ തോരാത്തമഴയാണ്. കർഷക, കർഷക തൊഴിലാളി കുടുംബങ്ങളിൽ മുഴുപട്ടിണിയായിരിക്കും. വിശപ്പിന്റെ വിളി യോഗ്യമല്ലാത്ത പലതും ഭക്ഷിക്കാൻ അവരെ നിർബന്ധിതരാക്കും. അതുകൊണ്ടുതന്നെ മാരകമായ പകർച്ചവ്യാധികൾ പിടിപെട്ട് ധാരാളംപേർ മരണപ്പെടുകയും ചെയ്തിരുന്നു.

1943 ജൂൺ, ജൂലൈ, ആഗസ്ത് മാസങ്ങളിൽ മലബാറിൽ 30,000ത്തിലധികം ആളുകളെ കൊന്നൊടുക്കിയ കോളറ കക്കോടിപ്രദേശത്തും സംഹാരതാണ്ഡവം നടത്തി.

മക്കട അംശവും പടിഞ്ഞാറ്റുംമുറി അംശവും കൂട്ടിചേർത്താണ് കക്കോടി പഞ്ചായത്ത് രൂപീകരിച്ചതെന്നു നേരത്തെ സൂചിപ്പിച്ചുവല്ലോ. മക്കട അംശത്തിലെ സാമൂതിരി വാഴ്ചയുടെ തുടക്കം ബദിരുശ്ശേരി കോവിലകം വഴിയായിരുന്നു. ബദിരുശ്ശേരിയുടെ ഇടപ്രമാണിമാരായി എട്ടോളം നായർവീട്ടുകാരുണ്ടായിരുന്നു. ഇവരെല്ലാം ജന്മിമാരായിരുന്നു. പടിഞ്ഞാറ്റുംമുറി പ്രദേശത്ത് സാമൂതിരിക്ക് മുമ്പുള്ള വാഴ്ചക്കാരായിരുന്നു പോർലാതിരിമാർ. സാമൂ

തിരി വാഴ്ചക്ക് അടിപ്പെടാൻ തയ്യാറായിരുന്നില്ല. നിർബന്ധിക്കപ്പെട്ടപ്പോൾ പോർലാതിരിമാർ സാത്വികരും ആത്മാഭിമാനമുള്ളവരും ആയ പോർലാതിരിമാർ അവസാനം കീഴ്പ്പെടാൻ സന്യാസം വരിച്ചു നാടുവിട്ടു. അതിനുശേഷം സാമൂതിരിയുടെ ഇടനിലക്കാരായ ജന്മിമാർക്ക് പടിഞ്ഞാറും മുറിയും അടിപ്പെട്ടു. അങ്ങിനെ പടിഞ്ഞാറും മുറിയും, മക്കടയും, അടങ്ങുന്ന കക്കോടി പഞ്ചായത്തു പ്രദേശംമുഴുവൻ സാമൂതിരിക്ക് കീഴ്പ്പെട്ടു. 19 ജന്മിമാരുടെ വാഴ്ചയിൽ കീഴിലായി. ബ്രിട്ടീഷ് ഭരണം പ്രബലപ്പെട്ടതോടെ സാമൂതിരി ഭരണം ദുർബ്ബലപ്പെടുകയും, ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ പാട്ടവ്യവസ്ഥയെ അടിസ്ഥാനപ്പെടുത്തി ജന്മികുടിയാൻ ബന്ധങ്ങൾക്ക് നിയമപ്രാബല്യം വരികയും ചെയ്തു. അതോടെ ജന്മിത്വം അരക്കിട്ടുറപ്പിക്കപ്പെട്ടു. അന്നു പന്ത്രണ്ടു വർഷത്തേക്കായിരുന്നു. ജന്മിമാർ കുടിയാന്മാർക്ക് ഭൂമി ചാർത്തിക്കൊടുത്തിരുന്നത്. ആ കാലയളവിൽ അദ്ധ്വാനിച്ച ഭൂമി ഫലസമൃദ്ധമായാൽതന്നെ കുടിയാനെ ഒഴിപ്പിച്ചു ഭൂമി മറ്റൊരാൾക്ക് ചാർത്തിക്കൊടുക്കാൻ നിയമതടസ്സമുണ്ടായിരുന്നില്ല. ഉൽപാദനത്തിന്റെ 60% ജന്മിക്ക് പാട്ടമായി കൊടുക്കേണ്ടിയിരുന്നു. ബാക്കി 40% കൊണ്ടാണ് ഉൽപാദനചിലവും ജീവിതാവശ്യങ്ങളും കുടിയാൻ നിർവ്വഹിച്ചിരുന്നത്. തോരാത്തമഴ പെയ്യുന്ന മിഥുനം- കർക്കിടകംമാസങ്ങളിൽ കർഷക-കർഷക തൊഴിലാളി കുടുംബങ്ങളിൽ മുഴുപട്ടിണിയായിരിക്കും. പട്ടിണിയും, പകർച്ചവ്യാധിയും മരണംവിതച്ചു പോയ ആ കാലം ദുരിതപൂർണ്ണമായിരുന്നു. ഈ അവസ്ഥയിലും മണ്ണിലദ്ധ്വാനിച്ചുണ്ടാക്കുന്നതിന്റെ സിംഹഭാഗവും കയ്യടക്കുന്ന ജന്മിമാരോട് ഭയഭക്തി ബഹുമാനങ്ങളോടു കൂടിയുള്ള നിലപാടായിരുന്നു കുടിയാന്മാരുടേത്. കാർഷിക രംഗവുമായി ബന്ധപ്പെട്ട തൊഴിലിനു പുറമെ, പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്ത് ഉപ്പുവെള്ളം കയറുന്ന പുഴതീരം ഉള്ളതുകൊണ്ട് അവിടെ ചകിരി മൂടി അഴുക്ക തൊണ്ടാക്കി കയറുൽപാദിപ്പിക്കുന്ന തൊഴിലിൽ ധാരാളം പേർ ഏർപ്പെട്ടു. തൊണ്ടുതല്ലുന്ന തൊഴിലും, ചൂടിപിരിക്കുന്ന തൊഴിലും സ്ത്രീകളാണ് ചെയ്തിരുന്നത്. പച്ചതൊണ്ട് ചതച്ച് വെള്ളത്തിൽപുതർത്തി അടിച്ചു നാരാക്കി ചൂടിയാക്കുന്ന പ്രവൃത്തിയും വ്യാപകമായി ഉണ്ടായിരുന്നു. ദരിദ്ര ജനങ്ങളുടെ എല്ലാവീടുകളിലും അത് ഒരു ഉപതൊഴിലായി സ്വീകരിക്കപ്പെട്ടു. ഓലമടയലും, പായനെയ്ത്തും സ്ത്രീകളുടെ കൈത്തൊഴിലായിരുന്നു. തൊട്ടടുത്ത കോഴിക്കോട് നഗരം വ്യവസായ വത്കരിക്കപ്പെട്ടു തുടങ്ങിയതോടെ ധാരാളം ആളുകൾ ആലാത്ത് കമ്പനി ഓട്ടുകമ്പനി, നെയ്ത്തുകമ്പനി, അണ്ടികമ്പനി മേഖലകളിൽ തൊഴിൽ തേടിപ്പോയി. ഇന്നത്തെത്തുപോലെ വാഹനഗതാഗതമില്ലാതിരുന്ന കാലത്ത് 12 കിലോമീറ്ററിലേറെ ദൂരമുള്ള കോഴിക്കോട്ടേക്ക് തൊഴിലാളികൾ നടന്നാണ് പോകാറ്. നാട്ടിൽനിന്ന് സാധനങ്ങൾ കോഴിക്കോട്ട് അങ്ങാടിയിലേക്ക് കൊണ്ടുപോയിരുന്നതും, കോഴിക്കോട്ടുനിന്നും അരി തുടങ്ങിയ സാധനങ്ങൾ ഇങ്ങോട്ടു കൊണ്ടുപോന്നിരുന്നതും തലചുമടായിട്ടായിരുന്നു. വഴിയോരങ്ങളിൽ തലചുമടുകാർക്ക് ചുമടിറക്കിവെച്ചു വിശ്രമിക്കാൻ അത്താണികൾ ഉണ്ടാക്കിവെക്കുന്നത് അക്കാലത്ത് പലരും പുണ്യമായി കരുതിയിരുന്നു. വറുതിയുടെയും, കഠിനാദ്ധ്വാനത്തിന്റേതുമായ ആ കാലത്തു വർഷത്തിൽ ഒരിക്കലായി എത്തുന്ന ഓണവും, പെരുന്നാളും വിഷുവും തിരുവാതിരയും, ക്ഷേത്രോത്സവങ്ങളും മറ്റും ജനങ്ങൾ നിറവോടും, പൊലിമയോടും ആഘോഷിച്ചു കാവും, തിറയും, മന്ത്രവാദവും, മിത്തുകളും എല്ലാ കൂട്ടിച്ചേർന്നു അന്ധവിശ്വാസജഡിലമായിരുന്നു. സാംസ്കാരിക ജീവിതം ശ്രീനാരായണനും, കുമാരനാശാനും വാഗ്ഭടാനന്ദനും എല്ലാം കേൾവിപ്പെട്ടു തുടങ്ങിയതോടെ കക്കോടിയിൽ ഉൾപ്പെട്ട ഗ്രാമപ്രദേശത്തിന്റെ മനസ്സും മെല്ലെ ഉണരുകയായിരുന്നു. 1935 ഓടെ കർഷക സംഘത്തിന്റെ പ്രവർത്തനം കക്കോടിയിലും ആരംഭിച്ചു. മഞ്ചുനാഥ റാവുവിന്റെ നേതൃത്വത്തിലുള്ള കർഷകസംഘം ജാഥ ഒറ്റതെങ്ങിലെത്തുകയും പൊതുയോഗം ചേരുകയും ചെയ്തു. കക്കോടിയിൽ ജന്മിത്തത്തിനെതിരെയുള്ള പോരാട്ടത്തിൽ നേതൃത്വം വഹിച്ചിരുന്നത് ഒരു ജന്മിതറവാടായ പാലമോളിച്ചാലിയാടത്ത് കുടുംബാംഗമായ ശ്രീ.പി.സി. രാഘവൻ നായരായിരുന്നു. കൂട്ടത്തിൽ ഉപ്പേരക്കുട്ടി, ചിരട്ടാട്ട് ഗോപാലൻ, ആഞ്ചേരിഗോപാലൻ, കയ്യട്ടയിൽ ചാത്തൻ, കയ്യട്ടയിൽ ചെക്കു എന്നിവർ പി.സി. രാഘവൻനായരോടൊപ്പം കർഷകസംഘത്തിന്റെ പ്രവർത്തകരായി പ്രവർത്തിച്ചവരായിരുന്നു. കർഷകസംഘത്തിന്റെ നേതൃത്വത്തിൽ നാടെങ്ങും നടന്ന കർഷക സമരങ്ങളും കർഷകർക്ക് താൽക്കാലിക ആശ്വാസം നൽകുന്ന മലബാർ കുടിയായ്മ നിയമം നടപ്പാക്കാൻ കാരണമായി.

ദേശീയ സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിന്റെ അലയൊലികളെ ആദ്യനാളുകളിൽ തന്നെ കാതോർക്കുകയും പ്രതികരിക്കുകയും ചെയ്ത പ്രദേശമായിരുന്നു കക്കോടി 1932-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് ഇവിടെ പ്രാദേശിക കമ്മിറ്റിയുണ്ടായി. സി.പി. രാമൻനായർ, കൂടത്തിൽ ഗോവിന്ദൻ, അബൂബക്കർ മാസ്റ്റർ, കണ്ടിയിൽ ഉണ്ണീരി എന്നിവർ ആദ്യകാലപ്രവർത്തകരായിരുന്നു കള്ളുഷാപ്പ് പിക്കറ്റിങ്ങ്, വിദേശ വസ്ത്ര ബഹിഷ്കരണം എന്നീ പ്രവർത്തനങ്ങളിൽ കോൺഗ്രസ് പ്രവർത്തകർ ഭാഗഭാക്കുകളായി.

കക്കോടിയിലെ കലാസാംസ്കാരിക രംഗത്തെ പ്രവർത്തനത്തിന് നടുനായകത്വം വഹിച്ചിരുന്നത് കക്കോടി ഗ്രാമീണ വായനശാലയായിരുന്നു. 1935-ൽ ആണ് ഗ്രാമീണ വായനശാല രൂപീകരിച്ചത്. വായനശാലാസംഘം പ്രവർത്തകർ നടത്തിയ സാംസ്കാരിക രംഗത്തെ പ്രവർത്തനം സാമൂഹ്യ- സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിലെ പ്രവർത്തനത്തിൽ പുത്തൻ ഉണർവ്വുകൾ സൃഷ്ടിച്ചു. 1937-ൽ കക്കോടിയിൽ തന്നെ ഹൈന്ദവ പ്രാർത്ഥനാ സമിതി' എന്നപേരിൽ ഒരു വായനശാല രൂപീകരിക്കപ്പെട്ടിരുന്നു. അതിന്റെ പ്രസിഡണ്ട് മല

ബാറിലെ പ്രസിദ്ധ ചിത്രകാരനായിരുന്ന ശ്രീ. പൊക്കി രാത്ത് രാമൻനായരായിരുന്നു. മതാത്മക പ്രവർത്തനത്തിന്റെ സ്പർശമുള്ള പ്രസ്തുത വായനശാലാ പ്രവർത്തനരീതിയുമായി ഗ്രാമീണ വായനശാലാ പ്രവർത്തകരും മറ്റു പുരോഗമന ചിന്താഗതിക്കാരും ആശയപരമായി ഏറ്റുമുട്ടി. അതോടെ അതിന്റെ പ്രവർത്തനം മന്ദീഭവിക്കുകയും കാലാന്തരത്തിൽ നിശ്ചലമാവുകയും ചെയ്തു. ഗ്രാമീണ വായനശാലാ പ്രവർത്തകനായ ശ്രീ.കാളിൽ നാരായണൻ നായരുടെ ഇടപെടൽ കാരണം പിന്നീട് പ്രാർത്ഥനാ സമിതിയുടെ സ്വത്തുക്കളോടെ ഗ്രാമീണ വായനശാലയിൽ ലയിച്ചു സാമൂഹ്യ, സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ ഒട്ടേറെ കഴിവുറ്റ പ്രവർത്തകരെ സംഭാവന ചെയ്യാൻ ഗ്രാമീണ വായനശാലയുടെ പ്രവർത്തനത്തിനും സാധിച്ചു. 1930–കളിൽ ദേശീയ സ്വാതന്ത്ര്യ സമരപ്രസ്ഥാന പ്രവർത്തനങ്ങളും, കർഷകസംഘത്തിന്റെ പ്രവർത്തനങ്ങളും സാംസ്കാരിക രംഗത്തെ പ്രവർത്തനങ്ങളും കക്കോടി പ്രദേശത്തെ പ്രബുദ്ധമാക്കി. 1942 ഡിസംബർ 20–നു കക്കോടി ബസാറിൽവെച്ചു സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി നടന്ന ജാഥക്ക് നേരെ പോലീസുകാർ ക്രൂരമായ മർദ്ദനം അഴിച്ചുവിട്ടു. കോൺഗ്രസ്സ് പ്രവർത്തകരായ ശ്രീ.എം.കെ. അപ്പുക്കുട്ടൻ വൈദ്യർ, പി.ടി.നാരായണൻ നായർ എന്നീ നിരവധി പേർക്ക് പരിക്കേറ്റു.

അയിത്തത്തിനെതിരെയും കക്കോടിയുടെ പലഭാഗത്തും തീക്ഷ്ണമായ സമരങ്ങൾ നടന്നിട്ടുണ്ട്. കർഷക സംഘത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടുകൊണ്ടു തന്നെ 1939–ൽ ഇവിടെ കമ്യൂണിസ്റ്റ് പാർട്ടി രൂപംകൊണ്ടു. യോഗക്ഷേമം പ്രതിനിധിയായ ശ്രീ തളിയിൽ കൃഷ്ണൻ നമ്പൂതിരി വാളക്കാട് എസ്റ്റേറ്റ് കേന്ദ്രീകരിച്ചു പ്രവർത്തനം നടത്തിയിരുന്നു. അഖിലേന്ത്യാ പ്രമുഖരായ പലനേതാക്കളും ഒളിവുജീവിതം നയിച്ച് ഇവിടെ പാർട്ടി പ്രവർത്തനം നടത്തിയിട്ടുണ്ട്.

1937–38 കാലത്ത് രഹസ്യമായി ദേശാഭിമാനി പത്രം അച്ചടിച്ചിരുന്നത്. മക്കടയിലെ ബദിരൂർ ദേശത്തുള്ള കോതാടത്തുകണ്ടിയിൽ വെച്ചായിരുന്നു. ദേശീയ സ്വാതന്ത്ര്യ സമരത്തിലും, കർഷക പ്രസ്ഥാനത്തിലും സജീവമായി പ്രവർത്തിച്ചുവന്നിരുന്ന ശ്രീ.പി.സി. രാഘവൻനായർ, കൂടത്തിൽ ഗോവിന്ദൻ തുടങ്ങിയവർ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലൂടെ കമ്മ്യൂണിറ്റ് പാർട്ടി പ്രവർത്തകരായിമാറി.

1931–ൽ അദ്ധ്യാപകനായ ശ്രീ.പി.സി.രാഘവൻനായരുടെ ജോലി രാഷ്ട്രീയപ്രവർത്തനം മൂലം നഷ്ടമായി. ജന്മിത്തത്തിനെതിരായ സമരത്തിന്റെയും, കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തനത്തിന്റെയും ഭാഗമായി ശ്രീ.രാഘവൻ നായർക്കും ശ്രീ. കൂടത്തുംപൊയിൽ ഗോവിന്ദനും ക്രൂരമായ മർദ്ദനങ്ങൾ ഏല്ക്കേണ്ടിവന്നു.

രണ്ടാംലോക മഹായുദ്ധത്തിനുശേഷമുണ്ടായ കടുത്ത ഭക്ഷണക്ഷാമത്തെ തുടർന്നാണ് 1946–ൽ ചേളന്നൂർ താമരശ്ശേരി ഉപഭോക്തൃസഹകരണസംഘം രൂപീകൃതമായത് അതു പിന്നീട് ചേളന്നൂർ കക്കോടി സർവ്വീസ് സഹകരണ ബാങ്ക് ആയി മാറുകയും ഇന്നത്തെ ഉയർച്ച കൈവരിക്കുകയും ചെയ്തു. അതിന്റെ സ്ഥാപകമെമ്പർമാർ താഴെ പറയുന്നവരായിരുന്നു. സി.പി. അച്ചുതൻനായർ, മേക്കയിൽ ശേഖരൻ, പി.സി.രാഘവൻനായർ, തിരുവോത്ത് മൂത്തോറൻ, ചാത്തനാത്ത് കൃഷ്ണൻ നമ്പൂതിരിപ്പാട്. എ.കെ. ചോയി, മാച്ചാടത്ത് പരമേശ്വരൻ മൂസ്സത്. പി.സി. രാഘവൻനായർ രാഷ്ട്രീയ പ്രവർത്തനം കാരണം തുടർച്ചയായി ജയിൽവാസം അനുഭവിക്കേണ്ടിവന്നതുകൊണ്ട് അംഗത്വം നഷ്ടമായി. മുഴുസമയ രാഷ്ട്രീയ പ്രവർത്തകനായി മാറിയ ശ്രീ.പി.സി. രാഘവൻ നായർ കക്കോടിയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വളർച്ചയിൽ അദ്വിതീയമായ പങ്ക് വഹിച്ചു. അദ്ദേഹം മൂന്നു തവണ കേരളനിയമസഭയിലേക്ക് മത്സരിച്ചു ജയിച്ചിട്ടുണ്ട്. ഇന്ത്യ സ്വതന്ത്രമായതിനുശേഷം രൂപംകൊണ്ട ഐക്യകേരള സംസ്ഥാനത്തിൽ ആദ്യമായി 1957 തിരഞ്ഞെടുപ്പ് നടന്നപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അധികാരം ലഭിച്ചു. 1959–ൽ ജന്മിത്വം അവസാനിപ്പിച്ചുകൊണ്ടുള്ള നിയമം കൊണ്ടുവന്നതിന്റേയും അതിനെ തുടർന്നുള്ള പ്രവർത്തനങ്ങളുടെയും ഫലമായി 19 ജന്മിമാരിൽ കേന്ദ്രീകരിച്ചിരുന്ന 18.59 ചതുരശ്ര കി.മീറ്റർ വിസ്തീർണ്ണമുള്ള ഭൂമി 5522 പേർക്കായി വീതിക്കപ്പെട്ടിരിക്കുന്നു. 5 ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ളവർ ഇന്നു കക്കോടി ഗ്രാമപഞ്ചായത്തിൽ 12 പേർ മാത്രമാണ്. ചരിത്രത്തിന്റെ അനിവാര്യത എന്ന നിലയ്ക്ക് ഭൂമിയിലെ ഉൽപാദന ബന്ധങ്ങളിലും, ഉൽപാദനരീതിയിലും, വമ്പിച്ച മാറ്റങ്ങളുണ്ടായപ്പോൾ ആ മാറ്റത്തിനനുസൃതമായി കാർഷികോൽപാദന മേഖല ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കാതിരുന്നതാണ് കാർഷിക മേഖലയിൽ ഇന്നു കാണുന്ന മുരടിപ്പിന്റെ കാരണങ്ങളിലൊന്ന്.

1964–ൽ ജനുവരി 17–നു ആദ്യത്തെ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ഭരണസമിതി അധികാരത്തിൽ വന്നു. ശ്രീ. യു.ദാമോദരൻനായരായിരുന്നു പ്രസിഡണ്ട്. പറമണ്ണിൽ കണ്ടക്കുട്ടി വൈ. പ്രസിഡണ്ട്. ശ്രീ. പാറക്കൽ കരുണാകരകുറുപ്പ്, ശ്രീ.തെക്കയിൽ ഭാസ്കരൻ ശ്രീ.കണിപോത്ത് മാധവൻനായർ, കണ്ടങ്കിരാലിൽ ഭാസ്കരൻനായർ, കരിങ്കാളിച്ചാലിൽ മാധവൻനായർ, പുന്നോളി ഗോവിന്ദൻ കുട്ടിനായർ എന്നിവർ അംഗങ്ങളായിരുന്നു. പിന്നീട് 18–01–64 ന് ശ്രീമതി പി.ദേവകിയെ വനിതാമെമ്പറായി നോമിനേറ്റ് ചെയ്തു. അവർ 31–05–65 ൽ രാജി വെക്കുകയും തൽസ്ഥാനത്തേക്ക് ശ്രീമതി മുല്ലേരി രാധയെ നോമിനേറ്റ് ചെയ്യുകയും ചെയ്തു. പ്രസ്തുത ഭരണസമിതിയുടെ കാലവധി 16 വർഷം നീണ്ടുനിന്നു.

1979 സപ്തംബറിൽവീണ്ടും പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നു. ശ്രീ.കെ.പി. ചെക്കായി മാസ്റ്റർ പ്രസിഡണ്ടും, ശ്രീ.കുഴിച്ചപള്ളി ബാലകൃഷ്ണൻ മാസ്റ്റർ വൈസ് പ്രസിഡണ്ടുമായിരുന്നു. ശ്രീമതി. എം.ടി. കാർത്തി ശ്രീമാൻമാർ പി.കണ്ടക്കുട്ടി കെ.എം.അബ്ബാസ് എം. വാസുദേവൻനായർ,

മാടിച്ചേരി ഗംഗാധരൻ, പി.എം. രാജൻ എന്നിവർ അംഗങ്ങളായിരുന്നു. പ്രസ്തുത ഭരണസമിതിയെ 1984–ൽ സർക്കാർ പിരിച്ചുവിട്ടു. 1988 വരെ ഉദ്യോഗസ്ഥഭരണമായിരുന്നു. വീണ്ടും 1988–ൽ തിരഞ്ഞെടുപ്പ് നടന്നു. ശ്രീ.കെ.കെ. ചോയിക്കുട്ടി പ്രസിഡണ്ടും ശ്രീ.എം.വാസു മാസ്റ്റർ വൈസ് പ്രസിഡണ്ടുമായിരുന്നു. കെ.കെ. കമലം, പി.ഹരിദാസൻ, കെ.പി. അബ്ദുള്ള, മാമ്പറ്റ ഭരതൻ, എ. അബൂബക്കർ മാസ്റ്റർ, എം. കൃഷ്ണൻ കുട്ടിനായർ, വി.എം. രവീന്ദ്രൻ, സി.മാലതി, യു.ദാമോദരൻനായർ എന്നിവർ അംഗങ്ങളായിരുന്നു. കാലാവധി കഴിഞ്ഞപ്പോൾ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയായി നിലനിർത്തിയിരുന്ന പ്രസ്തുത ഭരണസമിതിയെ 1995–ൽ പിരിച്ചുവിട്ടു. 73–ാം ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്തീരാജ് നിയമത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഇപ്പോഴത്തെ ഭരണസമിതിയുടെ പ്രസിഡണ്ട് കെ.കെ. ചോയിക്കുട്ടിയും, വൈസ് പ്രസിഡണ്ട്. എം. വാസുമാസ്റ്ററുമാണ്. ശ്രീ.എം. എ. സിറാജാണ് സ്റ്റാന്റിംങ്ങ് കമ്മിറ്റി ചെയർമാൻ. വി.എം. രവീന്ദ്രൻ, കെ.പുഷ്പ, എം. രാജേന്ദ്രൻ, ചാലിൽ ബീന, ഒ.ടി. ഷീബ, കെ.രാമകൃഷ്ണൻ, എൻ. ജയകൃഷ്ണൻ മാസ്റ്റർ, സുജാ അശോകൻ, മാടിച്ചേരി ഗംഗാധരൻ എന്നിവർ അംഗങ്ങളാണ്. കക്കോടി പഞ്ചായത്ത് ഇപ്പോൾ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ്. കക്കോടിയിലെ ആദ്യത്തെ സർക്കാർസ്ഥാപനം കക്കോടി സബ്രജിസ്ട്രാപ്പീസാണ് 1929 ൽ നിലവിൽവന്നു.

പഞ്ചായത്തിലെ ഇന്നുള്ള മിക്ക പ്രൈമറി സ്കൂളുകളുടേയും തുടക്കം വിദ്യാദാനതൽപരരായ നാട്ടെഴുത്തച്ഛൻമാരിൽ നിന്നാണ്. മക്കട പെരിഞ്ചില സ്കൂൾ, പടിഞ്ഞാറുംമുറി ജി.യു.പി. സ്കൂൾ, എന്നിവയാണ് പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള സ്കൂൾ. ബ്രിട്ടീഷ് ഭരണം വന്നതിനുശേഷമാണ് ഇന്നത്തേതുപോലുള്ള സ്കൂളുകൾ സ്ഥാപിക്കാൻ ഇടവന്നത്. അക്കാലത്ത് സ്കൂളിന്റെ എല്ലാ അധികാരങ്ങളും മാനേജർമാർക്കായിരുന്നു. നാട്ടുപ്രമാണിമാരായിരുന്നു സ്കൂൾമാനേജർമാർ. 4–ാം തരംവരെ പഠിച്ചവർ അക്കാലത്ത് അദ്ധ്യാപകരായിരുന്നു. അക്കാലത്ത് അദ്ധ്യാപകജോലി മാത്രം ആശ്രയിച്ചിരുന്നവരുടെ ജീവിതം ദുരിതപൂർണ്ണമായിരുന്നു. മാസത്തിൽ 9 രൂപ ശമ്പളം കൊല്ലത്തിൽ 10 മാസം കൂടുമ്പോഴായിരുന്നു പാസ്സായത്. പണം കിട്ടുമ്പോൾ 13 മാസമാകും. അതിൽ അദ്ധ്യാപകർക്ക് കിട്ടുന്നത് മൂന്നുറുപ്പിക മാത്രമായിരുന്നു. ബാക്കി മാനേജർ എടുക്കും. അന്നു അദ്ധ്യാപകന് സമൂഹത്തിൽ മാന്യമായ സ്ഥാനം ഇല്ലായിരുന്നു. ഐക്യകേരളപ്പിറവിക്കുശേഷം ആദ്യമായി അധികാരത്തിൽ വന്ന ഇ.എം. എസ്സിന്റെ മന്ത്രിസഭയിലെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ജോസഫ് മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസനിയമം 40–120 രൂപ സ്കെയിലിൽ അദ്ധ്യാപകർക്ക് നേരിട്ട് ശമ്പളം നൽകുന്ന വ്യവസ്ഥയുണ്ടാക്കി. അദ്ധ്യാപകൻ ആത്മാഭിമാനത്തോടെ നടുനിവർന്നത് അതിനുശേഷമാണ്. 8 L.P. സ്കൂളുകളും, 4. യു.പി.സ്കൂളുകളും ഒരു ഹൈസ്കൂളും ഇപ്പോൾ പഞ്ചായത്തിലുണ്ട്. വിദ്യാഭ്യാസമേഖലയിൽ നിലവിലുള്ള നിലവാരതകർച്ചക്ക് പരിഹാരം കാണാൻ കോഴിക്കോട് ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച വിദ്യാഭ്യാസ പരിപാടി ഘട്ടം ഘട്ടമായി പഞ്ചായത്തിൽ നടപ്പാക്കി വരികയാണ്.

കക്കോടി ഗ്രാമപഞ്ചായത്ത് സർവ്വതോന്മുഖമായ പുരോഗതി കാംക്ഷിച്ചുകൊണ്ട് ജനകീയ പദ്ധതിയാക്കി നടത്താൻ തീരുമാനിച്ച 9–ാം പദ്ധതിയുടെ പടിവാതില്ക്കൽ നിൽക്കുന്നു. പോയകാലത്തെ അനുഭവങ്ങളുടെ പിൻബലത്തിൽ നിറഞ്ഞ പ്രതീക്ഷയോടെ ഭാവിയിലേക്ക് നോട്ടമിട്ടുകൊണ്ട് എല്ലാ കൊടികളും ഇവിടെ ഒന്നിക്കുന്നു.

# ഭൂപ്രകൃതിയും കാലാവസ്ഥയും

പശ്ചിമഘട്ട സാനുക്കളിൽ നിന്നുത്ഭവിച്ച് മലയോരഗ്രാമീണ പ്രദേശങ്ങളെ തൊട്ടുതഴുകി വളഞ്ഞു പുളഞ്ഞൊഴുകിയെത്തുന്ന പൂന്നൂർ പുഴ, പ്രദേശത്തിന്റെ തെക്കുപടിഞ്ഞാറൻ അതിർത്തികളിലൂടേയും വടക്ക് ശാന്തമായി ഒഴുകുന്ന അകലാപുഴയുടേയും സാന്നിദ്ധ്യംകൊണ്ട് ധന്യമാക്കിയ കാർഷിക മേഖലയാണ് കക്കോടി. വടക്കു കിഴക്കൻ ഭാഗങ്ങളിൽ യഥാക്രമം ചേളന്നൂർ, കുരുവട്ടൂർ പഞ്ചായത്തുകളും സ്ഥിതിചെയ്യുന്നു. ചരിത്രപ്രസിദ്ധമായ സമൂതിരിരാജാക്കന്മാരുടെ ആസ്ഥാനമായ കോഴിക്കോട് നഗരം നമ്മുടെ മേഖലയോട് തൊട്ടുരുമ്മിക്കിടക്കുന്നു.

ഭൂമിശാസ്ത്രപരമായി ഈ പ്രദേശം ഇടനാട് മേഖലയിൽ പെട്ടതാണ്. മൊട്ടക്കുന്നുകളും, പച്ചപിടിച്ച താഴ്വരകളും പ്രകൃതിദത്ത നീർച്ചാലുകളുംകൊണ്ട് അനുഗ്രഹീതമാണ് ഇവിടം.

പഞ്ചായത്തിന്റെ മൊത്തം വിസ്തൃതി 1859 ഹെക്ടറാണ്. ഭൂപ്രകൃതിയെ പൊതുവെ അഞ്ചായിതരം തിരിക്കാവുന്നതാണ്.

| ക്രമ നമ്പർ | പ്രദേശങ്ങൾ | ശതമാനം | വിസ്തൃതി |
|---|---|---|---|
| 1 | ഉയർന്ന സമതലം | 5% | 92.95 Ha |
| 2 | ചരിവു പ്രദേശം | 25% | 464.75 Ha |
| 3. | താഴ് വര പ്രദേശം | 30% | 557.70 Ha |
| 4. | സമതലപ്രദേശം | | |
| | (നിലം, ചതുപ്പുനിലം | | |
| | ഉൾപ്പെടെ) | 40% | 743.60 Ha |
| | ആകെ | 100 % | 1859. Ha |

അത്താഴകുന്ന്, വാളറാട്കുന്ന്, മേടക്കുന്ന്, ധർമ്മൻകുന്ന്, കണിക്കോട്ടുകുന്ന്, ചാലിക്കര കുന്ന്, മേപ്പനാട്ടുകുന്ന്, വടക്കേകരകുന്ന്, കമലക്കുന്നു, മക്കട കുന്ന്, ചിരട്ടാട്ട്മല, തലാപ്പാത്തിൽകുന്ന്, ആനാംകുന്ന്, (ആനപ്പാറ) കുറുക്കൻകുന്ന്, നെടുമല കുന്ന്, പെരിഞ്ചിലമല, മുപ്പറ്റകുന്ന്, കക്കാട്കുന്ന്, പറയർ കുന്ന്, കയൂന്നിമല, തനിയൻകുന്ന്, അരുത്തിരുത്തി മല, പേരടികുന്ന്, പുരങ്ങോട്ട്കുന്ന്, വാളക്കാട് , ആറാട്ടുപൊയിൽ കുന്ന്, ചാലിയക്കരകുന്ന് തുടങ്ങിയവ ഉയർന്ന പ്രദേശങ്ങളിൽ പെടുന്നു)

## മണ്ണ്

കക്കോടിയിലെ മൺതരങ്ങളെ പ്രധാനമായും മൂന്നായി തരംതിരിക്കാവുന്നതാണ്. ഉയർന്നപ്രദേശങ്ങളിൽ വെട്ടുകൽ മണ്ണാണ്. (അടിയിൽ വെട്ടിയെടുക്കാവുന്ന പാറ ഇതിന്റെ പ്രത്യേകതയാണ്) ചരിവുപ്രദേശങ്ങളിൽ കുറഞ്ഞതോതിൽ ചെമ്മണ്ണും വെട്ടുകൽമണ്ണും, താഴ് വരകളിൽ എക്കൽമണ്ണും വെട്ടുകൽമണ്ണും പുഴയോരങ്ങളിലും നിലങ്ങളിലും മണൽ കലർന്ന പശിമരാശി മണ്ണും കണ്ടുവരുന്നു.

പൊതുവെ അമ്ലഗുണമുള്ള മണ്ണാണ് (PH 4.5 –6.2) അനുകൂല സാഹചര്യത്തിൽ ഗുണപരമായി പ്രതികരിക്കുന്നവയാണ്. പാക്യജനകം, ഭാവഹം, ക്ഷാരം എന്നിവയുടെ നില താരതമ്യേന തൃപ്തികരമാണ്. സൂക്ഷ്മമൂലകമായ മഗ്നീഷ്യത്തിന്റെ അഭാവം അനുഭവപ്പെടുന്നുണ്ട്.

ഉയർന്ന പ്രദേശങ്ങളിൽ മണ്ണൊലിപ്പ് ഗണനീയമാണ്. ഭൂമിയുടെ കിടപ്പ്, സ്വഭാവം, അശാസ്ത്രീയ കൃഷിരീതികൾ തുടങ്ങിയവ ഇതിന് വേഗതകൂടുന്നു.

## ജലലഭ്യത

സാമാന്യം നല്ല മഴ ലഭിക്കുന്ന പ്രദേശമാണ് കക്കോടി പഞ്ചായത്ത് (ശരാശരി 2200 മി.മീറ്റർ) ഇടവപ്പാതിയിലും തുലാവർഷത്തിലും ലഭിക്കുന്ന മഴവെള്ളം കൃഷിക്കുപയോഗപ്പെടാതെ പാഴായിപ്പോകുന്നു. കർഷകർ ഭൂരിഭാഗവും മഴയെ ആശ്രയിച്ചുള്ള കൃഷിരീതികളാണ് അവ

ലംബിക്കുന്നത്. ജലസമ്പത്തുകൊണ്ട് അനുഗ്രഹീതമാണ് കക്കോടി പഞ്ചായത്ത്. തെക്കുപടിഞ്ഞാറൻ അതിർത്തിയിലൂടെ പൊന്നരഞ്ഞാണം പോലെ പൂന്നൂർ പുഴയും, വടക്കുകിഴക്കൻ ദിശകളിലൂടെ നിശ്ശബ്ദമായി ഒഴുകുന്ന അകലാപുഴയും കക്കോടിയെ ജലസമ്പത്തുകൊണ്ട് അനുഗ്രഹീതമാക്കുന്നു.

ചെറുകിട ജലസേചന വകുപ്പ് പൂന്നൂർ പുഴയിൽ നിർമ്മിച്ച ബണ്ട് പുഴയിലെ ജലവിതാനം ഉയർത്തുകയും ഡിസംബറിന്റെ അവസാനത്തോടെ ഉപ്പുവെള്ളം കയറാതിരിക്കാനുള്ള പ്രതിരോധനിരയായി പ്രവർത്തിക്കുകയും ചെയ്യുന്നു.

ഇതുവഴി സമീപപ്രദേശങ്ങളിൽ (1-9-10-11-12 വാർഡുകളിൽ) ഭൂഗർഭജലവിതാനം ഉയരുകയും താരതമ്യേന ജലവിനിയോഗം വർദ്ധിക്കുകയുമുണ്ടായി.

നാമവശേഷമായികൊണ്ടിരിക്കുന്ന 19 ഓളം തോടുകളും, 46 ഓളം കുളങ്ങളും, (ഭൂരിഭാഗവും സ്വകാര്യവ്യക്തികളുടെ കൈവശത്തിലാണ്) പറയര്കുന്നിൽ ഒരു പ്രകൃതിദത്ത നീർച്ചാലും കൊണ്ട് ധന്യമാണ് നമ്മുടെ പ്രദേശം.

തോടുകളെല്ലാംതന്നെ തൂർന്നുകൊണ്ടിരിക്കുകയും സ്വകാര്യവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. പ്രകൃതിദത്ത കിരാലൂർതോടും പറയര് കുന്നിൽ തുടങ്ങി ചേവട്ട് കണ്ടിതാഴത്ത് അവസാനിക്കുന്ന കാരംവള്ളിതോടും ഇതിനുദാഹരണം മാത്രം. നിലവിലുള്ള തോടുകളുടേയും കുളങ്ങളുടെയും വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തോടുകൾ | | കുളങ്ങൾ | | കുളങ്ങൾ |
|---|---|---|---|---|---|
| 1 | അകലാപുഴ കൈവഴിതോട് | 1 | കുനിയിൽകുളം | 23 | പാറങ്ങളം കുളം |
| 2 | ചെലപ്രം തോട് | 2 | ചാത്തൻകുളം | 24 | അടയ്ക്കാകുളം |
| | | 3 | തെക്കെകാനാട്ടു പറമ്പ് കുളം | 25 | അമ്പലക്കുളം |
| 3 | വട്ടാംകുളം തോട് | 4 | പുറങ്ങാട്ട് കുളം | 26 | മങ്ങാട്ടുകുളം |
| 4 | കിരാലൂർ തോട് | 5 | കോതാടത്ത് കണ്ടിതാഴംകുളം | 28 | കണ്ണംകുളം |
| 5 | പയ്യപ്പള്ളിതോട് | 6 | കുറ്റിക്കാട്ടിൽതാഴംകുളം | 29 | പാണംകണ്ടിതാഴം കുളം |
| 6 | കുടത്തും പൊയിൽ തോട് | 7 | കാനാട്ടുപറമ്പത്ത് കുളം | 30 | ഈയ്യനം പുനത്തിക്കതാഴം കുളം |
| 7 | തേനാളിൽ താഴം തോട് | 8 | പാലാട്ടുപറമ്പത്ത് താഴം കുളം | 31 | കോട്ടുകുളങ്ങര കുളം |
| 8 | ചിറ്റടിക്കടവ് തോട് | 9 | മഠത്തിൽ കുളം | 32 | എടപ്പട്ടി കുളം |
| 9 | കീരിയാടത്ത് താഴം തോട് | 10 | കുറ്റ്യാടം കുളം | 34 | വരികോളികുളം |
| 10 | ചേവട്ട് കണ്ടിതാഴം തോട് | 11 | കൊല്ലോറ കുളം | 35 | പിലാശ്ശേരികുളം |
| 11 | കൊയോളിതാഴം തോട് | 12 | ഷാരിയേക്കൽ കുളം | 36 | കൊളങ്ങരാംപറമ്പത്ത്കുളം |
| 12 | അമ്പലച്ചിറ തോട് | 13 | കിഴക്കയിൽ കുളം | 37 | കളരിപ്പറമ്പത്ത് താഴം പറക്കുളം |
| 13 | കമ്മിളിതാഴം തോഡ് | 14 | എടോളികുളം | 38 | നരിക്കോണ്ടുകുളം |
| 14 | പറക്കുളംതോട് | 15 | വട്ടാംകുളം | 39 | ചട്ടിക്കുളം |
| 15 | പറമണ്ണിൽതാഴം തോട് | 16 | എരക്കുളം | 40 | കണ്ടിയിൽകുളം |
| 16 | പുഞ്ച വയൽതാഴം തോട് | 17 | ഒതേനക്കുളം | 41 | കാരാട്ട് ശിവക്ഷേത്രകുളം |
| 17 | കക്കടവത്ത്താഴം തോട് | 18 | പുഞ്ചവയൽകുളം | 42 | മണാട്ടിൽതാഴം കുളം |
| 18 | കുറുമ്പവയൽ തോട് | 19 | മാറോളിതാഴം കുളം | 43 | പറമ്പത്ത്താഴം കുളം |
| 19 | കുയ്യാണിക്കൽതാഴം തോട് | 20 | പരോത്ത് തടം | 44 | മങ്ങാട്ട് താഴം കുളം |
| | | | (അമ്പലച്ചിറ) | 45 | ഷാരിയേക്കൽ കുന്ന്കുളം |
| | | 21 | മാടത്ത് പാറക്കുളം | 46 | തലാപാത്തിൽ താഴം കുളം |
| | | 22 | ചൂരക്കാട്ട് പാറക്കുളം | | |

ജലസ്രോതസ്സുകൾ പലതുണ്ടായിട്ടുപോലും നമ്മുടെ പൂർവ്വികർ ജലസേചന സമ്പ്രദായത്തിൽ നാടൻരീതികൾ തന്നെയായിരുന്നു ഉപയോഗിച്ചു പോന്നിരുന്നത്. (ഏത്തം ചവിട്ടു ചക്രം, തേക്ക് കൊട്ട എന്നിവ ഇതിനുദാഹരണംമാത്രം) തപ്പുകൾ കാവുണ്ഡമാക്കി പുന്നൂർ പുഴയിൽനിന്നും ജലംസഭരിച്ച് വിളകൾ നനച്ചിരുന്നത് പഴമക്കാരുടെ ഓർമ്മയിൽ ഇന്നും അവശേഷിക്കുന്നു. പുഴയിൽ നിന്നും ആരംഭിച്ച് കിരാലൂർ പുഞ്ചയിലൂടെ പോകുന്ന പൂവ്വത്തൂർ തോട് വെള്ളത്തിന്റെ അക്ഷയ ഖനിയാണ്. നിർദ്ദിഷ്ടമേടക്കുന്നുമല – പൂവ്വത്തൂർ താഴം കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിക്ക് ജലലഭ്യത ഈ തോടിനെ അടിസ്ഥാനമാക്കിയാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്.

നമ്മുടെ പ്രദേശത്തെ പ്രധാനപ്പെട്ട ജലലഭ്യതാമാർഗ്ഗമാണ് കുറ്റ്യാടി ജലസേചന പദ്ധതി. ഇതിന്റെ കീഴിലുള്ള കക്കോടി ബ്രാഞ്ച് കനാൽ ആരംഭിച്ചത് 1976 ൽ ആണ്. (1995 ൽ പൂർത്തിയായതായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.)

ഇത് കാഡാ പദ്ധതിയിൽ 23.2.94 മുതൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള കനാലുകളുടെ വിവരം ചേർത്തിരിക്കുന്നു

| | | |
|---|---|---|
| 1 | പ്രധാന കനാൽ | ഇല്ല |
| 2 | ബ്രാഞ്ച് കനാൽ | കക്കോടി ബ്രാഞ്ച് കനാൽ |
| 3 | ഡിസ്ട്രിബ്യൂട്ടറി | മോരീക്കര ഡിസ്ട്രിബ്യൂട്ടറി |
| | | 5/300 Km |
| 4 | സബ്ഡിസ്ട്രിബ്യൂട്ടറി | മക്കട സബ് ഡിസ്ട്രിബ്യൂട്ടറി |
| | | 2/700 KM |
| 5 | ഫീൽഡ് ബോത്തി | 1.കൂടത്തുംപൊയിൽ ഫീൽഡ് ബോത്തി |
| | | a. 1/700 KM |
| | | b. 0/650 KM |
| | | 2. മൂരീക്കര ഫീൽഡുബോത്തി |
| | | 1/850 KM |
| | | 3. ചെറുകുളം ഫീൽഡു ബോത്തി 1/125 KM |
| | | 4. മക്കട ഫീൽഡുബോത്തി |
| | | 1/325KM |

(ഈ വർഷം കുറ്റ്യാടി ജലസേചന പദ്ധതി പ്രവർത്തനങ്ങൾക്കായി വിഹിതം ഇല്ല. ജലസേചനത്തിനുതൊട്ടുമുമ്പു നടത്തുന്ന അറ്റകുറ്റപ്പണികൾക്കുമാത്രമേയുള്ളൂ. മക്കട സബ്ബ് ഡിസ്ട്രിബ്യൂട്ടറിയുടെ അവസാന ഭാഗം ലൈൻ ചെയ്യുന്നതിന് കാഡാപദ്ധിതിയിൽ ഉൾപ്പെടുത്തി. 2,75000 രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഫീൽഡുബോത്തിയുടെ കാലാകാലങ്ങളിലുള്ള അറ്റകുറ്റപ്പണികൾ അതാതിടങ്ങളിലെ കർഷകസമിതിയാണ് ചെയ്യേണ്ടത്)

ജലസേചന സൗകര്യം ഇപ്പോൾ വളരെ ചുരുങ്ങിയ പാടശേഖരങ്ങളിൽ മാത്രമെ ഉപയോഗപ്പെടുത്താൻ പറ്റുന്നുള്ളൂ. കൊല്ലേരിതാഴം പറമ്പിടി താഴം പാടശേഖരങ്ങളിൽ മാത്രമെ പുഞ്ചകൃഷിക്കുപകരിക്കുന്നുള്ളു. പൂർവ്വീകമായി മകരകൃഷിചെയ്തു പോന്നിരുന്ന ഈ പദ്ധതി വൃഷ്ടിപ്രദേശങ്ങളായ വളപ്പിൽതാഴം, എടവലത്തുതാഴം പ്രദേശങ്ങളിൽ ഇപ്പോൾ ഒരു പൂവ്വ് കൃഷിമാത്രമെ നടക്കുന്നുള്ളു. പദ്ധതി കമ്മീഷൻ ചെയ്യുന്നതിനു മുമ്പ് മഴയെ ആശ്രയിച്ച് രണ്ടു പൂവ്വ് കൃഷി ചെയ്തിരുന്ന സ്ഥലത്ത് കനാൽ വന്നതോടുകൂടി വെള്ളത്തിന്റെ ജലവിതാനം താഴുകയും മകരകൃഷി ചെയ്യാനുള്ള വെള്ളം ലഭ്യമല്ലാതാവുകയും ചെയ്തിരിക്കുന്നു. പദ്ധതി നിർമ്മാണത്തിലുള്ള ദീർഘവീക്ഷണമില്ലായ്മയും ഭൂപ്രദേശത്തിന്റെ പ്രത്യേകതകൾ ഉൾക്കൊള്ളാതെയുള്ള നിർമ്മാണരീതിയും ഈ പദ്ധതികൊണ്ടുള്ള പ്രയോജനം പ്രദേശത്തിന് ലഭ്യമല്ലാതാക്കി.

ഭൂഗർഭജലത്തിന്റെ വിതാനം താരതമ്യേന താഴ്ന്നുകൊണ്ടിരിക്കുന്നതായിട്ടാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഭൂജലം രൂപപ്പെടുത്തണമെങ്കിൽ ഉപരിതലജലത്തെ നാം സംരക്ഷിക്കണം. നമ്മുടെ ഭൂ പ്രദേശത്ത് കാലാകാലങ്ങളിൽ വന്ന വ്യതിയാനം ഉപരിതലഘടനക്ക് മാറ്റം സംഭിവച്ചാതായി കാണാവുന്നതാണ്. ഈ മാറ്റത്തിനനുസരിച്ച് നാം ചെയ്യേണ്ട കർത്തവ്യങ്ങൾ നിറവേറ്റാത്തതുമൂലം ജലസ്രോതസ്സ് സംരക്ഷിക്കാൻ കഴിയുന്നില്ല. ഭൂമിയിലെത്തുന്ന മഴവെള്ളം ഉപരിതലത്തിലൂടെ ഒഴുകി പാഴായിപോകുന്നത് തടയുകയാണ് ആദ്യമായി ചെയ്യേണ്ട പ്രവൃത്തി. അതിന് അനുയോജ്യമായ കുളം, കിണർ, തടയണകൾ എന്നിവ പ്രയോഗികമായി സ്ഥാപിക്കേണ്ടതുണ്ട്. നിലവിലുള്ളത് സംരക്ഷിക്കുകയും വേണം. മുൻകാലങ്ങളിൽ നമ്മുടെ പൂർവ്വികർ ഭൂമിയെ കിടപ്പനുസരിച്ച് തട്ടുകളാക്കി മാറ്റി മഴയിലൂടെ ഒഴുകിവരുന്നവെള്ളം സംരക്ഷിച്ചിരുന്നു. വിശാലമായ പറമ്പുകളിൽ കുഴികൾ നിർമ്മിച്ച് ഒലിച്ചുപോകുന്ന മഴവെള്ളവും മണ്ണും സംരക്ഷിച്ചിരുന്നു. അതിരുകളിൽ രാമച്ചം കൈതച്ചക്ക തുടങ്ങിയവ കൃഷി ചെയ്ത് മണ്ണൊലിപ്പു തടയുകയും ജലസംഗ്രഹണശേഷി വർദ്ധിപ്പിക്കുകയും വെള്ളം ഊർന്നിറങ്ങാനവസരം നല്കുകയും ചെയ്തിരുന്നു.

**ജലസേചന സ്രോതസ്സുകൾ മൊത്തത്തിൽ**

| പൊതുജലസേചന കിണറുകൾ | കുഴൽ കിണറുകൾ | കുളം ചിറ | പുഴ | തോടുകൾ |
|---|---|---|---|---|
| 10 Nos | 5 Nos | 46 Nos | 2 Nos | 19 Nos |

കൃഷിഭവൻ മുഖേന നടപ്പിലാക്കിയ ചെറുകിട ജലസേചന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ജലലഭ്യത | ഗുണഭോക്താക്കളുടെ എണ്ണം/ വിസ്തൃതി |
|---|---|---|---|
| 1 | ബദിരൂർ കമ്മ്യൂണിറ്റി ഇറിഗേഷൻ യൂണിറ്റ് | അകലാപുഴ | 54 എണ്ണം/36.68 Ha |
| 2 | കരിപ്പാക്കടവ് കമ്മ്യൂണിറ്റി ഇറിഗേഷൻ യൂണിറ്റ് | പൂന്നൂർ പുഴ | 42 എണ്ണം/ 12 Ha |
| 3 | കക്കോടി കമ്മ്യൂണിറ്റി ഇറിഗേഷൻ യൂണിറ്റ് | പൂന്നൂർ പുഴ | 15 എണ്ണം/6.26 Ha |
| 4 | പുഞ്ചവയൽ കല്ലിൽകടവ് കമ്മ്യൂണിറ്റി ഇറിഗേഷൻ യൂണിറ്റ്. | പൂന്നൂർ പുഴ | 26 Nos/9.3 Ha |

ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ജലലഭ്യത | ഗുണഭോക്താക്കളുടെ എണ്ണം/ വിസ്തൃതി |
|---|---|---|---|
| 1 | മക്കടവെസ്റ്റ് കമ്മ്യൂണിറ്റി ഇറിഗേഷൻ യൂണിറ്റ് | പൂന്നൂർ പുഴ | 69Nos/13.754 Ha(1,63,600/= രൂ.) |
| 2 | എരോത്ത് താഴം കമ്മ്യൂണിറ്റി ഇറിഗേഷൻ യൂണിറ്റ് | കിണർ | 49Nos/7.8 Ha(1,25,000 രൂ.) |

(അതതു പദ്ധതി പ്രദേശങ്ങളിലെ ജനകീയ കമ്മറ്റികളാണ് നിർമ്മാണചുമതല ഏറ്റെടുത്തിട്ടുള്ളത്)
96-97 ൽ അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതി

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ജലലഭ്യത | ഗുണഭോക്താക്കളുടെ എണ്ണം/വിസ്തൃതി |
|---|---|---|---|
| 1. | പൂവ്വത്തൂർ താഴം മേടക്കുന്നമല കമ്മ്യൂണിറ്റി | പൂവ്വത്തൂർ തോട് | 16.032 Ha. (Rs. 3,10,000/=) |
| | ഇറിഗേഷൻ യൂണിറ്റ് | | |

## കാലാവസ്ഥ

കാർഷികവിളകളുടെ വളർച്ചയും വികാസവും പ്രാഥമികമായി കാലാവസ്ഥ, മണ്ണ് തുടങ്ങിയ പരിസ്ഥിതി ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. വിളകളുടെ ജയാപരാജയ സാദ്ധ്യത അതതു പ്രദേശത്തെ നിവിലിരിക്കുന്ന കാലാവസ്ഥക്കനുസരിച്ച് ബന്ധപ്പെട്ടുകിടക്കുന്നതിനാൽ വിള ഉല്പാദനരീതിയും കാർഷിക മുറകളും ചിട്ടപ്പെടുത്തേണ്ടത് അനിവാര്യമാണ്.

കാലാവസ്ഥാ സാദ്ധ്യത നിലമൊരുക്കൽ തുടങ്ങി വിളവെടുപ്പ് വരെയുള്ള ഘട്ടങ്ങളിൽ കർഷകന്റെ ഭാവി നിർണ്ണയിക്കുന്നു. കാലാവസ്ഥാഘടകങ്ങളുടെ ഇടപെടലുകളെയും സസ്യജീവ ശാസ്ത്രപ്രക്രിയയെകുറിച്ചുള്ള നല്ല അറിവ് എന്നിവ കൃഷിയിൽ ശാസ്ത്രീയ സമീപനം കൈ കൊള്ളുന്നതിലും മെച്ചപ്പെട്ട ഭൂമി, ജല വിനിയോഗത്തിലും അനിവാര്യമാണ്.

വർഷത്തിൽ ശരാശരി 2200 മില്ലിമീറ്റർ മഴ ലഭിക്കുന്നു (അവലംബം- കാലാവസ്ഥാനിരീക്ഷണ കേന്ദ്രം) ഇത് സംസ്ഥാനശരാശരിയേക്കാൾ കുറവാണ്, തെക്കുപടിഞ്ഞാറൻ മൺസൂൺ കാലയളവിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് (ജൂൺ, ജൂലായ്) ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നത് ഏപ്രിൽ, മെയ്മാസങ്ങളിലാണ്. ഏറ്റവും കൂടിയതാപനില $31.3^{0}C$ ഉം ഏറ്റവും കുറഞ്ഞത് $21.7^{0}C$ ഉം ആകുന്നു. അതിവർഷമോ അത്യുഷ്ണമോ അനുഭപ്പെടുന്നില്ല. തണുപ്പുകാലം നവംബർ അന്ത്യത്തോടെ ആരംഭിക്കുകയും ജനുവരിമാസത്തിൽ അവസാനിക്കുകയും ചെയ്യുന്നു.

**കാലാവസ്ഥാ കലണ്ടർ**

| ക്രമ നമ്പർ | കാലാവസ്ഥ | സീസൺ (തുടക്കം) | സീസൺ (അവസാനം) |
|---|---|---|---|
| 1 | വേനൽകാലം | ജനുവരി | മെയ് |
| 2 | മഴക്കാലം | ജൂൺആദ്യം | ഒക്ടോബർ |
| 3 | മഞ്ഞുകാലം | നവംബർ | ജനുവരി |

വർഷങ്ങൾക്കുമുമ്പ് കാലവർഷക്കെടുതികൾ വിവരണാതീതമായിരുന്നു. ശക്തമായ ഇടവപ്പാതിയിൽ പൂന്നൂർ പുഴയിലെ മലവെള്ളപ്പാച്ചിൽ കരകവിഞ്ഞൊഴു കുകയും സംഹാരരൂപിണിയായ്മാറുകയും ചെയ്യുമായി രുന്നു. തണ്ണീർ പന്തലിൽ നിന്നും കക്കോടി ബസാറിലൂടെ വടക്കയിൽപടിവരെ തോണിയിൽ യാത്രചെയ്തിരുന്നത് കാരണവന്മാരുടെ ഓർമ്മകളിൽ നിറഞ്ഞു നില്ക്കുന്നു. 1960 ൽ കക്കോടി ബസാറിനടുത്ത് പൂന്നൂർ പുഴയുടെ തീരത്ത് ബണ്ടുകെട്ടിയതോടെ പ്രശ്നം അവസാനിക്കു കയും ചെയ്തു.

1988 ലാണ് നേരിയ തോതിൽ വരൾച്ച അനുഭവ പ്പെട്ടത്. ജലസേചന സൗകര്യം കുറഞ്ഞ കർഷകരുടെ വിള ഉല്പാദനത്തെ വരൾച്ച സാരമായി ബാധിക്കുകയുണ്ടായി. കാലവർഷക്കെടുതികളായി തെങ്ങുകടപുഴകിവീഴലും നെൽകൃഷി വെള്ളം കെട്ടിനിന്ന് നശിച്ചുപോകലും ഇന്നും കാർഷിക രംഗത്തെ ഭീഷണിയായി നിലനില്ക്കുന്നു.

ഇടവപ്പാതിയിലാണ് പ്രദേശത്ത് കൂടുതൽ മഴ ലഭി ക്കുന്നത് എന്ന് പ്രസ്താവിച്ചുവല്ലോ. തുലാവർഷം ഇടവ പ്പാതിയെ അപേക്ഷിച്ച് താരതമ്യേന കുറവാണ്. ഏപ്രിൽ –മെയ് മാസങ്ങളിലെ വേനൽ മഴ നമ്മുടെ കാർഷിക വിള കളെ സമ്പുഷ്ടമാക്കുന്നു. മേടമാസത്തിൽ ലഭിക്കുന്ന ഇട മഴ കന്നികൃഷിക്ക് ആരംഭം കുറിക്കുന്നു.

## ജനസാന്ദ്രത

18.59 ചതു. കിലോമീറ്റർ വിസ്തീർണ്ണമുള്ള നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 30024 ആണ്. ജന സാന്ദ്രതാ നിരക്ക് 1615 ഉം. ചേളന്നൂർ ബ്ലോക്ക് പഞ്ചായ ത്തിൽ ജനസാന്ദ്രതയുള്ള പഞ്ചായത്തുകളിൽ രണ്ടാം സ്ഥാനത്താണ് നമ്മൾ.

## കാർഷിക ചരിത്രവും സംസ്കാരവും

"സായിപ്പ് കുരുമുളകു വള്ളിയല്ലേ കൊണ്ടുപോ യിട്ടുള്ളൂ. നമ്മുടെ തുരുവാതിര ഞാറ്റുവേല കൊണ്ടുപോ യില്ലല്ലോ" എന്നു പറഞ്ഞ സാമൂതിരിയുടെ തട്ടകമായ കോഴിക്കോട്ടു പ്രദേശത്തിന് തൊട്ടടുത്തുള്ള ഒരു ഗ്രാമീണ കാർഷിക മേഖലയാണ് നമ്മുടെ പ്രദേശം.

മക്കടദേശം, മോരീക്കര ദേശം, കിരാലൂർ ദേശം, കിഴക്കുംമുറിദേശം, പടിഞ്ഞാറ്റും മുറിദേശം എന്നിങ്ങനെ 5 ദേശങ്ങളായി അറിയപ്പെടുന്നു. ഒരു കാലത്തു നമ്മുടെ നെല്ലറകളായിരുന്നു ഈ പ്രദേശങ്ങൾ. പുഴകളും മലകളും, നീർച്ചാലുകളും ഏറെയുള്ള നാട്, കേരം തിങ്ങുന്ന തെങ്ങിൻ തോപ്പുകളുടെ നാട്, വിസ്തൃതമായ പച്ചക്കറി തോട്ടങ്ങൾ, ഏറെയുള്ള നാട് കൃഷിയെ ജീവിതവുമായി ഇണക്കിച്ചേർത്ത ചെറുപ്പക്കാരുടെ നാട്. സമൃദ്ധമായി ചേനയും കപ്പയും കുരുമുളകും, ചേമ്പും ഇഞ്ചിയും, മഞ്ഞളും ഇടതൂർന്നു വളർന്നിരുന്ന പറുയിടങ്ങളുള്ള നാട്. സജീവമായിരുന്നു പോയ നാളുകളിൽ ഇവിടങ്ങളിലെ കൃഷിപ്പണികൾ.

നെൽകൃഷിയിൽ ലാഭം ഉണ്ടായിരുന്ന കാലം. പത്തായപ്പുരയിൽ വിത്ത് നിറഞ്ഞുകവിഞ്ഞൊഴുകിയിരുന്ന കാലം. ഇന്നോ? വീടുകളിലെ പത്തായപുരകളെല്ലാം പഴ മയുടെ നോക്കുകുത്തിയായി മാറിയിരിക്കുന്നു. ഒരു കാലത്തു ഞാറ്റുവേലകളെ അടിസ്ഥാനമാക്കിയാണ് നമ്മുടെ പൂർവ്വികർ കൃഷി ചെയ്തിരുന്നത്. വിഷുവിന് മുമ്പ് വിതയും ഓണത്തിനു മുമ്പ് നാട്ടിയുമായിരുന്നു കൃഷി രീതികൾ. അക്കാലത്ത് കൃഷിക്ക് പ്രത്യേക സംരക്ഷണ മൊന്നും ഇല്ലായിരുന്നു. പ്രകൃതിയെ മാത്രം ആശ്രയിച്ചുള്ള കൃഷി. വിഷുവിന് ഒരാഴ്ചമുമ്പ് വിത്തിടൽ കഴിയും. നാലു ചാൽപൂട്ടി മണ്ണ് പൊടിയാക്കിമാറ്റും. ചാണകവും ചാമ്പലും അടിവളം. ഒരിടങ്ങഴി വിതച്ചാൽ പത്തിടങ്ങഴി വിളവ്. രാസ വളങ്ങൾ തൊടീക്കാറില്ല. പിന്നെ കന്നിക്കൊയ്ത്തിനോട നുബന്ധിച്ചുള്ള ആചാരങ്ങളും അനുഷ്ടാനങ്ങളും, ചിങ്ങ ത്തിൽ പാടത്ത് വിളഞ്ഞുനില്ക്കുന്ന നെൽക്കതിരുകൾ വലിച്ചെടുത്ത് പുത്തരി തയ്യാറാക്കുക പതിവായിരുന്നു. കാരണവന്മാർ നാക്കിലക്കുമുമ്പിൽ നിലവിളക്കു കത്തിച്ച് മൂന്നുവട്ടം പൂജിക്കുന്നു. വിളക്കിന്റെ നാളം ആടാത്ത സമ യത്ത് ചെറിയ കുട്ടിയെ മടിയിലിരുത്തി കാരണവന്മാർ ചോറുകൊടുക്കുന്നു. ഈ സമയം ശുഭമുഹൂർത്തം എന്നു പറഞ്ഞു കുട്ടിയുടെ തലയിൽ പൂവിടുന്നു. ചിങ്ങമാസ ത്തിലെ ഉത്രാടം നാളിലാണ് പുത്തരിയുണ്ണാറ്. സ്വന്തമായി കൃഷിയില്ലാത്തവർക്ക് പുത്തരിയുണ്ണാൻ മറ്റുടമകളുടെ കൃഷിനിലത്തുനിന്ന് കതിരുമുറിച്ചാൽ അതു കുറ്റമായി കണക്കാക്കാത്ത നമ്മുടെ കാർഷിക ചരിത്രത്തിലെ പഴയ നാളുകൾ. കന്നിമാസത്തിലെ കരിംപൂയ്യം നാളിൽ കന്നി നെകൊണ്ട് പണിയെടുപ്പിക്കാറില്ലത്രെ. കഴിഞ്ഞ ആറു മാസം തങ്ങളോടൊപ്പം വയലേലകളിൽ പണിയെടുത്ത കാലികളെ ആദരിക്കുന്ന കർഷകരുടെ ഒരു വലിയ മന സ്സാണ് ഇത് കാണിക്കുന്നത്. കാലികൾക്ക് പൂയ്യം, ആയില്യം, മകം എന്നീ നക്ഷത്രങ്ങൾ വിശ്രമദിനങ്ങളാ യിരുന്നു. ചിങ്ങമാസത്തിലെ തിരുവോണം കഴിഞ്ഞ് പതി നാറാം ദിവസംവരുന്ന ആയില്ല്യമായിരുന്നു നെല്ലിന്റെ നക്ഷത്രം.

എത്രയെത്ര നെൽപ്പാടാങ്ങളായിരുന്നു നമുക്കു ണ്ടായിരുന്നത്. നരിക്കോട്ടു താഴം, മരക്കാട്ടുകമ്മളിതാഴം, എടക്കാട്ടു വളപ്പിൽ താഴം, തിരുത്തിവയൽ, നാരാത്തു

താഴം, പറമ്പിടിതാഴം, കിരാലൂർ പുഞ്ചനിലം, അരുത്തിരുത്തി വയൽ, നാലാംചിറ, ചുഴലിനിലം, ചിരുക്കാട് അയനിക്കുട്ടിനിലം, കോട്ടുപാടം, പറക്കുളം, പറക്കുങ്കൽ നിലം, കുപ്പാംതൊടിനിലം, എന്നിങ്ങനെ ഒട്ടനവധി. ഒരു കാർഷിക വിദ്യാർത്ഥിയെ സംമ്പന്ധിച്ചിടത്തോളം പൂർവ്വകാല കാർഷിക മേഖലയിലിലെ അന്വേഷണ സാദ്ധ്യതകളായി മാറിക്കൊണ്ടിരിക്കുന്ന ഇവ ഒരു കാലത്ത് നമ്മുടെ ഏറ്റവും വലിയ പാടശേഖരങ്ങളിലൊന്നായിരുന്നു മക്കടവയൽ. ഇതെല്ലാം ഇന്ന് ഓർമ്മകളിൽ മാത്രം അവശേഷിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ വലിയ ജന്മിമാർ കുറവായിരുന്നു. ഇടത്തരം ജന്മിമാരായിരുന്നു കൂടുതലും, കാരംവള്ളി സ്വരൂപക്കാരായിരുന്നു അവരിൽ പ്രധാനികൾ. ഇവർ കോഴിക്കോട് താലൂക്കിൽ രണ്ടാംസ്ഥാനക്കാരായിരുന്നു. ഇവർക്ക് പലഭാഗത്തും ഭൂമിയുണ്ടായിരുന്നു. കൂടാതെ 18 ഓളം ഇടത്തരം ജന്മിമാരും നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു.

പഴയ കൃഷിരീതികൾ മുഴുവനും ശാസ്ത്രീയമായി തന്നെയാണ് ചെയ്തിരുന്നത്. ഞാറ്റുവേലകളെ അടിസ്ഥാനപ്പെടുത്തിയത് നക്ഷത്രശാസ്ത്രവുമായി ബന്ധപ്പെടുത്തിയാണ്. കൂടാതെ ചില നക്ഷത്രത്തിൽ ജനിച്ചവർ അതേ നക്ഷത്രദിനത്തിൽ കൃഷിചെയ്താൽ വിചാരിച്ചതിൽ കൂടുതൽ വിള ലഭിക്കുമെന്നുള്ളത് പഴമക്കാർ ഇന്നും വിശ്വസിക്കുന്നു. പുണർതം നാളിലും പുരൂരുട്ടാതി നാളിലും വിത്തിട്ടാൽ വിളനശിക്കില്ലെന്നുള്ളതും ഒരു വിശ്വാസമാണ്.

പൂർവ്വീകമായ കൃഷിരീതികൾ ഇപ്പോഴും പലരും അനുവർത്തിക്കുന്നു. അതേ പോലെതന്നെ കർഷകർ ഏറ്റവുമധികം വെറുക്കുന്ന ദിനങ്ങളും മാസങ്ങളും ഉണ്ട് അതിൽ പ്രധാനം കർക്കിടകവും കലിയനും കലിച്ചിയുമാണ്. ദിവസം മോശമാണെങ്കിലും അന്നേദിവസം കലിയനെ സങ്കല്പിച്ച് ഉച്ചത്തിൽ കൂകിവിളിച്ച് ചക്കോം മാങ്ങേം ആളേം അടിയാരേം തന്നിട്ടു പോണേ എന്നു വിളിച്ചുപറയാറുണ്ട്. കൂടാതെ കർക്കിടകം 32 ന്ന് ജ്യേഷ്ഠയുടെ പര്യായമായ കലിച്ചിയെ ഒഴുപ്പിക്കുന്നതിന് ചൂട്ടും ചൂലും ഉപയോഗിച്ച് നറുക്ക് വെക്കലും ചാണകം മെഴുകലും പതിവാണ്. കർക്കിടകം.ഒന്നുമുതൽ പലകവെച്ച് തിരികത്തിച്ച് ഭസ്മവും വെച്ച് കിണ്ടിയിൽ വെള്ളവും അതിന്റെ മൂടിയിൽ വാഴയിലയുടെ ഒരു ചെറിയ കഷണവും വെക്കാറുണ്ട്. ഇത് മഹാലക്ഷ്മി വീട്ടിൽ നിന്നും പോകാതിരിക്കുന്നതിനു വേണ്ടിയാണെന്നാണ് വിശ്വാസം.

## ഭൂവിനിയോഗം

1928 ലെ റെവന്യു സെറ്റിൽ മെന്റ് രേഖ പ്രകാരം 1872 ഹെക്ടർ വിസ്തൃതി ഈ പഞ്ചായത്തു പ്രദേശത്തിനുള്ളതായി കാണുന്നു. അവ തരിശുഭൂമി, പുറംമ്പോക്ക് , നിലം, കര, എന്നിങ്ങനെയാണ് വിഭജിച്ചിരിക്കുന്നത്.

| ക്രമ നമ്പർ | നിലത്തിന്റെ സ്വഭാവം | ശതമാനം | വിസ്തീർണ്ണം |
|---|---|---|---|
| 1. | തരിശ്ഭൂമി | 8.4 % | 157.24 Ha |
| 2. | പുറംമ്പോക്ക് | 7% | 131.04 Ha |
| 3. | നിലം | 29.5% | 552.24 Ha |
| 4. | കര | 55.1 % | 1031.48 Ha |
| | ആകെ | 100 % | 1872. Ha |

ആകെയുള്ള നിലങ്ങളിൽ നെൽകൃഷിക്കനുയോജ്യമായിരുന്നത് 356.7 ഹെക്ടർ മാത്രമാണ്. ഇത് ആകെ നിലത്തിന്റെ 64.5% മാത്രം. ഇപ്പോഴത്തെ കൃഷിഭവൻ രേഖകളുടെ അടിസ്ഥാനത്തിൽ നെൽകൃഷി പരമാവധി ചെയ്യുന്നത് 82 Ha മാത്രമാണ്.

**മറ്റു വിളകളുടെ ഭൂവിനിയോഗം സംമ്പന്ധിച്ച ഒരു ചിത്രം താഴെ ചേർക്കുന്നു.**

| ക്രമ നമ്പർ | വിളയുടെ പേര് | വിസ്തീർണ്ണം 1987 | വിസ്തീർണ്ണം 1996 | ഉല്പാദനം |
|---|---|---|---|---|
| 1. | നെല്ല് | 208. 2Ha | 62.4 Ha | 1967 Kg/ Ha |
| 2. | തെങ്ങ് | 1556 Ha | 1650 Ha | 30 nuts/palm |
| 3. | വാഴ | 35 Ha | 20 Ha | 5-8 Kg /bunch |
| 4 | മരച്ചീനി | 20 Ha | 10 Ha | 1.8 Kg/ Stem |
| 5. | കുരുമുളക് | 14 Ha | 8 Ha | 1.2 Kg/Std |
| 6. | കശുമാവ് | 20 Ha | 15 Ha | 2 Kg/Plant |
| 7. | കവുങ്ങ് | 30 Ha | 20 Ha | 300 nuts/palm |
| 8. | റബ്ബർ | 35 Ha | 25 Ha | - |
| 9. | പയർ | 14 Ha | 4 Ha | 750Kg/ha |

| ക്രമ നമ്പർ | സീസൺ | വിസ്തൃതി 1987 | വിസ്തൃതി 1995 |
|---|---|---|---|
| 1 | നെല്ല്- കന്നി | 121.76 Ha | 57.40 Ha |
| 2 | മകരം | 171.9 Ha | 75.6 Ha |
| 3 | പുഞ്ച | 21.6 Ha | 11 Ha |

നെൽകൃഷിയുടെ വിസ്തൃതി ഭയാനകമായ രീതിയിൽ ചുരുങ്ങിക്കൊണ്ടിരിക്കുന്ന അവസ്ഥയിലേക്കാണ് ഇതു വിരൽ ചൂണ്ടുന്നത്. നേരത്തെയുണ്ടായിരുന്ന കൃഷിയുടെ 22 % മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്.

നമ്മുടെ പ്രദേശത്ത് പ്രധാനമായും കൃഷിചെയ്യുന്ന വിളകളുടെയും അവയുടെ ഉല്പാദന ക്ഷമതയുമാണ് മേലെ രേഖപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന ഉൽപ്പാദന ക്ഷമതയിൽ നിന്ന് വളരെ താഴെയാണ് നമ്മുടേത്. അതിലുപരി ചില വിളകളുടെ വിസ്തീർണ്ണം കുറയുന്നതായും ചിലവകൂടിവരുന്നതായും കാണുന്നു. തെങ്ങുകൃഷിയുടെ വിസ്തീർണ്ണം കഴിഞ്ഞ പത്തുവർഷത്തിനിടയിൽ 94 ഹെക്ടർകൂടിയതായി കാണുന്നു. എന്നാൽ നെൽകൃഷി 126.2 ഹെക്ടർ കുറഞ്ഞതായികാണുന്നു. ഇതിൽ 32.2 ഹെക്ടർ സ്ഥലം കൃഷിച്ചിലവ് തുടങ്ങിപല കാരണങ്ങളാൽ തരിശിട്ടിരിക്കുന്നതായി കാണാം. ഇതിന്റെ അടിസ്ഥാന കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിക്കാവുന്നതാണ്.

കാർഷികരംഗത്തുണ്ടായ ദ്രുതഗതിയിലുള്ള പരിഷ്ക്കാരങ്ങൾ ഉൾക്കൊള്ളാൻ നമ്മുടെ കർഷകർക്ക് കഴിയാതെ വന്നു. കൃഷിലാഭകരമല്ലാതായി. കമ്പോളവൽക്കരണത്തിന്റെ ഭാഗമായി സാർവത്രികമായിത്തീർന്ന ലാഭക്കൊതി നാണ്യവിളകളിൽ മാത്രം കണ്ണുവെക്കാൻ കർഷകനെ പ്രേരിപ്പിച്ചു. നഗരവൽക്കരണംകൊണ്ട് കൃഷിക്കാരൻ മറ്റുതൊഴിലുകളിലേക്ക് ചേക്കേറിയപ്പോൾ കാർഷികവൃത്തി മന്ദീഭവിച്ചു. പ്രത്യേകിച്ച് ഇടവിളകൾ കൃഷിചെയ്യാതെയായി. പുത്തൻതലമുറ കാർഷികവൃത്തിയുടെ പ്രാധാന്യം തീരെ മനസ്സിലാക്കിയില്ല. കണക്കെഴുത്തുകാരനെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസരീതിയിൽ മാറ്റംവരാത്തതാണിതിനുകാരണം. നമ്മുടെ കൃഷിയിടത്തിൽ നിന്ന് തുടങ്ങേണ്ട വിദ്യാഭ്യാസം അനാവശ്യമായ മറ്റുപലതിലേക്കും പോയി. അതോടൊപ്പം കാർഷികസംസ്കാരം നമുക്കന്യമായി. ഇതോടൊപ്പം 1963 മുതലുള്ള ഗ്രാമീണറോഡുകളുടെ വർദ്ധനവ് പാടശേഖരങ്ങളെ വെട്ടിമുറിക്കാനും, ഇരുവശങ്ങൾ നികത്തപ്പെടാനും ഇടയാക്കി. നെൽകൃഷിയെപ്പോലെ പയർ, പച്ചക്കറി എന്നീവിളകളേയും ഇതുസാരമായി ബാധിച്ചു. അശാസ്ത്രീയമായ റോഡുനിർമ്മാണവും മണ്ണിട്ടുനികത്തിയിട്ടുള്ള കെട്ടിടനിർമ്മാണവും കൃഷിഭൂമിയിലെ ജലനിർഗ്ഗമന മാർഗ്ഗത്തെ സാരമായി ബാധിച്ചു. അശാസ്ത്രീയ വളം പ്രയോഗവും മണ്ണിൽ വേണ്ടത്ര ജൈവാംശം നല്കാത്തതുമൂലം മണ്ണിന്റെ ഉല്പാദന ക്ഷമത കുറഞ്ഞതും ഉല്പാദനത്തെ ബാധിച്ചു. മുൻകാലങ്ങളിൽ രണ്ട് പൂവ്വ് കൃഷിചെയ്തിരുന്ന സ്ഥലങ്ങളിൽ ഇപ്പോൾ ഒറ്റപൂവ്വ് കൃഷി മാത്രമായി ചുരുങ്ങിയിരിക്കുന്നു. താങ്ങാൻ കഴിയാത്ത കൂലിച്ചിലവ്, ഞാറ്റടിതയ്യാറാക്കാനുള്ള അസൗകര്യവും ഇതിനുകാരണമായി. പണ്ടുകാലങ്ങളിൽ ഓര് വെള്ളത്തെ അതിജീവിക്കാൻ കഴിവുള്ള ഓർപാണ്ഡി, വെള്ളക്കെട്ടുനിലങ്ങളിലേക്ക് വെള്ളപെരുവിത്ത്, കോന്തൻ, കന്നികൃഷിക്കുപയോഗിക്കുന്ന അറാംപട്ടൻ, പറമ്പ് പട്ടൻ, തെക്കൻ ചിറ്റേനി, നകരപോലുള്ള വിത്തും പറമ്പുകളിൽ കൃഷിചെയ്തിരുന്ന ചുവന്ന കല്ലുരുത്തി, കറുത്ത കല്ലുരുത്തി, തോട്ടപുഞ്ച, മുതലായവ ഇന്ന് നാമാവശേഷമായിക്കൊണ്ടിരിക്കുന്നതും നെൽകൃഷിയെ സാരമായി ബാധിച്ചു.

മകരം കൃഷി കഴിഞ്ഞശേഷം മുൻകാലങ്ങളിൽ നെൽവയലുകളിൽ വെള്ളരി തുടങ്ങിയ പച്ചക്കറി വിളകൾ ഉത്സവപ്രതീതിയോടെ കൃഷിചെയ്തിരുന്നകാലമുണ്ടായിരുന്നു. കൂടാതെ എള്ള്, പയറുവർഗ്ഗങ്ങൾ എന്നിവ കൃഷിചെയ്തിരുന്നു. ഇതുമൂലം മണ്ണിന്റെ ഫലപുഷ്ടി മെച്ചപ്പെടുന്നതിനാൽ അടുത്തവിളവ് സമൃദ്ധമാകുമെന്ന് പൂർവ്വിക കർഷകർ മനസ്സിലാക്കിയിരുന്നു. രോഗകീടബാധയും താരതമ്യേന കുറഞ്ഞിരുന്നു.

ഇന്നത്തേതുപോലുള്ള രാസീയ കീടനിയന്ത്രണ മാർഗ്ഗങ്ങൾ ഉപയോഗിക്കാതെ മുളങ്കുറ്റികെണി, തെങ്ങിൻമടൽ പാടത്തു കുത്തിനിർത്തൽ, ചാഴി നിയന്ത്രണത്തിന് വെണ്ണീർ പറപ്പിക്കൽ വേപ്പിലയിടൽ, മുറംവീശൽ, തുടങ്ങിയ പരമ്പരാഗത സമ്പ്രദായങ്ങളായിരുന്നു സ്വീകരിച്ചിരുന്നത്. ഇത്തരത്തിലുള്ള കൃഷിരീതികൾ നമ്മുടെ പാടശേഖരത്തിൽ നിന്നും മറഞ്ഞുകൊണ്ടിരിക്കുന്നു.

വർദ്ധിച്ചുവരുന്ന ജനസാന്ദ്രതമൂലം പരമ്പരാഗതമായി കൂട്ടുകുടുംബ വ്യവസ്ഥയിലുണ്ടായ വ്യതിയാനങ്ങളും കൊച്ചുകൊച്ചു ന്യൂക്ലിയർ കുടുംബങ്ങളുണ്ടാവാൻ കാരണമായി. ഗതാഗത സൗകര്യത്തിനുവേണ്ടി ഉയർന്ന പ്രദേശങ്ങളിലുള്ള പുരയിടങ്ങളിൽ താമസിച്ചിരുന്നവരുടെ പിൻഗാമികൾ താഴോട്ടിറങ്ങി നിലങ്ങൾ നികത്തുവാനും വീടുവെക്കുവാനും ഉപോയഗപ്പെടുത്തിയതുമൂലം നെൽകൃഷി പാടങ്ങൾ ഗണ്യമായി കുറഞ്ഞുവന്നു. ഗൾഫ് മേഖലകളിൽ നിന്നുള്ള വരുമാനം അടിസ്ഥാനമാക്കി മണിമന്ദിരങ്ങൾ നിർമ്മിക്കുക അന്തസ്സിന്റെ മുഖമുദ്രയായി മാറിയപ്പോൾ ഇക്കൂട്ടർ വയൽ പ്രദേശങ്ങൾ തിരഞ്ഞെടുക്കുകയും വയൽ നികത്തപ്പെടുകയും ചെയ്തു. കോഴിക്കോട്ടു നഗരത്തിന് തൊട്ടടുത്ത പ്രദേശമായതിനാൽ നഗരങ്ങളിലെ പാർപ്പിട പ്രശ്നം ഈ പ്രദേശത്തേയും ബാധിച്ചു. താരതമ്യേന വയൽ പ്രദേശങ്ങൾക്കും വെള്ളം കെട്ടിനില്ക്കുന്ന ഭൂമിയ്ക്കും വില കുറവായതിനാലും നെൽകൃഷി ചെയ്യുന്ന ഭൂമി തുണ്ടവൽകരിച്ച് വിൽപന നടത്തുന്ന പ്രവണത വർദ്ധിക്കുകയും ചെയ്തു. ഈ സാഹചര്യം പാർപ്പിട പ്രശ്ന പരിഹാരത്തിന് പരിഹാരമവുകയും കക്കോടിയിലെ കാർഷികമേഖലയെ സാരമായി ബാധിക്കുകയും ചെയ്തു.

നെൽവയലുകളിൽ വരമ്പു നിർമ്മിക്കുന്ന രീതിയും പാടെ കുറഞ്ഞിരിക്കുന്നു. നെൽപാടങ്ങളിലെ വരമ്പുകളിലും തോടുവരമ്പുകളിലും കാറ്റിനെതിരായും

മണ്ണൊലിപ്പ് തടയുന്നതിനും കൈതവച്ചുപിടിപ്പിക്കുന്ന രീതിയും ഇന്ന് ഇല്ലാതായിരിക്കുന്നു. പണ്ട് ഈ രീതി അവലംബിച്ചതിനുദാഹരണമാണ് പറക്കുളം നിലം, ചുഴലി നിലം, മരക്കാട്ട് കമ്മിളിതാഴംനിലം.

പഞ്ചായത്തിലെ 40% ഭൂവുടമസ്ഥരും 10 സെന്റിനുതാഴെയുള്ളവരാണ്. ഒരു കുടുംബത്തിന്റെ ഭൂമി ഒന്നു മുതൽ പത്തുവരെ കഷണങ്ങളായി മാറിയിട്ടുണ്ടെന്നാണ് സർവ്വെ വെളിപ്പെടുന്നത്. 5422 കർഷക കുടുംബങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്

**ഭൂമിയുടെ കൈവശ സ്വഭാവം**

| നാമമാത്ര കർഷകർ | ചെറുകിട കർഷകർ | വൻകിട കർഷകർ |
|---|---|---|
| 4884 | 526 | 12 |

പുരയിടകൃഷിയിലും ഈ മാറ്റങ്ങൾ കാണാവുന്നതാണ്. ഉയർന്ന പ്രദേശങ്ങളിലും ചരിവ് പ്രദേശങ്ങളിലുള്ള കൃഷിയിടങ്ങളിലും തെങ്ങ്, കുരുമുളക്, മരച്ചീനി, വാഴ, ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയ മറ്റ് ഹ്രസ്വകാല വിളകളും കാലം തെറ്റാതെ ചെയ്തു പോന്നിരുന്ന കൃഷി സമ്പ്രദായം നമ്മുടെ നാട്ടിലുണ്ടായിരുന്നു. ഇടവിളകൃഷിയുടെ അഭാവം തെങ്ങുകൃഷിയുടെ ഉൽപ്പാദനത്തേയും സാരമായി ബാധിച്ചിട്ടുണ്ട്.

നാളികേരത്തിന്റെ ശരാശരി ഉൽപ്പാദനം നമ്മുടെ പഞ്ചായത്തിൽ 30 എണ്ണമാണ്. സംസ്ഥാന ഉൽപ്പാദനത്തേക്കാൾ കുറവാണ്. സ്ഥിരമായി വെള്ളം കെട്ടി നിൽക്കുന്ന സ്ഥലങ്ങളിലും ചതുപ്പുനിലങ്ങളിലും ഉൽപ്പാദനം 20 എണ്ണത്തിൽ താഴെയാണ്. മഴക്കാലങ്ങളിൽ വെള്ളം കെട്ടി നിൽക്കുന്നതുമൂലം തെങ്ങിന്റെ വേരുകൾക്ക് ശരിയായ രീതിയിൽ പ്രവർത്തിക്കാൻ കഴിയാതിരിക്കുന്നതുകൊണ്ട് തെങ്ങോലകൾ മഞ്ഞളിക്കുന്നതിനും ഉൽപ്പാദനം കുറയുന്നതിനും കാരണമാകുന്നുണ്ട്. എന്നാൽ നല്ല ഇടയകലമുള്ളതും സൂര്യപ്രകാശം ലഭിക്കുന്നതുമായ തെങ്ങിൻതോപ്പുകളിൽ നാളികേര ഉൽപ്പാദനം കൂടുതലാണ്. ശരാശരി 80 മുതൽ 100 വരെ നാളികേരം ലഭിച്ചതായി കർഷകരുടെ വിളവ് ശേഖര രജിസ്റ്ററിൽ നിന്നും കണ്ടെത്തുകയുണ്ടായി.

തെങ്ങിന്റെ ഉല്പാദന ക്ഷമത കുറഞ്ഞുവരുന്നതിനുള്ള കാരണങ്ങൾ പരിശോധനാവിധേയമാക്കാവുന്നതാണ്.

1. ഇടതൂർന്ന തെങ്ങുകൃഷി സമ്പ്രദായം
2. തെങ്ങിൻ തോപ്പിൽ ഇടവിളകൃഷിചെയ്യാനുള്ള വൈമുഖ്യം
3. പാരമ്പര്യകൃഷിരീതിയിൽ മാത്രം ഒതുങ്ങിനിൽക്കൽ
4. ജൈവവള സമ്പത്തിന്റെ അഭാവം
5. ജലസേചന ദൗർല്ലഭ്യം
6. നല്ല നടീൽ വസ്തുക്കൾ തിരഞ്ഞെടുക്കുന്നതിലുള്ള അജ്ഞത
7. ശരിയായ രീതിയിൽ മണ്ണു, ജല സംരക്ഷണം നടത്താതിരിക്കുക
8. സമീകൃത വളപ്രയോഗത്തിന്റെ അഭാവം
9. യഥാസമയത്തുള്ള കീടരോഗനിയന്ത്രണ പ്രവർത്തനങ്ങളുടെ പോരായ്മ (കൂമ്പ് ചീയൽ, ചെന്നീരൊലിപ്പ്, കൊമ്പൻചെല്ലി, ചെമ്പൻ ചെല്ലി, പൂങ്കുലച്ചാഴി)
10. ഉൽപ്പന്നങ്ങളുടെ വിലയിടിവ്

ഇടവിള കൃഷിയിൽ പ്രമുഖമാണ് കവുങ്ങ്. പണ്ടുകാലങ്ങളിൽ നമ്മുടെ കാരണവന്മാർ തെങ്ങിൻ തോട്ടങ്ങളിൽ വിവിധതട്ടുകളിലായി വളരുന്ന രീതിയിൽ, സൂര്യപ്രകാശം വേണ്ടത്ര അളവിൽ ലഭിക്കുന്ന വിധത്തിൽ ഒരു കൃഷിസമ്പ്രദായം ആവിഷ്ക്കരിച്ചിരുന്നു.

പ്രധാനവിള-തെങ്ങ് ഇടവിളയായ് ഒന്നാം തട്ടിൽ കവുങ്ങ്, രണ്ടാംതട്ടിൽ ജാതി-ഗ്രാമ്പൂ-കുരുമുളക് തുടങ്ങിയവ. മൂന്നാംതട്ടിൽ വാഴ-പൈനാപ്പിൾ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ

ഇടക്കാലത്ത് അടയ്ക്കവിപണിയിലുണ്ടായ മാന്ദ്യം കർഷകരെ ഈ കൃഷിയിൽ നിന്ന് പിന്തിരിപ്പിച്ചു. വിലനിലവാരത്തിൽ ഈയടുത്ത കാലത്തുണ്ടായ ആശാവഹമായ വർദ്ധനവ് കവുങ്ങ് കൃഷിയിൽ കർഷകർക്ക് ഉത്തേജനം നല്കി.

കാര്യമായ കീടരോഗബാധ ഈ പ്രദേശത്ത് കവുങ്ങ് കൃഷിയെ ബാധിച്ചതായി കാണുന്നില്ല. നേരിയ തോതിൽ മഹാളിരോഗം ഉള്ളതായി കാണുന്നു. നാടൻ ഇനങ്ങളാണ് കൂടുതലും കൃഷിചെയ്തു വരുന്നത്. അത്യുല്പാദനശേഷിയുള്ള കാസർകോഡ് ലോക്കൽ, മോഹിത് നഗർ, സുമംഗള, മംഗള എന്നിവകർഷകർക്ക് ലഭ്യമാക്കുന്നത് ഈ രംഗത്തു ഗുണകരമായിരിക്കും.

സുഗന്ധവിളകളിൽ വളരെ പ്രധാനമാണ് കുരുമുളക്. മുൻകാലങ്ങളിൽ നാടൻ ഇനങ്ങൾ മാത്രമെ കൃഷി ചെയ്തിരുന്നുള്ളു. കല്ലുവള്ളി, അരക്കുളം മുണ്ട, ബാലൻകോട്ട തുടങ്ങിയവ കാലക്രമേണ കരിമുണ്ട പന്നിയൂർ, തുടങ്ങിയ ഇനങ്ങളും കൃഷിചെയ്യാൻ തുടങ്ങിയിട്ടുണ്ട്. ശാസ്ത്രീയമായ കൃഷിരീതികൾ കർഷകർ ഈ രംഗത്ത് പ്രാവർത്തികമാക്കിയിട്ടില്ല. പണ്ടുകാലങ്ങളിൽ പറമ്പുകളിലുണ്ടായിരുന്ന പാഴ്മരങ്ങളിലൊക്കെ കുരുമുളക് കൃഷിചെയ്തിരുന്നു. എന്നാൽ ഇന്നു പാഴ്മരങ്ങൾ നാമാവശേഷമായിരിക്കുന്നു. മുരിക്ക്, മുരിങ്ങ തുടങ്ങിയ താങ്ങുകാലുകൾ നാട്ടി കൃഷി ചെയ്യുന്നതിലും തെങ്ങ് കമുങ്ങ് തുടങ്ങിയ ദീർഘകാലവൃക്ഷങ്ങളിൽ കൊടികയറ്റുന്നതിലും കർഷകർ തല്പരരല്ല. ധ്രുതവാട്ടരോഗമാണ് കർഷകരെ ഈ രംഗത്ത് നിരാശപ്പെടുത്തുന്നത്. ഇതിനെ നിയന്ത്രിക്കുന്നതിൽ കാര്യമായ പുരോഗതിയുണ്ടാകുന്ന പക്ഷം കുരുമുളകുകൃഷിയെ രക്ഷിക്കാമെന്ന് നമുക്കാശിക്കാം.

ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ നാമമാത്രമായി ഈ പ്രദേശങ്ങളിൽ കൃഷിചെയ്യുന്നു.

പണ്ടുകാലങ്ങളിൽ വളരെ വ്യാപകമായിതന്നെ പറമ്പുകളിൽ ചേന, ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ്, നനക്കിഴങ്ങ്, കൂർക്കൽ, തുടങ്ങിയവ കൃഷിചെയ്തിരുന്നു-ഈ

രംഗത്ത് കൂടുതലും ശ്രദ്ധിച്ചിരുന്നത് വീട്ടമ്മമാരായിരുന്നു. ഭക്ഷ്യക്ഷാമകാലങ്ങളിൽ പനച്ചോറ്, ഈന്തിൻപിടി, തകര, മുത്താറി തുടങ്ങിയവ ഉപയോഗിച്ചിരുന്ന കൂട്ടത്തിൽ കിഴങ്ങുവർഗ്ഗങ്ങൾക്കും, വിശപ്പടക്കുന്നതിൽ അതീവ പ്രാധാന്യമുണ്ടായിരുന്നു.

നമ്മുടെ ആഹാരരീതിയിൽ വളരെ പ്രധാനപ്പെട്ടവയാണ് പയറുവർഗ്ഗങ്ങൾ. മുൻകാലങ്ങളിൽ നമ്മുടെ കൃഷിയിടങ്ങളിൽ ഉണ്ടായിരുന്ന കുരുത്തോല പയർ, കരിമണി പയർ, ചേനതണ്ടൻ എന്നിവ കൃഷിചെയ്യുന്നില്ല. പറമ്പുകളിൽ ഉഴുന്ന്, ചെറുപയർ, മമ്പയർ എന്നിവ കൃഷിചെയ്യുന്ന രീതിയും ഉണ്ടായിരുന്നു. ഈ രീതിയെല്ലാം നാമമാത്രമായിരിക്കുന്നു.

ആലപുറത്ത് വള്ളികയറ്റി മത്തൻ, കുമ്പളം എന്നിവ കൃഷിചെയ്തിരുന്നു. ഇന്നാശീലവും നമ്മുടെ ആൾക്കാർ മാറ്റിയിരിക്കുന്നു.

### വളം കീടനാശിനി

സ്വകാര്യമേഖലയിൽ രണ്ടു രാസവള ഡിപ്പോകളാണ് നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. സഹകരണമേഖലയിലുള്ള വളം ഡിപ്പോ നമുക്കില്ല. രാസവളം ഉപയോഗിക്കുന്ന കർഷരുടെ എണ്ണം കുറവാണ് (20%) ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടത്തുന്നവരുടെ എണ്ണം ചുരുക്കം. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്നവരും വളരെ ചുരുക്കം.

| വർഷം | പാക്യജനകം | ഭാവഹം | ക്ഷാരം |
|---|---|---|---|
| 1993. 94 | 11002.6Kg | 9234.5 Kg | 14832 Kg |
| 1994-95 | 13442 Kg | 11834 Kg | 15233 Kg |
| 1995-96 | 16163 Kg | 14046 Kg | 20043 Kg |
| Total | 40627.6 Kg | 35114.5 | 50108 Kg |

സ്വകാര്യമേഖലയിൽ ഒരു കീടനാശിനി ഡിപ്പോമാത്രമെ പ്രവർത്തിക്കുന്നുള്ളു. ഉപയോഗം വളരെ പരിമിതമാണ്. ജൈവകീടനാശിനികളായ പുകയില കഷായം, വേപിൻ കുരുസത്ത്, തുടങ്ങിയവ താരതമ്യേന ഉപയോഗിക്കുന്നു.

വേപ്പിൻ പിണ്ണാക്ക് ഈ രംഗത്ത് കൂടുതലായി ഉപയോഗിച്ചുവരുന്നുണ്ട്.

## കാർഷിക ഉപകരണങ്ങളുടെ ലഭ്യതയും ഉപയോഗവും

ആധുനിക കൃഷി ഉപകരണങ്ങളുടെ ഉപയോഗം താരതമ്യേന കുറവാണ്. പഴയ കാലങ്ങളിൽ ഉപയോഗിച്ചിരുന്ന മൂരിയും കലപ്പയും, നിലം നിരപ്പാക്കാനായി വള്ളിച്ചെരുപ്പും കട്ടഉടയ്ക്കാനായി മുട്ടിയും ഇപ്പോഴും നമ്മുടെ പാടശേഖരങ്ങളിൽ ഉപയോഗിച്ചുവരുന്നു. ആധുനിക കാർഷിക യന്ത്രസാമഗ്രികൾ കൃഷിക്കാർക്ക് സ്വന്തമായില്ല.

കൃഷിഭവൻ മുഖേന വിതരണം ചെയ്ത കാർഷിക ഉപകരണങ്ങൾ

| ക്രമ നമ്പർ | കാർഷിക ഉപകരണത്തിന്റെ പേർ | ഗുണഭോക്താക്കൾ | എണ്ണം |
|---|---|---|---|
| 1. | പവ്വർടില്ലർ | മരക്കാട്ട് കമ്മിളി | 1 |
| | | താഴം പാടശേഖരം | |
| 2. | പവ്വർ ടില്ലർ | അശ്വതി പാടശേഖരം | 1 |
| 3. | റോക്കർ സെപ്രയർ | വിവിധ കേരസംരക്ഷണ | |
| | | സമിതികൾ | 15 |
| 4 | കുറ്റിപമ്പ് | " | 10 |
| 5. | തെങ്ങുകയറ്റയന്ത്രം | " | 5 |

**കർഷകരുടെ കൈവശമുള്ള ഉപകരണങ്ങൾ**

| ക്രമ നമ്പർ | പേര് | എണ്ണം |
|---|---|---|
| 1 | കുറ്റിപമ്പ് | 5 |
| 2 | റോക്കർ സ്പ്രെയർ | 4 |
| 3 | നാടൻ കലപ്പ | 15 |

ഇവയുടെ ഉപയോഗത്തിനു പുറമെ സമീപപ്രദേശങ്ങളിൽ നിന്നുള്ള ട്രാക്ടർ, ടില്ലർ തുടങ്ങിയവ നമ്മുടെ പഞ്ചായത്തിൽ ഉപയോഗപ്പെടുത്തി വരുന്നുണ്ട്. മുൻകാലങ്ങളിൽ ഓരോ വാർഡിലും 10,15 നാടൻ കലപ്പകൾ ഉണ്ടായിരുന്നിടത്ത് ഇപ്പോൾ ആകെ 15 ഓളമായി ചുരുങ്ങി.

### കൂലിനിരക്ക് കർഷകതൊഴിലാളികളുടെ അഭാവം

കാർഷികരംഗത്ത് കർഷകതൊഴിലാളികളുടെ അഭാവം ഒരു പൊതുപ്രശ്നം തന്നെയാണ് കർഷകതൊഴിലാളി കുടുംബങ്ങളിലെ യുവതലമുറ കാർഷിക പ്രവൃത്തിയിൽനിന്ന് പിന്തിരിഞ്ഞു. അവർ മറ്റുമേഖലയിലേക്ക് ഒഴിച്ചുപോക്ക് നടത്തിയതു ഈ രംഗത്ത് പ്രശ്നമായി. തൊഴിൽ രംഗത്ത് സുരക്ഷിതത്വവും സാമൂഹ്യമാന്യതയുമാണിവർ കാംക്ഷിക്കുന്നത്. ഇത്തരം സാഹചര്യത്തിൽ കാർഷിക വൃത്തിയൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണം കുറയുകയും ഉള്ളവർക്ക് കൂലി നിരക്ക് വർദ്ധിക്കുകയും ചെയ്തു.

| വിഭാഗം | കൂലിനിരക്ക് 1980 | കൂലിനിരക്ക് 1995 |
|---|---|---|
| പുരുഷൻ | 40/= | 100/= |
| സ്ത്രീ | 25/= | 65/= |

എന്നാൽ പ്രദേശത്തിന്റെ വിവിധഭാഗങ്ങളിൽ വ്യത്യസ്തമായ കൂലിനിരക്കു സമ്പ്രദായമാണ് നിലവിലിരുന്നത്. മുൻകാലങ്ങളിൽ കൂലിപണമായിട്ടല്ല നൽകിപോന്നിരുന്നത് കൊയ്ത്തുകാലത്ത് പത്തിനൊന്ന് പതാരവും കുടന്നയും കൊടുക്കാറുണ്ടായിരുന്നു.

| ക്രമ നമ്പർ | പാടശേഖരം | കന്നി | മകരം | പുഞ്ച | വിസ്തീർണ്ണം/കർഷകർ |
|---|---|---|---|---|---|
| 1 | അശ്വതി പാടശേഖരം | കന്നികൃഷി | – | പുഞ്ചകൃഷി | 6.5Ha /25 Nos |
| 2. | മരക്കാട്ട് കമ്പിളിതാഴം | " | മകരകൃഷി | ഇല്ല | 5.11 Ha /30 Nos |
| 3. | നരിക്കോട്ട് താഴം | " | " | " | 6.4 Ha /35 Nos |
| 4. | ഇടക്കാട്ട് വളപ്പിൽ താഴം | " | ഇല്ല | " | 9.06 Ha /48. Nos |
| 5. | നാറാത്ത് താഴം | " | മകരകൃഷി | " | 3.788 Ha /17 Nos. |

## വിപണനം

താരതമ്യേന വിപണന സാദ്ധ്യത പഞ്ചായത്തിൽ കുറവാണ്. കോഴിക്കോട് മാർക്കറ്റിനേയാണ് കർഷകർ ആശ്രയിക്കുന്നത്. പച്ചതേങ്ങയും പച്ചക്കറികളും സംഭരിച്ച് വില്പനനടത്തുന്ന കടച്ചവടക്കാർ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലുമുണ്ട്. ചേളന്നൂർ-കക്കോടി സർവ്വീസ് സഹകരണബാങ്കിന്റെ കൊപ്രസംഭരണം സീസണുകളിൽ കർഷകരെ സഹായിക്കുന്നുണ്ട്.

### പാടശേഖര സമിതികളും ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായവും

1989-90 കാലത്താണ് കർഷകരുടെ കൂട്ടായ്മയോടെ സംഘകൃഷി ആരംഭിച്ചത്. പ്രാരംഭദശയിൽ ഒത്തൊരുമയെടെ കൃഷിയാരംഭിച്ച് വിത്തു വിതക്കുന്നതു മുതൽ കൊയ്ത്തു നടത്തുന്നതുവരെ എല്ലാം കൂട്ടായി നടത്തി ചിലവുകുറച്ച് ഉല്പാദനം വർദ്ധിപ്പിച്ച ഗ്രൂപ്പ് ഫാമിങ്ങ് സമിതികളുടെ പ്രവർത്തനം ഇപ്പോൾ ഫലപ്രദമല്ല.

മേൽപറഞ്ഞ പാടശേഖരങ്ങളിലെ കൃഷി വിസ്തൃതിയുടെ അടിസ്ഥാനത്തിൽ കുറഞ്ഞുകൊണ്ടിരിക്കുന്നു.

## തെങ്ങുകൃഷി മാനേജ്മെന്റ്

തെങ്ങു കൃഷിയുടെ സമഗ്രവികസനം ലക്ഷ്യമാക്കി 90-91 ൽ 11 കേരസംരക്ഷണസമിതികൾ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രൂപീകരിക്കുകയുണ്ടായി. കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിപ്രകാരം കക്കോടി, ഒറ്റത്തെങ്ങ് സമിതികൾ 5HP പമ്പസെറ്റുകൾ വാങ്ങി ജലസേചനം നടത്തുന്നുണ്ട്. കൂട്ടുസംരഭത്തിലൂടെ ജലസേചനം, വളപ്രയോഗം, ഉൽപാദനോപാധികൾ ഒന്നിച്ചുവാങ്ങുക, കാർഷിക ഉപകരണങ്ങൾ കർഷകർക്ക് കുറഞ്ഞ ചിലവിൽ ലഭ്യമാക്കുക, ഉല്പന്ന സംഭരണ സംസ്കരണ വിപണന സാദ്ധ്യതകളുണ്ടാക്കുക, തുടങ്ങിയ അടിസ്ഥാനകാര്യങ്ങൾ ഉപയോഗപ്പെടുത്തി ചിലവുകുറക്കുകയും ഉല്പാദനം വർദ്ധിപ്പിക്കുക ലക്ഷ്യം വെച്ച് നടപ്പിലാക്കിയ ഈ പദ്ധതി ഇന്ന് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

### നിലവിലുള്ള കേരസംരക്ഷണസമിതികളുടെ വിവരം

| ക്രമ നമ്പർ | സന്നദ്ധസംഘടനയുടെ പേര് | പ്രദേശം | രജിസ്റ്റർ നമ്പർ |
|---|---|---|---|
| 1 | ചെറുകുളം കേരസംരക്ഷണ സമിതി | ാം വാർഡ് | 688/90 |
| 2 | ബദിരൂർ കേരസംരക്ഷണ സമിതി | 2" | 682/90 |
| 3 | കോട്ടുപാടം കേരസംരക്ഷണ സമിതി | 3" | 757/90 |
| 4 | കൂടത്തുംപൊയിൽ കേരസംരക്ഷണ സമിതി | 4" | 756/90 |
| 5 | കക്കോടിമുക്ക് കേരസംരക്ഷണ സമിതി | 5" | 754/90 |
| 6 | പടിഞ്ഞാറ്റുംമുറി കേരസംരക്ഷണ സമിതി | 6" | 712/90 |
| 7 | കൊല്ലേരിതാഴം കേരസംരക്ഷണ സമിതി | 7" | 755/90 |
| 8 | കൈരളികേരസംരക്ഷണ സമിതി | 8" | 690/90 |
| 9 | ഒറ്റതെങ്ങ് കേരസംരക്ഷണ സമിതി | 12" | 666/90 |
| 10 | മോരീക്കര കേരസംരക്ഷണ സമിതി | 11" | 693/90 |
| 11 | കക്കോടി കേരസംരക്ഷണ സമിതി | 10" | 692/90 |

## നഴ്സറികൾ

മേന്മയുള്ള നടീൽവസ്തു ലഭ്യത നമ്മുടെ കാർഷിക രംഗത്തെ പ്രശ്നമാണ്. സ്വകാര്യമേഖലയിൽ രണ്ടു നഴ്സറികൾ പ്രവർത്തിക്കുന്നുണ്ട്. അലങ്കാരച്ചെടികളുടെ ഉല്പാദനത്തിലും വിതരണത്തിലുമാണിവരുടെ ശ്രദ്ധ. സർക്കാർ സാമ്പത്തിക സഹായത്തോടെ 1993 ൽ ഒരു നഴ്സറി ആരംഭിക്കുകയുണ്ടായെങ്കിലും അവയുടെ പ്രവർത്തനം തീരെ ആശാവഹമല്ല. പരമ്പരാഗതരീതിയിൽ തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിച്ചു വിതരണം നടത്തുന്ന കർഷകരും നമ്മുടെ നാട്ടിലുണ്ട്.

## കാർഷിക വായ്പ

കാർഷിക രംഗത്ത് ദേശസാൽകൃതബാങ്കായ കക്കോടി കനറാബാങ്ക്, സഹകരണ ബാങ്കായ ചേളന്നൂർ കക്കോടി സർവ്വീസ് സഹകരണബാങ്ക് എന്നിവയാണ് ശ്ലാഘനീയ പ്രവർത്തനങ്ങൾ കാഴ്ച്ചവെക്കുന്നത് . (കാർഷിക വികസന ബേങ്കിന്റേയും കുരുവട്ടൂർ ഗ്രാമീണ

ബാങ്കിന്റേയും സഹകരണമുണ്ട്) സമഗ്രനാളികേര വികസന പദ്ധതി പോലുള്ള വയിൽ കക്കോടി കനറാബാങ്കിന്റെ സാന്നിദ്ധ്യം അവിസ്മരണീയമാണ്.

**കൃഷിഭവനിലൂടെ**

പഞ്ചായത്തുതലത്തിൽ കൃഷിഭവൻ പ്രവർത്തനമാരംഭിച്ചത് 1987 സംപ്തമ്പറിലാണ്. അതിനുമുമ്പുള്ളകാലം കുരുവട്ടൂർ ഐ. പി. ഡി. യൂണിറ്റിന്റേയും ചേളന്നൂർ കോക്കനട്ട് പാക്കേജ് യൂണിറ്റിന്റേയും കീഴിലായിരുന്നു. നമ്മുടെ പ്രദേശത്തെ കാര്യമായി സ്വാധീനിക്കാൻ ഈ പദ്ധതികൾക്കു കഴിഞ്ഞില്ല. തെങ്ങുകൃഷിയുടെ ചില പ്രദർശന തോട്ടങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു എന്നതൊഴിച്ചാൽ സാങ്കേതിക വിദഗ്ദരുടെ സേവനം നമുക്കു വേണ്ടത്ര ലഭിച്ചിരുന്നില്ല.

കൃഷിഭവന്റെ ആവിർഭാവത്തോടുകൂടി ഇടക്കാലത്തു നടപ്പിലാക്കിയ പരിശീലന സന്ദർശനപരിപാടി കൃഷിക്കാരിൽ ഉണർവ്വും ഉന്മേഷവും സൃഷ്ടിച്ചു. കാർഷിക വിജ്ഞാന വ്യാപനം കൃഷിയിടങ്ങളിൽ ഒരു പരിധിവരെ ചെന്നെത്തിയെന്നുവേണം കരുതാൻ.

ഇന്നു നിലവിൽ കൃഷിആഫീസറും അദ്ദേഹത്തെ സഹായിക്കാൻ 3 കൃഷിഅസിസ്റ്റന്റുമാരുമടങ്ങിയ സാങ്കേതിക വിദഗ്ദരുടെ സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളത്. ഈ സൗകര്യം ഉപയോഗിച്ച് എല്ലാ കർഷകരിലും നൂതന അറിവ് എത്തിക്കാൻ വളരെ പ്രയാസമാണ്. ആനുപാതികമായി കർഷകകുടുംബങ്ങൾക്കനുസരിച്ച് ഗ്രാമതല പ്രവർത്തകരുടെ കുറവ് നികത്തി നൂതന സാങ്കേതിക വിദ്യകൾ കൃഷിയിടത്തിൽ എത്തിക്കുക വഴി ഉൽപ്പാദനം പതിന്മടങ്ങ് വർദ്ധിപ്പിക്കാവുന്നതാണ്.

### നടപ്പിലാക്കിയ പദ്ധതികൾ

| നടപ്പിലാക്കിയ വർഷം | പദ്ധതിയുടെ പേര് | ഘടകം | | പമ്പ്സെറ്റ് | തുക (രൂ) |
|---|---|---|---|---|---|
| | | കിണർ പുതിയത് | കിണർ പഴയത് | | |
| 89.90 | പ്രത്യേകതൊഴിൽ ദാനപദ്ധതി | 62 Nos. | 18 Nos | — | 90675.00 |
| 90.91 | -do- | 59 Nos | 20 Nos | — | 83,800.00 |
| 91.92 | -do- | 24 Nos | 9Nos | — | 38,473.00 |
| | ആകെ | 145 Nos | 47 Nos | — | 2,12,948.00 |
| 91.92 | തെങ്ങ് കൃഷിഗ്രൂപ്പ് മാനേജ്മെന്റ് | റോക്കർ സ്പ്രെയർ 30 Nos | | | 42,316.00 |
| 92.93 | ലൊക്കേഷൻ സ്പെസിഫിക് സ്കീം | 5 Nos. | 2 Nos | 3 Nos | 4889.00 |
| 93.94 | പഴവർഗ്ഗ വികസന പദ്ധതി | 6 Nos. | — | 3 Nos | 9000.00 |
| 94.95 | സമഗ്രനാളികേരവികസന പദ്ധതി | 32 Nos | — | 26 Nos | 1,45,000.00 |
| 95.96 | - do - | 32 Nos | — | 48 Nos | 200,000.00 |
| 92.93 | - do - | 5 Nos | — | — | 8325.00 |
| 92.93 | പി.യം സ്കീം | 3 Nos | — | 7 Nos | 14334.00 |
| 92. 93 | തെങ്ങുകൃഷി ഗ്രൂപ്പ് മാനേജ്മെന്റ് | — | — | 12Nos | 12483.00 |
| 92.93 | നെൽകൃഷിഗ്രൂപ്പ് ഫാമിങ്ങ് പദ്ധതി | — | — | 6 Nos | 17260.00 |

കാർഷിക മേഖലയിൽ ജലസേചന പദ്ധതികൾക്ക് മുൻതൂക്കം നല്കിയതായി ചിത്രം സൂചിപ്പിക്കുന്നു. കർഷകർ പിൽകാലങ്ങളിൽ ഗാർഹികാവശ്യത്തിനു മുൻതൂക്കം നല്കിയതിനാൽ പദ്ധതികളെല്ലാം ഗുണകരമായിത്തീരുമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

സമഗ്രകൃഷിവികസന പദ്ധതിയുടെ അഭാവം ഇവിടെ ഉണ്ടായിട്ടുണ്ട്. ഇത്തരുണത്തിൽ സമഗ്രനാളികേര വികസന പദ്ധതി ഒരു തുടക്കം മാത്രം. പദ്ധതി പ്രകാരം കർഷകന് അടിസ്ഥാനസൗകര്യങ്ങളായ കിണർ, പമ്പുസെറ്റുകൾ, എന്നിവ നല്കിയിട്ടുണ്ട്. ഈ പദ്ധതിതുടരുക അനിവാര്യമാണ്.

കൃഷിയുടെ അനുബന്ധമേഖലയായ മൃഗസംരക്ഷണം കൃഷിയുടെ വളർച്ചക്ക് അനിവാര്യമാണ്. ജൈവവള സാന്നിദ്ധ്യം നിലനിർത്തുന്നതോടൊപ്പം കൃഷിക്കാരുടെ വരുമാനം വർദ്ധിക്കുന്നു. ഒരല്പം കൂടി ശാസ്ത്രീയമായി ചിന്തിക്കുകയാണെങ്കിൽ കന്നുകാലികളുടെ ചാണകം ഉപയോഗിച്ച് പരമ്പരാഗത ഊർജ്ജ സ്രോതസ്സ് വർദ്ധിപ്പിക്കുവാൻ കഴിയും. ഈ മേഖലയിൽ നമ്മൾ ഒട്ടും പിന്നിലല്ല എന്ന് സ്ഥിതിവിവരകണക്കുകൾ വെളിപ്പെടുത്തുന്നു.

### ജൈവവാതക പ്ലാന്റുകളുടെ വിവരം

| ക്രമനമ്പർ | വർഷം | മോഡൽ | എണ്ണം | സബ്സിഡി (രൂ) |
|---|---|---|---|---|
| 1 | 1984-85 | ജനത | 4 Nos | 7600.00 |
| 2 | 1985-86 | " | 2 Nos | 5720.00 |
| 3 | 1986-87 | ദീനബന്ധു | 3 Nos. | 10980.00 |
| 4 | 1988.89 | " | 1 No | 3660.00 |
| 5 | 1989-90 | " | 1 No | 3660.00 |
| 6 | 1990-91 | " | 2 Nos | 7600.00 |
| 7 | 1991-92 | " | 1 No | 4300.00 |

**പട്ടികജാതി വികസനം കാർഷികമേഖലയിൽ**

കഴിഞ്ഞ 10 വർഷമായി പട്ടികജാതി കോളണികളിൽ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ വ്യാപിച്ചതായി കാണുന്നു. നടീൽ വസ്തുക്കൾ, കാർഷിക ഉപകരണങ്ങൾ മുതലായവ 11 ഓളം വരുന്ന കോളണികളിൽ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കൃഷിയിടങ്ങളിൽ മണ്ണുസംരക്ഷണം, ജലസേചനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്.

**വിദ്യാർത്ഥികൾക്കുള്ള പങ്ക്**

കാർഷികമേഖലയിൽ പുതിയ തലമുറയെ പങ്കാളികളാക്കുന്നതിന്റെ ഭാഗമായി സ്കൂളുകൾ മുഖേന വിദ്യാർത്ഥികൾക്ക് പച്ചക്കറികൃഷിചെയ്യുന്നതിന് കിറ്റുകൾ വിതരണം ചെയ്തുവരുന്നു.

കൂടാതെ ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങൾക്കനുയോജ്യമായ കണിക ജലസേചന പദ്ധതി, കശുമാവ് വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി, പയർ വികസന പദ്ധതി, സമഗ്ര കുരുമുളക് വികസന പദ്ധതി, സുഗന്ധവിള വികസന പദ്ധതി, ജൈവവള ഉൽപ്പാദന പദ്ധതി, വിള മത്സര പദ്ധതി, വിജ്ഞാനവ്യാപനപദ്ധതി, പഴവർഗ്ഗവികസന പദ്ധതി, ഫാം മെക്കനൈസേഷൻ പദ്ധതി തുടങ്ങിയവയും കൃഷി ഭവൻ മുഖേന നടപ്പിലാക്കി വരുന്നു.

**പ്രശ്നങ്ങൾ**

1. ചില പ്രദേശങ്ങളിൽ മണ്ണിന് ഫലപുഷ്ടികുറവാണ്.
2. കൃഷിയോഗ്യമായ ഭൂമി തരിശിട്ടിരിക്കുന്നു
3. കുന്നിൻ ചരിവു പ്രദേശങ്ങളിൽ മണ്ണൊലിപ്പ് കൃഷിയെ സാരമായി ബാധിക്കുന്നു
4. ഉയർന്ന പ്രദേശങ്ങളിൽ ലഭ്യമാകുന്ന മഴ വെള്ളം കാര്യക്ഷമമായി കൃഷിക്കുപയുക്തമാക്കാൻ കഴിയുന്നില്ല.
5. ഉയർന്ന പ്രദേശങ്ങളിൽ ജലസേചന സൗകര്യക്കുറവുമൂലം കരകൃഷി ഊർജ്ജിതപ്പെടുത്തുവാൻ സാധിക്കുന്നില്ല.
6. പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലും ജലസേചനക്കുറവ് അനുഭവപ്പെടുന്നു.
7. നീർക്കെട്ട് വിളയെ സാരമായി ബാധിക്കുന്നു
8. ചെറുകുളം പൂന്നൂർ പുഴ മലിനീകരിക്കപ്പെടുന്നു
9. നിലവിലുള്ള തോടുകൾ, കുളങ്ങൾ, എന്നീ ജലസ്രോതസ്സുകളുടെ സംരക്ഷണക്കുറവ്
10. പുഴയിൽ ഉപ്പുവെള്ളം കയറുന്നതുമൂലം കൃഷിക്കു പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.
11. നെൽകൃഷി ഭൂമിയുടെ കാർഷികേതര വിനിയോഗം
12. കാർഷികാവശ്യങ്ങൾക്ക് വൈദ്യുതിലഭ്യതാ താമസം
13. ലളിതവ്യവസ്ഥയിലുള്ള വായ്പലഭ്യത കുറവ്
14. നവീന കൃഷിരീതികളെക്കുറിച്ചുള്ള കർഷകന്റെ അജ്ഞത
15. കാർഷികതൊഴിലാളികളുടെ അഭാവം
16. വർദ്ധിച്ച കൂലിനിരക്ക്
17. ജൈവവളത്തിന്റെ അഭാവം
18. ശാസ്ത്രീയ മണ്ണു പരിശോധനയുടെ അഭാവം
19. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ യഥാസമയ ലഭ്യതക്കുറവ്
20. ഉല്പന്ന സംസ്കരണ വിപണന സാദ്ധ്യതകുറവ്
21. കൃഷിഭവന്റെ സേവനം എല്ലാഭാഗത്തും എത്തുന്നില്ല.
22. കാർഷികയന്ത്രോപകരണങ്ങളുടെ അഭാവം.

**നിർദ്ദേശങ്ങൾ**

1 1. ചെറുകുളം പുന്നൂർ പുഴയിൽ കല്ലിൽകടവ്, ചൂണ്ടിക്കടവ് എന്നീ സ്ഥലങ്ങളിൽ തടയണകെട്ട ജലവിതാനം ഉയർത്തുക

2. ബണ്ടുകെട്ടി ജലവിതാനം ഉയരുമ്പോൾ ചെറുകാട്ടുതാഴം, കമ്മിളിത്താഴം തോടിലേക്ക് വെള്ളം തിരിച്ചുവിട്ട് (ആവശ്യമെങ്കിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി) ആവശ്യാനുസരണം തോടിന്റെ ഗതി നിയന്ത്രിച്ചാൽ ചേവട്ട് കണ്ടിതാഴം, കോട്ടുപാടം വരെയും വെള്ളമെത്തിക്കാൻ സാധിക്കും. ഇതിന്റെ ഫലമായി 1-2-3 വാർഡുകളിൽ പ്രയോജനം ലഭിക്കുകയും സ്ഥലത്തെ നെൽപ്പാടങ്ങളിൽ 3 പൂവ് കൃഷിയിറക്കാനും സാധിക്കും.

3. മേപ്പനാട്ടുകുന്നിൽ ടാങ്കെട്ടി പൂന്നൂർ പുഴയിലെ വെള്ളം സംഭരിച്ച് കൃഷിയ്ക്കുപയുക്തമാക്കുക വഴി കരകൃഷി വർദ്ധിക്കുവാൻ സാധിക്കുന്നു

4. ചിറ്റം വീട്ടിൽ താഴത്തുള്ള ബണ്ടിന്റെ ഉയരം വർദ്ധിപ്പിക്കുക വഴി സമീപപ്രദേശത്തുള്ള ജലസ്രോതസ്സുകളുടെ ജലവിതാനം ഉയരുകയും അനുബന്ധപ്രദേശങ്ങളിൽ ജലസേചന സാദ്ധ്യത വർദ്ധിക്കുകയും ചെയ്യുന്നു

5. കീഴ്പ്പറ്റാട്ടു താഴം, ചെറുകുളംഭാഗം, മക്കടവെസ്റ്റ് ഭാഗങ്ങളിൽ പഞ്ചായത്തു തലത്തിൽ ചെറുകിട ജലസേചനപദ്ധതികൾ നടപ്പിലാക്കുക

6. മക്കട കാവുകുന്നിൽ കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക

7. ചെറുകുളം കക്കോടി റോഡിൽ ഇടതുഭാഗത്ത്

ചെലപ്രംറോഡ് തുടങ്ങുന്നിടത്തു നിന്നും കാരംവള്ളി താഴം വരെ ഡ്രെയിനേജ് നിർമ്മിക്കുക.

8. ചെറുകുളം പുന്നൂർ പുഴ മലിനമാക്കുന്നത് നിയമം മൂലം തടയുക

9. ചുഴലിനിലത്തുനിന്ന് തുടങ്ങിയ ചേവട്ട് കണ്ടി താഴത്തു അവസാനിക്കുന്ന തോട് പുനസ്ഥാപിക്കുക

II

10. മുക്കം കടവിൽ ബണ്ടു നിർമ്മിച്ചാൽ ഉപ്പുവെള്ളം കയറുന്നതുതടയാം
11. ചാത്തൻകുളം ആഴംകുട്ടി പമ്പ്സെറ്റ് സ്ഥാപിച്ചാൽ ഏകദേശം 50 ഏക്കറോളം സ്ഥലത്ത് കൃഷി പരിപോഷിപ്പിക്കാവുന്നതാണ്.
12. തെക്കെ കാനാട്ടുപറമ്പത്തുതാഴം (പറയൻമുക്ക്) പ്രകൃതി ദത്ത നീർച്ചാലിൽ നിന്ന് വെള്ളം സംഭരിച്ച് കാനാട്ടുപറമ്പത്തു കുന്നിൽ ടാങ്കുകെട്ടിയാൽ കരകൃഷിക്ക് ഏറെ പ്രയോജനപ്പെടുന്നതാണ്. ഇതിന്റെ പ്രയോജനം കൈപ്രത്തുകണ്ടിതാഴം വരെ ലഭിക്കും.
13. പുളിയക്കോട്ട് പൂളക്കൽ താഴം ഭാഗത്ത് കിണർ കുഴിച്ച് പമ്പ്സെറ്റ് സ്ഥാപിക്കുക

III

14. ചെലപ്രം പണ്ടാരച്ചാലിൽ ഇപ്പോഴുള്ള മൂന്നു ചീർപ്പുകളും അറ്റകുറ്റപണികൾ ചെയ്യുക
15. കുറ്റ്യാടി ഇറിഗേഷൻ പദ്ധതി കനാലുകൾ വഴി ചെറുകുളം വരെ വെള്ളമെത്തിക്കുക.
16. ഞാറക്കൽ താഴം അവസാനിച്ചതോടിന്റെ പണി പൂർത്തിയാക്കുക
17. ചെലപ്രത്തുകൂടി വരുന്നതോട് ചാലിക്കാതാഴം വയലിലേക്കു തിരിച്ചു വിട്ട് കൃഷിക്കു പ്രയോജനപ്പെടുത്തുക
18. പൂളക്കൽതാഴം, പുലാശ്ശേരിതാഴം എന്നിവിടങ്ങളിൽ കുളം കുഴിച്ച് നെൽകൃഷി ജലസേചനത്തിനുപയുക്തമാക്കാവുന്നതാണ്.
19. പാലാട്ടുപറമ്പത്തുതാഴം നിലവിലുള്ള പഞ്ചായത്തു കുളം ആഴവും വിസ്തീർണ്ണവും കൂട്ടുക
20. പറപ്പള്ളിത്താഴം മുതൽ തുടങ്ങി ചെറുകുളം പുഴയിൽ എത്തുന്ന ഏതാണ്ട് ഒരു കിലോമീറ്റർ ദൂരമുള്ള തോട് രണ്ടുഭാഗം കെട്ടി സംരംക്ഷിക്കുകവഴി പറക്കുളം ഭാഗത്തെ മഴക്കാലത്തെ വെള്ളക്കെട്ടു പരിഹരിക്കാവുന്നതാണ്.
21. തിരുത്തിക്കുന്നത്തു താഴം മുതൽ മൂഴിക്കൽതാഴം വരെ എത്തുന്നതോടിന്റെ ഇരുഭാഗവും കെട്ടി സംരക്ഷിക്കുക.
22. ആലങ്ങാട്ടു താഴത്തുനിന്നും തുടങ്ങി കമ്മിളിതാഴത്ത് എത്തുന്ന തോട് വീതികൂട്ടി ഇരുവശവും കെട്ടി സംരക്ഷിക്കേണ്ടതാണ്.
23. പുരങ്ങോട്ടുകുന്നിൽ ടാങ്കുകെട്ടി ചെലപ്രം ചീപ്പിനടുത്ത് ഉള്ള തോട്ടിൽ നിന്ന് വെള്ളം അടിച്ച് 40 ഏക്ര സ്ഥലം കൃഷിക്ക് ഉപയോഗിക്കാം.
24. നെൽകൃഷിഭൂമി മറ്റ് ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതു തടയുക
25. തരിശായികിടക്കുന്ന കൃഷിഭൂമികൾ, പഞ്ചായത്തിലെ പുറമ്പോക്കു ഭൂമികൾ കൃഷിക്കുപയുക്തമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
26. പാടശേഖരങ്ങളിൽ നീർവാർച്ച സൗകര്യം ഏർപ്പെടുത്തുക

കുമാരസാമിയിൽനിന്നും വന്ന് കക്കോടി പഞ്ചായത്തിന്റെ 4ാം വാർഡിലൂടെ ഒഴുകുന്ന തോട് കെട്ടി സംരക്ഷിക്കുക.

V

27. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ കൂടിപോകുന്ന കനാൽ യഥാസമയം അറ്റകുറ്റപണികൾ ചെയ്ത് ജലസേചനത്തിനുപയുക്തമാക്കുക.
28. കമലക്കുന്നു, കയ്യൂന്നിമല, ചിരട്ടാട്ടമല എന്നിവിടങ്ങളിൽ ജലസേചനത്തിനായി കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി നടപ്പാക്കുക
29. ചിരട്ടാട്ട് മലയിലെ കിണർ ഉപയോഗ യോഗ്യമാക്കുക.

VI

30. കക്കോടി ഇല്ലത്തുമുക്കിൽ പൊതുകുളം നിർമ്മിക്കുക
31. കാർഷിക ആവശ്യത്തിന് വൈദ്യുതി എളുപ്പത്തിൽ ലഭ്യമാക്കുക
32. ഉയർന്നപ്രദേശങ്ങളായ തടത്തിൽ ലക്ഷംവീടു ഭാഗം നെച്ചൂളമീത്തൽ, മുപ്പറ്റമ്മൽ ലക്ഷംവീട് നാലുസെന്റ് കോളനി ഭാഗം, പാണ്ട്യാടത്തുമീത്തൽ, പുത്തലത്തു പറമ്പത്തു മീത്തൽ, കണ്ണാടിച്ചാൽ, പുവ്വണത്തുമീത്തൽ, ചാത്തൻപറമ്പത്തു മീത്തൽ, പണിക്കോട്ടുമീത്തൽ, എടോളിമീത്തൽ, ചാമപറമ്പത്തു മീത്തൽ എന്നിവിടങ്ങളിൽ പ്രയോജനപ്രദമായ രീതിയിൽ കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.
33. നിലവിലുള്ള കുളങ്ങൾ പരിഷ്ക്കരിക്കുക, പൊതുകിണറുകൾ, കുളങ്ങൾ പലഭാഗത്തും നിർമ്മിക്കുക

VII

34. പാലാട്ടുതാഴത്തും ആണിക്കോട്ടുതാഴത്തും രണ്ടു ലിഫ്ട് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുക

VIII

35. കനാൽ താഴ്ന്നതുകാരണം കൃഷിനടത്തിക്കൊണ്ടിരിക്കുന്നതു പോലും സുഗമമായി നടത്താൻ കഴിയുന്നില്ല. ആവശ്യാനുസരണം കനാൽ പുനർനിർമ്മാണം നടത്തുക
36. കട്ടയാട്ടുതാഴം മുതൽ പൊട്ടമുറിവരെ നീർച്ചാൽ നിർമ്മിക്കുക
37. കോളശ്ശേരി താഴം മുതൽ പൂവ്വത്തൂർ താഴം വരെ തോട് ഇരുവശവും കെട്ടിസംരക്ഷിക്കുക

IX

38. വട്ടാംകുളം തോട്, കിരാലൂർ തോട് ആഴംകൂട്ടുക, കാവുപാറഭാഗത്ത് കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി നട

പ്പിലാക്കുക

X

39. കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കുക.
40. വെള്ളം കെട്ടിനില്ക്കുന്ന പ്രദേശങ്ങളിൽ ജലനിർഗ്ഗമന സൗകര്യം വർദ്ധിപ്പിക്കുക

XI

41. ചിറ്റടി, വേങ്ങേരിക്കടവ് എന്നിവിടങ്ങളിൽ തടയണ കെട്ടി കനാലിലേക്ക് വെള്ളം കയറ്റുക
42. ഉയർന്ന പ്രദേശങ്ങളിൽ മണ്ണുസംരക്ഷണ പ്രവർത്തനം നടത്തുക.
43. റോഡുകളും തോടുകളും സംരക്ഷിക്കുക
44. മോരീക്കരചെറുകാട് പയ്യപ്പള്ളി താഴം വരെയുള്ള തോടിന്റെ ഇരുവശവും കെട്ടിഓവുചാൽ നിർമ്മിച്ച് സംരക്ഷിക്കുക
45. മാറോളികുന്നിൽ ടാങ്കുകെട്ടി ജലസേചനത്തിനുപയോഗിക്കുക
46. കല്ല്കടവ് ഭാഗത്ത് തടയണകെട്ടുക
47. കോയോളിതോട്ടിൽ ചീർപ്പുഇടുക
48. ഇളവന മീത്തൽ, ഒറ്റത്തെങ്ങ്ഭാഗത്തുള്ള കുന്നിൽ ടാങ്കുകെട്ടി ജലസേചനത്തിനുപയോഗിക്കുക
49. പ്രകൃതിദത്തജലസ്രോതസ്സുകൾ സംരക്ഷിക്കുക
50. കൊയോളിക്കടവിൽ കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക
51. ചെറുകുളം ഫീൽഡ് ബോത്തിയിൽ കവുത്തിമഠത്തിൽ താഴത്ത് ഷട്ടറിനോടനുബന്ധിച്ച് കൈത്തോട് നിർമ്മിച്ച് ജലം എത്തിക്കുക.

**പൊതുനിർദ്ദേശങ്ങൾ**

1. പ്രകൃതി ക്ഷോഭം മൂലം കൃഷിനശിച്ചവർക്ക് അടിയന്തിര സഹായം എത്തിക്കുക
2. ചിറ്റം വീട്ടിൽ താഴം മുതൽ, പറമ്പിൽകടവ് വരെ പുന്നൂർ പുഴയുടെ തീരപ്രദേശങ്ങളുടെ മണ്ണുസംരക്ഷണത്തിനായി കരിങ്കൽ ഭിത്തികെട്ടുക.
3. വയൽ വരമ്പുകളിൽ പച്ചില ചെടികൾ വെച്ചു പിടിപ്പിക്കുക

**സാദ്ധ്യതകൾ**

1. മണ്ണിന്റെ ഗുണനിലവാരം സംരക്ഷിക്കുക, കീടരോഗ നിയന്ത്രണം, കൂട്ടുകൃഷി, ഭൂമിതരിശിടലിൽനിന്നും കർഷകരെ പിന്തിരിപ്പിക്കുക, തുടങ്ങി ശാസ്ത്രീയ കൃഷിരീതികൾ അവലംഭിക്കുന്നതിന് കാലാകാലങ്ങളിൽ ബോധവൽക്കരിക്കുന്നതിനും സെമിനാറുകൾ ചർച്ചക്ലാസ്സുകൾ തുടങ്ങിയവ നടത്തുക.
2. പഞ്ചാത്തിലെ ഉയർന്ന കുന്നിൽ ചരിവു പ്രദേശങ്ങളിൽ മണ്ണൊലിപ്പു ഗണ്യമാണ്. ഈ പ്രദേശങ്ങളിൽ മണ്ണു സംരക്ഷണ പ്രവർത്തനം നടത്തുന്നതിനും പാഴായി പോകുന്ന മഴവെള്ളം പ്രയോജനപ്പെടുത്തുവാനും പ്രദേശങ്ങളെ നീർമറി അടിസ്ഥാനത്തിൽ വിഭജിച്ച് പദ്ധതി രൂപീകരിക്കാവുന്നതാണ്. കൃഷിക്കാരുടെ സമഗ്രരീതിയിലുള്ള വരുമാനവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കാവുന്നതാണ്.
3. ഉയർന്ന പ്രദേശങ്ങൾ ജലസേചനദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ ഈ പ്രദേശങ്ങളിൽ കൂട്ടായ ജലസേചന പദ്ധതി നടപ്പിലാക്കാവുന്നതാണ്.
4. നെൽപ്പാടങ്ങൾ വീടുവെക്കുക തുടങ്ങി കാർഷികേതര ആവശ്യങ്ങൾക്കു വിനിയോഗിക്കുന്ന പ്രവണത കൂടിക്കൊണ്ടിരിക്കുന്ന സാമാന്യം നല്ല നെൽകൃഷിപ്പാടങ്ങൾ പ്രത്യേകം ചാർട്ടുചെയ്ത ഗ്രാമപഞ്ചായത്തിൽ പ്രസിദ്ധംചെയ്യുക. പ്രസ്തുത സ്ഥലത്ത് വീട് വെക്കുന്നതിന് അനുമതി നല്കാതിരിക്കുക.
5. കീടരോഗബാധയെ സമയാസമയങ്ങളിൽ നിയന്ത്രിക്കുന്നതിന് മരുന്നുതളിക്കുന്നതിനും യുവാക്കൾക്ക് പരിശീലനം നൽകിസജ്ജരാക്കുക.
6. കാർഷിക വിളഉല്പാദനത്തിൽ ജൈവവളത്തിന്റെ പങ്കു മുഖ്യമാണ്. ചുരുങ്ങിയ ചിലവിൽ കർഷകന്റെ കൃഷിയിടത്തിൽ തന്നെ പാഴ് വസ്തുക്കൾ ശേഖരിച്ച് കമ്പോസ്റ്റ് നിർമ്മിക്കാവുന്നതാണ്. ഇതിന് നിലവിലുള്ളതിനേക്കാൾ ആകർഷകമായ പദ്ധതി രൂപീകരിക്കാവുന്നതാണ്.
7. മണ്ണിര കമ്പോസ്റ്റ് ജൈവവള നിർമ്മാണത്തിൽ കർഷകന് വലിയ ഒരനുഗ്രഹമാണ്.
8. പാഴായിപോകുന്ന ചകിരിച്ചോറ് ചിലവു കുറഞ്ഞതോതിൽ സംസ്കരിച്ച് മേന്മയേറിയ ജൈവവളമായി മാറ്റാവുന്നതാണ്. ഇതിന് സാദ്ധ്യത വളരെ കൂടുതലാണ്.
9. വർദ്ധിച്ച കൂലിനിരക്ക് കർഷകരെ കൃഷിയിൽ നിന്നും പിന്തിരിപ്പിക്കുന്നു. യന്ത്രവൽക്കരണം ഇതിന് ഒരു പരിധിവരെ ആശ്വാസമേകുന്നു. ഇതിനായി പഞ്ചായത്തു തലത്തിൽ കർഷകരുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവയുടെ ആഭിമുഖ്യത്തിൽ അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുക. ട്രാക്ടറുകൾ, പവ്വർടില്ലറുകൾ, വിനോവർ, മെതിയെന്ത്രങ്ങൾ, പമ്പു സെറ്റുകൾ എന്നീ കാർഷിക ഉപകരണങ്ങൾ കർഷകന് നാമമാത്രമായ വാടകക്ക് ലഭ്യമാക്കുക.
10. കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വിലലഭിക്കുന്നതിനും ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനും, വിപണന കേന്ദ്രങ്ങൾ അനിവാര്യമാണ്. (ഈ രംഗത്ത് കർഷകരുടേതായി സഹകരണാടിസ്ഥാനത്തിൽ സംഘങ്ങൾ രൂപീകരിച്ചാൽ ഉല്പന്നശേഖരണം, വിപണനം സംസ്ക്കരണം എന്നിവ നടത്താം.)
11. കർഷകർക്ക് ലളിതവ്യവസ്ഥയിലും ചുരുങ്ങിയ പലിശനിരക്കിലും വായ്പ ലഭ്യമാക്കുന്നതിന് കർഷകരുടെ സഹകരണസംഘരൂപീകരണം സാദ്ധ്യത നൽകുന്നു.
12. നമ്മുടെ പഞ്ചാത്തിൽ ഔഷധകൃഷി, പൂകൃഷി, കൂൺകൃഷി, മൾബറികൃഷി എന്നിവക്ക് വളരെയേറെ സാദ്ധ്യതകളുണ്ട്. പട്ടുനൂൽ പുഴുവളർത്തലും കൊക്കൂൺ ശേഖരണവും ധാരാളം ജോലിസാദ്ധ്യത യുണ്ടാക്കുന്നു.

13. ചരിവുപ്രദേശങ്ങളിൽ പൈനാപ്പിൾ കൃഷി പ്രോത്സാഹിപ്പിക്കുകവഴി പൈനാപ്പിൾ സംസ്ക്കരിച്ച് ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാനും സാധിക്കും.
14. കശുമാവ് കൃഷി വ്യാപിപ്പിക്കുക വഴി നാണ്യശേഖര വർദ്ധനവുണ്ടാകുകയും പാഴായിപോകുന്ന കശുമാങ്ങ സംസ്കരിച്ച് പാനീയം ഉൽപ്പാദിപ്പിക്കാവുന്നതാണ്.
15. ദൈനംദിന ജീവിത ആഹാരക്രമത്തിൽ വളരെയേറെ പ്രാമുഖ്യമുള്ള ഒന്നാണ് പച്ചക്കറി. പച്ചക്കറി ഉല്പാദനത്തിന് നമ്മുടെ പഞ്ചായത്തിൽ വളരെയേറെ സാദ്ധ്യതകളുണ്ട്.

a) വേനൽകാലങ്ങളിൽ വയലേലകളിൽ കൂട്ടമായും ഒറ്റയ്ക്കൊറ്റക്കും പച്ചക്കറി കൃഷിചെയ്യാവുന്നതാണ്.

b) മഴക്കാലങ്ങളിൽ തരിശായികിടക്കുന്ന പറമ്പുകളിലും തെങ്ങിൻതോട്ടങ്ങളിൽ ഇടവിളയായും മഴയെ മാത്രം ആശ്രയിച്ച് പച്ചക്കറി കൃഷിചെയ്യാവുന്നതാണ്. ഈ രീതിയിൽ ഇളവൻ, മത്തൻ, കക്കിരി, കുരുത്തോലപയർ എന്നിവ കൃഷിചെയ്യാവുന്നതാണ്.

C) വീട്ടുവളവിൽ അടുക്കളയോടുചേർന്നുകൊണ്ട് വീട്ടമ്മമാരുടെ നേതൃത്വത്തിൽ അടുക്കളത്തോട്ട നിർമ്മാണം പ്രോത്സാഹിപ്പിക്കാവുന്നതാണ്.

മേൽപറഞ്ഞവക്കായി പച്ചക്കറിവിത്തുകൾ, വാഴവിത്തുകൾ, മുരിങ്ങ, പപ്പായ എന്നിവയുടെ നടീൽ വസ്തുക്കളും, വളം തുടങ്ങിയവയുടെ കിറ്റുകളും സൗജന്യമായി നല്കേണ്ടതാണ്.

ക്രമാതീതമായ രാസീയ കീടനാശിനി പ്രയോഗം നിമിത്തം വിഷലിപ്തമാവാൻ സാദ്ധ്യതയുള്ള പച്ചക്കറി ആഹാരത്തിൽ ഉൾപ്പെടുന്ന പക്ഷം മാരകമായ രോഗങ്ങൾക്കടിമപ്പെടുന്നു. ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന് പച്ചക്കറികൃഷി ജനകീയമാക്കുന്നതിന് പദ്ധതികൾ അനിവാര്യമാണ്.

16. ആധുനിക കൃഷിരീതിയിൽ ജീവാണു വളപ്രയോഗം വളരെയേറെ പ്രാധാന്യമർഹിക്കുന്നു.
17. വാഴകൃഷി വിപുലപ്പെടുത്തുന്നതിന് പള്ള്യാൽ പോലുള്ള സ്ഥലങ്ങളിൽ ഒറ്റക്കൊറ്റക്കും കൂട്ടായും കർഷകരെ പ്രോത്സാഹിപ്പിക്കുക. കരപ്രദേശത്ത് ഇടവിളയായും വാഴ കൃഷിചെയ്യാവുന്നതാണ്. കുംഭമാസത്തിൽ പറമ്പുകളിൽ വാഴനട്ടാൽ കാര്യമായ പരിചരണമില്ലാതെ പിന്നീട് മഴയെ മത്രം ആശ്രയിച്ച് കൃഷി ചെയ്യാവുന്നതാണ്. ആകർഷമായ പദ്ധതികൾക്ക് സാദ്ധ്യതയുണ്ട്.
18. നെൽകൃഷി, തെങ്ങുകൃഷി, കുരുമുളക് കൃഷി എന്നിവക്ക് നിലവിലുള്ള ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം ഊർജ്ജിതപ്പെടുത്തുക
19. തെങ്ങുകയറ്റ തൊളിലാളികളുടെ അഭാവം രൂക്ഷമായതിനാൽ (പുതിയതലമുറ ഈ തൊഴിൽ സ്വീകരിക്കുന്നില്ല) യുവാക്കളെ തെങ്ങുകയറ്റം പരിശീലിപ്പിക്കുവാൻ ആകർഷകങ്ങളായ പദ്ധതികൾ അനിവാര്യമാണ്.
20. കർഷകന് രോഗകീടബാധമൂലം ഉണ്ടാകുന്ന വിളനഷ്ടത്തിന് ഇൻഷൂറൻസ് പദ്ധതി ഏർപ്പെടുത്തേണ്ടതാണ് (കൂമ്പുചീയൽ പോലുള്ള രോഗം വ്യാപകമാണ്)
21. കാർഷിക രംഗത്ത് പുതിയ സംസ്കാരം വാർത്തെടുക്കുന്നതിന് സ്ക്കൂളുകളിൽ പ്രൈമറി തലംതൊട്ട് കൃഷി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക (പരിശീലനം നല്കുന്നതിന് കൃഷിഭവനിലെ ഉദ്യോഗസ്ഥരുടെ സേവനം ഉപോയഗിക്കാവുന്നതാണ്.)
22. കക്കോടി ബസാറിനെ കേന്ദ്രീകരിച്ച് ആഴ്ച ചന്തകൾ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കാവുന്നതാണ്.
23. പഞ്ചായത്തിലെ സമഗ്രമായ കാർഷിക വികസനം ലക്ഷ്യമാക്കി വിളപരിവർത്തനം, ഇടവിള സമ്പ്രദായം, വിവിധ തട്ടുകളിലായുള്ള കൃഷിരീതി എന്നിവ അവലംഭിക്കാവുന്നതാണ്.

ഇതലേക്കായി പറമ്പുകളിൽ മുമ്പുകാലങ്ങളിൽ കൃഷി ചെയ്തിരുന്നവയും എന്നാൽ ഇന്ന് വാലറ്റുകൊണ്ടിരിക്കുന്നതുമായ ചേന, ചേമ്പു, കാച്ചിൽ, ചെറുകിഴങ്ങ്, നനക്കിഴങ്ങ്, ഇഞ്ചി, മഞ്ഞൾ, എന്നിവ വ്യാപിക്കുന്നതിന് പദ്ധതികൾക്ക് സാദ്ധ്യതയുണ്ട്.

24. കൃഷിയിടങ്ങളിലെ വലുപ്പചെറുപ്പ സ്വഭാവമനുസരിച്ച് ചുരുങ്ങിയതു 10 സെന്റ് സ്ഥലമുള്ള കർഷകർക്കും ജലസേചനത്തിനായി കിണർ പമ്പുസെറ്റ് എന്നിവക്ക് സഹായധനം നല്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. ഇതുവഴി കടുംകൃഷി പ്രോത്സാഹിപ്പിക്കാവുന്നതാണ്.
25. കാലിവളർത്തൽ, കോഴിവളർത്തൽ, താറാവുവളർത്തൽ, ആടുവളർത്തൽ, പന്നിവളർത്തൽ തുടങ്ങി മൃഗപരിപാലനവും മത്സ്യകൃഷിയും സമന്വയിപ്പിക്കുമ്പോൾ കർഷകന്റെ സമഗ്രമായ വരുമാന വർദ്ധനവുണ്ടാകുന്നു. ഇവ പരസ്പര പൂരകമാണ്.
26. പുഴതീരങ്ങളിലും ചതുപ്പുസ്ഥലങ്ങളിലും കണുന്ന കൂവ സംസ്കരിച്ച് കൂവപ്പൊടി വില്പന നടത്താവുന്നതാണ്.

അന്നം തരുന്ന മണ്ണിനെ അടിസ്ഥാനമാക്കി കാർഷിക തന്ത്രങ്ങൾ മെനഞ്ഞു ഉൽപാദനം വർദ്ധിപ്പിക്കേണ്ടത് ഇതിന്റെ നിലനിൽപിന്റെ ആവശ്യമാണ്.

# മൃഗസംരക്ഷണം

കൃഷിയുടെ അനുബന്ധ മേഖലയാണ് കന്നുകാലിവളർത്തൽ. പ്രാചീന കർഷകർ കൃഷിയോടൊപ്പം തന്നെ ഉപതൊഴിലായ് മൃഗസംരക്ഷണവും നടത്തിയിരുന്നു. മുൻകാലങ്ങളിൽ മകരക്കൊയ്ത്ത് കഴിഞ്ഞാൽ പാടങ്ങളിൽ കന്നുകാലികളെ സ്വതന്ത്രമായി മേയുവാൻ വിടുന്ന പതിവുണ്ടായിരുന്നു. കാലികൾ മേഞ്ഞുനടക്കുന്ന സ്ഥലങ്ങളിലും വിശ്രമിക്കുന്നിടങ്ങളിലും മലമൂത്രവിസർജനം നടത്തുന്നതുമൂലം പാടങ്ങളിൽ കുറെയൊക്കെ ജൈവവളസമ്പത്ത് വർദ്ധിക്കുകയും തദ്വാരാ വിളകൾക്ക് അത് സഹായകമാവുകയും ചെയ്തിരുന്നു.

ആ കാലത്ത് കർഷകർ അവരുടെ വിശാലാമായ പാടശേഖരത്തിന്റെ ഏതെങ്കിലും ഭാഗത്ത് കിണർ കുഴിച്ച് അതിനടുത്തു കൊട്ടത്തളങ്ങൾ കെട്ടി മേഞ്ഞുനടക്കുന്ന കാലികൾക്ക് കുടിക്കുവാൻ ആവശ്യമായ വെള്ളം സംഭരിച്ചു നൽകിയിരുന്നു. ഇതും വിളവുല്പാദനം കൂട്ടുന്നതിന് മുതൽക്കൂട്ടായിരുന്നു. നെൽപ്പാടങ്ങളുടെ വിസ്തൃതി അനുദിനം കുറഞ്ഞതോടെ കാലികളെ മേയുവാൻ വിടുന്ന സമ്പ്രദായം നമ്മുടെ വയലേലകളിൽ ഇല്ലാതായി.

പശു, ആട്, ഉഴവുകാളകൾ എന്നിവയായിരുന്നു കക്കോടി പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. എന്നിരുന്നാലും എരുമകളേയും, വിത്തുകാളകളേയും അപൂർവ്വമായി വളർത്തിയിരുന്നു.

പഞ്ചായത്തിലെ പ്രധാന വളർത്തു പക്ഷി കോഴിയാണ്. മുൻകാലങ്ങളിൽ പഞ്ചായത്തിലെ മിക്കവാറും വീടുകളിൽ കന്നുകാലികളെയും, കോഴികളെയും വളർത്തിയിരുന്നുവെന്ന് താഴെ പറയുന്ന പട്ടിക സൂചന നൽകുന്നു.

| വളർത്തു മൃഗങ്ങളും പക്ഷികളും | |
|---|---|
| പശു | 2951 |
| കന്നുകുട്ടികൾ | 739 |
| എരുമ | 42 |
| ഉഴവുകാളകൾ | 64 |
| വിത്തുകാളകൾ | 11 |
| ആട് | 680 |
| കോഴികൾ | 12892 |
| താറാവ് | 264 |

1991 ലെ മൃഗസംരക്ഷണ വകുപ്പിലെ സെൻസസ് പ്രകാരമുള്ള കണക്കാണ് മുകളിൽ സൂചിപ്പിച്ചത്.

ഇന്നത്തെ സാഹചര്യത്തിൽ ക്ഷീരവിപണനത്തിന് വേണ്ടത്ര സംവിധാനമില്ലാത്തത്കൊണ്ടും, വൈക്കോൽ കാലിതീറ്റ മുതലായവയുടെ അമിതമായ വിലവർദ്ധനയും, ശാസ്ത്രീയമായ മൃഗപരിപാലനത്തിലുള്ള അറിവില്ലായ്മയും കാലിവളർത്തലിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ക്ഷീര വിപണനത്തിന് നമ്മുടെ പഞ്ചായത്തിൽ ഒരു സഹകരണമേഖലയിലുള്ള സംഘം (മിൽമ) പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന്റെ പ്രയോജനം പഞ്ചായത്തിന്റെ ഇതരഭാഗങ്ങളിൽ ലഭിക്കുന്നില്ല. ആയതിനാൽ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും സ്വകാര്യ ഏജൻസികൾ പാൽസംഭരിച്ച് പിപണനം നടത്തുന്നുണ്ട്.

ഏതാണ് 35 വർഷങ്ങൾക്ക് മുമ്പ് കക്കോടിയിൽ ഒരു മിൽക്ക് സൊസൈറ്റി പ്രവർത്തിച്ചിരുന്നു. കക്കോടിയിലെ വിവിധ ഭാഗങ്ങളിൽനിന്നും ഈ കേന്ദ്രത്തിലേക്ക് പാൽസംഭരിച്ച് വിപണനം നടത്തിയിരുന്നു. എന്നാൽ പിൽക്കാലത്ത് ഇതിന്റെ പ്രവർത്തനം പാടെ നിലച്ചു. ഇപ്പോൾ 12-ാം വാർഡിലെ ഒറ്റതെങ്ങിൽ ആരംഭിച്ച ആനന്ദമാതൃകയിലുള്ള ക്ഷീരോൽപാദക സഹകരണസംഘത്തിന്റെ സേ

വനം കക്കോടിയിലെ പ്രധാന പാൽ ഉൽപാദക കേന്ദ്രങ്ങളിൽ ലഭിക്കുന്നില്ല. പഞ്ചായത്തിൽ 30 വർഷം മുമ്പതന്നെ ഒരു ബീജധാന സബ്സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. അതിന്റെ ഫലമായി ഇത് ഇന്ന് പഞ്ചായത്തിൽ 90% സങ്കരയിനം പശുക്കളാണുള്ളത്. പണ്ടത്തേതിൽ നിന്നും വ്യത്യസ്തമായി മൃഗഡോക്ടറുടെ സേവനം കന്നുകാലിവളർത്തലിന്ന് ഇന്ന് പ്രയോജനപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിൽ പുതുതായ് സ്ഥാപിതമായ മൃഗാശുപത്രി 12--ാം വാർഡിലാണ് പ്രവർത്തിക്കുന്നത്. കക്കോടി പഞ്ചായത്തിന്റെ കീഴക്കൻ മേഖലകളായ 6,7,8,9.10 വാർഡുകളിൽ ഇതിന്റെ പ്രയോജനം തീരെ ലഭിക്കുന്നില്ല.

95-96 ലെ കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗങ്ങൾ | ആകെ | കൃത്രിമ ബീജസങ്കലനംനടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം നടത്തിയവ |
|---|---|---|---|
| പശു | 2951 | 1683 | 13 |
| കിടാരി | 739 | 192 | 4 |

ആധുനിക യന്ത്രവൽക്കരണം വന്നതും നെൽപാടങ്ങൾകുറഞ്ഞതും, കൃഷിയിലുള്ളതാൽപര്യം സമൂഹത്തിൽ കുറഞ്ഞതും നിമിത്തം വളർത്തുമൃഗങ്ങളുടെ എണ്ണവും ഗണ്യമായി കുറയുവാൻ തുടങ്ങി. യന്ത്രവൽകൃതവാഹനങ്ങളുടെ ക്രമാതീതമായ വർദ്ധന നിമിത്തം വണ്ടികളും, വണ്ടിക്കാളകളും നാമാവശേഷമായിരിക്കുകയാണ്.

ശാസ്ത്രീയ മൃഗപരിപാലനത്തിനുള്ള അജ്ഞതയും, ശുചിത്വകുറവും നിമിത്തം വളർത്തുമൃഗങ്ങളിൽ കണ്ടുവരുന്ന രോഗങ്ങൾ ഈ രംഗത്തെ പ്രധാന ഭീഷണിയാണ്. കൂടുതലായ് കണ്ടുവരുന്ന രോഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികയിൽ സൂചിപ്പിക്കുന്നു.

| രോഗങ്ങൾ | പശു | ആട് | കോഴി |
|---|---|---|---|
| ദഹനസംബന്ധമായവ | 467 | 204 | 31 |
| ശ്വാസകോശസംബന്ധം | 238 | 42 | 64 |
| ഉപാപചയ സംബന്ധം | 10 | - | - |
| ത്വക് രോഗങ്ങൾ | 220 | 12 | 6 |
| ധാതുലവണങ്ങളുടെ അഭാവം | 97 | 45 | 3 |
| പരാദ രോഗങ്ങൾ | 760 | 84 | 3 |
| പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ; | 296 | 15 | - |
| അകിടുവീക്കം | 58 | 9 | - |
| മുടന്തൻ പനി | 13 | - | - |
| പകർച്ചവ്യാധികൾ | 97 | 31 | - |

കക്കോടി പഞ്ചായത്തിൽ 14 ഗോബർ ഗ്യാസ് പ്ലാന്റുകൾ നിലവിലുണ്ട്. ഒരു വീട്ടിലേക്ക് പാചകത്തിനും വെളിച്ചത്തിനും വേണ്ടിവരുന്ന ഇന്ധനത്തിന്റെ വലിയൊരു ഭാഗം ഗോബർഗ്യാസുകൊണ്ടു നികത്തുവാൻ കഴിയുമെന്നുള്ള അറിവില്ലായ്മകൊണ്ടാണ് ഗോബർഗ്യാസ് പ്ലാന്റുകൾ വ്യാപിക്കാതിരിക്കുന്നത്.

പഞ്ചായത്തിലെ മിക്കവീടുകളിലും ചുരുങ്ങിയ തോതിൽ കോഴികളെ വളർത്തുന്നുണ്ടെങ്കിലും നമ്മുടെ ആവശ്യത്തിനുള്ള കോഴിമുട്ടയും, ഇറച്ചിക്കോഴികളും ഇറക്കുമതി ചെയ്യുകയാണ്. 11--ാം വാർഡിൽ ചെറിയ തോതിൽ ഒരു ഇറച്ചിക്കോഴിവളർത്തുകേന്ദ്രം ഉണ്ട്. പഞ്ചായത്തിൽപത്തോളം ഇറച്ചിക്കോഴി വിൽപന കേന്ദ്രങ്ങളിലേക്ക് അന്യസംസ്ഥാനങ്ങളിൽനിന്ന് ഇറച്ചിക്കോഴികളെ ഇറക്കുമതി ചെയ്യുകയാണ്. ഒന്നും, രണ്ടും ആടുകളെ പലവീടുകളിലും വളർത്തുന്നുണ്ടെങ്കിലും നമുക്കാവശ്യമായ ആട്ടിറച്ചിയുടെ 10 ശതമാനംപോലും ഇതുകൊണ്ട് നിർവ്വഹിക്കപ്പെടുന്നില്ല. ആട് വളർത്തൽ വളരെ ലാഭകരമായ ഒരു തൊഴിലായതിനാൽ വ്യാപകമായി ആട് വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കൂടാതെ മുയൽവളർത്തലിനും, പന്നിവളർത്തലിനും, തേനീച്ച വളർത്തലിനും, വ്യാപകമായി പ്രചരണം നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

**പ്രധാന പ്രശ്നങ്ങൾ:**

1. നെൽകൃഷികുറഞ്ഞതോടെ വൈക്കോൽ വേണ്ടത്ര കിട്ടുന്നില്ല. അഥവാ കിട്ടുന്നതിന് ക്രമാതീതമായ വിലവർദ്ധനവ്
2. കാലിത്തീറ്റയുടെ ക്രമാതീതമായ വിലവർദ്ധനവ്
3. ക്ഷീരവിപണനത്തിനുള്ള സൗകര്യങ്ങളും പാലിന്റെ വിലകുറവും.
4. പഞ്ചായത്തിന്റെ പല ഭാഗത്തും മൃഗാശുപത്രിയുടെ സൗകര്യങ്ങൾ കിട്ടായ്മ.
5. കോഴിതീറ്റയുടെ അമിതമായ വിലാകാരണം കോഴികളെ വളർത്തുവാൻ കഴിയുന്നില്ല.
6. തീറ്റപുല്ല് വളർത്തുവാൻ കർഷകർക്ക് വേണ്ടത്ര പ്രോത്സാഹനം കിട്ടുന്നില്ല.
7. കന്ന്കാലികളുടെ അമിതമായ വിലവർദ്ധനവ്
8. ഉഴവുകാളകളെ വളർത്തുന്ന കർഷകർക്ക് സഹായത്തിന് കർഷകതൊഴിലാളികളെ (നിലം ഉഴുന്നവർ) കിട്ടുന്നില്ല.

**പ്രശ്ന പരിഹാരങ്ങൾ**

1. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു കാലിതീറ്റ ഫാക്ടറി സ്ഥാപിക്കുക.
2. കാലിതീറ്റ പുൽവിത്ത് വ്യാപകമായി വിതരണം ചെയ്യുക.
3. ക്ഷീര കർഷകർ ഉൽപാദിപ്പിക്കുന്ന പാൽ അതാത് സ്ഥലങ്ങളിൽചെന്ന് സംഭരിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.
4. പാലിൽനിന്ന് മറ്റുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കുടിൽ വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ

സ്ഥാപിക്കുക.

5. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും മൃഗസംരക്ഷണ വകുപ്പിന്റെ സേവനം ലഭ്യമാക്കുക.
6. കന്ന് കാലി വളർത്തുവാനും കാലിത്തൊഴുത്ത് നിർമ്മിക്കുവാനും വ്യക്തികൾക്ക് സബ്സിഡിനിരക്കിൽ ധനസഹായം ചെയ്യുക.
7. പശു, ആട്, കോഴി, മുയൽ, പന്നി, തേനീച്ച എന്നിവ വളർത്തുവാൻ നാലോ അഞ്ചോ പേർ ചേർന്നുള്ള സംരഭങ്ങൾക്ക് ധനസഹായം നൽകുക.
8. 10 കോഴികുഞ്ഞുങ്ങൾവീതം ഓരോ കുടുംബത്തിനും നൽകുക.
9. കന്ന് കുട്ടി പരിപാലന പദ്ധതി കക്കോടി പഞ്ചായത്തിലും നടപ്പാക്കുക.
10. എല്ലാ വാർഡുകളിലും ബീജദാന ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക.
11. മുട്ട, ഇറച്ചി, എന്നിവ വിൽക്കുവാനും, സൂക്ഷിക്കുവാനും കോൾഡ് സ്റ്റോറേജ് സംവിധാനം ഏർപ്പെടുത്തുക.
12. അലഞ്ഞുനടക്കുന്ന നായ്ക്കളെ പിടികൂടി നശിപ്പിക്കുക.
13. പഞ്ചായത്തിൽ നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിക്ക് സ്ഥലം പരിമിതമായതിനാൽ സൗകര്യപ്രദമായ സ്ഥലത്ത് സ്വന്തം കെട്ടിടം നിർമ്മിച്ചുകൊടുക്കുക.

### മത്സ്യബന്ധനം

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ ഒഴുകുന്ന 16 കി.മീറ്ററോളം വരുന്ന പൂനൂർപുഴ, ചെലപ്രം അകലാപുഴ, ചെലപ്രം, ചെറുകുളം ചാലികൾ, 42 കുളങ്ങൾ ഇത്രയുമാണ്.

പഞ്ചായത്തിലെ ഉപരിതലജലസ്രോതസുകൾ. മത്സ്യബന്ധനസാദ്ധ്യതകൾ ഈ ജലസേചന സ്രോതസ്സുകളുമായി ബന്ധപ്പെട്ടുകിടക്കുന്നു. കൂടാതെ ചെമ്മീൻ കൃഷിക്ക് സാദ്ധ്യതകളുള്ള 5 ഹെക്ടർ ചതുപ്പുനിലങ്ങളുണ്ട്.

മത്സ്യബന്ധനം, മുഖ്യതൊഴിലാക്കിയ 5 കുടുംബങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ഇവരിൽ ചിലർക്കെങ്കിലും വള്ളവും വലയും സ്വന്തമായി ഉണ്ട്. ചെമ്മീൻ, മാലാൻ, കരിമീൻ, കട്ല എന്നിവയാണ് കൂടുതലായി ലഭിക്കുന്ന മീനുകൾ. വിപണനം, പ്രാദേശികമായിതന്നെ നടത്തുന്നു. ഉൾനാടൻ മത്സ്യബന്ധന സാദ്ധ്യതകൾ തീരെ ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ചെറുകുളത്ത് ചാലിക്കര ഹരിജൻ കോളനിക്കുസമീപം മത്സ്യഫെഡിന്റെ സഹായത്തോടെ ശുദ്ധജല മത്സ്യകൃഷി ഒരു സ്വകാര്യ വ്യക്തി ഈയിടെ ആരംഭിച്ചിരിക്കുന്നു. ശുദ്ധജല മത്സ്യകൃഷിചെയ്യാൻ പറ്റിയ കുളങ്ങൾ ഏറെയുണ്ടെങ്കിലും പലതും സ്വകാര്യ കുളങ്ങളും ക്ഷേത്രകുളങ്ങളും ആയത് മത്സ്യകൃഷിക്കുള്ള സാദ്ധ്യതക്ക് മങ്ങലേൽപ്പിക്കുന്നു.

5 ഹെക്ടർ വരുന്ന ചെലപ്രം ചതുപ്പുനിലങ്ങൾ ചെമ്മീൻ കൃഷിക്ക് വളരെയേറെ യോജിച്ചവയാണ്.

മത്സ്യവിപണനത്തിനുള്ള പൊതു സംവിധാനങ്ങൾ തീരെ അപര്യാപ്തമാണ്. പഞ്ചായത്തിൽ 12 കേന്ദ്രങ്ങളിൽ മത്സ്യവിപണനം നടക്കുന്നുണ്ടെങ്കിലും ഒരു സ്ഥലത്ത് (കക്കോടി) മാത്രമാണ് മത്സ്യമാർക്കറ്റുള്ളത്. നിശ്ചിത കേന്ദ്രങ്ങളിൽ വെച്ചു വില്പന നടത്തുന്നതിന് പുറമെ, ചുവടായോ, സൈക്കിളിലോ, വീടുവീടാന്തരം കൊണ്ടുനടന്നു വില്പന നടത്തുന്ന സംവിധാനവും നിലവിലുണ്ട്. പഞ്ചായത്തു പ്രദേശത്ത് മത്സ്യവിപണന രംഗത്ത് പ്രവർത്തിക്കുന്ന 72-ഓളം തൊഴിലാളികളുണ്ട്.

**പ്രശ്നങ്ങൾ: സാധ്യതകൾ**

1. കുളങ്ങളിൽ മിക്കതും സ്വകാര്യവ്യക്തികളുടേതും ക്ഷേത്രങ്ങളുടേതുമായും ബന്ധപ്പെട്ടവയാകയാൽ വ്യാപകമായ മത്സ്യകൃഷിക്കുള്ള സാദ്ധ്യതക്ക് മങ്ങലേല്പിക്കുന്നു.
2. കുളങ്ങളിൽ മത്സ്യകൃഷി നടത്തുവാൻ താല്പര്യമുള്ളവർക്ക് മത്സ്യകുഞ്ഞുങ്ങളെ ലഭിക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നു.
3. മത്സ്യവില്പന കേന്ദ്രങ്ങളിലെ മാലിന്യവും ദുർഗന്ധവും പ്രശ്നങ്ങളുണ്ടാക്കുന്നു.
4. പ്രധാന കേന്ദ്രങ്ങളിലെങ്കിലും മത്സ്യവിപണനത്തിന് മഴ കൊള്ളാത്തവിധത്തിലുള്ള സൗകര്യങ്ങളുണ്ടാക്കിയിരിക്കണം. (മത്സ്യമാർക്കറ്റ്)
5. മത്സ്യവിപണനരംഗത്തുള്ള തൊഴിലാളികൾക്ക് വാഹനവും മറ്റുപകരണങ്ങളും എളുപ്പം ലഭ്യമാക്കുന്നതിന് നടപടികളുണ്ടായിരിക്കണം.
6. മഴയുടെ ലഭ്യതക്കനുസരിച്ച് വെള്ളം കെട്ടിനില്ക്കുന്ന വയലുകളിലും മറ്റും കുറഞ്ഞ കാലയളവിൽ മത്സ്യം വളർത്താം. മത്സ്യവളർത്തലിന്റെ സാധ്യത മനസ്സിലാക്കിയാൽ ജനങ്ങൾ അതിന് തയ്യാറാകും. നീർത്തടങ്ങളുടെ എണ്ണമനുസരിച്ച് 7 സ്ഥലങ്ങളിൽ സ്ഥിരമായി നല്ലരീതിയിൽ മത്സ്യം വളർത്താം.

# വ്യവസായം

കക്കോടി പഞ്ചായത്തിൽ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ വൻകിട വ്യവസായ യൂണിറ്റുകൾ ഒന്നും തന്നെയില്ല. ചെറുകിട മേഖലയിലെ ഏതാനും സ്വകാര്യയൂണിറ്റുകളും 2 കയർ സഹകരണസംഘങ്ങൾ, 2 കൈത്തറി സഹകരണസംഘങ്ങൾ എന്നിവയുമാണ് പ്രധാനപ്പെട്ട വ്യവസായ യൂണിറ്റുകൾ. ഭൂരിപക്ഷം ജന ങ്ങളും തൊട്ടടുത്ത കോഴിക്കോട് പട്ടണവുമായി ബന്ധ പ്പെട്ടു കഴിയുന്നു. കോഴിക്കോട് പട്ടണത്തിൽ വ്യാവസാ യിക മേഖലയായി പ്രഖ്യാപിച്ചതുകൊണ്ട് ലഭിക്കുന്ന ആനുകൂല്യങ്ങൾ, വൈദ്യുതിയുടെ ലഭ്യത, മറ്റ് അടിസ്ഥാ നസൗകര്യങ്ങൾ എന്നിവ വ്യവസായ സംരംഭകരെ അടു ത്തുതന്നെയുള്ള നഗരപ്രദേശത്തേക്ക് ആകർഷിക്കുന്നു. അടിസ്ഥാനപരമായ വ്യവസായങ്ങളെക്കുറിച്ച് ആലോചി ക്കുന്നതിന് പകരം ഇടനിലക്കാരായ വ്യാപാരികളായി മാറു കയാണ് തൽപ്പരരായ സംരംഭകരിൽ പലരും.

വിവിധമേഖലകളിലായി പഞ്ചായത്ത് അതിർത്തിയിൽ ജോലി ചെയ്യുന്നവർ 2641 പേരാണ്. ഇതിൽ 1453 പേർ വ്യാവസായികമേഖലയിലാണ്. ഇതിൽ തന്നെ 700 പേർ വ്യാവസായിക സ്ഥാപനങ്ങളിലും മറ്റുള്ളവർ പരമ്പരാഗ തരീതിയിലുള്ള വ്യവസായങ്ങളിലും മറ്റു സ്വകാര്യ വ്യവ സായങ്ങളിലും ഏർപ്പെട്ടുവരുന്നു.

**ചെറുകിട വ്യവസായ യൂണിറ്റുകളേയും തൊഴിലാളികളേയും സംബന്ധിച്ച വിവരങ്ങൾ**

| യൂണിറ്റുകളുടെ സ്വഭാവം | എണ്ണം | സ്ഥാപനം | വ്യക്തിഗതം | പരമ്പരാഗതം | ആധുനികം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|---|---|---|
| കയർ | 5 | ✓ | – | ✓ | ✓ | 332 |
| കൈത്തറി | 2 | ✓ | – | ✓ | ✓ | 140 |
| കളിമൺ വ്യവസായം | – | – | ✓ | ✓ | ✓ | 150 |
| സ്വർണ്ണം, ഓട്, ഇരുമ്പ് | – | – | ✓ | ✓ | ✓ | 20 |
| റെഡിമെയ്ഡ് വസ്ത്രങ്ങൾ | – | – | ✓ | ✓ | – | 20 |
| ഭക്ഷ്യവസ്തു | – | ✓ | – | ✓ | ✓ | 20 |
| ചെങ്കല്ല്, കരിങ്കല്ല് | – | – | ✓ | ✓ | ✓ | 400 |
| കുട്ട, പായ | – | – | ✓ | ✓ | | 10 |
| ഫർണ്ണീച്ചർ | 4 | ✓ | ✓ | ✓ | ✓ | 20 |
| നാളികേരം | – | ✓ | ✓ | ✓ | – | 150 |
| എണ്ണ/വെളിച്ചെണ്ണ | 7 | ✓ | – | – | ✓ | 27 |
| വാഹനറിപ്പയർ, വെൽഡിങ്ങ് | 12 | ✓ | – | – | ✓ | 35 |
| ഹോളോബ്രിക്സ് | 2 | ✓ | | – | ✓ | 20 |
| പ്രിന്റിങ്ങ് | 4 | ✓ | ✓ | – | ✓ | 10 |
| സോപ്പ് | 4 | ✓ | | – | ✓ | 50 |
| സിലിക്കേറ്റ് | 1 | ✓ | | – | ✓ | 30 |
| ഫ്ലോർമിൽ | 4 | ✓ | | – | ✓ | 4 |
| മറ്റുള്ളവ | – | ✓ | ✓ | ✓ | ✓ | 15 |
| ആകെ തൊഴിലാളികൾ | | | | | | 1453 |

സുസ്ഥിരമായ വ്യവസായമെന്ന നിലയിൽ മുൻപന്തിയിൽ നിൽക്കുന്നത് കയർ, കൈത്തറി വ്യവസായങ്ങളാണ്. ഇവ പൊതുമേഖലയിൽ ഇല്ല, സ്വകാര്യമേഖലയിലും സഹകരണമേഖലയിലും  പ്രവർത്തിക്കുന്നു.

| ക്രമ നമ്പ | യൂണിറ്റിന്റെ പേര് | സ്വകാര്യ മേഖല | സഹ മേഖല | തൊഴിലാളികളുടെ എണ്ണം | പു | സ്ത്രീ |
|---|---|---|---|---|---|---|
| 1. | നാഷണൽ | ✓ | – | 50 | 30 | 20 |
| | കയർ ഇൻഡ | | | | | |
| | സ്ട്രീസ്, | | | | | |
| | ചെറുകുളം | | | | | |
| 2. | കൈരളി കയർ | ✓ | – | 100 | 65 | 35 |
| | ഇൻഡസ്ട്രീസ്, | | | | | |
| | ചെറുകുളം | | | | | |
| 3. | ചെറുകുളം കയർ | – | | 100 | 68 | 32 |
| | ഇൻഡസ്ട്രീസ്, | | | | | |
| | ചെറുകുളം | ✓ | | | | |
| 4. | കയർ വ്യവസായ | – | ✓ | 43 | 15 | 28 |
| | സഹകരണ | | | | | |
| | സംഘം, ചെറുകുളാ | | | | | |
| 5. | കക്കോടി കയർ | | | | | |
| | വ്യവസായ സഹകരണ | | | | | |
| | സംഘം ചെലപ്രം | | ✓ | 39 | 11 | 28 |
| 6. | കക്കോടി നെയ്ത്തു | | | | | |
| | കാരുടെ പരസ്പരസഹാ | | | | | |
| | യസഹകരണ സംഘം | – | ✓ | 25 | 28 | |
| 7. | സ്റ്റാർ വീവേഴ്സ് വർക് | | | | | |
| | ഷാപ്പ് കോ ഓപ്പറേറ്റീവ് | | | | | |
| | സൊസൈറ്റി | | ✓ | 115 | 11 | 28 |
| | | | | 472 | | |

30 ഓളം തൊഴിലാളികൾ പ്രവർത്തിക്കുന്ന നവരത്ന കെമിക്കൽസ് എന്ന സിലിക്കേറ്റ് നിർമ്മാണ യൂണിറ്റ്, 25 ഓളം തൊഴിലാളികളുള്ള പനാമാ സോപ്സ് എന്നിവയും സ്വകാര്യമേഖലയിലെ പ്രധാനപ്പെട്ട ചെറുകിടയൂണിറ്റുകളാണ്. 500 ഓളം തൊഴിലാളികൾ ജോലി ചെയ്തിരുന്ന കിഴക്കുംമുറിയിലെ മടത്തുംപാറ ക്വോറി വർഷങ്ങളായി നിശ്ചലമാണ്. പൂവത്തൂർ, ബദിരൂർ പ്രദേശങ്ങളെ കേന്ദ്രീകരിച്ച് പരമ്പരാഗത മൺപാത്രനിർമ്മാണം, കുടിൽ വ്യവസായമായി നടക്കുന്നു. കക്കോടി പഞ്ചായത്തിൽ വളരെ നല്ലനിലയിൽ പ്രവർത്തിച്ചിരുന്നത്. 30 ഓളം പേർക്ക് പ്രത്യക്ഷമായും 50 ലധികം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിച്ചിരുന്നതുമായ കക്കോടി ഖാദി നിർമ്മാണ സഹകരണ സംഘം നിശ്ചലമായിട്ട് വർഷങ്ങളായി. ഈ മേഖലയിൽ ഒറ്റപ്പെട്ട രീതിയിൽ പിടിച്ചുനിൽക്കാൻ കഴിയാതിരുന്നതായിരുന്നു കാരണം. മറ്റു തൊഴിലുകളുമായി ബന്ധപ്പെടുത്തി ഇത് പുനരുദ്ധരിക്കാൻ ശ്രമങ്ങൾ നടന്നുവരുന്നു എന്നുള്ളത് ശുഭസൂചകമാണ്. കക്കോടിയിൽ പ്രവർത്തിച്ചിരുന്ന തീപ്പെട്ടി നിർമ്മാണ യൂണിറ്റ് വർഷങ്ങളായി പ്രവർത്തനരഹിതമാണ്. ചെങ്കല്ല്, കരിങ്കല്ല്, മണൽ, മണ്ണ് എന്നിവയുടെ കയറ്റിറക്ക് മേഖലയിൽ 75ഓളം വാഹനങ്ങളും 400 ലധികം തൊഴിലാളികളും പ്രവർത്തിക്കുന്നു. വ്യാപാരമേഖലയിൽ കൊപ്രയും കശുവണ്ടിയുമാണ് പ്രധാന ഉൽപ്പന്നങ്ങളായി ശേഖരിക്കുന്നത്. 450 ലധികം ചെറുതും വലുതുമായ വിവിധ കച്ചവടസ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ 45 ലധികം കേന്ദ്രങ്ങളിൽ സ്വകാര്യവ്യക്തികൾ കൊപ്ര നിർമ്മാണംനടത്തിവരുന്നുണ്ട്. സർവ്വീസ് സഹകരണ ബാങ്ക് കൊപ്രസംഭരണവും കശുവണ്ടിസംഭരണവും നടത്തിവരുന്നുണ്ട്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് 1990 ൽ ആരംഭിച്ച കാലിക്കറ്റ് പ്രിന്റിങ്ങ് കോംപ്ലക്സ് വലിയ പ്രതീക്ഷകൾ ഉളവാക്കിയിരുന്നു. വിപുലമായ രീതിയിൽ ഏതു തരത്തിലുള്ള അച്ചടി ജോലികളും നിർവഹിക്കാൻ പ്രാപ്തമായിരുന്ന ഈ സ്ഥാപനം മാനേജ്മെന്റിന്റെ അനാസ്ഥയും കെട്ടുകാര്യസ്ഥതയും കാരണം നശിച്ചു നാമാവശേഷമായി. നിരവധി പേർ തൊഴിൽരഹിതരായി എന്നതിനുപുറമെ, കൂട്ടു സംരംഭ രംഗത്ത് ഭാവിയിൽ എന്തെങ്കിലും ചെയ്യുവാനുള്ള വ്യവസായ സംരംഭകരുടെ ആഗ്രഹത്തെത്തന്നെ ഇത് മുരടിപ്പിക്കുകയും ചെയ്തു.

**പ്രശ്നങ്ങൾ**

18.59 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 30000 ത്തിലധികം ജനസംഖ്യയുമുള്ള ഈ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിപണന സാദ്ധ്യത വളരെ കൂടുതലായിരുന്നിട്ടും പ്രസ്തുത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിൽക്കുന്ന വ്യവസായ യൂണിറ്റുകൾ വളർന്നു വരുന്നില്ലെന്ന വസ്തുത ഗൗരവപൂർവ്വം പരിശോധിക്കേണ്ടിയിരിക്കുന്നു. വ്യവസായ വളർച്ചയ്ക്കാവശ്യമായിട്ടുള്ള അനുകൂല ഘടകങ്ങൾ – ഉയർന്ന സാക്ഷരത, ഗതാഗത സൗകര്യങ്ങൾ, വാർത്താവിനിമയ സൗകര്യങ്ങൾ, ഉയർന്ന ഉപഭോഗനിലവാരം, സുഖസൗകര്യങ്ങളോടെ ജീവിക്കുവാനുള ആഗ്രഹം ഇവയെല്ലാം ഉണ്ടെങ്കിലും വേണ്ട തോതിൽ വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാതിരുന്നതിന്ന് ചൂണ്ടിക്കാണിക്കപ്പെട്ട കാരണങ്ങൾ താഴെ ചേർക്കുന്നു.

1. മുഖ്യ കാർഷികോൽപ്പന്നമായ നാളികേരം വ്യവസായ രംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.
2. സഹകരണമേഖലയിലെ കയർ വ്യവസായ നഷ്ടം.
3. വൈദ്യുതിയുടെ ദൗർലഭ്യം – അസ്ഥിരത
4. ധനസഹായം ലഭിക്കുവാനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
5. സാങ്കേതിക പരിജ്ഞാനക്കുറവ്.
6. വിപണനസാദ്ധ്യതക്കുറവ്.
7. പരമ്പരാഗത വ്യവസായമേഖലകളിലെ തൊഴിലാളികൾക്കും കൈത്തൊഴിലുകാർക്കും പരിശീലനം ലഭിക്കുവാനുള്ള സാദ്ധ്യതക്കുറവ്.

8. വ്യവസായമേഖലയുമായുള്ള സമ്പർക്കക്കുറവ്.
9. സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ സാദ്ധ്യതയില്ലായ്മ.
10. വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽക്കരണക്കുറവ്.
11. ഒരു സംരംഭകന്ന് അത്യാവശ്യമായി വേണ്ടുന്ന അന്ത:പ്രേരണ കുറവ്.

പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്നത് നാളികേരമാണെങ്കിലും അവ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെ എണ്ണം താരതമ്യേന കുറവാണ്. തെങ്ങ്, തേങ്ങ, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുകയാണെങ്കിൽ ഈ മേഖലയിലേക്ക് കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുവാനും ഒരു നാളികേര കോംപ്ലക്സ് തന്നെ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത വളരെയാണ്. ഇവിടെ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ ആരംഭിക്കുവാൻ സാദ്ധ്യതയുള്ള വ്യവസായ യൂണിറ്റുകൾ

1. കൊപ്രഡ്രയർ ഉപയോഗിച്ചുള്ള കൊപ്ര നിർമ്മാണം.
2. നവീനരീതിയിലുള്ള തൊണ്ടഴുക്കൽ പദ്ധതി.
3. യന്ത്രവൽകൃത ചകിരിനാര്, ചൂടി നിർമ്മാണം.
4. ചവിട്ടി, ചൂടിപ്പടം, ചകിരിനാരിന്റെ കിടക്ക, തലയിണ തുടങ്ങിയവ നിർമ്മിക്കൽ
5. ചകിരി ചോറ് ഉപയോഗിച്ച് ജൈവവളം നിർമ്മിക്കൽ
6. ചിരട്ടപൊടി
7. ചാർക്കോൾ, ചാർക്കോൾ ഓയിൽ
8. നാളികേരപ്പൊടി
9. കന്നുകാലിത്തീറ്റ നിർമ്മിക്കൽ
10. നാളികേരവെള്ളം ഉപയോഗിച്ച് വിനാഗിരി, ശീതളപാനീയങ്ങൾ ഉണ്ടാക്കുക.
11. തെങ്ങ് കൊണ്ട് കെട്ടിട നിർമ്മാണ സാമഗ്രികളും ഫർണ്ണീച്ചറും നിർമ്മിക്കുക
12. നേന്ത്രക്കായ, മരച്ചീനി, ഉരുളക്കിഴങ്ങ് എന്നിവ ഉപയോഗിച്ച് ചിപ്സ് നിർമ്മാണം.
13. ചക്ക, മാങ്ങ, നേന്ത്രപ്പഴം, കൈതച്ചക്ക, കശുമാങ്ങ എന്നിവ ഉപയോഗിച്ച് ജാമുകൾ നിർമ്മിക്കുക.

പ്രാദേശിക വിപണികൾ മാത്രം ലഭിച്ചാൽ പോലും വളരുവാൻ സാദ്ധ്യതയുള്ള, നിത്യോപയോഗ സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് യുവജനങ്ങളിൽ പുതിയൊരു വികസന ബോധം വളർത്തിയെടുക്കുവാൻ ശക്തമായ പ്രേരണയും ബോധവൽക്കരണവും നടത്തേണ്ടത് വളരെ അനിവാര്യമാണ്.

**ചുരുങ്ങിയ മുതൽ മുടക്കിൽ, കമ്പോളം ലഭിക്കുവാൻ സാദ്ധ്യതയുള്ള വ്യവസായങ്ങൾ**

1. ശാസ്ത്രീയമായ കോഴി വളർത്തൽ
2. പ്ലാസ്റ്റിക് ചെരുപ്പ് നിർമ്മാണം.
3. പ്ലാസ്റ്റിക് ബട്ടൻസ്
4. അലൂമിനിയ പാത്രനിർമ്മാണം.
5. ആധുനിക രീതിയിലുള്ള ആയുർവ്വേദമരുന്നു നിർമ്മാണം.
6. സിന്തറ്റിക് വിനാഗിരി നിർമ്മാണം.
7. ഇലക്ട്രോണിക് ഓവർലോഡ് കട്ടോഫ്.
8. എമർജൻസി ലാമ്പ്
9. സ്വിച്ച് ബോർഡ്
10. ഇലക്ട്രോണിക് ചോക്ക് നിർമ്മാണം.
11. ഇനാമൽ പെയ്ന്റ് നിർമ്മാണം.
12. ലിക്വിഡ് ഡിറ്റർജന്റ്, ക്ലീനിങ്ങ് പൗഡർ
13. വർക്ക് ഷോപ്പുകൾ
14. അലക്ക് സോപ്പ്, സോപ്പ് പോടി, ടോയ്ലറ്റ് സോപ്പ് നിർമ്മാണം,
15. കൂൺ കൃഷി
16. സിമന്റ് കൊണ്ടുള്ള ജനൽ, വാതിൽ കട്ടില
17. പേപ്പർ കവർ നിർമ്മാണം.
18. കറി പൗഡർ
19. സ്റ്റീൽ ഫർണിച്ചർ നിർമ്മാണം.
20. റെഡിമെയ്ഡ് വസ്ത്രങ്ങൾ
21. ഇഷ്ടിക, സിമന്റ് ഇഷ്ടിക നിർമ്മാണം.

**ടൂറിസം**

ടൂറിസത്തെ വ്യവസത്തിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ കക്കോടി പഞ്ചായത്തിന്റെ വടക്ക് പടിഞ്ഞാറ് അതിർത്തിയിൽ അകലാപ്പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന "അരുതിരുത്തിമല" പ്രദേശങ്ങൾ വികസിപ്പിച്ചെടുത്ത് ടൂറിസം പ്രോൽസാഹിപ്പിക്കുവാനും കൂടുതൽ പേർക്ക് തൊഴിലവസരങ്ങളും പഞ്ചായത്തിന് വരുമാനവും ഉണ്ടാക്കുവാൻ സാധിക്കും.

**വൻകിട വ്യവസായങ്ങൾ**

പഞ്ചായത്തിലും പരിസരപ്രദേശങ്ങളിലും സുലഭമായി ലഭിക്കുന്ന നാളികേരം സംസ്കരിച്ച് കൊപ്രനിർമ്മാണവും, ശീതളപാനീയങ്ങൾ, വിനാഗിരി, ചിരട്ടകരി, എണ്ണ, ചകിരിത്തുപ്പ് നിർമ്മാണം, നാളികേരപ്പൊടി, ചിരട്ടപ്പൊടി തുടങ്ങിയ അനുബന്ധവ്യവസായങ്ങളും വളർത്തിയെടുക്കുന്നതിന് പൊതുമേഖലയിലോ, സഹകരണമേഖലയിലോ ഒരു നാളികേര കോംപ്ലക്സ് സ്ഥാപിക്കുക.

**മറ്റു നിർദ്ദേശങ്ങൾ**

1. നവീനരീതിയിലുള്ള തൊണ്ടഴുക്കൽ സംവിധാനം നടപ്പാക്കി കയർ വ്യവസായ സംഘങ്ങൾക്കുള്ള തൊണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുക.
2. കയർ വ്യവസായ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണം നടപ്പാക്കി ചൂടി, ചൂടിപ്പടം, കാർപ്പറ്റ്, തുടങ്ങിയവ നിർമ്മിച്ച് സംഘങ്ങളെ ലാഭത്തിൽ പ്രവരത്തിക്കുവാൻ സാഹചര്യം ഒരുക്കുക.
3. വ്യവസായം തുടങ്ങുവാൻ താൽപര്യമുള്ളവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കി, വ്യവസായത്തെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും സാങ്കേതിക ജ്ഞാനം നൽകുകയും ചെയ്യുക.

4. നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.
5. വ്യവസായം തുടങ്ങാനാഗ്രഹിക്കുന്നവർക്ക് വൈദ്യുതി ആവശ്യമായ അളവിലും അവസരത്തിലും നൽകുന്നതിന് സംവിധാനം ഉണ്ടാക്കുക.
6. ഭാവിയിൽ സ്ഥലലഭ്യത കുറയുവാൻ സാദ്ധ്യതയുള്ള സാഹചര്യത്തിൽ 2 ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്ത് ഏറ്റെടുത്ത് വ്യവസായ എസ്റ്റേറ്റാക്കിമാറ്റി സംരംഭകർക്ക് വാടകയ്ക്ക് ലഭ്യമാകുന്നതിന് സംവിധാനം ഏർപ്പെടുത്തുക.
7. വ്യവസായ സരംഭകർക്ക് വായ്പാ സൗകര്യങ്ങൾ ഉദാരമാക്കുക.,
8. വ്യവസായ സംരംഭകർക്ക് നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിന്നും വ്യാവസായിക പുരോഗതി വിലയിരുത്തുന്നതിന്നും വ്യവസായ വികസനസമിതി രൂപീകരിക്കുക.

മേൽ കാണിച്ച നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിടവ്യവസായരംഗത്ത് വളരെയേറെ പുരോഗതിയുണ്ടാക്കുവാൻ കഴിയും. നിത്യോപയോഗ സാധനങ്ങൾ ഇവിടെത്തന്നെ ഉൽപ്പാദിപ്പിച്ച് സാശ്രയത്വം നേടിയെടുക്കാനും കാർഷിക വിളയുൽപ്പാദനത്തെ പ്രോൽസാഹിപ്പിക്കുവാനും നമുക്കു കഴിയുന്നതോടൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സഹായിക്കുന്നു. പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതോടൊപ്പം തന്നെ ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക പുരോഗതിക്ക് ആക്കം കൂടുകയും ചെയ്യും.

# വിദ്യാഭ്യാസം

കോഴിക്കോട് നഗരത്തിന്റെ സ്വാധീനം പൊതുവിദ്യാഭ്യാസ രംഗത്ത് കക്കോടി പഞ്ചായത്തിൽ ഉണർവ്വ് ഉണ്ടാക്കിയിട്ടുണ്ട്. വിദ്യാസമ്പന്നരുടെ ലഭ്യതയിലും സാക്ഷരതയിലും നമ്മുടെ പഞ്ചായത്ത് മുന്നിട്ട് നില്ക്കുന്നു. എടുത്തു കാണിക്കതക്ക നേട്ടമില്ലെങ്കിലും വിദ്യാഭ്യാസ നിലവാരം ഉയർത്തുവാനും, വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കുവാനും ഈ പഞ്ചായത്തിലെ ജനങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. ആധുനിക വിദ്യഭ്യാസ മേഖലയിലെ എല്ലാ സങ്കീർണതകളും നമ്മുടെ പഞ്ചായത്തിനെയും ബാധിച്ചിട്ടുണ്ട്. അനൗപചാരിക വിദ്യഭ്യാസരംഗത്ത് വായനശാലകളും മറ്റു സാംസ്കാരിക സ്ഥാപനങ്ങളും ഗണ്യമായ സംഭാവനകൾ നല്കിയിട്ടുണ്ട്. നാട്ടെഴുത്തച്ഛന്മാരുടെ നേതൃത്വത്തിലുണ്ടായിരുന്ന എഴുത്തുപള്ളികളിലൂടെയാണ് ഔപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ ആരംഭിച്ചത്. ഈ എഴുത്തുപള്ളികളാണ് നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളായി ഉയർന്നു വന്നത്. മക്കട പെരിഞ്ചല സ്ക്കൂൾ, പടിഞ്ഞാറ്റുംമുറി യു. പി. സ്ക്കൂൾ, മക്കട ബദിരൂർ സ്ക്കൂൾ, മക്കടവെസ്റ്റ് എൽ. പി. സ്ക്കൂൾ, മോരിക്കര L.P. സ്ക്കൂൾ എന്നിവ ഈ പട്ടികയിൽപ്പെടുന്നു. കക്കോടി ഗേൾസ്ക്കൂൾ, ബോയ്സ് സ്ക്കൂൾ എന്നിങ്ങിനെ ആദികാലത്ത് രണ്ട് സ്ക്കൂളുകൾ ഇവിടെയുണ്ടായിരുന്നു.

ഇന്ന് ഒരു ഹൈസ്ക്കൂൾ, നാല് യു. പി. സ്ക്കൂൾ, എട്ട് എൽ. പി. സ്ക്കൂൾ എന്നിങ്ങനെ പഞ്ചായത്തിലുണ്ട്. വിദ്യാലയങ്ങളുടെ വിശദ വിവരം താഴെചേർക്കുന്നു.

| നമ്പർ | സ്ക്കൂൾ | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകർ |
|---|---|---|---|---|---|---|
| | | | M | F | Sc/St | |
| 1 | മക്കട വെസ്റ്റ് ALP സ്ക്കൂൾ | എയ്ഡഡ് | 53 | 62 | 10 | 5 |
| 2 | ബദിരൂർ A.L.P സ്ക്കൂൾ, മക്കട | ” | 132 | 137 | 46 | 9 |
| 3 | മക്കട ALP സ്ക്കൂൾ | ” | 117 | 116 | 18 | 9 |
| 4 | മക്കട പെരിഞ്ചില മല ALP.S | ” | 40 | 39 | 17 | 4 |
| 5 | കക്കോടി പഞ്ചായത്ത് U.P. സ്ക്കൂൾ | പഞ്ചായത്ത് | 313 | 237 | 87 | 22 |
| 6. | മാതൃബന്ധുവിദ്യാശാല U.P.S | എയ്ഡഡ് | 291 | 194 | 40 | 20 |
| 7 | ഗവ: യു. പി. എസ്, പടിഞ്ഞാറ്റുമുറി | ഗവ: | 343 | 280 | 63 | 19 |
| 8 | കിരാല്ലൂർ A.U.P.S | എയ്ഡഡ് | 216 | 197 | 18 | 17 |
| 9 | കുരുവട്ടൂർ വെസ്റ്റ് A.L.P.S | ” | 36 | 37 | 08 | 4 |
| 10 | ഗവ: L.P. സ്ക്കൂൾ, കക്കോടി | ഗവ: | 152 | 141 | 34 | 9 |
| 11 | മോരിക്കര A.L.P സ്ക്കൂൾ | എയ്ഡഡ് | 80 | 66 | 18 | 5 |
| 12 | എം.ഐ.എൽ.പി.സ്ക്കൂൾ കക്കോടി | ” | 107 | 88 | 20 | 8 |
| 13 | ഗവ: ഹൈസ്ക്കൂൾ, കക്കോടി | ഗവ: | 159 | 96 | 40 | 14 |

സാമ്പത്തിക സാമൂഹ്യ കാരണങ്ങളാൽ വളരെ ചെറിയൊരു ശതമാനം വിദ്യാർത്ഥികൾ ഇടക്കുവെച്ച് പഠനം നിർത്തുന്നുണ്ട്. ആകെയുള്ള സ്ക്കൂളുകളിൽ മൂന്നെണ്ണം മാത്രമാണ് സർക്കാർ മേഖലയിലുള്ളത്. പഞ്ചായത്തിനകത്തുള്ള വിദ്യാലയങ്ങൾക്കു പുറമേ 350 ഓളം വിദ്യാർത്ഥികൾ സമീപ പ്രദേശങ്ങളിലെ വിദ്യാലയങ്ങളിൽ പഠിക്കുന്നു. തൊട്ടടുത്ത പഞ്ചായത്തുകളിലെ എ. കെ. കെ. ആർ ഹൈസ്ക്കൂൾ (ഫോർ ഗേൾസ് & ബോയ്സ്), ഗവ: ഹൈസ്ക്കൂൾ പയമ്പ്ര, ഗവ: ഹൈസ്ക്കൂൾ പറമ്പിൽ ബസാർ, പി. വി. എസ്, ഹൈസ്ക്കൂൾ, എരഞ്ഞിക്കൽ, കോഴിക്കോട് നഗരത്തിലെ വിവിധ ഹൈസ്ക്കൂൾ, എൽ. പി., യു. പി. സ്ക്കൂൾ എന്നീ വിദ്യാലയങ്ങളിൽ പഠിക്കുന്നു. സാമ്പത്തികമായി ഉയർന്നവരും ഇടത്തരക്കാരും ഇംഗ്ലീഷ്മീഡിയം വിദ്യാലയങ്ങളിലേയ്ക്ക് പോകുന്നതായി കാണുന്നു.

സാങ്കേതിക വിദ്യാഭ്യാസത്തിനായി ഗവ: പോളിടെക്നിക്ക് വെസ്റ്റ്ഹിൽ, ഗവ:ഐ. ടി. ഐ മാവിളിക്കടവ്, ഐ. ടി. സി. എന്നീ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. കോളേജ് വിദ്യഭ്യാസത്തിനായി ചേളന്നൂർ S.N.G കോളേജ്, കോഴിക്കോട് നഗരത്തിലെ വിവിധ കോളേജുകൾ എന്നിവയെ ആശ്രയിക്കുന്നു. പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളായ മെഡിക്കൽ കോളേജ്, എഞ്ചിനീയറിംഗ്കോളേജ്, ലോ കോളേജ് എന്നിവ നമ്മുടെ പഞ്ചായത്തിന് അധിക ദൂരമല്ലാത്ത സ്ഥലത്താണ് ഉള്ളത്. ഇത്തരം പ്രൊഫഷണൽ കോളേജുകളുടെ ഗുണഭോക്താക്കൾ നമ്മുടെ പഞ്ചായത്തിൽ നാമമാത്രമാണ്.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമേ അനൗപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

| | |
|---|---|
| പാരലൽ കോളേജ് (PDC + DC) | 5 |
| ഹിന്ദി കോളേജ് | 1 |
| ട്യൂഷൻ/ ട്യൂട്ടോറിയൽ കോളേജ് | 5 |
| ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് | 6 |
| ഐ. ടി. സി | 1 |
| പ്രീ–പ്രൈമറി ടീച്ചേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് | 1 |
| ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ | |
| L.K.G (L.K.G, U KG & I to 4) | 2 |
| നഴ്സറി...etc | 3 |

കഴിഞ്ഞ ഏതാനും വർഷങ്ങളിലെ കണക്ക് പരിശോധിക്കുകയാണെങ്കിൽ മിക്ക വിദ്യാലയങ്ങളിലെയും കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുവരുന്നു. ജനനനിരക്കിലുള്ള കുറവ് അടുത്ത പ്രദേശങ്ങളിലെ മികച്ച വിദ്യാലയങ്ങളുടെ ആകർഷണം, ഇംഗ്ലീഷ്മീഡിയം ഭ്രമം ഇവയൊക്കെ ഇതിന് കാരണമാകുന്നു. അതോടൊപ്പം മികച്ച പഠനത്തിന്റെ അസൗകര്യവും ഭൗതിക സാഹചര്യങ്ങളുടെ പോരായ്മയും വിദ്യാർത്ഥികളുടെ എണ്ണത്തെ ബാധിച്ചിട്ടുണ്ട്.

**വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ**

| സ്ക്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപുര | കക്കൂസ് | കുടിവെള്ളം (കിണർ) | വൈദ്യുതി | കളിസ്ഥലം |
|---|---|---|---|---|---|---|---|
| മക്കട വെസ്റ്റ് A.L.P S | 115 | 5 | 1 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| ബദിരൂർ A.L.P.S മക്കട | 269 | 9 | 1 | " | ഉണ്ട് | " | " |
| മക്കട A.L.P.S | 233 | 9 | 1 | " | " | " | ഉണ്ട് |
| മക്കട പെരിഞ്ചിലമല A.L.P.S | 79 | 4 | 2 | ഇല്ല | " | " | ഇല്ല |
| കക്കോടി പഞ്ചായത്ത് U.P.s | 550 | 22 | 2 | ഉണ്ട് | " | ഉണ്ട് | ഉണ്ട് |
| മാതൃബന്ധു വിദ്യാശാല U.P.S | 485 | 20 | 1 | " | " | " | " |
| ഗവ: U.P.S. പടിഞ്ഞാറ്റുമുറി | 623 | 19 | 2 | " | " | " | " |
| കിതല്ലൂർ A.U.P.S | 413 | 17 | 1 | " | " | " | ഇല്ല |
| കുരുവട്ടൂർ വെസ്റ്റ് A.L.P.S | 73 | 4 | 1 | " | " | " | ഇല്ല |
| മോരീക്കര A.L.P.S | 146 | 5 | 1 | " | " | " | ഉണ്ട് |
| M.I.L.P.S കക്കോടി | 195 | 8 | 1 | | | | |
| ഗവ: ഹൈസ്ക്കൂൾ, കക്കോടി | 255 | 14 | | | | | |
| ഗവ: എൽ.പി.സ്ക്കൂൾ,കക്കോടി | 293 | 9 | 1 | | | | |

**അക്കാഡമിക്ക് സൗകര്യങ്ങളുടെ ലഭ്യത**

പഞ്ചായത്തിലെ 4 സ്കൂളുകളിൽ മാത്രമാണ് ലൈബ്രറി ഉള്ളത്. ഒരു സ്കൂളിലെ ലബോറട്ടറി ഉള്ളു. 12 സ്കൂളുകളിൽ ഓഫീസ് മുറി ഉണ്ട്. 5 സ്കൂളുകളിൽ മാത്രമേ സ്റ്റാഫ് മുറി ഉള്ളൂ. പി.ടി.എ സമിതികളും മാതൃസംഗമങ്ങളും സജീവമാണ്.

നമ്മുടെ പഞ്ചായത്തിൽ എൽ. പി. യു. പി. വിഭാഗം സ്ക്കൂളുകളിൽ മെച്ചപ്പെട്ട പഠനം നൽകുന്നുണ്ട്. എന്നിട്ടുപോലും കോഴിക്കോട് നഗരത്തിലേയ്ക്ക് വിദ്യാർത്ഥികളുടെ പ്രവാഹം കാണുന്നു. വിദ്യാർത്ഥികളുടെ കാര്യത്തിൽ രക്ഷിതാക്കൾക്കുള്ള താല്പര്യം വിദ്യാലയങ്ങളുടെ കാര്യത്തിൽ ഇല്ലാത്തതാണ്. ഇതിന് പ്രധാന കാരണം. ഫലപ്രദമായരീതിയിൽ (പി.ടി. എ) അദ്ധ്യാപക രക്ഷാകർത്തൃസമിതി പ്രവർത്തിക്കുകയാണെങ്കിൽ ഈ പ്രവാഹം തടയുവാൻ കഴിയും. വിദ്യാർത്ഥികളിൽ നല്ലൊരുശതമാനം ആൺകുട്ടികളാണ് ഉള്ളത്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ വളരെ കുറവാണ്. വിശദവിവരം താഴെ ചേർക്കുന്നു.

**L.P, U.P, H.S വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം**

| | L.P | | | U.P. | | | H.S | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| ആകെ വിദ്യാർത്ഥികൾ | 717 | 686 | 48.89 | 1163 | 908 | 42.88 | 159 | 96 | 37.65 |

നമ്മുടെ പഞ്ചായത്തിൽ ഗവണ്മെന്റ് മേഖലയിൽ ഒന്നു വീതം ഹൈസ്ക്കൂൾ, യു. പി. സ്ക്കൂൾ, എൽ, പി. സ്കൂൾ പ്രവർത്തിക്കുന്നു.

**ഗവണ്മെന്റ് ഹൈസ്കൂൾ, കക്കോടി**

ആകെയുള്ള ഒരു ഹൈസ്കൂൾ സർക്കാർ ഉടമയിലാണ്. പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറുഭാഗത്ത് ( III-ാം വാർഡ്) പ്രകൃതി സൗന്ദര്യം നിറഞ്ഞൊഴുകുന്ന അത്താഴക്കുന്നിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. പ്രകൃത്യാ ഉള്ള സാഹചര്യങ്ങൾ ഒത്തിണങ്ങിയ ഈ സ്കൂൾ ഇന്ന് നമ്മുടെ പഞ്ചായത്തിൽ മോശമായ ഒരു സ്ഥാപനമായി തീർന്നിരിക്കുന്നു. അദ്ധ്യാപകരുടെ നിരുത്തരവാദിത്വവും, രക്ഷിതാക്കളുടെ ശ്രദ്ധയില്ലായ്മയും വിദ്യാർത്ഥിസമരങ്ങളും ഈ സ്കൂളിനെ നശിപ്പിച്ചിരിക്കുന്നു എന്നു പറയാം. കെട്ടിടത്തിന്റെ സൗകര്യമില്ലായ്മ, കളിസ്ഥലത്തിന്റെ കുറവ്, മറ്റു ഭൗതിക സാഹചര്യങ്ങളില്ലായ്മ തുടങ്ങിയവയും ഈ സ്കൂളിന്റെ പഠനനിലവാരത്തെ ബാധിച്ചിട്ടുണ്ട്. എല്ലാവരുടെയും കൂട്ടായ്മയാണ് ഇതിനുള്ള ഏകപരിഹാരമാർഗ്ഗം. പഠനസൗകര്യങ്ങൾ ഒരുക്കികൊടുക്കുന്നതോടൊപ്പം അദ്ധ്യാപക രക്ഷാകത്തൃസമിതി കാര്യക്ഷമമായി പ്രവർത്തിക്കുകയാണെങ്കിൽ പ്രകൃതിരമണീയത ഒത്തിണങ്ങിയ ഈ ഹൈസ്കൂൾ കക്കോടി പഞ്ചായത്തിന്റെ അഭിമാനമാകും എന്ന കാര്യത്തിൽ തർക്കമില്ല. ഈ ഹൈസ്കൂൾ ഈ പഞ്ചായത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഉപകരിക്കുന്നില്ല എന്ന കാര്യവും ശ്രദ്ധേയമാണ്.

ഗവ: ഹൈസ്ക്കൂൾ, കക്കോടി
എസ്. എസ്. എൽ. സി. വിജയശതമാനം

| വർഷം | മൊത്തം വിദ്യാർത്ഥികൾ | വിജയശതമാനം |
|---|---|---|
| 1992-93 | N.A | 25% |
| 1993-94 | N.A | 25% |
| 1994-95 | N.A | 23% |
| 1995-96 | 80 | 18.42% |

**യു. പി. സ്ക്കൂൾ**

ഒരു ഗവണ്മെന്റ് സ്കൂളടക്കം 4 യു. പി. സ്കൂളുകളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. യു. പി. യിൽ പഠനനിലവാരം പൊതുവെ ഭദ്രമാണെന്ന് പറയാം. ഭൗതിക സാഹചര്യങ്ങൾ ഒരുക്കികൊടുത്ത് അദ്ധ്യാപക രക്ഷാകർത്തൃസമിതി ഫലപ്രദമായി ചലിക്കുകയും ചെയ്താൽ ഈ. യു. പി. സ്ക്കൂളുകൾ നമുക്ക് നേട്ടമായി നില്ക്കുക തന്നെ ചെയ്യും.

**എൽ. പി. സ്ക്കൂൾ**

ഒരു സർക്കാർ L.P സ്കൂളടക്കം എട്ടെണ്ണം ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതിൽ മക്കട പെരിഞ്ചില L.P. സ്കൂൾ, കരുവട്ടൂർ വെസ്റ്റ് എൽ. പി. സ്കൂൾ എന്നിവയുടെ നില ശോചനീയമാണ്.

സർക്കാർ മേഖലയിലുള്ള L.P. ഈ പഞ്ചായത്തിന്റെ അഭിമാനമായി ജ്വലിച്ചുനില്ക്കുന്നു. 75 വർഷം പിന്നിട്ട ഈ സ്കൂൾ പഠന നിലവാരത്തിലും മറ്റുരംഗങ്ങളിലും മുന്നിലാണ്. പ്ലാറ്റിനം ജൂബിലിയാഘോഷത്തിന്റെ ഭാഗമായി ഒരു സ്ഥിരം സ്റ്റേജും ഗാലറിയും പണിയുവാൻ കഴിഞ്ഞു. P.T.A യുടെയും മാതൃസംഗമത്തിന്റെ യും ഫല

പ്രദമായ പ്രവർത്തനങ്ങളും സന്ദർഭോചിതമായ ഇടപെടലും ഈ സ്കൂളിനെ നമ്മുടെ പഞ്ചായത്തിന്റെ മാതൃകാവിദ്യാഭ്യാസ സ്ഥാപനമാക്കിയിരിക്കുന്നു.

വിദ്യാർത്ഥികൾ ഭൂരിപക്ഷവും വിദ്യാലയങ്ങളെ മാത്രമല്ല ട്യൂഷൻക്ലാസ്സുകളെയും ആശ്രയിക്കുന്നു. അതോടൊപ്പം ഗൈഡുകളും ഒരു ആശ്രയവസ്തുണ്. ശിശുവിദ്യഭ്യാസത്തിന്റെ ഭാഗമായി സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിൽ ബാലവാടികളും ശിശുമന്ദിരവും, നഴ്സറികളും (സ്വകാര്യം) പ്രവർത്തിച്ചുവരുന്നു.

ഭൂരിഭാഗം സ്കൂളികളിലും മാതൃസംഗമം നടക്കാറുണ്ട്. ഇത് വിദ്യാർത്ഥികളുടെ പഠനനിലവാരത്തെ ഉയർത്തുവാൻ സഹായകമാവുന്നുണ്ട്. മിക്ക വിദ്യാലയങ്ങളിലും അദ്ധ്യാപക- രക്ഷാകത്തൃസമിതി ഉണ്ടെങ്കിലും ഫലപ്രദമാവുന്നില്ലെന്ന് പല സ്കൂളുകളുടെയും സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. വിദ്യാലയങ്ങളും വിദ്യാഭ്യാസ സൗകര്യങ്ങളും ഉണ്ടെങ്കിലും പഞ്ചായത്തിലെ എല്ലാ വാർഡിലും നിരക്ഷരരെ കാണാൻ കഴിയും. 1990 ലെ സാക്ഷരതാ യജ്ഞത്തിന്റെ ആവേശം നിലനിർത്താൻ കഴിയാതെ പോയതും നവസാക്ഷരർക്ക് തുടർവിദ്യഭ്യാസം നൽകാൻ കഴിയാത്തതും നിരക്ഷരർ നിലനില്ക്കുന്നതിന് കാരണമാകുന്നുണ്ട്.

പഞ്ചായത്തിലെ സന്നദ്ധപ്രവർത്തകർ ശേഖരിച്ച ദ്വിതീയ വിവരങ്ങളുടെയും ഗ്രാമസഭയിലെ ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന നിഗമനങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്. 12 വാർഡുകളിലും വിദ്യാഭ്യാസരംഗം സജീവമായ ചർച്ചയ്ക്ക് വിധേയമായി. പൊതുവായി അക്കാഡമിക്ക് നിലവാരം, വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ, മറ്റു സാഹചര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലായിരുന്നു വിദ്യഭ്യാസത്തെ വിലയിരുത്തിയത്. അക്കാഡമിക് നിലവാര തകർച്ച, പാഠപുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാലതാമസം, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, സമരം മൂലമുണ്ടാകുന്ന അദ്ധ്യയനനഷ്ടം, അദ്ധ്യാപക- രക്ഷാകർതൃസമിതി, ഉച്ചക്കഞ്ഞി വിതരണം, അദ്ധ്യാപകരുടെ പരിശീലനം, പാഠ്യേതര പ്രവർത്തനങ്ങൾ, അധികൃതരുടെ ഭാഗത്തുനിന്നുള്ള പ്രോത്സാഹനമില്ലായ്മ, മൂല്യനിർണയും തുടങ്ങിയവയെല്ലാം ഗ്രാമസഭാചർച്ചയ്ക്ക് വിധേയമായി.

വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം അക്കാഡമിക് സൗകര്യങ്ങൾ പ്രധാനമാണ്. ആവശ്യത്തിനത്ര ഇരിപ്പിട സൗകര്യം ഉണ്ടായിരിക്കണം. ലൈബ്രറി, ലൈബോറട്ടറി, പഠനോപകരണങ്ങൾ, ദൃഷ്യ-ശ്രാവ്യ ഉപകരണങ്ങൾ, ഫർണിക്ചറുകൾ, സ്റ്റാഫ്റൂമുകൾ, തുടങ്ങിയവയുടെ പരിമിതികൾ സർവ്വത്രയാണ്. ലൈബ്രറി ലാബോറട്ടറി, സൗകര്യം യു. പി. സ്കൂളിൽ തീർത്തും ഇല്ലെന്ന് തന്നെ പറയാം. സർക്കാർ ഹൈസ്കൂളിന്റെ ഒരു കെട്ടിടം ഇപ്പോഴും ഒരു ഓല ഷെഡ്ഡിൽ പ്രവർത്തിക്കുന്നു. വളരെ പഴക്കമുള്ള പടിഞ്ഞാറ്റുംമുറി ജി.യു. പി. സ്കൂളിന്റെ പ്രധാന കെട്ടിടം ഇപ്പോഴും ജീർണ്ണാവസ്ഥയിലാണ്.

ഗ്രാമ സഭാറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന പദ്ധിതിയിൽ ഉൾക്കൊള്ളിക്കേണ്ട വിദ്യഭ്യാസപ്രവർത്തനങ്ങളുടെ വിശദവിവരം താഴെകാണിക്കുന്നു.

1. പഞ്ചായത്തിലെ സ്കൂളുകളിലെ അക്കാഡമിക്ക് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നു.
2. ഹൈസ്കൂളിന്റെ വിജയശതമാനവും പഠനനിലവാരവും ഉയർത്തുവാൻ അദ്ധ്യാപക-രക്ഷാകർതൃസമിതിയുടെയും ബന്ധപ്പെട്ടവരുടെയും ഒരു കർമ്മസമിതി രൂപവൽക്കരിക്കുക.
3. ഹൈസ്കൂളിന്റെ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുക.
   ഹൈസ്കൂളിനെ + 2 ആയി ഉയർത്തുക
4. പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യഭ്യാസ സ്ഥാപനം സ്ഥാപിക്കുക
5. ശിശുവിദ്യഭ്യാസത്തിനാവശ്യമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കുമാറ് അങ്കൺവാടികൾ വാർഡുകൾ തോറും സ്ഥാപിക്കുക
6. നവസാക്ഷരർക്കുവേണ്ടിയുള്ള തുടർസാക്ഷരതാ പദ്ധതി പുനരാരഭിക്കണം.
7. നഗരങ്ങളിലെ വിദ്യാലയങ്ങളിലേയ്ക്ക്പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറയ്ക്കുക.
8. സ്കൂളിൽ ടെക്സ്റ്റ് ബുക്കുകൾ യഥാസമയം എത്തിക്കാൻ നടപടി സ്വീകരിക്കുക
9. എൽ. പി. സ്കൂളോടനുബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ പ്രീപ്രൈമറികൾ ആരംഭിക്കുക
10. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള ഉത്തരവാദിത്വം പഞ്ചായത്ത് ഏറ്റെടുക്കുക
11. സ്കൂളിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക
12. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലുള്ള വിദ്യഭ്യാസ കോംപ്ലക്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും നിലവിലുള്ള ഈ പദ്ധതി പഞ്ചായത്തിൽ ജനപങ്കാളിത്തത്തോടുകൂടി നടത്തുകയും ചെയ്യുക.
13. വിദ്യാർത്ഥികൾക്കായി കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കുക, യഥാസമയങ്ങളിൽ കായികാധ്യാപനം പകരാൻ നടപടികൾ ആവിഷ്ക്കരിക്കുക
14. പി.ടി. എ കളും, മാതൃസംഗമങ്ങളും സജീവമാക്കുക
15. പഞ്ചായത്തിലെ വിദ്യാഭ്യാസ്കോംപ്ലക്സിന്റെ നേതൃത്വത്തിൽ അദ്ധ്യാപകർക്ക് റിഫ്രെഷർ കോഴ്സുകൾ നടത്തുക

വിദ്യാർത്ഥികളിൽ തൊഴിൽ അഭിരുചി വളർത്തിയെടുക്കുന്ന രീതിയിൽ ഹ്രസ്വകാല കോഴ്സുകൾ നടത്തുവാൻ ആവശ്യമായത് ആലോചിക്കണം, പഞ്ചായത്തിനെ മാത്രം ലക്ഷ്യമാക്കി ചിലവ് കുറഞ്ഞ പഠനോപകരണങ്ങൾ

(നോട്ട് ബുക്ക് നിർമ്മാണം, കുട) നിർമ്മിക്കുവാൻ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുവാൻ കഴിയണം. ആരോഗ്യ-വിദ്യഭ്യാസ- പരിസ്ഥിതികളിൽ പ്രാവീണ്യം നേടുവാനാവശ്യമായ കോഴ്സുകളോ, പഠനക്ലാസ്സുകളോ സംഘടിപ്പിക്കുവാൻ കഴിയണം. ഇവയാകട്ടെ ജനപങ്കാളി ത്തത്തോടെ നടപ്പിലാക്കുവാൻ പഞ്ചായത്ത് ശ്രമിക്കണം.

പാഠ്യവിഷയങ്ങളോടൊപ്പം, പാഠ്യേതര പ്രവർത്തന ങ്ങളിൽ ഊന്നൽ നൽകികൊണ്ട് വിദ്യാർത്ഥികളുടെ കർമ്മോത്സുകതയെ തട്ടിയുണർത്താൻ ശ്രമം വേണം. സ്കൂൾ പാർലിമെന്റുകൾ, ക്ലാബ്ബുകൾ, സാഹിത്യസമാജ ങ്ങൾ, കൈയെഴുത്ത് മാസികകൾ, പൂന്തോട്ടങ്ങൾ, പട്ടക്ക റിതോട്ടങ്ങൾ, കായികപരിശീലനപരിപാടികൾ, ദിനാചര ണങ്ങൾ, പഠന-വിനനോദയാത്രകൾ തുടങ്ങിയവ ഏറ്റെ ടുത്തുകൊണ്ട് ൻ കഴിയണം.

മാസാന്ത്യത്തിലുള്ള പരീക്ഷകളും, മാതൃസംഗമ ങ്ങളും പി.ടി. എ കളും എല്ലാം ഒത്തുചേർന്നാൽ നമ്മുടെ പഞ്ചായത്തിന്റെ വിദ്യഭ്യാസ നിലവാരം നമുക്ക് ഉയർത്തു വാനും അതിലൂടെ അഭിമാനിക്കുവാനും കഴിയും എന്ന

# കുടിവെള്ളം

ജലവിഭവത്തിന്റെ കാര്യത്തിൽ സമ്പന്നമാണ് കക്കോടി ഗ്രാമ പഞ്ചായത്ത്. മൂന്നു ഭാഗവും പുഴകളുള്ള, നിരവധി തോടുകളും നീർച്ചാലുകളും അവയ്ക്ക് അനുബന്ധങ്ങളായി കുളങ്ങളുമുള്ള ഒരു ഭൂവിഭാഗമാണ് ഇത്. മണ്ണിനു മുകളിൽ ഒന്നര കിലോമീറ്ററോളം മൂടത്തക്കവിധം വർഷം തോറും മഴ ലഭിക്കുന്നുണ്ട്. എന്നാൽ സമൃദ്ധമായ മഴവെള്ളം വളരെ കുറഞ്ഞ സമയം കൊണ്ട് ഒഴുകി കടലിൽ ചെന്നു ചേരുന്നു. പൂനൂർ പുഴ, അകലാപുഴ, എന്നീ പേരുകളിൽ ഈ പഞ്ചായത്തിന്റെ തെക്കും പടിഞ്ഞാറും വടക്കും ഭാഗങ്ങൾ സമൃദ്ധമായ ശുദ്ധജലം കൊണ്ട് അതിരിട്ടു നിൽക്കുന്നു. ഇവിടെ ജലദൗർലഭ്യമല്ല, പ്രശ്നം മറിച്ച് സുലഭമായ ജലവിഭവം വേണ്ടവിധം പ്രയോജനപ്പെടുത്താനുള്ള ഭാവനയും പദ്ധതികളും ഇല്ലായ്മയാണ്.

പടിഞ്ഞാറുഭാഗം നെടുനീളെ കടലും പശ്ചിമഘട്ടത്തിൽ നിന്നുൽഭവിച്ച് അറബിക്കടലിൽ ചേരുന്ന നിരവധി നദികളും കുന്നിൻ കൂട്ടങ്ങളിൽ നിന്നൊഴുകി വരുന്ന അനേകം പുഴകളും തോടുകളും നീർച്ചാലുകളും നിറഞ്ഞ, വർഷത്തിന്റെ പകുതിയോളം കാലം പ്രതിവർഷം മഴ ലഭിക്കുന്ന അനുഗ്രഹീതമായ ഒരു ഭൂപ്രദേശമാണ് കേരളം. ലക്ഷക്കണക്കിന് കുടുംബങ്ങൾ നമ്മുടെ സംസ്ഥാനത്തും കുടിനീരില്ലാതെ കഷ്ടപ്പെടുന്നു എന്ന വസ്തുത അത്ഭുതകരവും ലജ്ജാവഹവുമാണ്. കുടിവെള്ള ക്ഷാമത്തിൽ നിന്ന് സമ്പൂർണ്ണമായും സ്വതന്ത്രമായ ഒരു സംസ്ഥാനം എന്ന് പ്രഖ്യാപിക്കാൻ കഴിയുമാറ് ഏറ്റവും ഉയർന്ന ഒന്നാം പ്രാധാന്യം നൽകിക്കൊണ്ട് ഈ പ്രശ്നത്തെ വിജയകരമായി കൈകാര്യം ചെയ്യാൻ ജനകീയാസൂത്രണത്തിന് സാദ്ധ്യമായാൽ കേരളത്തിന്റെ ഒമ്പതാം പദ്ധതി ഇന്ത്യൻ ജനാധിപത്യത്തിന്റേയും ആസൂത്രണത്തിന്റേയും ചരിത്രത്തിൽ ഒരു വഴികാട്ടിയായി മാറും എന്ന് നിസ്സംശയം പറയാവുന്നതാണ്.

ഈ പശ്ചാത്തലത്തിൽ കുടിവെള്ളം എന്ന വിഷയത്തിൽ നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതി പരിശോധിക്കാം.

**പ്രശ്നത്തിന്റെ തീവ്രത**

1. 20 ശതമാനം കുടുംബങ്ങൾക്ക് കിണറുകളില്ല.
   പഞ്ചായത്തിന്റെ പഴയ കണക്ക് പ്രകാരം 5383 വീടുകളാണ് ഉള്ളതെങ്കിലും ഇന്ന് 7,000 ത്തോളം വീടുകൾ കക്കോടി പഞ്ചായത്തിലുണ്ട്. പുതിയ കുടിയേറ്റക്കാർ ധാരാളമായി വന്നുചേർന്നതാണ് ഈ വർദ്ധനവിന് കാരണം. ജോലി തേടിവന്ന് സ്ഥിരതാമസക്കാരായി മാറിയ തമിഴരുടെ കുടുംബങ്ങളും നിരവധിയാണ്. പഞ്ചായത്ത് രേഖപ്രകാരം 4928 വീടുകൾക്ക് മാത്രമാണ് കിണർ സൗകര്യമുള്ളത്. 20 ശതമാനത്തോളം ആളുകൾ മറ്റു കിണറുകളെ ആശ്രയിക്കുന്നവരാണ്.
2. മഴക്കാലത്ത് പോലും കുടിവെള്ളക്ഷാമം
   പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളുണ്ട്. എന്നാൽ 5 ഉം 8 ഉം വാർഡുകളിൽ ക്ഷാമം രൂക്ഷമാണ്. പാറകളും മലകളും കുന്നിൻചെരിവുകളും ചേർന്ന ഭൂപ്രകൃതിയാണ് ഇതിന് കാരണം. മഴക്കാലത്ത് പോലും കുടിവെള്ളത്തിനായി അകലെയുള്ള കിണറുകളെ ആശ്രയിക്കേണ്ടതായ ഗതികേടാണ് ഈ വാർഡിലെ പല കുടുംബങ്ങൾക്കുമുള്ളത്.
3. 20 കോലിലധികം ആഴമുള്ള കിണറുകൾ
   കുന്നിൻ ചെരുവിലുള്ള വീടുകളിലെ മിക്ക കിണറുകളും 20 കോലിലധികം ആഴമേറിയവയാണെന്നത് ഒരു പ്രശ്നം തന്നെയാണ്. വീടുകളിലെ പാചകത്തിനും കുടിക്കാനും കുളിക്കാനും അലക്കാനുമുള്ള വെള്ളം മുക്കിയെടുക്കുന്നത് ഏറെ ശ്രമകരമായ ഒരു നിത്യജോലിയാണെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്.
4. വേനൽക്കാലത്ത് വറ്റി വരളുന്ന കിണറുകൾ
   ഒട്ടനേകം വീടുകളിലെ ആഴമേറിയതും അല്ലാത്തതുമായ കിണറുകൾ വേനൽക്കാലങ്ങളിൽ വറ്റി വരണ്ടു പോകുന്നത് പല വാർഡുകളിലും സാധാരണമാണ്.

ഈ കിണറുകളെ ആശ്രയിക്കുന്ന കുടുംബങ്ങൾ കുടിവെള്ളത്തിനായി ദൂരം താണ്ടേണ്ടിവരുന്ന അവസ്ഥ ഏറെ കഷ്ടപൂർണ്ണമാണ്.

5. K.W.A യുടെ കൂടത്തുംപൊയിൽ ഹരിജൻ കോളനി ശുദ്ധജലവിതരണപദ്ധതി

കൂടത്തുംപൊയിൽ ഹരിജൻ കോളനി ശുദ്ധജലപദ്ധതിയിലൂടെ നൽകപ്പെടുന്നത് മലിനജലമാണ്. ലക്ഷക്കണക്കിന് രൂപ മുടക്കി നടപ്പാക്കിയ ഈ പദ്ധതിയുടെ ഗുണഫലം ലഭിക്കേണ്ടവർക്ക് അലക്കുവാൻ പോലും സാധിക്കാത്ത മലിനജലമാണ് ഇന്ന് നൽകുന്നത്.

### നിലവിലുള്ള വിതരണ പദ്ധതികൾ

രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് പരിഹാരം തേടിക്കൊണ്ട് ഏതാനും ചെറുകിട ശുദ്ധജലവിതരണപദ്ധതികളും ജലസേചനപദ്ധതികളും പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി നടപ്പാക്കിയിട്ടുണ്ട്. ഇവയിൽ ഒന്നൊഴിച്ച് ബാക്കിയുള്ളവയെല്ലാം പഞ്ചായത്തിലൂടെ കടന്നുപോകുന്ന കോഴിക്കോട്- ബാലുശ്ശേരി റോഡിന്റെ കിഴക്കുഭാഗത്തെ വാർഡുകളിലാണുള്ളത്.

1. 5ാം വാർഡിലെ കൂടത്തുംപൊയിൽ ഹരിജൻ കോളനി ജലസേചനപദ്ധതി.
2. 9ാം വാർഡിലെ മേടക്കുന്ന്മല ജലവിതരണ പദ്ധതി.
3. 10ാം വാർഡിലെ കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കക്കോടി ജലവിതരണ പദ്ധതി.

ഈ പദ്ധതികൾക്ക് പുറമെ ഏതാനും പദ്ധതികൾ കൂടി അനുവദിക്കപ്പെട്ടിട്ടുണ്ട്. ഇവയുടെ നിർമ്മാണ പ്രവർത്തനം വ്യത്യസ്തഘട്ടങ്ങളിലായി നടന്നുകൊണ്ടിരിക്കുന്നു.

1. 6ാം വാർഡിൽ എടോളിമീത്തൽ ഹരിജൻ കോളനി ജലവിതരണ പദ്ധതി.
2. 7ാം വാർഡിൽ പറയരുകുന്ന് ജലവിതരണ പദ്ധതി.
3. 7ാം വാർഡിൽ തന്നെ ധർമ്മൻകുന്ന് ഹരിജൻ കോളനി ശുദ്ധജലവിതരണ പദ്ധതി.
4. 8ാം വാർഡിൽ എരോത്ത് താഴം കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി.
5. 10ാം വാർഡിൽ മേടക്കുന്ന്മല കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി.
6. 1ാം വാർഡിൽ മക്കടക്കുന്ന് കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി.

കോഴിക്കോട് - ബാലുശ്ശേരി റോഡിന്റെ പടിഞ്ഞാറുഭാഗം ശുദ്ധജലവിതരണ പദ്ധതികൾ ഒന്നും തന്നെയില്ല. ഉള്ളത് ഒരു ചെറുകിട ജല പദ്ധതി മാത്രം.

### നിലവിലുള്ള പദ്ധതികളുടെ ന്യൂനതകൾ

പഞ്ചായത്തിൽ നിലവിലുള്ള ചെറുകിട ശുദ്ധജലപദ്ധതികൾ ഒന്നുംതന്നെ കുറ്റമറ്റതല്ല. ചെറിയ കിണറുകളെ ആശ്രയിക്കുന്ന ഇവയിൽ പലതിനും വേനൽക്കാല വരൾച്ച മാസങ്ങളിൽ കിണറുകളിൽ വെള്ളം കുറയുന്നതുമൂലം വേണ്ടത്രജലം സംഭരിക്കാൻ കഴിയാതെ വരുന്നു. അതുകൊണ്ടുതന്നെ കുടിവെള്ള പ്രശ്നം രൂക്ഷമാകുന്നു. ഫെബ്രവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വീട്ടുകാർക്ക് അത്യാവശ്യത്തിനുപോലും വെള്ളം നൽകാൻ ഈ പദ്ധതികൾക്ക് സാദ്ധ്യമാവുന്നില്ല.

### ശുദ്ധജലവിതരണത്തിന് വലിയ പദ്ധതി അനിവാര്യം

പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമായി വ്യാപിച്ചുകിടക്കുന്ന ജലക്ഷാമ ബാധിത പ്രദേശവാസികളുടെ നിത്യജീവിതപ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ ഹ്രസ്വമായ കാഴ്ചപ്പാടോടെ നിർമ്മിക്കപ്പെടുന്ന ചെറുകിട ശുദ്ധജല പദ്ധതികൾ മതിയായില്ല എന്നതിനാൽ നാം പുതിയ വഴികൾ ആരായേണ്ടിയിരിക്കുന്നു.

ദീർഘകാല കാഴ്ചപ്പാടോടെ, കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം ലക്ഷ്യം വെച്ചുകൊണ്ട് പഞ്ചായത്തിലെ മൊത്തം ക്ഷാമബാധിത പ്രദേശങ്ങൾക്ക് ജലം ലഭ്യമാക്കാൻ പ്രാപ്തമായ ഒരു വലിയ ശുദ്ധജല വിതരണ പദ്ധതിക്ക് രൂപം കൊടുക്കേണ്ടിയിരിക്കുന്നു. ഇതിന്നാവശ്യം, വിശാലമായ ജല സ്രോതസ്സുകളോട് ബന്ധപ്പെടുത്തിക്കൊണ്ടുള്ള വലിയ ഓവർഹെഡ് ടാങ്കോടുകൂടിയ സംവിധാനമാണ്. ജലവിഭവം നമുക്ക് സുലഭമായുണ്ട്. ഇതിൽ മൂന്ന് പ്രധാന സാദ്ധ്യതകൾ നാം പരിശോധിക്കേണ്ടതുണ്ട്.

1. അകലാ പുഴയിൽ മുക്കം കടവിൽ ഒരു ബണ്ടു കെട്ടുകയാണെങ്കിൽ അതി വിശാലമായ ഒരു ശുദ്ധജലസംഭരണി രൂപപ്പെടുന്നതാണ്. നൂറു കണക്കിന് വർഷം മുന്നോട്ടുള്ള പഞ്ചായത്തിലെ ജനസംഖ്യാ വർദ്ധനവ് പോലും കണക്കിലെടുത്തുകൊണ്ടുള്ള ഒരു വലിയ ശുദ്ധജലവിതരണ പദ്ധതി ഈ സംഭരണിയോട് ബന്ധപ്പെടുത്തി സംവിധാനം ചെയ്യാവുന്നതാണ്. രണ്ടോ മൂന്നോ ലക്ഷം ലിറ്റർ ജലം സംഭരിച്ചു നിർത്താവുന്ന വലിയ ഉയരത്തിലുള്ള ഒരു ഓവർഹെഡ് ടാങ്ക് അകലാപുഴയുടെ തീരത്ത് സ്ഥാപിക്കാവുന്നതാണ്. വളരെ വിജയപ്രദമായി നടന്നുവരുന്ന ഇത്തരം ഒരു പദ്ധതി അകലാപുഴയ്ക്കടുത്തായി എലത്തൂർ പഞ്ചായത്തിലുള്ളത് നമുക്ക് പാഠമാണ്.
2. ചെറുകുളം ഭാഗത്ത് പൂനൂർ പുഴക്ക് കെട്ടിയ ബണ്ടിനു സമീപ പ്രദേശം മറ്റൊരു ശുദ്ധജലസ്രോതസ്സാണ്. മേൽപറഞ്ഞ രൂപത്തിലുള്ള ഒരു പദ്ധതി ഇവിടെയുമാകാം.
3. കക്കോടി പുഴയിൽ ഒരു വലിയ കിണർ നിർമ്മിച്ച് പൂളക്കടവ് ശുദ്ധജലപദ്ധതിയുടെ മാതൃകയിൽ വലിയ ഓവർഹെഡ് ടാങ്കോടുകൂടിയ ഒരു പദ്ധതി ആരംഭിക്കാവുന്നതാണ്.പഞ്ചായത്തിലെ കിഴക്കു ഭാഗത്തുള്ള വാർഡുകളിലെ ജലക്ഷാമം പരിഹരിക്കാൻ ഇങ്ങനെയൊരു പദ്ധതികൊണ്ട് സാധിക്കുന്നതാണ്.

മേൽ പറഞ്ഞ രീതിയിലുള്ള ഒരു വലിയ പദ്ധതിക്ക് പഞ്ചായത്ത് ഫണ്ട് മതിയാവില്ല എന്നത്കൊണ്ട് സംസ്ഥാനതലത്തിലുള്ള ഫണ്ടിൽ നിന്ന് ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടതായ ശ്രമങ്ങൾ ഉണ്ടാവേണ്ടതാണ്.

### വലിയ പദ്ധതിയുടെ അഭാവത്തിൽ ഇനിയും ചെറുകിട പദ്ധതികൾ അത്യാവശ്യം

പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള ചെറുകിട ശുദ്ധജല പദ്ധതികൾ, പരിമിതമായ തോതിലാണെങ്കിലും, ഏതാനും പ്രദേശവാസികൾക്ക് മാത്രമേ ഗുണം ചെയ്യുന്നുള്ളൂ. യാതൊരു പദ്ധതിയുടേയും സഹായം ലഭ്യമാകാതെ ഇന്നും ജലക്ഷാമം അനുഭവിക്കുന്ന നിരവധി കുടുംബങ്ങൾ പല വാർഡുകളിലായുണ്ട്. മേൽ സൂചിപ്പിച്ച തരത്തിലുള്ള വലിയ ഒരു ജലവിതരണ പദ്ധതി അസാദ്ധ്യമാവുകയോ, സമീപ ഭാവിയിൽ സാദ്ധ്യമാകാതെ വരികയോ ചെയ്യുന്ന സാഹചര്യത്തിൽ ഈ ഹതഭാഗ്യരുടെ രക്ഷക്കായി പുതിയ ചെറുകിട പദ്ധതികൾ അടിയന്തിര പ്രാധാന്യത്തോടെ നടപ്പിൽ വരുത്തേണ്ടതാണ്. ജലക്ഷാമം രൂക്ഷമായനുഭവപ്പെടുന്ന ഈ പ്രദേശങ്ങൾ ചുവടെ പറയുന്നവയാണ്.

നമ്മുടെ പഞ്ചായത്തിൽ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന കുടിവെള്ള ക്ഷാമത്തിന് പരിഹാരമുണ്ടാവുന്ന ജലസേചന പദ്ധതികളാണ് നേരത്തെ സൂചിപ്പിച്ചിരിക്കുന്നത്. ഭൂഗർഭ ജലവിതാനത്തിലെ കുറവ് മഴവെള്ളം സംഭരിക്കപ്പെടുന്നില്ല എന്നതിൽ നിന്നാണെന്നുള്ള തിരിച്ചറിവ് മഴവെള്ള സംഭരണത്തിന് നമ്മെ പ്രേരിപ്പിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം പ്രകൃതിദത്തമായി നീരുറവകളും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. കുന്നിൻ ചെരുവുകളിൽ വർദ്ധിച്ചു വരുന്ന മണ്ണൊലിപ്പ് തടയാനും ശുദ്ധജലസംഭരണത്തിനും നീർമറി പദ്ധതികൾ നടപ്പിലാക്കണം. ഭൂമി തട്ടുകളാക്കി, ഉയർന്ന തട്ടുകളിൽ വലിയ കുഴികളെടുത്ത് മഴവെള്ളം സംഭരിക്കാനും ആസൂത്രിതമായി പദ്ധതി രൂപകൽപ്പന ചെയ്യണം. കുടിവെള്ള ക്ഷാമത്തിൽ നിന്ന് സമ്പൂർണ്ണമായും സ്വതന്ത്രമായൊരു പഞ്ചായത്ത് എന്ന് പ്രഖ്യാപിക്കാൻ പ്രാദേശിക ജനകീയ സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയേ തീരൂ.

**കുടിവെള്ളം : പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും.**

| വാർഡ് | ക്ഷാമമേഖല | പരിഹാരമാർഗ്ഗം |
|---|---|---|
| 1. | പടിഞ്ഞാറെ കാരക്കുന്ന്,പൂപ്പറമ്പത്ത് കുന്ന്,മദിരാട്ട്പ്രദേശം, പുളിയനാറമ്പത്ത് താഴം, ആരംകുനിത്താഴം | ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ<br><br>ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ |
| 2. | പേരടിക്കുന്ന്, തയ്യമ്പാടിക്കുന്ന്, ചാലിൽ കോളനി | ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ |
| 3. | പൂരങ്ങോട്ട്മലയിൽ, അത്താഴക്കുന്ന്, അറന്നോളി- ചാലിക്കരത്താഴം - | ചെലപ്രം ചീർപ്പിലെ ജലം എത്തിക്കുക.<br>കൂളി ചാളക്കൽ ഭാഗത്ത് ചതുപ്പുനിലം കെട്ടി സംരക്ഷിച്ച് ശുദ്ധ |
| 4. | ചെലപ്രം ഭാഗം | ജലവിതരണ പദ്ധതി നടപ്പിലാക്കുക. |
| 5. | ചിരട്ടാട്ടുമല,കമലക്കുന്ന്, പെരിഞ്ചിലമല, കയ്യൂന്നിമ്മൽകുന്ന്, കുന്നുമ്മൽ മീത്തൽ, പറയരുപറമ്പത്ത് മീത്തൽ | കൂടത്തുംപൊയിൽ ഹരിജൻ ശുദ്ധജലവിതരണപദ്ധതിയിലെ മലിനജലം ശുദ്ധീകരിച്ച് കൂടുതൽ കാര്യക്ഷമമാക്കുക. |
| 6. | പുൽപ്പറമ്പിൽ മലയിൽ ഭാഗം, ചാമപ്പറമ്പത്ത് ഭാഗം, മുപ്പറ്റമ്മൽ ലക്ഷംവീട് കോളനി, നടുപുത്തലത്ത് കണ്ണാടിച്ചാൽ ഭാഗം, തടത്തിൽ ലക്ഷംവീട് കോളനി | 1,2 എന്നീ ഭാഗത്തേക്ക് കൂടി ശുദ്ധജലം കിട്ടത്തക്കവിധം എടോളിമീത്തൽ ലക്ഷംവീട് ശുദ്ധജലവിതരണ പദ്ധതി വ്യാപിപ്പിക്കുക.<br>3,4,5 ഭാഗത്തേക്ക് ചെറുകിട ശുദ്ധജലവിതരണപദ്ധതികൾ |
| 7. | 1) പറയരുകുന്ന്, 2)അയിലാടത്ത് കുന്ന് 3) ധർമ്മൻകുന്ന് 4)കുറുക്കൻകുന്ന് 5) പാലോർകുന്ന് 6) പുതിയോത്ത് താഴം 7) കണിയാറക്കൽ മീത്തൽ 8) നെല്ല്യുളിപ്പറമ്പത്ത് | 1 ഉം 3 ഉം ഭാഗത്തേക്ക് അനുവദിച്ച പദ്ധതി ജോലി പെട്ടെന്ന് പൂർത്തിയാക്കുക. മറ്റു ഭാഗത്തേക്ക് മിനി ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കുക. |
| 8. | 1) പനയിത്തിങ്കൽ മീത്തൽ കോളനി 2) ആനോപ്പാറ 3) വളറാട് കുന്നുമ്മൽ ഹരിജൻകോളനി 4) കോട്ടുകണ്ടി ഭാഗം | 2,3-ഭാഗത്തെ കുടിവെള്ളം പരിഹരിക്കുവാൻ ചീറോട്ട് താഴം കിണർ കുഴിച്ച് വെള്ളംപമ്പ് സ്ഥാപിക്കുക. 1ാം ഭാഗത്തേക്ക് കനാൽ ഭാഗത്ത് കിണർ കുഴിക്കുക. |
| 9. | 1) കാലത്തൂർ കോളനി- മാമുണ്ട കരുവാരക്ഷേത്രം 2)മേക്കൂടത്തിങ്കൽ പാറമ്മൽ ഭാഗം. | 1ാം ഭാഗത്ത് . കിണർ പുഞ്ചയിൽ ഭാഗത്ത് കുഴിക്കണം.<br>2ാം ഭാഗത്ത് മേടക്കുന്ന് മല വ്യാപിപ്പിക്കുക. |
| 10 | 1) മേടക്കുന്ന് മല - പൂവത്തൂർഭാഗം | ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ |
| 11 | അഞ്ച്, നാല് സെന്റ് കോളനികൾ അവയോടനുബന്ധമായി കിടക്കുന്ന ഉയർന്ന പ്രദേശങ്ങളും. | ഈ ഭാഗത്തേക്ക് മാറോളിത്താഴത്തുള്ള പഴയ കുളം ആഴവും വീതിയും കൂട്ടി ഒരു ചെറുകിട നടപ്പാക്കുക. ശേഷിച്ച ഭാഗങ്ങൾക്ക് വളപ്പിൽ ഭാഗത്ത് കിണർ കുഴിച്ച് . കാരാട്ട് പറമ്പ് ശുദ്ധജലവിതരണ പദ്ധതി പൂർത്തീകരിക്കുക. |
| 12 | 1) ചാലിക്കര ഹരിജൻ കോളനി 2) കണിക്കോട്ട് കുന്ന് പ്രദേശം 3) മേലെ ആര്യാറമ്പത്ത് ഹരിജൻ കോളനി പ്രദേശം | ആര്യാറമ്പത്ത് താഴത്ത് (ചാലിൽ ഭാഗം) കിണർ കുഴിച്ച് കണിക്കോട്ടുമ്മൽ മലയിൽ ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്താം. |

# ആരോഗ്യം

'ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ' ജീവിതസുഖവും സമാധാനവും ശാന്തിയും, ജീവിതത്തോടുള്ള കാഴ്ചപ്പാടും സമീപനവും ജീവിതപ്രവർത്തനങ്ങളും എല്ലാം ശാരീരിക മാനസീക ആരോഗ്യത്തോട് ബന്ധപ്പെട്ടാണിരിക്കുന്നത്. ആരോഗ്യമുള്ള വ്യക്തികൾ ചേർന്ന കുടുംബം സന്തുഷ്ടകുടുംബം തന്നെയാണ്. ഇത്തരം വ്യക്തികളും കുടുംബങ്ങളും ചേർന്ന സമൂഹം ഒരു നാടിന്റെ സൗഭാഗ്യമാണ്. സാമ്പത്തിക വികസനത്തിന്റെ അളവുകോലായി പൊതുജനാരോഗ്യം വിലയിരുത്തപ്പെടുന്നു.

ആരോഗ്യത്തിന്റെയും ആയുസ്സിന്റെയും കാര്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുൻപന്തിയിലാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. കുറഞ്ഞ ജനന–മരണനിരക്ക്, ആയുർദൈർഘ്യം എന്നിവയുടെ കാര്യത്തിൽ കേരളം വികസിത രാജ്യങ്ങൾക്കൊപ്പമാണല്ലോ.

എന്നാൽ ഇന്നുള്ള പൊതുജന ആരോഗ്യ പരിപാലന നിലവാരം എത്രത്തോളമാണ്?. ഇക്കാര്യത്തിൽ സ്വയം പരിശോധന സാധ്യമാകുന്ന ഒരു അസുലഭ സന്ദർഭമാണ് ഗ്രാമസഭാചർച്ചകളിൽ നിന്നാരംഭിക്കുന്ന ജനകീയാസൂത്രണ പ്രവർത്തനങ്ങളിലൂടെ നമുക്കിപ്പോൾ കൈവന്നിരിക്കുന്നത്.

പഞ്ചായത്തിലെ 12 വാർഡുകളിൽ നടന്ന ഗ്രാമസഭകളിൽ ഏറെ ഗൗരവത്തോടെയാണ് പൊതുജനാരോഗ്യം എന്ന വിഷയം ചർച്ചചെയ്യപ്പെട്ടത്. ആരോഗ്യമേഖലയിലെ നമ്മുടെമുന്നേറ്റത്തിന്റെ ചില ന്യൂനതകൾ വ്യക്തമാക്കുന്ന ഒട്ടേറെ വസ്തുതകൾ ചർച്ചയിൽ ഉയർന്നുവന്നു. വ്യക്തിപരമായും കുടുംബപരമായും സാമൂഹ്യമായും ശുചിത്വബോധത്തിന്റെ കാര്യത്തിലും ആരോഗ്യശീലങ്ങളുടെ കാര്യത്തിലും നമുക്ക് ധാരാളം വൈകല്യങ്ങളുണ്ടെന്ന് വസ്തുതകൾ വിശകലനം ചെയ്തുകൊണ്ട് ഗ്രാമസഭകൾ സമർത്ഥിച്ചു.

നമ്മുടെ വീടുകളും അങ്ങാടികളും അവയുടെ പരിസരങ്ങളും സ്കൂളുകളും ചുറ്റുപാടും ആരോഗ്യകേന്ദ്രങ്ങളുടെ അകവും പുറവും പോലും അനാരോഗ്യത്തിന്റെ വിത്ത് വിതയ്ക്കുന്നവയാണ്. എന്തിനേറെ പ്രകൃതിയുടെ വരദാനങ്ങളായ കുളങ്ങൾ, പുഴകൾ, എല്ലം മാലിന്യകൂമ്പാരമായി മാറിയിരിക്കുന്നു.

ഗ്രാമസഭാ ചർച്ചകളിൽ ഉന്നയിക്കപ്പെട്ട പൊതു ശുചിത്വവുമായി ബന്ധമുള്ള ചില പ്രധാന പ്രശ്നങ്ങളും അവയ്ക്ക് നിർദ്ദേശിക്കപ്പെട്ട പരിഹാരമാർഗ്ഗങ്ങളും ലഭ്യമായ സ്ഥിതിവിവരക്കണക്കുകളുടെ സഹായത്തോടെ ചുവടെ പ്രതിപാദിക്കുന്നു.

**പൊതുപരിസരം–പരിസ്ഥിതി മലിനീകരണം**

വായുവും ഭൂമിയും ജലവും നമ്മുടെ പൊതുസ്വത്താണ്. ഇവ ശുദ്ധമായി സൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. എന്നാൽ ഇവയെല്ലാം നമ്മുടെ ബോധഹരാഹിത്യംകൊണ്ടും അശ്രദ്ധകൊണ്ടും ദിനംപ്രതി, നിമിഷം പ്രതി മലിനപ്പെടുകയും പൊതുജനാരോഗ്യത്തിന് ഭീഷണിയായി ഭവിക്കുകയും ചെയ്യുന്നു.

**1. കക്കൂസ് എന്ന വലിയപ്രശ്നം**

പഞ്ചായത്തിന് അതിർത്തിയിട്ടുകൊണ്ടൊഴുന്ന പുഴകളുടെ തീരങ്ങളും, കുളങ്ങളുടെ കരകളും, ജലസേചന പദ്ധതികളുടെ കനാൽ ഓരങ്ങളും, റോഡുകളിലെ ഓവുചാലുകളും പൊതു ഒഴിവു സ്ഥലങ്ങളും പറമ്പുകളും എല്ലാ മലവിസർജ്ജന കേന്ദ്രങ്ങളാണെന്നും ജലജന്യമായ ഉദരരോഗങ്ങൾ, വിരശല്യം, മഞ്ഞപിത്തം എന്നിവ വ്യാപിക്കുന്നതിന് ഇതാണ് മുഖ്യകാരണമെന്നും എല്ലാ വാർഡുകളിലെ ഗ്രാമസഭകളിലും പരാതിപ്പെടുകയുണ്ടായി. വളരെ വസ്തുനിഷ്ഠമായാണ് ഈ പ്രശ്നം അവതരിപ്പിക്കപ്പെട്ടത്.

1993–94, 94–95, 95–95 വർഷങ്ങളിൽ, കണക്കുകൾ പരിശോധിക്കുമ്പോൾ പ്രതിവർഷം 1000 ത്തിലധികം പേർക്ക് ജലജന്യരോഗബാധയുണ്ടായതായി കാണാം. 95–96 ൽ മൂന്നുപേർ 'വീൽസ്' രോഗത്തിനിരയാവുകയും

ഇവരിൽ രണ്ടുപേർ മരണപ്പെടുകയും ചെയ്തു. മഞ്ഞപിത്തം കാരണം ഒരാൾ ഇതേ വർഷം മരണപ്പെട്ടു.

**പകർച്ചവ്യാധി വിവരങ്ങൾ**

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ |
|---|---|---|---|
| 1993-94 | 1000+ | 8 ചിക്കൻപോക്സ് | |
| 1994-95 | 1000+ | 6 ” | |
| 1995-96 | 1000+<br>വീൽസ്=3<br>മരണം=2<br>മഞ്ഞപ്പിത്തമരണം=1 | 15 ” | മലേറിയ=4<br>മന്ത് =1 |

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട്പേഷ്യന്റ് എണ്ണം | ത്വക്രോഗം % | പകർച്ചവ്യാധികൾ % | മറ്റുരോഗങ്ങൾ |
|---|---|---|---|---|---|
| 1992-93 | 5 | 16,866 | 5% | 75% | 20% |
| 1993-94 | - | 17,649 | 5% | 75% | 20% |
| 1994-95 | - | 13,666 | 5% | 75% | 20% |
| 1995-96 | - | 12,158 | | | |

**കാരണം:**

പഞ്ചായത്തിലെ 30% ത്തിലധികം വീടുകൾക്ക് കക്കൂസ് സൗകര്യമില്ല. കൂടാതെ പല വാർഡുകളിലും കൂലിപ്പണികൾക്കായിവന്ന് സ്ഥിരതാമസക്കാരായ തമിഴ്നാരുടെ കുടുംബങ്ങൾ പൊതുസ്ഥലങ്ങൾ യഥേഷ്ടം മലവിസർജനത്തിനുപയോഗപ്പെടുത്തുന്നു.

നിലവിലുള്ള കക്കൂസുകളിൽതന്നെ സെപ്ടിക് ടാങ്കോടുകൂടിയവ എണ്ണത്തിൽ കുറവാണ്. കുഴികക്കൂസുകളാണ് അധികവും. സിമന്റ് സ്ലാബിൽ ഘടിപ്പിച്ച സിമന്റ് ക്ലോസറ്റുകളാണ് ഇവയിൽ ഉപയോഗിക്കുന്നത് പൂർണമായി വൃത്തിയോടെ സൂക്ഷിക്കാൻ കഴിയാത്ത ഇത്തരം ക്ലോസറ്റുകളോടുകൂടിയ കക്കൂസുകൾ തന്നെ രോഗങ്ങൾ പരത്താൻ സഹായിക്കുന്നു.

**അറവുശാലകളിലെ മാലിന്യം**

കോഴി, ആട്, മാട്-ഇറച്ചി വിൽപന ശാലകളിൽനിന്ന് കളയുന്ന മാലിന്യങ്ങളെല്ലാം പുഴകളിൽ തള്ളുന്നതുമൂലം പുഴവെള്ളം മലിനപ്പെടുന്നു. വെള്ളം കുറയുന്ന ഫെബ്രുവരി, മാർച്ച് ഏപ്രിൽ മാസങ്ങളിൽ കുളിക്കാൻപോലും കൊള്ളാത്ത ദുർഗന്ധം വമിക്കുന്ന വെള്ളമാണ് പുഴയിൽ ഉണ്ടാവുക. ഏതാനും ഇറച്ചികച്ചവടക്കാർ സ്വന്തം നേട്ടത്തിനായി നടത്തുന്ന ഏർപ്പാട് ഒരു നാടിന്റെ ജീവനാഡിയായ പുഴകളെ മലിനപ്പെടുത്തുന്നത് വളരെ രോഷത്തോടെയാണ് ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ടത്. നമ്മുടെ പഞ്ചായത്തിന്റെ മൂന്ന് ഭാഗവും നിറഞ്ഞുനില്ക്കുന്ന ശുദ്ധജലമാണ് ഇങ്ങിനെ മലിനമാക്കപ്പെടുന്നത്.

**3. ചണ്ടികൂമ്പാരങ്ങൾ**

ഹോട്ടലുകൾ, പച്ചക്കറി വില്പനശാലകൾ തുടങ്ങിയ കച്ചവടസ്ഥാപനങ്ങൾ പുറംതള്ളുന്ന ചണ്ടികൂമ്പാരങ്ങൾ കക്കോടി ബസാറിലും കടകളുടെ പിൻവശത്തും കക്കോടി പുഴയുടെ ബണ്ടിന്റെ ഓരങ്ങളിലും നിക്ഷേപിക്കുന്നത് മൂലം പരിസരം ദുർഗന്ധപൂരിതമാകുന്നു വെന്നാണ് മറ്റൊരു പരാതി.

**4. കൊതുക്, ഈച്ച, എലി ശല്യം**

കൊതുകുകളും ഈച്ചകളും നാട്ടിൽ വല്ലാതെ പെരുകിക്കൊണ്ടിരിക്കുകയാണെന്നും ഇതിനു കാരണം കുമിഞ്ഞുകൂടുന്ന മാലിന്യങ്ങളും കെട്ടിക്കിടക്കുന്ന മലിനജലവുമാണെന്നും വ്യക്തമാക്കപ്പെടുകയുണ്ടായി. കക്കോടി ബസാറിലും മറ്റുമുള്ള അഴുക്കുചാലുകൾ ഒഴുകിപ്പോകുന്ന ചാലുകളല്ല, മറിച്ച് അഴുക്കും മലിനജലവും കെട്ടിക്കിടക്കാൻ മാത്രം ഇടയാക്കുന്ന ചാലുകളാണ്. ഈ അ ഴുക്ക് ചാലുകൾ ഇടക്കിടെ വൃത്തിയാക്കാനും കൊതുക് നാശത്തിനും രോഗാണു നാശത്തിനുമായുള്ള മരുന്നുകൾ തളിക്കാനും ഏർപ്പാടുണ്ടാക്കിയേ മതിവാകൂ. എലികളെ നശിപ്പിക്കാനുള്ള നടപടികൾ സത്വരം കൈക്കൊള്ളേണ്ടതാണെന്ന് ഈ വർഷം തന്നെ പഞ്ചായത്തിൽ സംഭവിച്ച 'വീൽസ്' രോഗബാധമൂലമുണ്ടായ മരണങ്ങൾ നമുക്ക് താക്കീത് നൽകുകയാണ്.

**5. വ്യവസായ മലിനീകരണം**

കാര്യമായി എടുത്ത് പറയാവുന്ന വ്യവസായ സംരംഭങ്ങളൊന്നും ഇല്ല. ഉള്ള രണ്ടോ മൂന്നോ യൂണിറ്റുകൾ മലിനീകരണമുണ്ടാക്കുന്നു എന്നാണ് അതാത് ഗ്രാമസഭകളിൽ ഉയർന്നുവന്ന ശക്തമായ പരാതി. നാലാം വാർഡിൽ സ്ഥിതിചെയ്യുന്നു 'നവരത്ന കെമിക്കൽസ് പുറത്തേക്കൊഴുക്കുന്ന മലിനജലം ഈ പ്രദേശത്തുകാരുടെ കുടിവെള്ളം മലിനപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. നാലാം വാർഡിലെ ജനങ്ങൾക്കോ പഞ്ചായത്തിനോ ഈ സ്ഥാപനം കൊണ്ട് യാതൊരു ഗുണവുമില്ലെന്നും നാട്ടുകാർക്ക് ദോഷം ചെയ്യുന്ന ഈ സ്ഥാപനം എത്രയും വേഗം നിർത്തലാക്കണമെന്നുമാണ് വാർഡ് നിവാസികൾ ഏകസ്വരത്തിലുന്നയിച്ച ആവശ്യം. 10-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന സ്റ്റാർ വീവേഴ്സ് എന്ന നെയ്ത്ത് ശാലയിൽനിന്ന് പുറത്തേക്കൊഴുക്കുന്ന മലിനജലത്തിനെതിരെയും പരാമർശങ്ങളുണ്ടായി.

പരിസര മലിനീകരണത്തിനും പരിസ്ഥിതി നാശത്തിനും ഇടവരുത്താനിടയുള്ള യാതൊരു വ്യവസായ സംരംഭത്തിനും നമ്മുടെ പഞ്ചായത്തിൽ അനുമതി നൽകരുതെന്നാണ് എല്ലാ വാർഡുകളിലേയും ഗ്രാമസഭകളിൽ ഉയർന്നുവന്ന ഏറ്റവും ശക്തമായ ആവശ്യം.

**നിലവിലുള്ള ആരോഗ്യസ്ഥാപനങ്ങളും അവയുടെ ഇപ്പോഴത്തെ അവസ്ഥയും**

കക്കോടി പഞ്ചായത്തിൽ ആരോഗ്യ കേന്ദ്രങ്ങളുടെ എണ്ണം കുറവാണ്. ഉള്ളവയുടെ ഗുണവും തീരെ കുറവുതന്നെയാണ്. "ആരോഗ്യമില്ലാത്ത ആരോഗ്യകേന്ദ്രങ്ങൾ" എന്നാണ് ഗ്രാമസഭകളിൽ ഉയർന്നുവന്ന ഒരു പരാമർശം

### സ്ഥാപന വിവരങ്ങൾ

| സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/ വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം |
|---|---|---|---|---|
| 1. പ്രൈമറി ഹെൽത്ത് സെന്റർ, കക്കോടി, | അലോപ്പതി, | സ്വന്തം | 20 | 1976 |
| 2. ഗവ. ഹോമിയോ ഡിസ്പെൻസറി | ഹോമിയോ | സ്വന്തം | 4 | 1991 |
| 3. കുടുംബക്ഷേമ കേന്ദ്രം, കക്കോടിമുക്ക് | | സ്വന്തം | | |
| 4. കുടുംബക്ഷേമ കേന്ദ്രം ചെറുകുളം | | സ്വന്തം | | |

### പ്രൈമറി ഹെൽത്ത് സെന്റർ

1979-ൽ സ്വന്തം കെട്ടിടത്തിലാരംഭിച്ച ഈ പൊതു ജനാരോഗ്യ കേന്ദ്രത്തെ ഏറെ പ്രതീക്ഷയോടെയാണ് പഞ്ചായത്തിലെ ജനങ്ങൾ നോക്കികണ്ടത്. 1993 ൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തി. പക്ഷെ, ഈ സൗകര്യം നീണ്ടുനിന്നില്ല. പുരോഗതിക്ക് പകരം നാൾക്കുനാൾ അധോഗതിയിലേക്കാണ് ഈ സ്ഥാപനം വന്നുകൊണ്ടിരിക്കുന്നത്.

മഴക്കാലത്ത് ചോർന്നൊലിക്കുന്ന കെട്ടിടം, പരിമിതമായ ടോയ്ലറ്റ് സൗകര്യങ്ങൾ, കൈകഴുകാൻ വാഷ്ബേസിൻ ഇല്ലാത്ത അവസ്ഥ, മാലിന്യങ്ങൾ സംസ്കരിക്കാനുള്ള സൗകര്യമില്ലായ്മ, ഇത്യാദിപരാധീനതകൾ PHC യെ ദുരിതപൂർണമാക്കുന്നു. ഒരു ചുറ്റുമതിലും ആവശ്യത്തിന് വെളിച്ചവും ഇല്ലാത്തതിനാൽ രാത്രികാലങ്ങളിൽ വരാന്തരയിൽ സാമൂഹ്യവിരുദ്ധരുടെ ശല്യമുണ്ട്. എല്ലാം കൊണ്ടും ഗുരുതരമായ അവശാവസ്ഥയിൽ കഴിയുന്നു ഈ ആരോഗ്യകേന്ദ്രം.

### ഹോമിയോ ഡിസ്പൻസറി

സ്വന്തം കെട്ടിടത്തിൽ 1991 ൽ സ്ഥാപിതമായി. അന്നും ഇന്നും ഈ സ്ഥാപനത്തിന്റെ സ്ഥിതി ഏറെ പരിതാപകരം തന്നെ. ആവശ്യമായ അടച്ചുറപ്പില്ല. വെള്ളവും വെളിച്ചവും ടോയ്ലറ്റ് സൗകര്യവുമില്ല. കോമ്പൗണ്ട് വാളും ഗെയ്റ്റുമില്ല. ആരംഭം മുതൽ ഇന്നുവരെ ഇല്ലായ്മയുടെ പര്യായമായി ഈ സ്ഥാപനം തുടരുന്നു.

### കുടുംബക്ഷേമ കേന്ദ്രങ്ങൾ

കക്കോടി പബ്ലിക് ഹെൽത്ത് സെന്ററിന്റെ സബ്സെന്ററുകളായ നിലവിലുള്ള രണ്ടു കുടുംബക്ഷേമ കേന്ദ്രങ്ങളും ശോച്യാവസ്ഥയിൽ തന്നെയാണ്. എന്നാൽ പഞ്ചായത്തിലെ ദമ്പതികളിൽ ഭൂരിഭാഗവും കുടുംബക്ഷേമ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

ചുവടെ കാണുന്ന പട്ടിക ശ്രദ്ധിക്കുക.

| *(ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)* കുട്ടികളുടെ എണ്ണം | അമ്മമാരുടെ എണ്ണം | കുടുംബാസൂത്രണം സ്വീകരിച്ചവർ |
|---|---|---|
| a. 1 കുട്ടി, | 983 | 474 |
| b. 2 കുട്ടികൾ | 1837 | 1555 |
| c. 2 ൽ കൂടുതൽ | 1224 | 1090 |

### ആവശ്യങ്ങൾ, നിർദ്ദേശങ്ങൾ

എല്ലാ വീടുകൾക്കും വൃത്തിയുള്ള കക്കൂസുകൾ എന്ന ലക്ഷ്യത്തോടെ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ തന്നെ ഒരു പദ്ധതി ആരംഭിക്കണം. സിമന്റ് സ്ലാബിൽ പോർസലൈൻ ക്ലോസെറ്റ് ഘടിപ്പിച്ചുണ്ടാക്കിയ പൂർണ്ണ ശുചിത്വത്തോടെ സൂക്ഷിക്കാൻ കഴിയുന്ന കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുന്ന ഒരു യൂണിറ്റ് പഞ്ചായത്ത് അടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്. ഇതിന് സബ്സിഡി അനുവദിക്കണം.

പൊതുകക്കൂസുകൾ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിക്കണം. വലതും ചെറുതുമായ ബസാറുകളുടെ സമീപവും പുറനാട്ടുകാർ താമസിക്കുന്ന കേന്ദ്രങ്ങൾക്കടുത്തും കൂടുതൽ മുറികളുള്ള കക്കൂസുകളുണ്ടാകണം. ഇവ വൃത്തിയാക്കാൻ സ്ഥിരം സംവിധാനമുണ്ടാകണം.

പുറംനാട്ടുകാർക്ക് മുറികൾ വാടകക്ക് നൽകുന്നവർ കക്കൂസ് സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നത് നിർബന്ധമാക്കണം. പൊതുസ്ഥലങ്ങളിൽ മലവിസർജ്ജനം നടത്തുന്നത് കർശനമായും തടയണം.

മാലിന്യങ്ങൾ ഉപയോഗിച്ച് ഒരു കമ്പോസ്റ്റ് വള നിർമ്മാണ യൂണിറ്റ്. അറവുശാലകളിലെ മാലിന്യങ്ങളും കടകളിൽനിന്നും പൊതുസ്ഥലങ്ങളിൽനിന്നുള്ള ചപ്പുചവറുകളും ഒരു പ്രതിദിന പ്രശ്നമാണെന്നതിനാൽ ഇവയിൽനിന്നുള്ള ഒരു സ്ഥിരം രക്ഷാമാർഗ്ഗം കണ്ടെത്താൻ ഗഹനമായ ആലോചനകൾ നടന്നു. മാലിന്യ നിർമ്മാർജ്ജനത്തോടൊപ്പം കമ്പോസ്റ്റ് വളം നിർമ്മിക്കുന്ന ഒരു യൂണിറ്റിന്റെ സാധ്യത ബോധ്യപ്പെട്ടു. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഇത് ആരംഭിക്കണം. കല്ലുവെട്ടുകുഴികളിൽ പറ്റിയവ തിരഞ്ഞെടുത്ത് ഓരോ ദിവസത്തേയും മാലിന്യം കൊണ്ടുപോയി നിക്ഷേപിക്കാം. അതത് ദിവസം മണ്ണിടാൻ ആളുകളെ ഏർപ്പാട് ചെയ്യണം. ഇതിനാവശ്യമായ മുഴുവൻചെലവും കമ്പോസ്റ്റ് വില്പനയിലൂടെ സ്വരൂപിക്കാം. പരിസ്ഥിതിപ്രശ്നം പൊതുസ്ഥല മലിനീകരണം ജൈവ വളക്ഷാമം എന്നിവയ്ക്ക് പരിഹാരമാവുകയും കാര്യക്ഷമമായാൽ പഞ്ചായത്തിന് സാമ്പത്തിക വരുമാനമാർഗ്ഗം വർദ്ധിപ്പിക്കുകയും ചെയ്യാൻ നമ്മുടെ പദ്ധതിക്ക് കഴിയും.

**ആരോഗ്യ കേന്ദ്രങ്ങൾ:** നിലവിലുള്ള ആരോഗ്യകേന്ദ്രങ്ങൾ കുറ്റമറ്റതാക്കണം. ആരോഗ്യ കേന്ദ്രങ്ങളുടെ

പ്രയോജന വ്യാപ്തി വർദ്ധിപ്പിക്കണമെന്ന് 12 വാർഡുകളിൽനിന്നും ആവശ്യമുയർന്നു. പബ്ലിക് ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം എത്രയും വേഗം ഏർപ്പെടുത്തണമെന്നും 24 മണിക്കൂറും ലഭ്യമാക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു. ഡോക്ടർക്കും മറ്റു സ്റ്റാഫ് അംഗങ്ങൾക്കും താമസസൗകര്യം ഏർപ്പെടുത്തണം.

**അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികൾക്കുമായുള്ള ഒരു വിദ്യാ- പരിശീലനകേന്ദ്രം**

അംഗവൈകല്യമുള്ളവരും മന്ദബുദ്ധികളുമായി 100 ഓളം പേർ നമ്മുടെ പഞ്ചായത്തിലുണ്ട്.

| അംഗവൈകല്യമുള്ളവർ | |
|---|---|
| a -അന്ധർ | 18 |
| b. ബധിരർ | 11 |
| c. മൂകർ | 10 |
| d. ബധിര -മൂകർ | 6 |
| e. ചലനവൈകല്യം | 18 |
| മന്ദബുദ്ധികൾ | 28 |
| ആകെ | 91 |

ഇവരെ ശ്രദ്ധിക്കാനും പരിശീലിപ്പിക്കാനുമായി ഒരു വിദ്യാകേന്ദ്രം ഇന്നില്ലാത്തതിന്ന് പരിഹാരമുണ്ടാവണം.

**വോൾട്ടേജ് കമ്മിയും കുട്ടികളുടെ കണ്ണുകളും**

പകൽസമയം മുഴുവൻ വിദ്യാലയങ്ങളിലും പോക്ക് വരവിനുമായും ചെലവിടുന്ന കുട്ടികൾ പഠിക്കാനിരിക്കുന്നത് സന്ധ്യക്ക് ശേഷമാണ്. വൈകുന്നേരം 6 മണിമുതൽ 9-10 മണിവരെയുള്ള സമയങ്ങളിൽ നിലനില്ക്കുന്ന വൈദ്യുതി വോൾട്ടേജ് കമ്മിയോട് മല്ലിട്ട് എഴുതുകയും വായിക്കുകയും ചെയ്യുന്ന നമ്മുടെ കുട്ടികളുടെ കണ്ണുകൾക്ക് ചെറുപ്രായത്തിലേ ക്ഷയം സംഭവിച്ചുകൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം നാം അറിഞ്ഞുകൊണ്ട് തന്നെ സംഭവിക്കുകയാണ്. ഇതിന്ന് സംസ്ഥാന തലത്തിലും പഞ്ചായത്ത് തലത്തിലും വേണ്ടതായ പരിഹാരമാർഗ്ഗങ്ങൾ സത്വരം കണ്ടെത്തേണ്ടതുണ്ട്.

**ഓരോ വാർഡിനും ഒരു പൊതു കളിസ്ഥലം**

ആരോഗ്യമുള്ള കുട്ടികളും യുവാക്കളും നാടിന്റെ ഭാവിസമ്പത്താണ്. പൊതു കളിസ്ഥലങ്ങൾ നാടിന്റെ ആരോഗ്യകേന്ദ്രങ്ങൾതന്നെയാണ്. ഭാവി പൗരന്മാരായി വളർന്നുരുവന്ന നമ്മുടെ കുട്ടികൾ അന്യോന്യം അറിയാനും ഇടപഴകാനും ആരോഗ്യകരമായ സാമൂഹിക ബന്ധം വളരാനും ഇത്തരം പൊതുകളിസ്ഥലങ്ങൾ സഹായകമാവും. ഈ കളിസ്ഥലങ്ങളോട് ബന്ധപ്പെട്ട് ഒരു യോഗാഭ്യാസ കേന്ദ്രവും ഉണ്ടാവേണ്ടതാണെന്ന ആവശ്യം ഉന്നയിക്കപ്പെടുകയുണ്ടായി.

**പൊതുശ്മശാനം:**

ശവസംസ്കാരത്തിന് സ്വന്തമായി സ്ഥലമില്ലാത്ത നാട്ടുകാരുടെയും പുറം നാടുകളിൽനിന്ന് വന്ന് വാടക വീടുകളിൽ കുടുംബത്തോടെ സ്ഥിരതാമസം നടത്തുന്നവരുടേയും ആവശ്യാർത്ഥം ഒന്നോ രണ്ടോ പൊതുശ്മശാനം പഞ്ചായത്തിൽ ഉണ്ടാവേണ്ടതാണ്.

രക്ത-നേത്ര ദാതാക്കളുടെ ഒരു ഫോറം രൂപപ്പെടുത്തണം.

മയക്കുമരുന്നിനും വ്യാജമദ്യത്തിനുമെതിരെ ജാഗ്രത പുലർത്തണം.

അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ ഇല്ലായ്മ ചെയ്യണം.

**5. ഹെൽത്ത് കാർഡ്**

പഞ്ചായത്തിലെ ഓരോ വ്യക്തിക്കും ഒരു ഹെൽത്ത് കാർഡ് ഉണ്ടായിരിക്കേണ്ടതാണ്. ബ്ലഡ് ഗ്രൂപ്പ്, മുൻകാല രോഗവിവരങ്ങൾ, എല്ലാ രേഖപ്പെടുത്തുന്ന ഒരു കാർഡായിരിക്കണം ഇത്. രോഗിക്കും, ഡോക്ടർക്കും പഞ്ചായത്ത് തല ആരോഗ്യ വിവര ശേഖരണത്തിനും ഇത് പ്രയോജനപ്രദമായിരിക്കും.

ഇതിനെല്ലാം പുറമെ ചുവടെ കാണുന്ന നിർദ്ദേശങ്ങൾ കൂടി രേഖപ്പെടുത്തുകയാണ്.

കുടിവെള്ള പദ്ധതികളിലെ ടാങ്കുകൾ ഇടക്കിടെ ശുചീകരിക്കാനും ടാങ്കിനു മുകളിൽ വലയിടാനും ശ്രദ്ധിക്കണം.

ഹോട്ടലുകൾക്ക് ശുദ്ധജലം ലഭ്യമാക്കുകയും ഹോട്ടൽ അടുക്കളകളിൽ ശുചിത്വം ഉറപ്പുവരുത്തുകയും വേണം.

എല്ലാ വീടുകളിലേയും കിണറുകളുടെ സംരക്ഷണം ഉറപ്പുവരുത്താൻ വലയിട്ട് സൂക്ഷിക്കേണ്ടതിന് പ്രേരണ ചെലുത്തണം.

പൊതു കിണറുകളിലും സ്വകാര്യ കിണറുകളിലും ജലശുദ്ധീകരണത്തിനായി പ്രതിവർഷം ക്ലോറിനേഷൻ നടത്താൻ പ്രേരണ ചെലുത്തണം.

ഒരു പ്രകൃതി ചികിത്സാ കേന്ദ്രത്തിന്റെ ആവശ്യം ചില വാർഡുകളിലെ ഗ്രാമസഭകളിൽ ചർച്ചാവിഷയമായി. ആരോഗ്യത്തോടെയുള്ള ക്ഷേമജീവിതത്തിന് 'പ്രകൃതി ജീവനം' എത്രമാത്രം സുപ്രധാനമാണെന്ന അറിവ് പ്രചരിപ്പിക്കാനും പ്രകൃതി ചികിത്സാ മാർഗേണ രോഗങ്ങളിൽനിന്ന് മുക്തിനേടാനും ഓരോ ഗ്രാമത്തിലും ഒരു പ്രകൃതി ചികിത്സാ കേന്ദ്രം ഉണ്ടായിരിക്കേണ്ടതാണ്.

അശാസ്ത്രീയവും പ്രകൃതിവിരുദ്ധവുമായ നമ്മുടെ ഭക്ഷണരീതികളും ദുഃശ്ശീലങ്ങളുമാണ് ഏതാണ്ട് എല്ലാ രോഗങ്ങൾക്കും കാരണമെന്ന് നാം അറിയേണ്ടിയിരിക്കുന്നു. ഭക്ഷണം തന്നെയാണ് ഔഷധം' എന്നാണ് പ്രകൃതി ചികിത്സാ പ്രകാരമുള്ള വിധി. ഇന്ന് ഭക്ഷണമായി നാം കഴിക്കുന്നതെല്ലാം വിഷമയമായ വസ്തുക്കളാണ്. അമിതമായ രാസവള- കീടനാശിനി പ്രയോഗത്തോടെ കച്ചവടാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഭക്ഷ്യസാധനങ്ങളും പച്ചക്കറികളുമാണ് നാം നിത്യേന ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. കേരളീയരുടെ പ്രധാന ഭക്ഷണം അരിയാണെങ്കിലും അരിയുൽപാദനത്തിൽ നാം വളരെ പിന്നിലാണെന്ന കാര്യം കുറ്റബോധത്തോടെ മനസ്സിലാക്കേണ്ടതുണ്ട്. റേഷൻ ഷാപ്പുകളിലൂടെ വിതരണം ചെയ്യപ്പെടുന്ന

അരി, ഭക്ഷ്യ കോർപ്പറേഷൻ മാസങ്ങൾക്കുമുമ്പോ വർഷങ്ങൾക്കുമുമ്പോ തന്നെ ഗോഡൗണുകളിൽ സംഭരിച്ചുവെച്ചവയാണ്. കീടങ്ങളിൽനിന്നും, എലികളിൽനിന്നും സംരക്ഷണത്തിനായി ഗോഡൗണുകളിൽ കീടനാശിനികൾ അമിതമായി ഉപയോഗിക്കപ്പെടുന്നു. വിഷലിപ്തമായ ഈ അരിയാണ് നമ്മുടെ നിത്യഭക്ഷണം. ആ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് നെൽപ്പാടങ്ങൾ നികത്തുന്നതിനെതിരെയുള്ള വാദഗതികളുടെയും നിയമത്തിന്റേയും പ്രാധാന്യം.

ത്വക് രോഗങ്ങൾ, രക്തസമ്മർദ്ദം, ഹൃദ്രോഗം, ക്യാൻസർ, എന്നിങ്ങനെ നമ്മെ ഭയപ്പെടുത്തുന്ന എല്ലാ രോഗങ്ങൾക്കും മുഖ്യമായ കാരണം ഇത്തരം വിഷമയമായ ഭക്ഷ്യവസ്തുക്കളാണ്. ഇതിൽനിന്ന് രക്ഷനേടാൻ നമുക്ക് കഴിയുമോ? വിഷമയമായ അരിയിൽനിന്ന് പൂർണമായി നമുക്ക് രക്ഷയില്ലെങ്കിലും പച്ചക്കറികളുടെ കാര്യത്തിൽ നിശ്ചയമായും രക്ഷാമാർഗ്ഗമുണ്ട്. നാം ഉപയോഗിക്കുന്ന എല്ലാ ഇനം പച്ചക്കറികളും കിഴങ്ങുവർഗങ്ങളും നമ്മുടെ വീട്ടുപറമ്പുകളിൽ തന്നെ ജൈവവളമുപയോഗിച്ചും മാരക കീടനാശിനികൾ ഉപയോഗിക്കാതെയും വളർത്തിയെടുക്കാവുന്നതേയുള്ളൂ. ഈ രീതിയിൽ ഓരോ വീട്ടുപറമ്പിലേയും ഓരോ ഇഞ്ച് മണ്ണും കിഴങ്ങുവർഗ്ഗ-പച്ചക്കറി വർഗ്ഗങ്ങളുടെ കൃഷിക്കായി ഉപയോഗിക്കാൻ പ്രേരകശക്തിയായി നിലകൊള്ളുന്ന ഒരു കൃഷികേന്ദ്രവും പ്രകൃതിജീവന ബോധവൽക്കരണ കേന്ദ്രവും ഉണ്ടെങ്കിൽ അരിയൊഴികെയുള്ള ഭക്ഷ്യവസ്തുക്കളിൽ വിഷമുക്തിയും സ്വയം സമ്പൂർണ്ണതയും കൈവരിക്കാൻ നമുക്ക് കഴിയും.

കൂടാതെ മിക്കരോഗങ്ങൾക്കും, സിദ്ധഔഷധങ്ങളായി പ്രകൃതി ചികിത്സയിൽ പറയുന്ന ആര്യവേപ്പ്, കൂവളം, തഴുതാമ, മണിതക്കാളി, കറുക, വെള്ളമുത്തിൾ, കീഴാർനെല്ലി, തുളസി, എന്നിവ ഓരോ വീട്ടുപറമ്പിലും നട്ടുവളർത്തി ആവശ്യാനുസരണം ഉപയോഗപ്പെടുത്താൻ നമ്മെ പഠിപ്പിക്കുന്ന ഒരു പ്രകൃതി ജീവന-ചികിത്സാ കേന്ദ്രം കക്കോടി പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്.

**ഒരു ആയുർവേദ ആരോഗ്യകേന്ദ്രം:**

അലോപ്പതി, ഹോമിയോ, ആരോഗ്യകേന്ദ്രങ്ങൾ പഞ്ചായത്തിൽ ഇന്ന് നിലവിലുണ്ട്. ആയുർവേദ ചികിത്സാ സൗകര്യത്തിനായി ഒരു കേന്ദ്രംകൂടി നമുക്ക് ഉണ്ടാവേണ്ടതാണ്. എല്ലാ വാർഡുകളിലേയും, ഗ്രാമസഭകളിൽ ഈ ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

**സ്കൂൾ കുട്ടികൾക്ക് ദന്തരക്ഷാ സംവിധാനം:**

എൽ.പി.യു.പി. സ്കൂൾ പ്രായത്തിലുള്ള വലിയൊരു ശതമാനം കുട്ടികളിൽ കണ്ടുവരുന്ന സാധാരണ രോഗം ദന്തക്ഷയമാണ്. ഇതിന് പ്രധാനകാരണം രക്ഷിതാക്കളുടെ അനാസ്ഥയുമാണ്. ദന്തരക്ഷയെക്കുറിച്ച് രക്ഷിതാക്കൾക്കും, എൽ.പി./ യു.പി. സ്കൂൾ കുട്ടികൾക്കും ബോധവൽക്കരണം നൽകാൻ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു പദ്ധതിക്കു രൂപം നൽകേണ്ടതാണ്. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ ഉപയോഗപ്പെടുന്ന രീതിയിൽ ഒരു മെഡിക്കൽ സബ്സെന്റർ സ്ഥാപിക്കണം.

നിരന്തരമായ സാമൂഹ്യമാറ്റ പ്രക്രിയയോടൊപ്പമാണ് നമ്മുടെ ഇന്നുള്ള ആരോഗ്യമാതൃക വളർന്നുവന്നത്. വൈകല്യങ്ങൾ പരിഹരിക്കാൻ സാമൂഹ്യബോധത്തിലൂന്നിയ പ്രചരണവും സഹായവും കൂടിയേ തീരൂ. ആരോഗ്യരംഗത്തെ പരിപൂർണ്ണതയ്ക്ക് വ്യക്തിപരമായ ശ്രദ്ധയോടൊപ്പം ചുറ്റപാടുമുള്ള ശുചിത്വവും അത്യന്താപേക്ഷിതമാണ്.

# ഗതാഗതം

കാലപ്രവാഹത്തിൽ തേഞ്ഞുമാഞ്ഞുപോയ പഴയ നാട്ടുവഴികൾ കക്കോടി ഗ്രാമപഞ്ചായത്തിന്റെ കിഴക്കൻ അതിർത്തിയിൽ നിന്നു തുടങ്ങി പ്രദേശത്തെ മുറിച്ചു കടന്നു പോയിരുന്നതായി കാണാം. കിഴക്കൻ ഭാഗങ്ങളിൽനിന്നും കോഴിക്കോട് പട്ടണത്തിലേക്ക് ചുമടേറ്റി യാത്രക്കാർ പോയിരുന്നത് ഇതിലേയായിരുന്നു. കക്കോടിമുക്ക് ഇവരുടെ മുഖ്യ അത്താണിയായിരുന്നു. ബസ് ഗതാഗതം ആദ്യമായി കക്കോടി മുക്ക് വരെ എത്തിയത് പട്ടണവുമായി ബന്ധപ്പെടാൻ ആളുകൾക്ക് കൂടുതൽ എളുപ്പമായി. മൂന്നിൽ രണ്ടുഭാഗം നദികളാൽ വലയിതമായ പഞ്ചായത്തതിർത്തിയിൽ ജലഗതാഗതം ഒരിക്കൽ വളരെ പ്രധാനപ്പെട്ടതായിരുന്നു. കോഴിക്കോട് കോർപ്പറേഷൻ, എലത്തൂർ, തലക്കുളത്തൂർ പഞ്ചായത്തുകൾ എന്നിവിടങ്ങളിലേക്ക് ഒരുകാലത്തുള്ള യാത്രാമാർഗ്ഗം ഇതുതന്നെയായിരുന്നു. കടത്തും മത്സ്യബന്ധനവും കൂടിച്ചേർന്ന ഒരു ജീവിത രീതി തന്നെ പുഴയോരനിവാസികൾ നിലനിർത്തിയിരുന്നു.

മോട്ടോർ വാഹനങ്ങളുടെ ആധിക്യം റോഡുകളുടെ ബാഹുല്യത്തിന് പ്രധാനകാരണമായിത്തീർന്നിരിക്കുന്നു. കൂടാതെ ഭൂരിപക്ഷം ജനങ്ങളും പുറംലോകവുമായി ബന്ധപ്പെടാൻ തുടങ്ങിയതും റോഡുകളുടെ പ്രാധാന്യം വർദ്ധിപ്പിച്ചു.

പഞ്ചായത്തിൽ വിപുലമായ ഒരു റോഡ് ശൃംഖലയുണ്ട്. ജനകീയ പ്രവർത്തനങ്ങളിൽ കൂടിയാണ് പഞ്ചായത്തിലെ ഭൂരിഭാഗം റോഡുകളും നിർമ്മിക്കപ്പെട്ടതും. പഞ്ചായത്തിൽ മൊത്തം റോഡുകളുടെ നീളം 70.600 കി.മീറ്ററാണ്. ഇതിൽ 13.25 കി.മീ. P.W.D.യും ബാക്കി പഞ്ചായത്തു റോഡുമാണ്. പഞ്ചായത്ത് വകയുള്ളത് 3 കി.മീറ്റർ ടാർചെയ്തതും 3.5 കി.മീറ്റർ മെറ്റൽ ചെയ്തതുമാണ്. ബാക്കിവരുന്ന പല റോഡുകളുടെയും നില ശോചനീയമാണ്. ദൂരകാഴ്ചയോടെ നിർമ്മിക്കപ്പെട്ടവയല്ല ഭൂരിഭാഗം റോഡുകളും എന്നത് ഇവയുടെ വികസനത്തിന് വിഘാതമായി നിൽക്കുന്നു.

**റോഡുകളുടെ സ്ഥിതിയും, പ്രശ്നങ്ങളും**

1. മഴക്കാലങ്ങളിൽ ഭൂരിഭാഗം റോഡുകളും ഗതാഗയോഗ്യമല്ലാതായിത്തീരുന്നു.
2. റോഡുകൾ വേണ്ടത്ര വീതിയില്ലാത്തതിനാൽ വികസന സാദ്ധ്യത മുരടിച്ചിരിക്കുന്നു.
3. റോഡുകൾക്ക് ഓവ് ചാലുകൾ ഇല്ലാത്തത് ശോചനീയാവസ്ഥക്ക് കാരണമാവുകയും, അറ്റകുറ്റപണികളുടെ ആവർത്തന ചിലവ് കൂടി വരുകയും ചെയ്യുന്നു.
4. വയൽ പ്രദേശത്ത് കൂടി കടന്നുപോകുന്ന റോഡുകളുടെ അറ്റകുറ്റപണിക്ക് കൂടുതൽ ചിലവ് വരുന്നു.

**പരിഹാരം**

1. എല്ലാ റോഡുകൾക്കും ജനസഹകരണത്തോടെ റോഡ് സംരക്ഷണസമിതികൾ രൂപീകരിക്കുക.
2. റോഡുകൾ വീതി കൂട്ടുകയും ഓവ് ചാലുകൾ നിർമ്മിക്കുകയും ചെയ്യുക. ജനസാന്ദ്രത കൂടുതലുള്ള പ്രദേശമായതിനാൽ JRY ഫണ്ട് ചിലവഴിക്കാൻ 6 മീറ്റർ വീതി എന്ന നിബന്ധനക്ക് ഇളവ് വരുത്തുക.
3. റോഡിൽ ചിലവഴിക്കപ്പെടുന്ന പണം റോഡുസംരക്ഷണ സമിതിയിൽ കൂടെ ചിലവഴിക്കുകയും തദ്ദേശവാസികളുടെ സഹകരണത്തോടെ നിർമ്മാണപ്രവൃത്തികൾ നടത്തുകയും ചെയ്യുക. ചിലവഴിക്കപ്പെടുന്ന തുക ജനകീയ പരിശോധനയ്ക്ക് വിധേയമാക്കുക.
4. വയൽ പ്രദേശങ്ങളിലെ റോഡുകൾ രണ്ട് ഭാഗവും കെട്ടിഉയർത്തി സംരക്ഷിക്കുക. വയൽ നികത്തി നിർമ്മിക്കുന്ന റോഡുകൾക്ക് പ്രോത്സാഹനം നൽകാതിരിക്കുകക.
5. വാർഡിൽ ഒരു പ്രധാനപ്പെട്ട റോഡെങ്കിലും ടാർ ചെയ്തു സംരക്ഷിക്കുക.

**അടിയന്തിരമായി അറ്റകുറ്റപണികൾ ചെയ്യേണ്ടവ**

പുറണാടത്തിൽ താഴം ചാത്തൻകുളം,

അരുത്തിരിഞ്ഞിമല റോഡ്

കറ്റട –രാരാടത്ത് താഴം റോഡ്

കണ്ടിയിൽ താഴം –വള്ളോളിതാഴം റോഡ്

ഇടക്കണ്ടി താഴം – അങ്കപ്പറമ്പ് താഴം റോഡ്

പാണൻകണ്ടി താഴം – കൊലവൻകാവ്പടിറോഡ്

ശശീന്ദ്രാ ബേങ്ക് – ഗവ:ഹൈസ്കൂൾ റോഡ്

കീഴട്ടംവള്ളിതാഴം – പറമ്പള്ളിതാഴം റോഡ്

പീച്ചങ്ങാളിതാഴം – ഹൈസ്കൂൾ റോഡ്

കൂളിച്ചാളക്കൽലക്ഷംവീട് കോളനിറോഡ്

കൂടത്തുംപൊയിൽ എരഞ്ഞോത്ത് താഴം റോഡ്

കുറുങ്ങാട്ടിൽ താഴം ഹൈസ്കൂൾ റോഡ്

ചിരട്ടാട്ടുതാഴം – മലക്കുന്ന് റോഡ്

എരക്കുളം പിലാക്കാട്ട് റോഡ്

മിനിസ്റ്റേഡിയം റോഡ്

മാളികയിൽ താഴം – പൊന്മാണിക്കോട്ട് റോഡ്

കക്കോടിമുക്ക് – ഊട്ടുകുളം റോഡ്

ചാലിൽ താഴം – ഊട്ടുകുളം റോഡ്

കണ്ണാടിച്ചാലിൽ – കച്ചേരിറോഡ്

തെരുവത്ത് താഴം – പൊട്ടംമുറിറോഡ്

നാറാത്ത് താഴം – കരോത്ത് താഴം റോഡ്

കരോത്ത് താഴം – വളപ്പിൽ താഴം റോഡ്

ന്യൂബസാർ – കൈതമോളിറോഡ്

ചാലിൽതാഴം –മല്ലിശേരി താഴം റോഡ്

പടിഞ്ഞാറ്റുംമുറി – പാമ്പിൻകടവ് റോഡ്

കക്കോടി – പറമ്പിൽ കടവ് റോഡ്

കണ്ടിയിൽതാഴം – കിരാലൂർ റോഡ്

മേടക്കുന്നുമല – മുട്ടോളിറോഡ്

കക്കോടി – കൊരണിക്കൽ കടവ് റോഡ് (N.V. റോഡ്)

G.L.P. സ്കൂൾ – മുട്ടോളി റോഡ്

മദ്രസാ – മാവിളിക്കടവ് റോഡ്

N.V. റോഡ് – കുഴിയാണിക്കൽ താഴം

നങ്ങണ്ടൂർ – കാരാട്ടുതാഴം റോഡ്

വയനാളികാവ് റോഡ് – കരിയാടത്ത് താളം റോഡ്

മാളിക്കടവ് – പുറ്റാട്ടുതാഴം റോഡ്

ഒറ്റതെങ്ങ് – കരിപ്പാക്കടവ് റോഡ്

മക്കട ALP സ്കൂൾ റോഡ്

ചെറുകുളം – ചാലിക്കര ഹരിജൻ കോളനിറോഡ്

ഒറ്റതെങ്ങ് – കാളപൂട്ടുകണ്ടം റോഡ്

എല്ലാ വാർഡുകളിൽനിന്നും പുതിയ റോഡുകളുടെ നിർദ്ദേശങ്ങൾ ഉയർന്നുവന്നിരിക്കുന്നു. അതു പലതും നിർമ്മാണ പ്രവർത്തനത്തിലാണ് പ്രാദേശിക പ്രാധാന്യം കണക്കിലെടുത്ത് നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതാണ്. പുതിയ റോഡുകൾ നിർമ്മിക്കുന്നതിനെക്കാൾ പ്രാധാന്യമുള്ള കാര്യമാണ് നടപ്പാതകൾ നിർമ്മിക്കുക എന്നുള്ളത്.

**ഗ്രാമസഭയിൽനിന്നും ഉയർന്നു വന്ന റോഡുകളും, നടപ്പാതകളും**

ജയശ്രീ റോഡ് – പടിക്കൽ താഴത്ത് റോഡ്

ബദിരൂർ നഴ്സറി മുതൽ – കക്കോടി ഗവ: ഹൈസ്കൂൾറോഡ്

ആറാട്ട് പൊയിൽ താഴം – കള്ളിക്കാടത്തു താഴം റോഡ്

പേരടിക്കുന്ന് – തലാപ്പാത്ത് ഹരിജൻ കോളനി റോഡ്

ഹൈസ്കൂൾ – പറപ്പള്ളിതാഴം

കണ്ണാടിച്ചാൽ പ.മുറി റോഡ്

മേക്കയിൽ താഴം – കക്കോടിമുക്ക്

കമലക്കുന്ന് – കൂടത്തുംപൊയിൽ

പിലാക്കാട്ട് താഴം – ചിരട്ടാട്ടു താഴം

വഴിപോക്കിൽതാഴം – പുതിയേടത്ത് താഴം

കരിയാത്തൻമല – പടിഞ്ഞാറ്റുംമുറി

കമ്മിളിതാഴം നെയ്യൂളി താഴം റോഡ്

ചെറുകുളം – കരിപ്പാക്കടവ് റോഡ്

പുതിയേടത്ത് താഴം – ചോയിക്കുട്ടി റോഡ്

ഒറ്റതെങ്ങ് – പനാളിതാഴം റോഡ്

ഉമ്മട്ടം കുഴിതാഴം – ചോരിക്കര സ്കൂൾ

മാവിളിക്കടവ് – നമ്പൂരികണ്ടിയിൽ റോഡ്

ബദിരൂർ പുറത്തിറങ്ങാട്ടുതാഴം ഫുട്പാത്ത്

ഇല്ലത്ത് താഴം – കമ്മിളിത്താഴം

ചിറ്റടത്ത് താഴം മുതൽ പടുവച്ചം കണ്ടിത്താഴം

തെക്കണ്ണി താഴം– മദ്രസാഫുട്പാത്ത്

ചാലിക്കര താഴം – കൊലവൻകാവ് ഫുട്പാത്ത്

തെക്കണ്ണിതാഴം – ശശീന്ദ്രാ ക്രോസ്സ് റോഡ് ഞേറങ്ങൽ –താഴം – പാലാട്ടുപറമ്പത്ത് താഴം ഫുട്പാത്ത്–കോട്ടക്കൽ താഴം ഫുട്പാത്ത് ആങ്ങിയം –വീട്ടിൽതാഴം ഫുട്പാത്ത്– കോളശ്ശേരി താഴം ഫുട്പാത്ത് ചളുക്കൽ താഴം – പുതുക്കുടിതാഴം ഫുട്പാത്ത്– മേടച്ചാലിൽ – മേടക്കുന്ന് മലഫുട്പാത്ത്, വഴിപോക്കിൽ ചെറുപ്പം കണ്ടി ഫുട്പാത്ത് എടക്കണ്ടി പറമ്പിൽ പള്ളി ഫുട്പാത്ത്–മോരിക്കര– ബനിയാളിൽതാഴം ഫുട്പാത്ത് – മേലേടത്ത് താഴം ഫുട്പാത്ത– മോരിക്കര ബാലവാടി ഫുട്പാത്ത് – പുതിയ പുരയിൽ താഴം– മണാട്ടുതാഴം ഫുട്പാത്ത് – പിലാക്കാട്ട് റോഡ്, കാവുച്ചാലിൽ താഴം– ഫുട്പാത്ത്– ചിരടാട്ടു താഴം – കനാൽഫുട്പാത്ത്– തേഞ്ചേരിതാഴം –കൊരഞ്ഞിക്കൽ താഴം റോഡ് – മുണ്ടിലാത്തിൽ താഴം– മല്ലിശ്ശേരിതാഴം ഫുട്പാത്ത് – മണാട്ടു താഴം – കുരാട്ടുതാഴം – ഫുട്പാത്ത്– മണന്തല– കാളപൂട്ട് കണ്ടം ഫുട്പാത്ത്, പുതിയ പുരയിൽ മണാട്ടിൽതാഴം റോഡ്, കോട്ടക്കൽ താഴം– തെക്കുവീട്ടിൽ താഴം ഫുട്പാത്ത് – കൊല്ലേരിതാഴം ഫുട്പാത്ത് – നെല്ലൂളി പറമ്പത്ത് ഫുട്പാത്ത് – ചെറുകാട് താഴം – കളോളിതാഴം ഫുട്പാത്ത്, ചെറിയേരിപൊയിൽ – കിടന്നുണ്ണി നിലം

ഫുട്പാത്ത്, നാറാത്തുതാഴം ഫുട്പാത്ത് – വാവിലാട്ടു താഴം – കരിയാത്തൻ കാവ് ഫുട്പാത്ത് – പായാട്ട്താഴം – മാണിച്ചേരി താഴം ഫുട്പാത്ത് – കറോത്ത് താഴം –പറയരുകുന്ന് ഫുട്പാത്ത്, മാളികയിൽ താഴം ഫുട്പാത്ത്, കൂടത്തുംപൊയിൽ ചെറുപോട്ട് താഴം ഫുട്പാത്ത് – മേപ്പിലാട്ട് താഴം ഫുട്പാത്ത്, അയ്യൻ കുഴിക്കൽ താഴം ഫുട്പാത്ത്, വാളക്കാട്ടുതാഴം ഫുട്പാത്ത്, ചെമ്പോളി ഫുട്പാത്ത്, – കൊട്ടോളി പോയിലിൽ ഫുട്പാത്ത്, വള്ളശ്ശേരി താഴം– കൊല്ലങ്കണ്ടി താഴം ഫുട്പാത്ത്, മേടക്കുന്നുമല നെച്ചൂടതാഴം ഫുട്പാത്ത്

**സാധ്യതകൾ**

* വാഹനങ്ങളുടെ ബാഹുല്യം നിമിത്തം വീർപ്പുമുട്ടുന്ന കക്കോടി ബസാറിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. സൗകര്യപ്രദമായ സ്ഥലത്ത് മിനിലോറി, ഓട്ടോറിക്ഷ, ജീപ്പ്, ലോറികൾ എന്നിവ പാർക്ക് ചെയ്യാൻ ഒരു സ്റ്റാന്റ് നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

* കോഴിക്കോട് കോർപ്പറേഷനിലെ കരിക്കാം കുളം തുടങ്ങി ചേളന്നൂർ പഞ്ചായത്തിലെ കുമാര സ്വാമിയിൽ എത്തുന്ന ഒരു ബൈപ്പാസ് മാളിക്കടവിൽ ഒരു പാലം നിർമ്മിച്ചാൽ നടപ്പാകും. മാളിക്കടവിൽ തുടങ്ങി N.V. റോഡ് കോതാടത്ത് താഴം, കൂടത്തുംപൊയിലൂടെ കച്ചേരിവരെ കക്കോടി പഞ്ചായത്തിലൂടെ പ്രസ്തുത റോഡ് കടന്നുപോവുന്നു. കക്കോടിയിലെ ഇന്നു അനുഭവപ്പെടുന്ന ഗതാഗത കുരുക്ക് തീർക്കുന്നതിനും തടമ്പാട്ടുതാഴം പച്ചക്കറി സംസ്കരണകേന്ദ്രം പൂർത്തിയാവുമ്പോൾ വർദ്ധിക്കുന്ന വാഹന തിരക്ക് ഒഴിവാക്കാനും ഈ ബൈപ്പാസ് കൊണ്ട് കഴിയും.

* മെഡിക്കൽ കോളേജ് – ബാലുശ്ശേരി റൂട്ടിൽ 7.കി.മീ. ദൂരം ലാഭിക്കാൻ കഴിയുന്ന ഒരു റോഡ് ചേളന്നൂർ 7 /6 ൽ തുടങ്ങി പള്ളിപൊയിൽ, ഊട്ടുകുളം, ചാലിൽതാഴം, പറമ്പിൽ ബസാർ, പൂളക്കടവ്, വെള്ളിമാട് കുന്ന്, കോവൂർ ഭാഗങ്ങളെ ബന്ധിപ്പിക്കുന്നു. പഞ്ചായത്തിലെ 6,7,8 വാർഡുകളിലൂടെ കടന്നുപോകുന്നു. സമീപ പഞ്ചായത്തുകൾക്കും കോർപ്പറേഷൻ വാസികൾക്കും ഉപയോഗപ്പെടുന്ന റോഡ് മേൽഘടകങ്ങളുടെ പദ്ധതിയിൽ കൊണ്ടുവരണം.

കക്കോടി ബസാറിൽ ഇന്നനുഭവപ്പെടുന്ന ഗതാഗത കുരുക്ക് ഒഴിവാക്കാൻ കക്കോടി ബസാറിനു കിഴക്ക് ഭാഗത്തുകൂടി ഒരു ബൈപ്പാസ് നിർമ്മിക്കാൻ പഞ്ചായത്ത് സർക്കാരിൽ സമർപ്പിച്ച പ്രമേയം അംഗീകരിച്ച് പ്രസ്തുത ബൈപ്പാസ് റോഡ് അടിയന്തിരമായി നിർമ്മിക്കേണ്ടിയിരിക്കുന്നു.

കക്കോടി ബസാറിൽ ബസ് വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കണം.

ഗതാഗത രംഗത്തെ ആസൂത്രണമില്ലായ്മ നിരവധി പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. ആരംഭിച്ച റോഡുപ്രവർത്തനങ്ങൾ പണത്തിന്റെ കുറവുകൊണ്ട് എവിടെയും എത്തുന്നില്ല. എന്നാൽ പഞ്ചായത്ത് രൂപീകരിച്ചതിനു ശേഷം ഏറ്റവും കൂടുതൽ പണം ചിലവഴിച്ചത് ഈ രംഗത്താണ്. ആധുനിക ജീവിതത്തിൽ യാത്ര മനുഷ്യന്റെ പ്രാഥമികാവശ്യമായി മാറിയിരിക്കുന്ന സാഹചര്യത്തിൽ അധികൃതരെ കൂടാതെ എല്ലാ റോഡ് നിർമ്മാണ പ്രവർത്തനങ്ങളിലും ഇന്നുള്ളതിലുപരി ജനങ്ങളുടെ പൂർണ്ണമായ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

# ഊർജ്ജം

ഒരു പ്രദേശത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിത ഘടകമാണ് ഊർജ്ജം. കാർഷികമേഖലയിലും വ്യവസായമേഖലയിലും പുതിയ സംരഭങ്ങൾക്ക് തുടക്കം കുറിക്കുമ്പോൾ ഊർജ്ജത്തിന്റെ ലഭ്യത കണക്കിലെടുത്തേ തീരൂ. നിലവിലുള്ള ഊർജ്ജോല്പാദനത്തെ ആശ്രയിച്ചുകൊണ്ട് പുതിയ വ്യവസായങ്ങൾക്കുവേണ്ടിയുള്ള ശ്രമങ്ങൾ ഫലവത്താവുകയില്ല. എന്നാൽ നിലവിലുള്ള ഊർജ്ജം പോലും പാഴാക്കാതെ ഉല്പാദനമേഖലയിൽ ഉപയോഗിക്കാനുള്ള ആസൂത്രണം നടക്കണം. കേരളത്തിലെ ശരാശരി ഊർജ്ജ ഉപഭോഗം അഖിലേന്ത്യാ ശരാശരിയേക്കാളും വളരെ താഴെയാണ് എന്നത് നാം മറന്നുകൂടാ.

നമ്മുടെ പഞ്ചായത്തിലെ നിലവിലുള്ള ഊർജ്ജ ഉപഭോഗത്തെ താഴെ പറയും വിധം വർഗീകരിക്കാവുന്നതാണ്.

കക്കോടിയിൽ ഇല്ക്ട്രിസിറ്റി ബോർഡിന്റെ ഇലക്ട്രിക്കൽ സെക്ഷൻ ആപ്പീസ് പ്രവർത്തിക്കുന്നു. ഈ സംവിധാനത്തിൻകീഴിൽ 13 ട്രാൻസ്ഫോർമറുകൾ ഉണ്ട്. കാക്കൂർ, മെഡിക്കൽകോളേജ്, കാരപറമ്പ്, എന്നീ 3 കേന്ദ്രങ്ങളിൽ നിന്നാണ് വൈദ്യുതി ലഭിക്കുന്നത്.

**ട്രാൻസ്ഫോർമറുകൾ**

| ക്രമ നമ്പർ | സ്ഥാപിച്ച സ്ഥലം | കപ്പാസിറ്റി |
|---|---|---|
| 1 | കക്കോടി ബസാർ | 250 K.V. |
| 2. | കക്കോടി പഞ്ചായത്ത് No.1 | 160 K.V |
| 3. | കക്കോടി പഞ്ചായത്ത് No-.II | 100 K.V. |
| 4. | മോരീക്കര | 160 K.V. |
| 5. | ശശീന്ദ്രാ ബേങ്ക് | 100 K.V. |
| 6. | ചെറുകുളം No-.I. | 160 K.V. |
| 7. | ചെറുകുളം No. II | 100 K.V |
| 8. | കോട്ടൂപാടം | 100 K.V. |
| 9. | ബദിരൂർ | 100 K.V. |
| 10. | ചെലപ്രം | 100 K.V. |
| 11. | ചെലപ്രം എസ്റ്റേറ്റ് | 100 K.V. |
| 12. | കക്കോടി മുക്ക് | 160 K.V. |
| 13. | പൊട്ടമുറി | 100 K.V. |

ഇതോടൊപ്പം (100 K.V.) പാറമണ്ണിൽനിന്നും (100 K.V.) മോരീക്കര എന്നീ ഭാഗത്തും ഓരോ ട്രാൻസ്ഫോർമർ സ്ഥാപിക്കുവാൻ അനുമതി ലഭിച്ചിട്ടുണ്ട്. എന്നിരുന്നാലും പഞ്ചായത്തിന്റെ ഭൂരിഭാഗം വാർഡുകളിലും വോൾട്ടേജ് ക്ഷാമത്തിന്റെ രൂക്ഷതയുണ്ട്. ഹരിജൻ കോളനികളിൽ രണ്ടെണ്ണം ഭാഗികമായി വൈദ്യുതീകരിച്ചിട്ടുണ്ട്. ലക്ഷംവീടുകോളനികളിലും ഇതുതന്നെയാണ് സ്ഥിതി.

നമ്മുടെ പഞ്ചായത്തിലെ നിലവിലുള്ള ഊർജ്ജ ഉപയോഗത്തെ താഴെപറയുംവിധം തരംതിരിക്കാം.

| മേഖല | വെളിച്ചം | പാചകം |
|---|---|---|
| ഗാർഹികം | വൈദ്യുതി, മണ്ണെണ്ണ | വിറക്, മണ്ണെണ്ണ, ഗ്യാസ്, വൈദ്യുതി, |
| | | ബയോഗ്യാസ് |
| വ്യാപാരം | വൈദ്യുതി ഡീസൽ/ | കരി |
| | മണ്ണെണ്ണ | വിറക്, മണ്ണെണ്ണ |
| വ്യവസായം | വൈദ്യുതി, ഡീസൽ, | |
| | മണ്ണെണ്ണ. | |
| വാഹനം | ഡീസൽ, പെട്രോൾ | |
| കാർഷികം, | വൈദ്യുതി, ഡീസൽ, | |
| | മണ്ണെണ്ണ | |
| കുടിവെള്ളം | വൈദ്യുതി | |
| തെരുവുവെളിച്ചം | വൈദ്യുതി | |
| സിനിമാ ഹാൾ | വൈദ്യുതി, ഡീസൽ | |

മേൽ സൂചിപ്പിച്ച വിധം ഉപയോഗത്തിലിരിക്കുന്ന ഊർജ്ജ സ്രോതസ്സുകളുടെ നില നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം താഴെ പറയും പ്രകാരമാണ്.

**വിറകും, മറ്റു വൈദ്യുതേതര ഊർജ്ജവും**

വീടുകളിലെ പാചക ആവശ്യങ്ങൾ 80% വും ഹോട്ടലുകളിലെ പാചകാവശ്യം 60% വും നിറവേറ്റപ്പെടുന്നത് വിറകിലൂടെയാണ്. വൃക്ഷനശീകരണവും മറ്റു ആധുനിക വൽക്കരണവും കാരണം ഇപ്പോൾ വിറകിന് വൻക്ഷാമം നേരിടുന്നുണ്ട്. ഇതിന് പരിഹാരം എന്ന നിലയിൽ നാം വിറകിനെ തന്നെ ആശ്രയിക്കാതെ മറ്റു മേഖലകളിലേക്ക് തിരിയേണ്ടിയിരിക്കുന്നു.

മേൽപറഞ്ഞവിധം ഉപയോഗത്തിലിരിക്കുന്ന ഊർജ്ജ സ്രോതസ്സുകളുടെ നില, നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം താഴെ പറയും പ്രകാരമാണ്.

**വിറകും മറ്റു വൈദ്യുതേതര ഊർജ്ജവും**

വീടുകളിലെ പാചകാവശ്യങ്ങൾ, 90 ശതമാനവും ഹോട്ടലുകൾ തുടങ്ങിയവയിലെ പാചകാവശ്യങ്ങൾ 80 ശതമാനവും നിറവേറ്റുന്നത് വിറകിലൂടെയാണെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഈ ഗ്രാമപ്രദേശത്ത് ഇപ്പോൾ വിറക് ഒരസുലഭവസ്തുവായി മാറിയിരിക്കുകയാണ്. ഈ പഞ്ചായത്തിനെ സംബന്ധിച്ചേടത്തോളം വൈദ്യുതിയുടെ കാര്യത്തിൽ അനുഭവപ്പെടുന്ന അപാകതകൾ/അപര്യാപ്ത മുഖ്യമായും താഴെ പറയുന്നവയാണ്.

1. രൂക്ഷമായ വോൾട്ടേജ് ക്ഷാമം.
2. കക്കോടി ഇലക്ട്രിക്കൽ സെക്ഷൻ മേജർ സെക്ഷനായി മാറ്റാത്തതുകൊണ്ട് അനുഭവപ്പെടുന്ന സാങ്കേതിക വൈഷമ്യങ്ങൾ.

ഭൂരിഭാഗത്തുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ അഭാവം.

വൈദ്യുതീകരണം ഭാഗികമായതിനാലുണ്ടാകുന്ന വികസനത്തിലെ അസന്തുലിതാവസ്ഥ.

1. **രൂക്ഷമായ വോൾട്ടേജ് ക്ഷാമം:** നിലവിലുള്ള സംവിധാനങ്ങളുടെ കീഴിൽ ഈ പഞ്ചായത്തിൽ ഇപ്പോൾ 13 ട്രാൻസ്ഫോർമറുകളാണുള്ളത്. രണ്ട് ട്രാൻസ്ഫോർമർ കൂടി അടിയന്തിരമായി സ്ഥാപിക്കുന്നതിന് സാങ്ഷൻ ആയിട്ടുണ്ടെങ്കിലും അവ താഴെ പറയുന്ന സ്ഥലങ്ങളിൽ ഇനിയും സ്ഥാപിച്ചു കഴിഞ്ഞിട്ടില്ല.

   1. 100 K.V പറമണ്ണിൽത്താഴം
   2. 100 KV. മോരിക്കര

   ഇവ രണ്ടും അടിയന്തിരമായി സ്ഥാപിച്ചുകിട്ടുന്നതിന് പുറമെ, വോൾട്ടേജ് ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന മറ്റുചില പ്രദേശങ്ങൾക്കായും വൈദ്യുതി തീരെ കടന്നുവന്നിട്ടില്ലാത്ത പ്രദേശങ്ങളെ ഉദ്ദേശിച്ചുകൊണ്ട് ചുരുങ്ങിയത് 4 പുതിയ ട്രാൻസ്ഫോർമറുകൾകൂടി ഈ പഞ്ചായത്തിൽ താഴെ പറയുന്ന സ്ഥാനങ്ങളിൽ അത്യാവശ്യമാണ്.

   i. പടിഞ്ഞാറ്റും മുറി
   ii. കൂടത്തുംപൊയിൽ
   iii. കമ്മിളി താഴം
   iv ഒറ്റതെങ്ങ്

2. കക്കോടി ഇലക്ട്രിക്കൽ സെക്ഷൻ : കക്കോടി പഞ്ചായത്തിനുപുറമെ, ചേളന്നൂർ, കുരുവട്ടൂർ തുടങ്ങി പല പഞ്ചായത്തുകളും ഈ സെക്ഷന്റെ പരിധിയിൽ ഉൾപ്പെടുന്നു. കക്കോടി പഞ്ചായത്തിനുള്ളിൽനിന്നു തന്നെ ഉപഭോക്താക്കളുടെ എണ്ണം അയ്യായിരത്തോളം വരും. പ്രവർത്തനഭാരം എത്രയും കൂടുതലുള്ള ഈ സെക്ഷൻ മേജർ സെക്ഷനായി പ്രവർത്തിക്കാത്തതുകാരണം ഉപഭോക്താക്കൾക്ക് എല്ലാ കാര്യങ്ങൾക്കും വളരെ ദൂരെ കിടക്കുന്ന ബാലുശ്ശേരി മേജർസെക്ഷനെ ആശ്രയിക്കേണ്ടിവരുന്ന അവസ്ഥയാണിപ്പോൾ. അതിനാൽ കക്കോടി ഇലക്ട്രിക്കൽ സെക്ഷൻ അടിയന്തിരമായി മേജർ സെക്ഷനായി രൂപാന്തരപ്പെടുത്തുവാനുള്ള നടപടികൾ ആവശ്യമാണ്.

3. വൈദ്യുതി കടന്നുവരാത്ത പ്രദേശങ്ങൾ: താഴെ പറയുന്ന ഭാഗങ്ങളിൽ വൈദ്യുതി ലഭ്യമാക്കേണ്ടിയിരിക്കുന്നു.

   വാർഡ് 1. ചാലിൽമലഭാഗത്തേക്കുള്ള ലൈനിന്റെ പ്രവർത്തനം അടിയന്തിരമായി പൂർത്തീകരിക്കേണ്ടിയിരിക്കുന്നു.

   വാർഡ് 2. പേരടിക്കുന്ന്
   അയ്യപ്പൻ കുഴി
   തലാപ്പത്തിൽ കുന്ന്
   ചാലിൽ കുന്ന്
   അരുത്തിരുത്തിവയൽ
   തെയ്യമ്പാടി കോളനി
   മോയന്തല കോളനി
   ചെമ്പോളി കോളനി
   ചാലിൽ കോളനി

   വാർഡ് 4 a. കൂളിച്ചാളക്കൽ ലക്ഷം വീട് മുതൽ ചെ

ലപ്രം ബസാർ കിഴക്ക് ഭാഗംവരെ.

b. മേപ്പിലാട്ട് തൊടി

c. കുറ്റ്യാട്ട് പൊയിൽ താഴം (100 വീടുകൾ)

വാർഡ് 5 ചിററ്റാട്ട് മല

കമലക്കുന്ന് ഭാഗം (150 വീടുകൾ)

വാർഡ് 6. a. മുപ്പാറമ്മൽ കോളനി

b. എടോളിമീത്തൽ ലക്ഷംവീട്

c. അരുവങ്ങാട്ട് താഴം മുതൽ കൊല്ലേരി താഴം വരെ

d. തടത്തിൽ ലക്ഷംവീട്

വാർഡ് 7

a. പൊയിൽതാഴംതോട്

b. അയിലാടത്ത് കോളനി

c. മനവീട്ടിൽ – പിലാശ്ശേരി

d. പറയരുകുന്ന്–നെല്ലൂളിപ്പറമ്പത്ത്

വാർഡ് 8

a. മേളേടത്ത് താഴം

b. പുതിയോട്ടിൽ

c. പനയത്തിങ്കൽ g. ചൂരക്കാട് മല

d. മലോമ്മൽ കോളനി

e. ചൂരക്കാട് മല

f. കക്കാട് കുന്ന് ഹരിജൻ കോളനി

g. ആനാവ് കുന്ന്

h.ആറപ്പാറ പടിഞ്ഞാറ്

വാർഡ് 9.

a. വഴിപോക്കിൽ താഴം മുതൽ ആണിയംവീട്ടിൽ താഴംവരെ

b. ചരുപ്പംകണ്ടി ഭാഗം

c. ആശ്രമം മുതൽ പൂവ്വത്തൂർ താഴം വരെ

d. മൂത്തേടത്ത് കോളനി ഉൾപ്പെടെ തൈക്കണ്ടിഭാഗം.

വാർഡ് 11

a. കരിയാടത്ത് താഴം മുതൽ കല്ലിൽക്കടവ് വരെ

b. പത്തേങ്ങൽ താഴം

c. കാരയിൽ കോളനി

d. കാരാളി കോളനി

e. വളയിൽ കോളനി

വാർഡ് 12

മനന്തല കോളനി

കരിപ്പ്ക്കടവ് 60 വീടുകൾ

മേൽപറഞ്ഞതിൽനിന്നും പഞ്ചായത്തിലെ മൊത്തം 12 വാർഡുകളിൽ 10 എണ്ണത്തിലായി ആയിരത്തോളം ഉപഭോക്താക്കളെ ഉദ്ദേശിച്ചുകൊണ്ട് ഏകദേശം 20 കിലോമീറ്റർ ദൈർഘ്യത്തിൽ പുതിയ ഇലക്ട്രിക് ലൈനുകൾ സ്ഥാപിക്കേണ്ടതായിരിക്കുന്നു.

**9. സ്ട്രീറ്റ് ലൈറ്റുകളുടെ അഭാവം:**

ഈ പഞ്ചായത്തിൽ പി.ഡബ്ല്യു.ഡി.യുടെ ഉൾപ്പെടെ ഏകദേശം 70 കിലോമീറ്റർ മൊത്തം നീളം വരുന്ന റോഡുകളിൽ ഇപ്പോൾ ഏകദേശം അമ്പത് ശതമാനത്തോളം മാത്രം സ്ട്രീറ്റ് ലൈറ്റു സൗകര്യമുള്ളൂ. പഞ്ചായത്തിന്റെ ശേഷംവരുന്ന 35 കിലോമീറ്റർ നീളത്തിൽ പുതുതായി വരാനിരിക്കുന്ന 20 കിലോമീറ്റർ ഇലക്ട്രിക് ലൈനിന്റെ ഭാഗമായി മറ്റൊരു 15 കിലോമീറ്റർ നീളത്തിന്നുംകൂടി മൊത്തം 50 കിലോമീറ്റർ നീളത്തിലുള്ള ലൈനുകളിൽ സ്ട്രീറ്റ് ലൈറ്റ് സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു.

**ഉപഭോക്താക്കൾ**

| ഗാർഹികം | വ്യാപാരം | വ്യാവസായികം | കാർഷികം |
|---|---|---|---|
| 4027 | 486 | 31 | 97 |

കണക്ഷൻ കാത്തിരിക്കുന്നവരുടെ പട്ടിക പരിശോധിച്ചാൽ കിട്ടുന്ന ചിത്രം ഇതാണ്. 1996ൽ കണക്ഷൻ ലഭിച്ചവരുടെ എണ്ണവും കണക്ഷൻ ലഭിക്കാൻ പണമടച്ച ഏറ്റവും പഴയരീതിയും

| | കണക്ഷൻ ലഭിച്ചവർ | പോസ്റ്റ് വേണ്ടത് | വേണ്ടാത്തത് |
|---|---|---|---|
| ഓർഡിനറി | 5 | 10-10-90 | 23-12-93 |
| OTP | 15 | 4.3-91 | 1-4.96 |
| OYEC | 150 | 24.6 95 | 13-9-96 |

ഇതിൽനിന്നും ഇലക്ട്രിസിറ്റി കണക്ഷൻ ലഭിക്കാനുള്ള കാലതാമസവും ബോധ്യമാവും. മറ്റുപലതിലും എന്നപോലെ ഊർജ്ജലഭ്യതയുടെ കാര്യത്തിലും കൂടുതൽ പണം മുടക്കിയാൽ മാത്രമേ വൈദ്യുതി കണക്ഷൻ ലഭിക്കുകയുള്ളൂ. കണക്ഷൻ കൊടുക്കുവാൻ അത്യാവശ്യം വേണ്ട സാധനങ്ങളുടെ ദൗർലഭ്യമാണ് കാലതാമസത്തിന് കാരണമായി ചൂണ്ടിക്കാണിക്കാനുള്ളത്.

**ഡീസൽ/പെട്രോൾ**

വാഹനങ്ങൾക്ക് പൂർണമായും വ്യാവസായികം, വാണിജ്യം എന്നീ തുറകളിൽ ഭാഗികമായും ഡീസലോ\-പെട്രോളോ ഉപയോഗിക്കുന്നു. എന്നാൽ ഒരു പെട്രോൾ ബങ്ക് ഈ പഞ്ചായത്തിൽ ഇല്ല. വൈദ്യുതി നിയന്ത്രണമുള്ളതിനാൽ വാണിജ്യസ്ഥാപനങ്ങൾ സിനിമാശാലകൾ എന്നിവയിലേക്കും പെട്രോൾ/ ഡീസൽ ആവശ്യമാണ്.

**പാരമ്പര്യേതര ഊർജ്ജം :**

സോളാർ എനർജി, ബയോഗ്യാസ്, കുക്കിംഗ് ഗ്യാസ് എന്നിവയാണ് പഞ്ചായത്തിൽ ഉപയോഗിക്കാവുന്ന മറ്റ് ഊർജ്ജ സ്രോതസ്സുകൾ. അനർട്ട് പ്രചരിപ്പിക്കുന്ന

സോളാർ ലൈറ്റുകൾ പഞ്ചായത്തിൽ പ്രചരിപ്പിച്ചു കഴിഞ്ഞിട്ടില്ല. കാലിവളർത്തൽ പരിമിതപ്പെട്ടുപോയതിനാൽ ഒരു ബയോഗ്യാസ്പ്ലാന്റ് നിർമ്മിക്കുന്നത് വീടുകളെ സംബന്ധിച്ചിടത്തോളം എളുപ്പമല്ല, കുക്കിംഗ് ഗ്യാസാകട്ടെ പഞ്ചായത്തിൽ പരിമിതമായ തോതിലേ പ്രചാരത്തിലായിട്ടുള്ളൂ.

**സാദ്ധ്യതകൾ**

1. ഇപ്പോഴുള്ള ഗാർഹിക അടുപ്പുകൾ മാറ്റി പകരം ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കുക വഴി വിറകിന്റെ ഉപയോഗം ഗണ്യമായി കുറക്കാൻ കഴിയും. വാർഡുതലത്തിൽ പ്രചരണം നടത്തി ഓർഡർ ശേഖരിച്ച് അടുപ്പ് നിർമ്മാണ ക്യാമ്പുകൾ സംഘടിപ്പിക്കാം.
2. പുറമ്പോക്കുകളിലും, ഒഴിഞ്ഞ കുന്നിൻപുറങ്ങളിലും സാമൂഹ്യ വനവൽക്കരണ പരിപാടിയുടെ ഭാഗമായി വിറകിനുവേണ്ട മരങ്ങൾ നട്ടുവളർത്താം.
3. പ്രഷർ കുക്കറിന്റെ ദക്ഷതയെപ്പറ്റി ജനങ്ങളെ ബോധവൽക്കരിച്ച് ഉപയോഗിക്കാൻ പ്രേരിപ്പിക്കണം.
4. അനർട്ട് പദ്ധതി പ്രകാരം കൂടുതൽ ക്ഷമതയുള്ള മണ്ണെണ്ണ അടുപ്പുകൾ പ്രചരിപ്പിക്കാം.
5. പാചകഗ്യാസ് പഞ്ചായത്തിൽ ലഭ്യമാക്കാനായി ഒരു രജിസ്ട്രേഷൻ സൊസൈറ്റി രൂപീകരിക്കുക.
6. കന്നുകാലികളുടെ ചാണകം ലഭ്യമാകുന്ന വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക.
7. മേൽപ്രസ്താവിച്ച സൈസൊറ്റിയുടെ ഉടമസ്ഥതയിൽ ഒരു പെട്രോൾ ബങ്ക് സ്ഥാപിക്കുക.
8. ഫ്ളോറസന്റ് ട്യൂബുകൾ CFL ലാമ്പുകൾ എന്നിവ കൂടുതലായി പ്രചരിപ്പിച്ച് ഊർജ്ജോപഭോഗം നിയന്ത്രിക്കുക.
9. കുടിവെള്ളത്തിനുള്ള പമ്പ്സെറ്റുകൾ കാര്യക്ഷമത കൂടിയതാണെന്ന് ഉറപ്പ് വരുത്തുക.
10. സിംഗിൾ ഫേസ് ലൈനുകൾ 3 ഫേസ് ആക്കുകയും ആവശ്യമായ അളവിലുള്ള കണ്ടക്ടർ ഉപയോഗിച്ചു തന്നെയാണ് കണക്ഷനുകൾ നൽകിയതെന്നും ഉറപ്പാക്കുക.

"എനർജി സേവ്ഡ് ഈസ് ഈക്വൽ ടു എനർജി പ്രൊഡ്യൂസ്ഡ് 'എന്നാണ് പ്രമാണം' ഊർജ്ജ ലഭ്യതക്ക് പരിമിതികൾ ധാരാളം. പരിമിതികൾ ഉണ്ട്. പരിഹാരം ഊർജ്ജ ഉപയോഗത്തിൽ നിയന്ത്രണം വരുത്തുക എന്നതാണ്. സാദ്ധ്യതകൾ പ്രാവർത്തികമാക്കാവുന്ന തരത്തിൽ സ്കീമുകൾ ആവിഷ്കരിച്ച് നടപ്പാക്കിയാൽ അടുത്ത അഞ്ചുവർഷത്തിനുള്ളിൽ എല്ലാവർക്കും വൈദ്യുതി, വിറക്, എന്നിവ ഉറപ്പാക്കാൻ കഴിയും.

# മാർക്കറ്റ്

പോയകാലത്ത് ബൃഹത്തായ വ്യാപാരകേന്ദ്രമായിരുന്ന കക്കോടിമുക്കിൽ സമീപപ്രദേശങ്ങളിലുള്ള നാണ്യവിളകൾ മുഴുവൻ ക്രയവിക്രയം ചെയ്യപ്പെട്ടിരുന്നു. ഗതാഗത സൗകര്യങ്ങൾ വർദ്ധിച്ചപ്പോൾ പുതിയ വിപണന കേന്ദ്രങ്ങൾ തേടി ജനങ്ങൾ വഴിമാറി. എന്നാൽ കാർഷികോല്പന്നങ്ങൾ മിക്കതും കൊള്ളക്കൊടുക്കലുകൾ നടത്തുന്ന ആഴ്ചചന്തകൾ പഞ്ചായത്തിൽ സമീപകാലത്തൊന്നും ഉണ്ടായിട്ടില്ല.

നമുക്കാവശ്യമായ നിത്യോപയോഗസാധങ്ങൾ പ്രധാനമായും കക്കോടി ബസാറിൽനിന്നാണ് ഇന്ന് കിട്ടുന്നത്. ചെറുതും വലുതുമായ 300--ൽ അധികം കടകൾ കക്കോടി ബസാറിൽ ഉണ്ട്. മൊത്തവ്യാപാരങ്ങൾ, സ്റ്റേഷനറി, അരി എന്നിവയിൽ ഒതുങ്ങിനില്ക്കുന്നു. മിക്കവാറും, എല്ലാ ഉപഭോഗവസ്തുക്കളും ലഭ്യമാണ്. ഇലക്ട്രോണിക്സ് ഉപകരണങ്ങൾക്ക് വേണ്ടി മറ്റുപട്ടണങ്ങളെ ആശ്രയിച്ചേ പറ്റൂ. മാത്രമല്ല, ഭൂരിഭാഗം ജനങ്ങളും കോഴിക്കോട് പട്ടണത്തെയാണ് പല കാര്യത്തിലും ആശ്രയിക്കുന്നത്.

എല്ലാ ഉപറോഡരികിലും അത്യാവശ്യ വസ്തുക്കൾക്കായി കടകൾ ഉണ്ട്. ചെറുകുളം, ചാലി താഴം, കക്കോടിമുക്ക്, മുട്ടോളി, പടിഞ്ഞാറ്റമുറി, കൂടത്തുംപൊയിൽ, ചെലപ്രം, മോരിക്കരം എന്നിവിടങ്ങളിൽ ചെറിയതോതിൽ ബസാർ ഉണ്ട്. നാടൻ ഉല്പന്നങ്ങളല്ല മറുനാടൻ ഉല്പന്നങ്ങളുടെ വിപണിയാണിവിടങ്ങളിലെല്ലാം. നമ്മുടെ അഭിരുചിക്കനുസരിച്ച ഒരു മാർക്കറ്റിനെക്കുറിച്ച ചിന്തിക്കാൻ ഗ്രാമസഭകളിലെ ചർച്ചയും പൊതുതീരുമാനങ്ങളും സഹായിക്കുന്നു.

ഉപഭോഗത്തിന്റെ കാര്യത്തിൽ വളരെ മുൻപന്തിയിൽനില്ക്കുന്ന പഞ്ചായത്തതിർത്തിയിൽ സ്വകാര്യകച്ചവടക്കാരെ ആശ്രയിച്ചാണ് കാര്യങ്ങൾ നടക്കുന്നത്. മറിച്ച് നമുക്കുള്ള ഉല്പന്നങ്ങൾ കൊടുത്ത് ആവശ്യമുള്ളത് വാങ്ങുകയും, വ്യാവസായികാവശ്യമായ അസംസ്കൃത വസ്തുക്കൾ സമ്പാദിക്കുകയും ചെറുകിടക്കാരനത് വിൽക്കാൻ കഴിയുകയും ചെയ്യുന്ന പരസ്പരാശ്രയ മാർക്കറ്റാണ് ഒരു ജനകീയക്രമത്തിൽ നമുക്കുണ്ടാകേണ്ടത്.

ആവശ്യങ്ങളെ അടിസ്ഥാനപ്പെടുത്തി അതെങ്ങിനെ സ്ഥാപിക്കാം?

നാണ്യവിളകൾ ഇത്തരം ചന്തകളിൽ വിറ്റഴിക്കാൻ വിഷമമുണ്ട്. മറ്റുവസ്തുക്കൾക്ക് ഊന്നൽകൊടുത്തതുകൊണ്ടാവും അതിനെക്കുറിച്ച് ചിന്തിക്കുന്നത് നല്ലത്.

ഗാർഹികോപകരണങ്ങൾ ചിലവ് കുറഞ്ഞരീതിയിൽ കുടിൽവ്യവസായമായി ഉണ്ടാക്കി ചന്തയിലെത്തിക്കാം. കുട്ട, പായ്, മൺപാത്രങ്ങൾ, എന്നിവയുടെ വിപണനത്തിൽ സൗകര്യമുണ്ടാകും. മാംസം, മുട്ട മുതലായ ഉല്പന്നങ്ങൾ ഉല്പാദകന് നേരിട്ട് വിൽക്കാൻ കഴിയും. കാർഷികാവശ്യങ്ങൾക്കായുള്ള ഉപകരണങ്ങൾ നിർമ്മിച്ചാൽ അത് ചന്തയിൽ ഉപഭോക്താവ് നേരിട്ടുവാങ്ങുമെന്ന് ഉറപ്പുവരുത്താൻ കർഷകരുടെ ഇടയിൽ പ്രചരണം നടത്താം.

ഗുണനിലവാരം കുറഞ്ഞതും കൂടുതൽ വിലയുള്ളതുമായ ഉപകരണങ്ങൾ ഒഴിവാക്കാം.

വിത്തുല്പാദകരായ കർഷകരെ പ്രോത്സാഹിപ്പിക്കാനും സാമ്പത്തികമായും സഹായിക്കുവാനും കഴിയുന്ന പരിപാടികയാണ് ആഴ്ചചന്ത. വരാനിരിക്കുന്ന പുത്തൻ കാർഷിക സംസ്കാരത്തിന് വിത്തുകൾ നൽകാൻ വിത്തുശേഖരണവും വില്പനയും നടത്തുന്നവരെ ചന്തയിലേക്ക് ക്ഷണിക്കാം.

കാർഷികരംഗത്തെ ഉണർവ്വ് പച്ചക്കറി, മറ്റുവിളകൾ എന്നിവയിൽ ഗണ്യമായ ഉല്പാദനമുണ്ടാക്കും. അവ കർഷകന് നേരിട്ട് വില്ക്കാൻ കഴിയണം. കാർഷികോല്പാദനം നാട്ടിൽ നടക്കുകയും ഉപഭോക്താവിനാവശ്യമുള്ളവ പുറംനാട്ടിൽ നിന്നും പഴയതുപോലെ വരുത്തുകയും ചെയ്താൽ പ്രതിസന്ധികൾക്കിടവരുത്തും. ഇവിടെ ചന്തയിൽ കിട്ടാവുന്ന സൗകര്യങ്ങൾ കർഷകനെയും ആവശ്യക്കാരനെയും ബോധ്യപ്പെടുത്തണം.

വസ്ത്രങ്ങൾ യഥാർത്ഥവിലയുടെ എത്രയോ മടങ്ങ് കൂടുതൽ കൊടുത്താണിന്ന് നാം വാങ്ങുന്നത്. എവിടെയോ ഉല്പാദിപ്പിച്ച് ഇടത്തട്ടുകാർ കൈമാറിവരുമ്പോൾ

വില കൂടുന്നു. ഈ രംഗത്ത് തൊഴിൽ സാധ്യത തേടുന്നവർ നിരവധിയാണ്. ഇവരുടെ ഉല്പന്നങ്ങൾ ആധുനികവൽക്കരിച്ച് വാങ്ങുന്നവരുടെ പുത്തനഭിരുചിക്കനുസരിച്ച് നിർമ്മാണം നടത്തി വിൽക്കപ്പെടുമ്പോൾ തൊഴിലാളിയും വാങ്ങുന്നവനും തമ്മിൽ നേരിട്ടുബന്ധപ്പെടുകയാണ് ചെയ്യുന്നത്.

പച്ചക്കറിയിലും മറ്റും നാടൻ വാങ്ങാനുള്ള പുതിയ താല്പര്യത്തെ മുതലെടുക്കാൻ കർഷകനു കഴിയും., രാസവളം, കീടനാശിനി എന്നിവയുടെ അളവ് സമീപ പ്രദേശത്താകയാൽ ജനങ്ങൾക്ക് തിരിച്ചറിയാം.

കുടിൽവ്യവസായങ്ങൾ ഭൂരിപക്ഷവും സ്ത്രീകളെ കേന്ദ്രീകരിച്ചാകയാൽ അവയുടെ വിപണനത്തിനും സ്ത്രീകൾതന്നെ തയ്യാറാകും. വരുംകാലത്ത് അധ്വാനത്തിൽ സ്ത്രീകളുടെ പങ്ക് ഉറപ്പുവരുത്താം. ഔഷധസസ്യങ്ങളുടെ ആവശ്യവും പുതിയ തലമുറയ്ക്കുള്ള തിരിച്ചറിവും സാധ്യമാക്കണം.

ഗ്രാമസഭകളിൽ ഉയർന്നുവന്ന നിരവധി ആവശ്യങ്ങളുടെ സാക്ഷാത്കാരം ഗ്രാമചന്തയിലൂടെ സാക്ഷാത്കരിക്കുന്നു. ഉല്പാദനത്തിന്റെ അടുത്തഘട്ടമായ വിപണനം അനായാസം നിർവ്വഹിക്കാൻ കഴിയും.

**പഞ്ചായത്ത് ചെയ്യേണ്ടവ:**

* ആവശ്യമായ ഒരു പൊതുസ്ഥലം കണ്ടെത്തി ചന്ത തുടങ്ങുവാനുള്ള സൗകര്യമേർപ്പെടുത്തണം
* എല്ലാ മേഖലകളിലും വ്യാപകമായ പ്രചരണം നടത്തണം. തന്റെ കൂടി ഉന്നമന ലക്ഷ്യം ഇതിനുപുറകിലുണ്ടെന്ന് ഓരോ പൗരനെയും ബോധ്യപ്പെടുത്തണം.
* ഉല്പാദകരെ പരമാവധി പ്രോത്സാഹിപ്പിക്കണം.
* ഈരംഗത്ത് മത്സരങ്ങൾ സംഘടിപ്പിക്കണം.

പഞ്ചായത്തിലെ മുഴുവൻജനങ്ങൾക്കും വാങ്ങാനോ കൊടുക്കുവാനോ ഉള്ള ഒരു വേദിയായി ചന്തയെ മാറ്റിയെടുക്കണം.

**അനുബന്ധം:**

ഉല്പാദകൻ വസ്തുക്കൾ ചിലവായില്ലെങ്കിൽ അനുഭവിക്കുന്ന ബുദ്ധിമുട്ട് ഒരു വലിയ പ്രശ്നമാണ്. നഷ്ടത്തിന് വില്ക്കേണ്ടിവരുമ്പോൾ ഉല്പാദനം മുരടിക്കും. ഇവിടെ അവരുടെ ഒരു സഹകരണസംഘം സഹായിച്ചേ മതിയാകൂ. അതിനായി ഒരു ചെറുകിട ഉല്പാദക സഹകരണസംഘം രൂപീകരിക്കണം. ഈ സംഘത്തിന് പഞ്ചായത്തിൽ കാർഷിക വ്യാവസായിക മേഖലയിൽ നിരവധി പ്രവർത്തനങ്ങൾ നടത്താൻ കഴിയും.

# പാർപ്പിടം

1991 ലെ കാനേഷുമാരി പ്രകാരം കക്കോടി പഞ്ചായത്തിൽ 5422 കുടുംബങ്ങളാണുള്ളത്.

| | |
|---|---|
| പഞ്ചായത്തിൽ മൊത്തം 6792 കെട്ടിടങ്ങളുണ്ട്. | |
| ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | 665 |
| കോൺക്രീറ്റ് കെട്ടിടങ്ങൾ | 1666 |
| മേൽക്കൂര – ഓട് | 3426 |
| മേൽക്കൂര – ഓല | 1051 |
| മറ്റുള്ളവ – | 47 |

പട്ടികയിൽ നിന്നും ഏതാനും കാര്യങ്ങൾ വ്യക്തമാകും. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ 90% ഉം കോൺക്രീറ്റ് കെട്ടിടങ്ങളാണ്. ഓലമേഞ്ഞ കെട്ടിടങ്ങൾ ക്രമേണ കുറഞ്ഞു വരുന്നു. ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങൾ പ്രധാനമായും കോളനികളെ കേന്ദ്രീകരിച്ചുള്ളവയാണ്. ഏറ്റവും കൂടുതൽ 4 സെന്റ് – കോളനികളുള്ള പഞ്ചായത്തായതിനാൽ പ്രശ്നങ്ങൾ കൂടുതൽ നിലനിൽക്കുന്നു എന്നത് ഒരു വസ്തുതയാണ്. ലക്ഷംവീട് ഹരിജൻ കോളനികളുടെ അവസ്ഥയും കുറ്റമറ്റതല്ല. അടിസ്ഥാനസൗകര്യങ്ങളുടെ അഭാവമാണ് പ്രധാനമായും കോളനിവാസികളെ അലട്ടുന്നത്. വെള്ളവും വെളിച്ചവും എത്തിച്ചാൽ തന്നെ പ്രശ്നങ്ങളുടെ ഒരു സിംഹഭാഗം പരിഹരിക്കാൻ കഴിയും. കോളനികളിലെ അറ്റകുറ്റപ്പണികൾ യഥാസമയങ്ങളിൽ ചെയ്യാത്തതിനാൽ ആവാസയോഗ്യമല്ലാതായിമാറുന്ന സ്ഥിതിവിശേഷവും ഉണ്ട്.

കോഴിക്കോട് നഗരത്തിന്റെ സാമീപ്യം കാരണം നഗരത്തിൽ നിന്ന് കുടിയേറിപ്പാർക്കുന്നവരുടെ സംഖ്യ ഈയടുത്ത കാലത്തായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ചെറുകിട– ഇടത്തരം കോൺക്രീറ്റുവീടുകളാണ് ഇങ്ങനെ വരുന്നവർ നിർമ്മിക്കുന്നത്. പഞ്ചായത്തിലെ നൽവയലുകളിൽ നല്ലൊരു ഭാഗം നികത്തി അവിടെയാണ് ഇത്തരം വീടുകൾ അധികവും ഉയർന്നു വന്നിട്ടുള്ളത്. പരിമിതമായാണെങ്കിലും കുടിവെള്ളം എത്തിക്കുന്ന പദ്ധതികൾ നടപ്പിലായ ഉയർന്ന പ്രദേശങ്ങളിലും കെട്ടിടങ്ങളുടെ എണ്ണം കുടിയേറ്റം മൂലം വർദ്ധിച്ചിരിക്കുന്നു.

തമിഴ്നാട്ടിൽ നിന്നും വന്ന് വിവിധതൊഴിലുകൾ ചെയ്ത് ജീവിക്കുന്നവർ കോളനികളായി താമസിക്കുന്ന ഏതാനും സ്ഥലങ്ങൾ പഞ്ചായത്തിലുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഇത്തരം കോളനികളിൽ തീരെ ഇല്ലെന്നു തന്നെ പറയാം.

പഞ്ചായത്തിലെ ഭവനരഹിതരുടെ കണക്ക് കൃത്യമായി ലഭ്യമല്ല. ഉദ്ദേശം 300 ഓളം കുടുംബങ്ങൾക്ക് വീടുകൾ ആവശ്യമാണെന്ന് അനുമാനിക്കാവുന്നതാണ്. ഇവ കൂടാതെ കൂട്ടുകുടുംബങ്ങളിൽ നിന്നും പിരിഞ്ഞുണ്ടാവുന്നവരും ലക്ഷംവീട് കോളനികളിൽ ഒന്നിലേറെ കുടുംബങ്ങളായി താമസിക്കുന്നവരും ചേർന്നാൽ 750 ഓളം വീടുകൾ ഇനിയും നിർമ്മിക്കേണ്ടതായുണ്ട്. പുറമ്പോക്കിൽ വീടുകെട്ടി താമസിക്കുന്നവർ ഇല്ലെന്ന് പറയാം.

കോഴിക്കോട് കോർപ്പറേഷന്റെ സമീപ പഞ്ചായത്ത് ആയതിനാൽ കെട്ടിട നിർമ്മാണത്തിന് CDA യുടെ അനുമതി ആവശ്യമാണ്. നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വിലവർദ്ധനവും നാൾക്കുനാൾ വർദ്ധിച്ചുവരുന്ന കൂലിനിരക്കും ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്.

പഞ്ചായത്തിലെ പൊതുനിരത്തിനോടടുത്ത് വീടു നിർമ്മിക്കുന്ന പ്രവണത വളർന്നു വരുന്നുണ്ട്. വയൽ പ്രദേശങ്ങൾ മണ്ണിട്ട് നികത്തി മതിൽ കെട്ടി വീട് നിർമ്മിക്കുന്നത് ഏറിവരികയാണ്. കാർഷിക മേഖലയെ നശിപ്പിക്കുന്നത് കൂടാതെ മഴക്കാലത്ത് വെള്ളം കെട്ടിനിന്ന് പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുവാനും ഇത് കാരണമാകുന്നു.

പഞ്ചായത്തിലെ കുടിലുകൾ മാറ്റി എടുക്കലും ഭവന രഹിതർക്ക് വീട് നിർമ്മിച്ച് കൊടുക്കുകയും വേണം. ഇതിനായി സർക്കാരിന്റേയും വിവിധ ഏജൻസികളുടെയും വായ്പകൾ അപര്യാപ്തമാണെന്ന് അനുഭവം നമ്മെ പഠിപ്പി

ക്കുന്നു. പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന സൊസൈറ്റിക്ക് സന്നദ്ധനിർമ്മാണപ്രവർത്തനത്തിലൂടെ ഈ പരിമിതികളെ മറികടക്കാൻ കഴിയണം.

ഭവനനിർമ്മാണത്തിന് നമ്മുടെ പഞ്ചായത്തിൽ താഴെ പറയുന്ന ഏജൻസികളിലൂടെ വായ്പകളും സഹായങ്ങളും ലഭിക്കുന്നുണ്ട്.

1. സംസ്ഥാന സർക്കാർ (LIGH/ MIGH സ്കീമുകൾ)
2. ഭവനനിർമ്മാണ ബോർഡ്
3. തലക്കുളത്തൂർ ഭവന നിർമ്മാണ സഹകരണസംഘം
4. കാൻഫിൻ
5. കെ.ഡി.സി. ബാങ്ക്.
6. ഭൂപണയ ബാങ്ക്
7. കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്
8. കാനറാ ബാങ്ക്
9. സർക്കാർ വകുപ്പുകളിൽ ജോലി ചെയ്യുന്നവർക്ക് വകുപ്പു വഴി ലഭിക്കുന്നത്.
10. എൽ. ഐ.സി.

ഭവന നിർമ്മാണ ബോർഡിന്റേയും തലക്കുളത്തൂർ ഭവന നിർമ്മാണ സഹകരണ സംഘത്തിന്റേയും പദ്ധതികൾ പഞ്ചായത്തിൽ വ്യാപകമായി പ്രചാരത്തിലുണ്ട്. വീടുകൾ വെക്കാനും അറ്റകുറ്റ പണികൾ നടത്താനും വീടിനുള്ള സ്ഥലം വാങ്ങാനും കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന് വായ്പാ പദ്ധതികളുണ്ട്.

കെട്ടിട നിർമ്മാണത്തിൽ കോൺക്രീറ്റ് ഭ്രമം ഉണ്ടെന്ന് പറയാം. പ്രത്യേകിച്ചും ഗൾഫ് നാടുകളിൽ ജോലിചെയ്ത് പണം സ്വരൂപിക്കുന്നവർ ആർഭാടപൂർവ്വമായ വീടുകൾ ഉണ്ടാക്കുന്നതായി കാണാം. ശാസ്ത്രീയമായ രീതിയിൽ പ്ലാൻ തയ്യാറാക്കാനോ ചെലവുകൾ പരമാവധി കുറച്ച് ലോ കോസ്റ്റ് വീടുകൾ നിർമ്മിക്കുന്നതിനോ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതായി കാണുന്നില്ല. നിർമ്മിതി കേന്ദ്രയോ അതുപോലുള്ള ഏജൻസികളോ പഞ്ചായത്തിലെ ഭവന നിർമ്മാണ രംഗത്ത് കാതലായ സ്വാധീനം ചെലുത്തുന്നില്ല. ഒഴിഞ്ഞ പറമ്പുകൾ വിലക്കെടുത്ത് അവയിൽ വീടുകൾ നിർമ്മിച്ച് വിപണനം ചെയ്യുന്ന ഏതാനും ആളുകൾ ഈയടുത്ത കാലത്തായി പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

നിർമ്മാണ സാമഗ്രികളുടെ ലഭ്യത പരിശോധിച്ചാൽ അവയെല്ലാം വളരെ എളുപ്പം ലഭിക്കാനുള്ള സൗകര്യമുണ്ടെന്നു കാണാം. ചെങ്കല്ലും, കരിങ്കല്ലും തടിയുൽപ്പന്നങ്ങളും പഞ്ചായത്തിൽ ലഭ്യമാണ്. പൂഴി, സിമന്റ്, കമ്പി എന്നിവയ്ക്ക് സമീപപ്രദേശങ്ങളെ ആശ്രയിക്കണം.

ഈ രംഗത്ത് തൊഴിലെടുക്കുന്ന ധാരാളം ആളുകൾ പഞ്ചായത്തിലുണ്ട്. കാർഷികവൃത്തിയിലുണ്ടായ പിന്നോട്ടടിയിൽ നിന്നും പുറന്തള്ളപ്പെട്ടവരിൽ ഒരു ഭാഗം കെട്ടിട നിർമ്മാണ രംഗത്താണ് എത്തിച്ചേർന്നിട്ടുള്ളത്. എന്നാൽ മരപ്പണിക്കും മറ്റും വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ മേഖലയിലെ കൂലിനിരക്കുകൾ താരതമ്യേന വലുതാണ്. സത്രീ-പുരുഷ ഭേദമന്യെ തൊഴിലിൽ ഏർപ്പെടുന്നുണ്ടെങ്കിലും സ്ത്രീ തൊഴിലാളികൾക്ക് പുരുഷന്മാരെ അപേക്ഷിച്ച് കൂലി കുറവാണ്.

അർഹരായവർക്ക് 4 സെന്റ് കോളനികളിൽ സ്ഥലം നൽകുന്ന പദ്ധതിയൊഴിച്ച് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കാനുള്ള പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. അതുകൊണ്ട് പഞ്ചായത്തിലെ പാർപ്പിട രംഗത്തെ പ്രശ്നങ്ങൾ താഴെ പറയും വിധം രേഖപ്പെടുത്താം.

1. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം
2. വിദഗ്ദ തൊഴിലാളികളുടെ ദൗർലഭ്യം
3. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത
4. വയലുകൾ നിരത്തി വീടുണ്ടാക്കിയ സ്ഥലത്ത് നീർവാർച്ച തടസ്സപ്പെടുന്നതുമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ.
5. ഫലപ്രദമായ രീതിയിൽ ആവശ്യത്തിന് വായ്പ ലഭിക്കാനുള്ള സൗകര്യമില്ലായ്മ.

**സാദ്ധ്യതകൾ**

1. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ഹൗസിങ്ങ് സൊസൈറ്റി രൂപീകരിച്ചാൽ പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക് ആവശ്യമായ പ്ലാൻ, നിർമ്മാണ സാമഗ്രികൾ എന്നിവ മിതമായ നിരക്കിൽ നൽകുവാൻ കഴിയും.
2. നിർമ്മാണ തൊഴിലാളികളുടെ സംഘം രൂപീകരിച്ച് അവരുടെ വൈദഗ്ധ്യം മെച്ചപ്പെടുത്തുക വഴി കെട്ടിടം വെക്കുന്നവർക്ക് നിശ്ചിത സമയത്തിനുള്ളിൽ പണി പൂർത്തിയാക്കാനും തൊഴിലാളികൾക്ക് തൊഴിൽ ലഭ്യത ഉറപ്പു വരുത്താനും കഴിയും.
3. ചെലവു കുറഞ്ഞ നിർമ്മാണ രീതികൾ പ്രചരിപ്പിക്കാൻ സൊസൈറ്റിക്ക് കഴിയും.
4. ഭൂ രഹിതർക്കും നിർദ്ധനർക്കും വേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ സൊസൈറ്റിക്ക് കഴിയും.
5. സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭ്യമായ വായ്പകളുടെ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി വായ്പകൾ ലഭിക്കുവാനുള്ള കാലതാമസം ഒഴിവാക്കാൻ കഴിയും.

# സംസ്കാരം

പുരോഗമനാത്മകവും, ജാതിമതസഹിഷ്ണുതയും നിറഞ്ഞുനിൽക്കുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസാംസ്കാരികാന്തരീക്ഷം കെട്ടിപ്പടുക്കാൻ കഴിഞ്ഞ തലമുറയിൽ ഉല്പതിഷ്ണുക്കൾ നിരന്തരമായി ത്യാഗം സഹിക്കേണ്ടവിന്നിട്ടുണ്ട്. ഏഴുപതിറ്റാണ്ടു മുമ്പുതന്നെ വിവിധ ജനവിഭാഗങ്ങൾ ദേശീയ പ്രസ്ഥാനത്തിന്റെ മുഖ്യ ധാരയിലെത്തിയിരുന്നു. അതുവഴി നൂതനാശയ സ്വാംശീകരണത്തിൽ രാഷ്ട്രീയ സാമൂഹ്യപ്രവർത്തകർ ഉന്നതസംസ്കാരവാഹകരായി.

എല്ലാ ജാതിമതസ്ഥരെയും ഏതാണ്ടൊരുപോലെ അക്ഷരം പഠിപ്പിച്ച നാട്ടെഴുത്തച്ഛൻമാരാണ് നമുക്കുണ്ടായിരുന്നത്. അവരിൽ നിന്ന് അറിവിന്റെ ആദ്യപാഠങ്ങൾ നേടിയ പഴയ തലമുറയിലെ പലരും സ്ക്കൂൾ വിദ്യാഭ്യാസത്തോടെ തന്നെ സ്വാതന്ത്ര്യസമരത്തിൽ ആകൃഷ്ടരായി.

സംസ്കാരലോപവും മൂല്യച്യുതിയും വെല്ലുവിളിയുയർത്തുന്ന ഇന്ന് കഴിഞ്ഞ തലമുറ നേരിന്റെ വഴിയിൽ ബോധവൽക്കരണത്തിനും സാംസ്കാരികോന്നമനത്തിനുമായി കക്കോടി കേന്ദ്രീകരിച്ച് നടത്തിയ പ്രവർത്തനങ്ങൾ നമുക്ക് വഴികാട്ടിയാണ്. സ്വാതന്ത്ര്യസമരകാലത്ത് മലയാളത്തിലെ ദേശീയ പത്രങ്ങൾ നിരോധിക്കപ്പെട്ടപ്പോൾ "മെയിൽ" എന്ന ഇംഗ്ലീഷ് പത്രം സാഹസപ്പെട്ടെത്തിച്ച് അതിലെ വാർത്തകൾ പഞ്ചായത്തതിർത്തിയിലെ മരപ്പലകയിൽ എഴുതിവെച്ചിരുന്നു. അത് വായിച്ചറിയാൻ സമീപപ്രദേശങ്ങളിൽ നിന്നൊക്കെ ആളുകൾ എത്തുമായിരുന്നത്രെ!

കക്കോടി, ചേളന്നൂർ, കണ്ണാടിക്കൽ ഭാഗങ്ങളിൽ വ്യാപകമായി പ്രവർത്തിച്ചിരുന്ന യുവാക്കൾക്ക് അന്നത്തെ പ്രവർത്തനകേന്ദ്രം കക്കോടി ഗ്രാമീണ വായനശാലയായിരുന്നു. ബഹുജനങ്ങളിലേക്ക് ഇറങ്ങിച്ചെന്നുകൊണ്ടുള്ള പ്രവർത്തനരീതിയായിരുന്നു അവരുടേത്. കോളറ, വസൂരി തുടങ്ങിയ മഹാവ്യാധികൾ നാടിനെ വരിഞ്ഞു മുറുക്കുമ്പോൾ വില്വാദിഗുളികയും പൊടിയരിക്കിഴിയുമായി വിദ്യാസമ്പന്നരായ ചെറുപ്പക്കാർ വീടുവീടാന്തരം ചികിത്സയും സാന്ത്വന സന്ദേശങ്ങളും കൈമാറിയിരുന്നു. ജനങ്ങൾ അവരുടെ പുരോഗമനാശയങ്ങൾക്കൊപ്പം നീങ്ങി. പ്രദേശത്ത് ആവശ്യമായ പലപ്രവർത്തനങ്ങളും ശ്രമദാനത്തിലൂടെയാണിക്കൂട്ടർ നടത്തിയിരുന്നത്. 1930 മുതൽ സ്വാതന്ത്ര്യസമരസേനാനികൾ നടത്തിയ ഹിന്ദിക്ലാസുകളും നൂൽനൂൽപ്പും ഖാദിപ്രചരണവും ദീർഘവീക്ഷണത്തോടെയുള്ളതായിരുന്നു.

വിദ്യാസമ്പന്നരെ വിവിധ പരിപാടികളിലൂടെ സാംസ്കാരിക രംഗത്തെത്തിക്കാൻ പഴയ കാലത്ത് ഗ്രാമീണ വായനശാലക്ക് കഴിഞ്ഞിരുന്നു. 1941ൽ ഇവി കൃഷ്ണപ്പിള്ളയുടെ 'പ്രണയക്കമ്മീഷൻ' എന്ന പ്രഹസനം വായനശാലപ്രവർത്തകർ അവതരിപ്പിച്ചു. തുടർന്ന് 1955 ൽ പെൺവേഷം സ്ത്രീകൾതന്നെ അഭിനയിച്ചുകൊണ്ട് നാടകം അവതരിപ്പിച്ചത് വലിയമാറ്റമായിരുന്നു. 'കുസുമം' എന്ന കൈയെഴുത്തുമാസിക സ്ഥിരമായി ഇറക്കിയിരുന്നു. 1956 ൽ അത് അച്ചടിച്ചിറങ്ങുമ്പോൾ മഹാകവി വള്ളത്തോൾ, എ കെ ജി എന്നിവരുടെ സന്ദേശങ്ങളുണ്ടായിരുന്നു. സമൂഹത്തിന്റെ വളർച്ചയുടെ ഈ ഘട്ടത്തിൽ ആശയസംഘട്ടനം നടക്കുക സ്വാഭാവികമാണ്. എന്നാൽ വിരുദ്ധചേരിയിൽ നിൽക്കുമ്പോഴും വ്യക്തിപരമായി സൗഹൃദം നിലനിർത്താനും സഹിഷ്ണുത പുലർത്താനും പരസ്പരം സഹായിക്കാനും എല്ലാവരും തയ്യാറായിരുന്നു.

ജനസംഖ്യയിൽ ഭൂരിഭാഗവും ഹിന്ദുക്കളാണെങ്കിലും മുസ്ലീം ഭൂരിപക്ഷപ്രദേശവുമുണ്ട്. ക്രസ്ത്യാനിക്കുടുംബങ്ങൾ പേരിനുമാത്രമുണ്ട്. 46 ക്ഷേത്രങ്ങൾ, കാവുകൾ എന്നിവയും 10 മുസ്ലീം പള്ളികളും ഒരു മാർത്തോമ ധ്യാന കേന്ദ്രവും പഞ്ചായത്തിലുണ്ട്. ഉത്സവങ്ങളും മതപ്രഭാഷണങ്ങളും സഹിഷ്ണുത നിലനിർത്തികൊണ്ടാണ് നടത്തപ്പെടാറ്. വിവാഹം മരണം എന്നീ സന്ദർഭങ്ങളിൽ മാത്രമല്ല, വിവിധ ജനവിഭാഗങ്ങളുടെ ഉത്സവവേളകളിൽ പോലും ജാതിമതഭേദമന്യേ ജനങ്ങൾ പങ്കെടുക്കുന്നു.

**സാംസ്കാരിക സ്ഥാപനങ്ങൾ:**

ഇപ്പോൾ പഞ്ചായത്തിൽ 5 ലൈബ്രറികളും 50 ൽ അധികം ക്ലബ്ബുകളും ഒരു അഖിലകേരള മാപ്പിള കലാകോച്ചിങ്ങ് കേന്ദ്രവും ഉണ്ട്. മറ്റുനാടൻ കലകൾ സംഘടിതമായി പഠിപ്പിക്കുന്നില്ല. ഒരു സിനിമാശാലയും സ്വകാര്യ ഓഡിറ്റോറിയവും നിലവിലുണ്ട്.

**വായനശാലകൾ :**

കക്കോടി ഗ്രാമീണ വായനശാല, കിഴക്കുംമുറി ഗ്രാമപ്രപോഷിണി വായനശാല, കക്കോടി പഞ്ചായത്ത് സെൻട്രൽ ലൈബ്രറി നളന്ദ ലൈബ്രറി & റീഡിംങ്റൂം, കൊല്ലേരിതാഴം യുവരശ്മിവായനശാല എന്നിവ ഇന്ന് നിലനിൽക്കുന്നഗ്രന്ഥാലയങ്ങളാണ്. ഇതിൽ കൊല്ലെരിതാഴം യുവരശ്മിവായനശാലക്ക് ആയിരത്തോളം പുസ്തകങ്ങളും സ്വന്തമായ കെട്ടിടസൗകര്യവും ഉണ്ടെങ്കിലും ഗ്രന്ഥശാലാ അഫിലിയേഷൻ ഇല്ല. നളന്ദ ലൈബ്രറി പുസ്തക വിതരണം ശരിയായി നടത്തുന്നില്ല. കക്കോടി സെൻട്രൽ ലൈബ്രറിക്ക് പഞ്ചായത്ത് ലൈബ്രേറിയൻ ഉണ്ട്. കിഴക്കുംമുറി ഗ്രാമപ്രപോഷിണി വായനശാല വർദ്ധിച്ച ജനപങ്കാളിത്തത്തോടെ സമീപപഞ്ചായത്തുകളിലേയും ബാലവാടികളിലെ കുഞ്ഞുങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് വർഷംതോറും നഴ്സറി കലോത്സവം സംഘടിപ്പിക്കാറുണ്ട്. മറ്റു പല സാംസ്കാരിക പ്രവർത്തനങ്ങളും വായനശാലസ്ഥിരമായി സംഘടിപ്പിക്കുന്നു. കൊല്ലേരിതാഴം യുവരശ്മി ശ്രമദാനം തുടങ്ങിയ പ്രവർത്തനങ്ങളിൽ വ്യാപൃതരാവാറുണ്ട്. അടുത്തകാലത്ത് ഗ്രാമീണവായനശാല നടത്തിയ പ്രധാന പ്രവർത്തനം 50ാം വാർഷിക ആഘോഷം മാത്രമാണ്. നളന്ദ റീഡിങ്ങ് റൂം പ്രവർത്തനമേഖലയിൽ ഇനിയും ഉണരേണ്ടിയിരിക്കുന്നു.

വായനശാലകളിൽ ആനുകാലികങ്ങൾ വായിക്കാനാണ് ജനങ്ങൾകൂടുതൽ താല്പര്യം കാണിക്കുന്നത്. ഉള്ള വായനക്കാർ തന്നെ നിലവാരം ഉള്ളപുസ്തകങ്ങൾ വായിക്കുന്നതിൽ തല്പരല്ല. വനിതകൾ ലൈബ്രറികളുമായി ബന്ധപ്പെടുന്നേ തന്നെ ഇല്ല എന്നു പറയാം.

നേരമ്പോക്കു സാഹത്യ സൃഷ്ടികളടങ്ങിയ വാരികകൾ പഞ്ചായത്തതിർത്തിയിൽ ധാരാളം വിറ്റഴുയുന്നുണ്ട്. നാടിന്റെ സാംസ്കാരിക കേന്ദ്രമായി വർത്തിക്കാൻ മിക്ക വായനശാലകളും ബഹുദൂരം മുന്നോട്ടുപോകേണ്ടതുണ്ടെങ്കിലും നേരമ്പോക്കു മാസികകൾ വാങ്ങാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

ഈ നൂറ്റാണ്ടിന്റെ ആദ്യത്തിൽ തന്നെ കക്കോടിയിൽ ആറിൽ അധികം സ്ക്കൂളുകൾ ഉദയം ചെയ്തത് വലിയൊരു നേട്ടമായിരുന്നു. ഇതിൽനിന്ന് വലിയ പുരോഗമനം കൈവരുത്താൻ ഇന്നും കഴിയാത്തതിന് കാരണം നഗരത്തിന്റെ സാമീപ്യമായിരിക്കാം.

| പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസം വിതരണം | ആനുകാലികക്കാർ | മറ്റു അനുബന്ധപ്രവർത്തനം |
|---|---|---|---|---|---|---|
| കക്കോടി ഗ്രാമീണ വായനശാല | 1935 | B | 5168 | 1200 | 28 | പ്രഭാഷണം എൻസോവ്മെന്റ് |
| കിഴക്കുംമുറിഗ്രാമ പ്രപോഷിണി വായനശാല | 1963 | B | 2990 | 850 | 12 | നഴ്സറി കലോത്സവം, എൻസോവ്മെന്റുകൾ,SSLC അവാർഡ് ബാല കലാവേദി. |
| പഞ്ചായത്ത് സെൻട്രൽ ലൈബ്രറി | 1950 | N A | 1895 | 150 | 4 | ഇല്ല |
| യുവരശ്മി വായനശാല കൊല്ലെരിതാഴം | 1973 | — | 960 | 270 | 10 | ശ്രമദാനം സ്പോർട്സ് ക്ലബ്ബ് |
| നളന്ദ ലൈബ്രററി റീഡിങ് റൂം | 1968 | C | 1562 | — | — | — |

പഞ്ചായത്തിലെ 20% വീടുകളിൽ പത്രമാസികകൾ വാങ്ങുന്നു പുസ്തകങ്ങൾ വീടുകളിൽ എത്തിക്കാൻ പരിപാടികൾ ഉണ്ടാക്കണം.

**ക്ലബ്ബുകൾ :**

കലാസമിതികളും എണ്ണംകൊണ്ട് നാം സമ്പന്നരാണെങ്കിലും പലതും വാർഷിക ആഘോഷത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. മോരിക്കര ചെറുകാട് കലാസമിതി കേരളാടിസ്ഥാനത്തിൽ അറിയപ്പെട്ടിരുന്നെങ്കിലും ഇന്ന് വേണ്ടത്ര സജീവമല്ല. മാപ്പിളകല കോച്ചിങ്ങ് സെന്ററിന്റെ പരിപാടികൾ വിപുലമായി വരികയാണ്. ബാലാരിഷ്ടതകളുണ്ടെങ്കിലും ചുരുക്കം ചില ജിംനേഷ്യങ്ങൾ, കളരികൾ, കരാട്ടെക്ലാസുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

**പ്രശ്നങ്ങളും സാധ്യതകളും:**

* സാംസ്കാരിക രംഗത്തെ നമ്മുടെ ഏറ്റവും വലിപ്രശ്നം ആഗോള രംഗത്തുള്ള ജീർണ്ണതയുടെ പ്രതിഫലനം തന്നെയാണ്. സാമൂഹ്യപ്രതിബന്ധരായി കർമ്മോത്സുകരാവേണ്ട ജനങ്ങൾ നാലുചുമരുകൾക്കുള്ളിലെ മിനിസ്ക്രീനിനു മുന്നിൽ തളച്ചിടപ്പെടുന്നു. വിവിധചാനലുകളിൽ നിന്നു വരുന്ന ആഭാസങ്ങൾ കുടുംബസമേതം കാണുമ്പോൾ ഇന്നുള്ള സന്മാർഗ്ഗബോധവും നശിച്ചുതുടങ്ങുന്നു. ദിവസം നാലഞ്ചു തവണ സ്ക്രീനിൽ നടക്കുന്ന ബലാത്സംഗങ്ങളും ചേരാക്കളിയും മാനുഷിക മൂല്യങ്ങളെ ചോർത്തിക്കളയാൻ സഹായിക്കുന്നു.

* താഴ്ന്നുവരുമാനക്കാർ പോലും പതിനായിരങ്ങൾ ചിലവിട്ട് വിവാഹച്ചടങ്ങുകൾ സംഘടിപ്പിക്കുന്നു. ഈ ദുർവ്യയം ഒരു വിഭാഗത്തിന്റെ നട്ടെല്ലൊടിക്കുന്നു. ഏറ്റവും വലിയ ഒരു സാംസ്കാരിക ജീർണ്ണത എന്ന നിലയിൽ സംഘടനകൾ ഇതിനെതിരെ ബോധവൽക്കരണം നടത്തിയേതീരൂ. വിവാഹ ഒരുക്കങ്ങളോടനുബന്ധിച്ചുള്ള മദ്യവിരുന്ന് വ്യാപകമായ പ്രതികരണങ്ങളുണ്ടാക്കാറുണ്ട്. നല്ലൊരുവിഭാഗത്തിന്റെ മദ്യപാനാരംഭവും ഈ വേദിയിൽ നിന്ന് തുടങ്ങുന്നു.

* വായനാശീലം മുരടിക്കുന്നു. ഇതിനുപകരം നിൽക്കുന്ന ടി. വി. ദുഷ്ഫലങ്ങൾ ഉളവാക്കുന്നു.

* സാമൂഹ്യബോധമുളവാക്കുന്ന പുസ്തകങ്ങൾ വായനക്കാരന്റെ വീടുകളിലെത്തിക്കാൻ ഗ്രന്ഥശാലകൾ പരിപാടി തയ്യാറാക്കണം. അവർക്കാവശ്യമായ സാമ്പത്തിക സഹായം വായനക്കാരനിൽ നിന്നും ഗ്രന്ഥശാലാപ്രസ്ഥാനത്തിൽ നിന്നും വാങ്ങാവുന്നതാണ്.

* കൂടുതൽ പത്രമാസികകൾ പഞ്ചായത്ത് വഴി വായനശാലകൾക്ക് നൽകണം.

* കോഴിക്കോട് പട്ടണത്തിന്റെ തൊട്ടുകിടക്കുന്നത്കൊണ്ട് നഗരസംസ്കാരത്തിന്റെ മാലിന്യങ്ങൾ പഞ്ചായത്തിൽ കാണാൻ കഴിയും. മയക്കുമരുന്നും മദ്യവും, പുത്തൻ തലമുറയുടെ വ്യാമോഹമായിമാറുമ്പോൾ അതിനെതിരെ പ്രതികരിക്കാൻ യുവജനങ്ങൾ തയ്യാറാവുന്നുണ്ട്.

* പണം വെച്ച് വിവിധ കളികളിലേർപ്പെടുന്നതിന് അവസരമുണ്ടാക്കിക്കൊടുക്കുന്നതിൽ പല ക്ലബ്ബുകളും തല്പരരാണ്. സാംസ്കാരിക രംഗത്തുള്ള ഈ പുറകോട്ടടി കണ്ടറിഞ്ഞ് നിർത്തേണ്ടതാണ്.

* സ്കൂളുകളിൽ കാര്യമാത്രപ്രസക്തമായി ബാലസമാജം, കലാകായിക മത്സരങ്ങൾ എന്നിവ നടത്താത്തത് സാംസ്കാരിക രംഗത്തെ ബാധിച്ചിരിക്കുന്നു. ബഹളമയമായ കച്ചവടകലകളാണ് ആധികാരികമെന്ന് നമ്മുടെ തലമുറ ധരിച്ചു വച്ചിട്ടുണ്ട്. ഇതിനെതിൽ ഇപ്പോഴുള്ള സ്കൂൾ കോംപ്ലക്സുകൾ കൂടുതൽ ജാഗരൂകരാകണം

* കലാസാംസ്കാരിക പ്രവർത്തനമെന്നാൽ ഏതെങ്കിലും ഒരു പ്രൊഫഷണൽ നാടകവേദിക്ക് വർഷത്തിലൊരിക്കൽ കെട്ടിയാടാനുള്ള അവസരമുണ്ടാക്കിക്കൊടുക്കലാണെന്ന ധാരണ ഭൂരിപക്ഷം ക്ലബ്ബുകൾക്കുണ്ടെന്ന് തോന്നുന്നു. സ്ക്കൂളുകളിലെന്നപോലെ ക്ലബ്ബുകളും പുതിയ കലാകാരന്മാരെ വളർത്തികൊണ്ടുവരണം.

* പഞ്ചായത്ത് കേരളോത്സവം മൊത്തം പഞ്ചായത്തിന്റെ ഉത്സവമാക്കി മാറ്റണം. പങ്കെടുക്കുന്ന ക്ലബ്ബുകൾക്ക് സ്ഥാനം എന്നതിലുപരി സാമ്പത്തിക സഹായം നൽകി പ്രോത്സാനം നൽകണം. ഈ രംഗത്തെ സജീവത ആക്രമവാസനകളെ അകറ്റി നിർത്താൻ സഹായിക്കും.പഞ്ചായത്തിന് ഒരു സാംസ്കാരിക നിലയംവേണം

* സ്ക്കൂൾ ഗ്രൗണ്ടുകളും പൊതുസ്ഥലങ്ങളും നല്ല കായികകേന്ദ്രങ്ങളായി വികസിപ്പിക്കാൻ പ്രാദേശികമായി ക്ലബ്ബുകൾക്ക് കഴിയും. പഞ്ചായത്ത് മെമ്പർമാരുടെ സജീവ സാന്നിദ്ധ്യവും സാമ്പത്തിക സഹായവും കൂടിയേ തീരു.

* വാർഡുതലത്തിൽ മത്സരങ്ങൾ ഏർപ്പെടുത്തി മുഴുവൻ ജനങ്ങളുടെയും പങ്കാളിത്തത്തോടെ 25 വീടുകളിലെ അയൽകൂട്ടം ഒരു പരിപാടി അവതരിപ്പിക്കുമെന്ന് ഉറപ്പാക്കണം (നാടൻ കളികൾ, എല്ലാ പ്രായത്തിലുള്ളവർക്കും പങ്കെടുക്കാവുന്നവർക്കും കേട്ടെഴുത്ത് തൊട്ട് ക്രിക്കറ്റു വരെ.)

* സാമൂഹികാവശ്യത്തിനുള്ള പ്രതികരണത്തിനായി ഒരു തെരുവുനാടക സംഘം പഞ്ചായത്തിൽ നിലനിൽക്കുന്നത് നന്നായിരിക്കും.

* നല്ല സിനിമകൾ കാണിക്കാനും ചർച്ചകൾ സംഘടിപ്പിക്കാനും കഴിയണം. ഇതിനായി വീഡിയോ ക്ലബ്ബുകളും ഫിലീംസൊസൈറ്റികളും ആവാം.

* നാടൻ കലകൾ ഇന്നും പഴയ ആട്ടത്തറയിൽ തന്നെയാണ്. അവ നാടിന്റെ സാംസ്കാരിക പൈതൃകമാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണം. ഇത്തരം സന്ദർഭങ്ങളിൽ ജനങ്ങൾ ഒന്നടങ്കം പങ്കെടുക്കുന്നത് കൂടാതെ പുതിയതലമുറക്ക് അത് സംബന്ധിച്ച് കൂടുതൽ അറിവുണ്ടാക്കിക്കൊടുക്കാനും നടപടിവേണം.

* സാംസ്കാരിപ്രവർത്തകർ ജനങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കുമ്പോൾ മാത്രമേ ജീർണ്ണതകളെക്കുറിച്ച് ബോധവാന്മാരാകൂ. അത്തരം വ്യക്തികൾക്കും സംഘടനകൾക്കും മാത്രമെ ശരിയായ സാംസ്കാരിക പ്രവർത്തനം നടത്താൻ കഴിയൂ.

* പഞ്ചായത്ത് ലൈബ്രറി ആസ്ഥാനമാക്കി മുഴുവൻ ക്ലബ്ബുകളുടെയും പ്രവർത്തന കേന്ദ്രീകരണം സംഘടിപ്പിക്കണം. ജനകീയ രീതിയിൽ സംഘടിപ്പിക്കപ്പെടുന്ന ഒരു സമിതിയുടെ നടത്തിപ്പുകാരെ ക്ലബ്ബുകൾ തിരഞ്ഞെടുക്കണം. അടിക്കടി ചിട്ടയായ കലാസാഹിത്യ പരിപാടികൾ ഉണ്ടാക്കണം. ഇത് അടിസ്ഥാനപരമായിരിക്കണം. ആകർഷകമായിരിക്കണം. ജനപങ്കാളിത്തമുള്ളതായിരിക്കണം. പുസ്തകോത്സവങ്ങൾ, ചർച്ചാക്ലാസ്സുകൾ, പ്രഭാഷണങ്ങൾ എന്നിവ ഉൾപ്പെടുത്താം.

# വനിതാക്ഷേമം

സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക മേഖലകളിൽ സ്ത്രീകളുടെ പ്രാധാന്യം വർദ്ധിച്ചുവരുന്ന ഒരു കാലഘട്ട മാണിത്. ഈ അവസരം വേണ്ടവിധം ഉപയോഗപ്പെടുത്തി യാൽ ഈ രംഗങ്ങളിൽ വനിതകൾക്ക് നിസ്തുലമായ പങ്ക് നിർവ്വഹിക്കുവാൻ കഴിയും. സമൂഹം കല്പിച്ചവിലക്ക് ഒരു 'ദൈവവിധി'യായി അംഗീകരിച്ചുകൊണ്ട് കഴിയുന്ന സ്ത്രീ വിഭാഗം തന്നെയാണ് ഇപ്പോഴും ഭൂരിപക്ഷം. ഗ്രാമീണമേ ഖലയിൽ ഈ ചിന്താഗതി ഇന്നും വ്യാപകമായി നിലനി ല്ക്കുന്നുണ്ട്. ഇത് തന്നെയാണ് സാമൂഹ്യപ്രവർത്തന മേ ഖലയിലേക്ക് സ്ത്രീകൾ കടന്നുവരാത്തതിനുള്ള പ്രധാന കാരണം. എന്നിരുന്നാലും, ഇവയെല്ലാം തരണം ചെയ്യാ നുള്ള ഒരു അസുലഭ സാഹചര്യമാണ് ഇപ്പോൾ സംജാത മായിരിക്കുന്നത്. ആയത് പരമാവധി ഉപയോഗപ്പെടുത്തു വാൻ ജനകീയാസൂത്രണ പദ്ധതികളിലൂടെ കഴിയണം. വനിതാവിമോചന പ്രസ്ഥാനങ്ങളും വനിതകൾക്ക് വിവിധ മേഖലകളിലുള്ള സംവരണങ്ങളും ഉപയോഗപ്പെടുത്തു വാനും ആയത് വനിതകളിൽ പ്രത്യേകിച്ച് ഗ്രാമീണ വനി തകളിലെത്തിക്കാനും ഈ ആസൂത്രണ പ്രക്രിയവഴി കഴിയും എന്ന് നമുക്കാശിക്കാം.

കക്കോടി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സാമൂഹ്യ സാംസ്കാരിക മേഖലകളിലോ രാഷ്ട്രീയ രം ഗത്തോ എടുത്തുപറയത്തക്ക പാരമ്പര്യമില്ല. ഈ രംഗങ്ങ ളിൽ സ്ത്രീ പങ്കാളിത്തം പൊതുവെ ഇന്നും കുറവാണെന്ന് തന്നെ പറയാം. സമൂഹം അവർക്ക് മുമ്പ് കല്പിച്ച വി ലക്ക് മറ്റു പഞ്ചായത്തുകളെന്നെപോലെ കക്കോടിയിലും അവരെ ഈ രംഗങ്ങളിൽ നിന്ന് അകറ്റിനിർത്തുവാൻ സഹായകമായിതീർന്നു. ഇത് ഹിന്ദു-മുസ്ലിം മതഭേത മെന്യേ എല്ലാ സ്ത്രീവിഭാഗത്തിലുമുണ്ട്.21--ാം നൂറ്റാണ്ടി ലേക്ക് കുതിക്കുന്ന നമ്മുടെ ഇന്ത്യയിൽ സമൂഹം കല്പി ച്ചുകൊടുത്ത വിലക്ക് ലംഘിക്കുവാൻ ഈ വിഭാഗത്തിനു കഴിയണം. അത് സാധിക്കുവാനും നിലനിർത്തുവാനും ഉത കുന്ന വിധത്തിൽ സ്ത്രീകളുടെ കൂട്ടായ്മയാണ് നാം ഊട്ടി യുറപ്പിക്കേണ്ടത്. അതിലേക്കുള്ള വഴികാട്ടിയായി ഗ്രാമസ ഭാചർച്ചകൾ നമ്മുടെ മുമ്പിലുണ്ട്.

1991--ലെ സെൻസസ് പ്രകാരം കക്കോടി പഞ്ചായ ത്തിലെ സ്ത്രീ ജനസംഖ്യ 15-,237 ആണ്. രണ്ട് വാർഡു കളിലൊഴിച്ച് പുരുഷൻമാരേക്കാൾ സ്ത്രീകൾതന്നെയാണ് കൂടുതൽ. എന്നാൽ 1 മുതൽ 6 വയസ്സ് വരെയുള്ള കുട്ടി കളിൽ ആൺകുട്ടികളേക്കാൾ പെൺകുട്ടികൾ കുറവാണ്. സ്കൂൾപഠന റിപ്പോർട്ട് പരിശോധിക്കുമ്പോൾ പെൺകു ട്ടികൾ ഏറെ മുമ്പിലാണെന്ന് കാണാം. സ്ത്രീ സാക്ഷരത പുരുഷൻമാരേക്കാൾ കുറവാണ്. ഇത് സംബന്ധിച്ചുള്ള വി ശദവിവരം താഴെ ചേർക്കുന്നു.

ഭരണഘടനയുടെ 73,74ാം ഭേദഗതി പ്രകാരം കൈ വന്ന വനിതാ സംവരണാനുകൂല്യം ശരിയായി ഉപയോഗ പ്പെടുത്തി ഭരണപ്രക്രിയയിലും വികസന പ്രക്രിയയിലും സ്ത്രീ പങ്കാളിത്തം ഉണ്ടാക്കണം.

| വാർഡ് | ആകെ ജന സംഖ്യ | ജനസംഖ്യ | | 0-6 വയസ്സുവരെയുള്ള കുട്ടികൾ | | സാക്ഷരത | |
|---|---|---|---|---|---|---|---|
| | | m | f | m | f | m | f |
| 1 | 2258 | 1106 | 1152 | 116 | 130 | 870 | 806 |
| 2 | 2556 | 1284 | 1272 | 134 | 118 | 1098 | 1020 |
| 3 | 2143 | 1026 | 1117 | 121 | 127 | 874 | 877 |
| 4 | 2880 | 1454 | 1426 | 168 | 140 | 1260 | 1163 |
| 5 | 2714 | 1371 | 1843 | 184 | 132 | 1117 | 1075 |
| 6 | 3069 | 1508 | 1561 | 187 | 174 | 1282 | 1218 |
| 7 | 3384 | 1660 | 1724 | 211 | 215 | 1396 | 1312 |
| 8 | 2570 | 1244 | 1326 | 184 | 161 | 1044 | 1075 |
| 9 | 3107 | 1520 | 1587 | 175 | 204 | 1300 | 1274 |
| 10 | 2925 | 1432 | 1493 | 175 | 159 | 1244 | 1235 |
| 11 | 2418 | 1180 | 1238 | 127 | 122 | 1015 | 973 |
| ആകെ | 30022 | 14785 | 15237 | 1802 | 1682 | 12500 | 12028 |

(-1991ലെ സെൻസസ് അവലംബം)

പഞ്ചായത്തിലെ പ്രാഥമിക വിദ്യാഭ്യാസം പരിശോധിക്കുമ്പോൾ, വിദ്യാഭ്യാസ സൗകര്യം ഉണ്ടായിരുന്നിട്ടു പോലും പെൺകുട്ടികൾ വളരെ പിറകിലാണ്. എസ്.എസ്.എൽ.സിയോ പി.ഡി.സി.യോ ആണ് ശരാശരി പെൺകുട്ടികളുടെ വിദ്യാഭ്യാസ യോഗ്യത. ഡിഗ്രിക്ക് പഠനം തുടരുന്നത് ഇപ്പോൾ ഏറെക്കുറെയുണ്ടെന്ന് വിശ്വസിക്കുന്നു. എന്നാൽ ബിരുദാനന്തര ബിരുദത്തിലോ, പ്രൊഫഷണൽ കോഴ്സുകൾക്കോ, പെൺകുട്ടികളുടെ പ്രാതിനിധ്യം തുലോം കുറവാണെന്ന് തന്നെ പറയാം. വിദ്യാഭ്യാസരംഗത്തെന്നപോലെ ഉന്നതജോലി രംഗത്തും സ്ത്രീപങ്കാളിത്തം വളരെ പിറകിലാണ്. T.T.C. or B.Ed.എന്നീ ഡിഗ്രികളിൽ ഒതുങ്ങി അദ്ധ്യാപന രംഗത്തേക്കാണ് പൊതുവെ സ്ത്രീകളുടെ താല്പര്യം കാണുന്നത്. തങ്ങളുടെ എല്ലാ താല്പര്യങ്ങളും സംരക്ഷിക്കപ്പെടുന്ന ഒരു മേഖലയായിട്ടാണ് സ്ത്രീകൾ ഇതിനെ കാണുന്നത്. B.Ed കോഴ്സുകൾ പൂർത്തിയാക്കുന്നത് തലവരിസംഖ്യ കൊടുത്തു പുറംനാടുകളിൽനിന്നാണ്. ആസ്സാമിൽ പോയി പഠിക്കുന്നവർപോലും നമ്മുടെ പഞ്ചായത്തിലുണ്ട്.

ആരോഗ്യരംഗത്ത് പൊതുവെ സ്ത്രീകൾ വളരെ പിന്നിലാണ്. P.H.C.യിലെ ഔട്ട് പേഷ്യന്റ് (Out patient) രജിസ്റ്റർ പരിശോധിക്കുമ്പോൾ സ്ത്രീകളാണ് കൂടുതലും. കുടുംബക്ഷേമ കേന്ദ്രങ്ങളും ശിശുക്ഷേമകേന്ദ്രങ്ങളും വ്യാപകമായി ഉപയോഗപ്പെടുത്തുന്നതിനുള്ള കുറവ് ആരോഗ്യരംഗത്ത് നിഴലിക്കുന്നുണ്ട്. നിരക്ഷരതയിൽ 1991--ലെ സെൻസസ് പരിശോധിക്കുമ്പോൾ സ്ത്രീകൾ വളരെ പിറകിലാണ്. 1990--ലെ സാക്ഷരതാ യജ്ഞത്തിൽ ഭൂരിഭാഗം പഠിതാക്കൾ ഈ പഞ്ചായത്തിൽ സ്ത്രീകളായിരുന്നു. ഈ പദ്ധതിയിൽ പിന്നീടുവന്ന പാളിച്ചകൾ തുടർസാക്ഷരതാ വിദ്യാഭ്യാസം നടത്തുവാനും നിരക്ഷരത മാറിയവരെ നിലനിർത്തുവാനും സാധിച്ചില്ല.

മറ്റു പ്രദേശങ്ങളെന്നപോലെ തൊഴിൽ മേഖലയിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്. 1991-ലെ സെൻസസ് റിപ്പോർട്ട് അതാണ് സൂചിപ്പിക്കുന്നത്.

| തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം | പുരുഷൻമാരുടെ എണ്ണം |
|---|---|---|
| കർഷകൻ | 12 | 275 |
| കർഷകതൊഴിലാളി | 136 | 1211 |
| മൃഗസംരക്ഷണം | 13 | 194 |
| ചെറുകിട വ്യവസായം | 293 | 362 |
| കെട്ടിടനിർമ്മാണം | 13 | 487 |
| വ്യാപാരം | 96 | 1410 |
| ഗതാഗതം, വാർത്താവിനിമയം | 44 | 1126 |
| മറ്റുള്ളവ | 316 | 714 |

1991 ലെ സെൻസസ് അവലംബം

നമ്മുടെ നാട്ടിൽ നിലനില്ക്കുന്ന സാഹചര്യങ്ങളാണ് ഈ പിന്നോക്കാവസ്ഥക്ക് കാരണമെന്നു പറയാം. ഇതിനാകട്ടെ സ്ത്രീകളുടെ കൂട്ടായ്മ കണ്ടെത്തി തൊഴിൽ സംരഭങ്ങളിലേക്ക് എത്തിക്കുവാൻ കഴിയുന്ന പദ്ധതികൾ ഉണ്ടാവണം. പരമ്പരാഗത വ്യവസായ മേഖലകളിലായിരുന്നു സ്ത്രീകളധികം തൊഴിലവസരങ്ങൾ കണ്ടെത്തിയിരുന്നത്. ഈ മേഖല നാശോന്മുഖമായിത്തീർന്നപ്പോൾ ഇക്കൂട്ടർക്ക് മറ്റുമേഖല കണ്ടെത്താൻ കഴിഞ്ഞതുമില്ല. കാർഷിക രംഗത്ത് പുത്തൻ സമ്പ്രദായങ്ങൾ ആവിഷ്കരിക്കപ്പെട്ടപ്പോൾ തഴയപ്പെട്ടത് സ്ത്രീകളായിരുന്നു. മറ്റുതൊഴിൽ മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം കുറഞ്ഞിട്ടുണ്ട്. നാട്ടിൻപുറങ്ങളിൽ വീടുകളെ കേന്ദ്രീകരിച്ചുകൊണ്ട് 'കരിങ്കല്ല് പൊട്ടിക്കൽ' പ്രവർത്തികളിൽ സ്ത്രീകൾ ധാരാളമായി ഉണ്ട്. എന്നാൽ ഈ മേഖലകളിൽ സ്ത്രീകൾ ചൂഷണത്തിന് വിധേയമാകുന്നു. പുരുഷൻമാരേക്കാൾ കൂലി കുറവാണെന്ന യാഥാർത്ഥ്യം ഗ്രാമസഭാ ചർച്ചകളിൽ നിന്നും പൊന്തിവന്നിരുന്നു. മറ്റൊരു പ്രവണത നഗരങ്ങളിലേക്ക് കുറഞ്ഞ കൂലി സ്വീകരിച്ച് തൊഴിൽ തേടി പോകുന്നതാണ്. പാണ്ടികശാലകൾ, തുണിഷോപ്പുകൾ, ടെലിഫോൺ ബൂത്തുകൾ, ഫോട്ടോസ്റ്റാറ്റുകൾ, തുടങ്ങിയവയിലും മറ്റു പീടികകളിലും 'sales girls's കളായി സ്ത്രീകൾ തൊഴിലെടുക്കുന്നു. രാവിലെ 9 മണിമുതൽ രാത്രി 8 മണിവരെ ഇക്കൂട്ടർ നാമമാത്രമായ കൂലിക്ക് ജോലിയെടുക്കുന്നു.

ഭൂരിപക്ഷം തൊഴിൽ രഹിതരായ സ്ത്രീകളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഇവരാകട്ടെ ഗൃഹഭരണത്തിലും ശിശുപരിപാലനത്തിലും മറ്റുമായി കഴിയുന്നു. ഇവരുടെ സമയങ്ങൾ ഉപയോഗപ്പെടുത്തി കുടിൽ വ്യവസായങ്ങളിലേക്കും കൊണ്ടുവരാൻ കഴിയണം. ഈ അവസ്ഥ മാറ്റുവാൻ പല നിർദ്ദേശങ്ങളും ഗ്രാമസഭാ ചർച്ചകളിൽ പൊന്തിവന്നിട്ടുണ്ട്. സാമൂഹ്യക്ഷേമ പദ്ധതികളിൽ സ്ത്രീകൾ പൊതുവെ അജ്ഞരാണ്. വിധവാപെൻഷൻ, അഗതിപെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മാ വേതനം, തുടങ്ങിയ സാമൂഹ്യ ക്ഷേമപദ്ധതികളെ സംബന്ധിട്ടുള്ള അറിവില്ലായ്മ ഈ ക്ഷേമപദ്ധതിയിൽ നിന്ന് ഇവരെ അകറ്റിനിർത്തിയിട്ടുണ്ട്. മാത്രവുമല്ല, ഇത് അർഹരായവർക്ക് ലഭിക്കണമെന്നും ജനകീയ സമിതികൾക്ക് കൈമാറണമെന്നും വരെ ഗ്രാമസഭാചർച്ചയിൽനിന്ന് പൊന്തിവന്നിട്ടുണ്ട്. അങ്കൺവാടികൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല. 4 ബാലാടികളും 1 ശിശു മന്ദിരവും ഉണ്ട്. ഇവയോടനുബന്ധിച്ച് സ്ത്രീകളുടെ ആരോഗ്യപരിപാലനം ശ്രദ്ധിക്കുന്നതായ നടപടികൾ കാണുന്നില്ല. മഹിളാസമാജങ്ങൾ ഈ പഞ്ചായത്തിൽ മിക്കവാർഡുകളിലും പ്രവർത്തിക്കുന്നുണ്ട്. എന്നാലിവ സ്ത്രീകളുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് ഉതകുന്നതല്ല എന്നുതന്നെ പറയാം. DWRCA യുടെ 3 യൂണിറ്റുകൾ കക്കോടി പഞ്ചായത്തിലുണ്ട്. ഇവയിന്ന് ക്ഷയോന്മുഖമാണ്. വനിതകളുടെ നേതൃത്വത്തിൽ ഒരു വ്യവസായം സംരഭം മക്കടയിൽ (12-ാം വാർഡ്) ആരംഭിക്കുവാനുള്ള പ്രവർത്തനം തുടങ്ങിയെങ്കിലും ആയത് തുടങ്ങിയ നിലയിൽ തന്നെ നി

ല്ക്കുന്നു. കക്കോടിയുടെ വിവിധ ഭാഗങ്ങളിൽ ടൈലറിങ്ങ്, ഗാർമെന്റ് യൂണിറ്റുകൾ ഉണ്ട്. ഇതും തീർത്തും ലാഭകര മല്ല എന്നവസ്തുത ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്.

പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. കഴിഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പോടുകൂടിയാണ് സ്ത്രീകൾ പൊതു പ്രവർത്തനരംഗത്തേക്ക് വരുന്നത്. എന്നാലും നാമമാത്രമായ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ജനാധിപത്യ മഹിളാ അസോസിയേഷൻ എന്ന വനിതാ സംഘടന കക്കോടിയിൽ പ്രവർത്തിച്ചുവരുന്നു. സ്ത്രീകൾക്ക് നേരെയുള്ള അക്രമണങ്ങൾ നമ്മുടെ പഞ്ചായത്തിൽ പൊതുവെ കുറവാണ്.

**പ്രശ്നങ്ങൾ**

തൊഴിലില്ലായ്മയാണ് സ്ത്രീകളുടെ ഇടയിലെ പ്രധാനപ്രശ്നം. തൊഴിൽ മേഖലയിൽ അവസരസമത്വമോ, തുല്യരാഹിത്യമോ ലഭിക്കാത്ത അവസ്ഥയുമുണ്ട്. കൂടാതെ അവർക്ക് മാത്രമുള്ള തൊഴിൽ മേഖലയിൽ വളരെ കുറഞ്ഞ കൂലിനിരക്കാണ് ഉള്ളത്. കയർ, നൂൽനൂല്പ്, കശുവണ്ടി, തുടങ്ങിയ മേഖലയിലാണ് സ്ത്രീ ആധിപത്യം. ഈ മേഖലയിൽ ഉള്ള വ്യവസായങ്ങളുടെ നിയന്ത്രണം സ്ത്രീകൾക്കല്ല എന്നത് ഒരു പ്രധാന പ്രശ്നമാകുന്നു. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഗ്രാമസഭയിൽനിന്ന് നിരവധി അഭിപ്രായങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. മൊത്തം പരിശോധിക്കുമ്പോൾ സ്ത്രീകളുടെ തൊഴിൽ യൂണിറ്റുകളും, സഹകരണ സംരംഭങ്ങളും പഞ്ചായത്തിലെ സാധ്യതക്കനുസരിച്ച് ആരംഭിക്കേണ്ടിയിരിക്കുന്നു.

സാമൂഹ്യ സേവനരംഗത്ത് ബോധപൂർവ്വമായ ഇടപെടലുകൾ ഉണ്ടായാൽ സ്ത്രീകളെ ഉയർത്തികൊണ്ടുവരുവാൻ കഴിയും. പൊതുജീവിതത്തിലും തൊഴിൽ മേഖലയിലും തുല്യമായ പങ്കാളിത്തം വരുത്താൻ കഴിയണം. ഏറ്റെടുത്തജോലികൾ ഭംഗിയായും ഉത്തരവാദിത്വത്തോടുകൂടിയും നിറവേറ്റുവാൻ കഴിയുമെങ്കിലും, പൊതുവെ ജോലിയേറ്റെടുക്കുവാനുള്ള വിമുഖതയും, ഉത്തരവാദിത്വം ഏല്പിക്കുവാൻ പുരുഷൻമാരുടെ ഭാഗത്തുനിന്നുമുള്ള താല്പര്യക്കുറവും ഇവിടെ കാണുന്നു. ഒരു ആത്മവിശ്വാസക്കുറവ് ഈ വിഭാഗത്തിൽകാണുന്നു.

സർക്കാരിന്റെ ദാരിദ്ര്യനിർമാർജ്ജന പരിപാടികളിൽ പൊതുവെ സ്ത്രീകളോട് അവഗണന കാണുന്നുണ്ട്. IRDPയുടെ ഗുണഭോക്താക്കളിൽ സത്രീകൾക്ക് പ്രാധാന്യം നല്കി അവരെ സ്വയംപര്യാപ്തതയിലേക്ക് കൊണ്ടുവരുവാൻ കഴിയണം. ഈ പ്രശ്നങ്ങളെ പരിഹരിക്കുവാൻ കൂട്ടായ്മയാണ് ആവശ്യം. ആയത് പഞ്ചായത്ത് തലത്തിൽ തന്നെയാകുകയും വേണം.

വനിതാക്ഷേമ പദ്ധതികൾ യഥാസമയം, ഇക്കൂട്ടർ അറിയുന്നില്ല എന്നത് ഒരു പ്രധാനപ്രശ്നമാണ്. പൊതു സ്ഥലങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ ഒരു പ്രധാനപ്രശ്നമായി കാണുന്നു,

മൊത്തത്തിൽ പരിശോധിക്കുമ്പോൾ എല്ലാ ഭാഗത്തുനിന്നും അവഗണന നേരിടുന്ന വിഭാഗമായി സ്ത്രീകളെ കാണുന്നു. ഈ അവഗണനയെ ഇങ്ങനെയായി ചുരുക്കാം.

1. സാമൂഹ്യ സേവന രംഗങ്ങളിൽ സ്ത്രീകളുടെ സജീവതയില്ല.
2. തൊഴിൽ രംഗത്ത് വേണ്ടത്ര അറിവും, സ്ത്രീകളുടേതായ കൂട്ടുതൊഴിൽ സംരഭം തുടങ്ങുവാനുള്ള വിമുഖതയും നിലനില്ക്കുന്നു.
3. തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല.
4. സാമ്പത്തികമായ ഞെരുക്കം സ്വയംതൊഴിൽ രംഗത്ത് നിന്ന് സ്ത്രീകളെ അകറ്റുന്നു.
5. സ്ത്രീകൾക്കുള്ള സർക്കാർ സഹായപദ്ധതികൾ ഏതൊക്കെയെന്നുള്ള വ്യക്തമായ അറിവെ ലഭ്യമല്ല.
6. വിദ്യാലയങ്ങളിൽ പാഠ്യേതര വിഷയങ്ങളിൽ സ്ത്രീ പങ്കാളിത്തമില്ല.
7. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും സ്ത്രീകൾ അടിമപ്പെടുന്നു.
8. തങ്ങളുടെ അവകാശങ്ങളെ കുറിച്ച് ബോധവാൻമാരാക്കുവാനും, അവർക്ക് അതിനാവശ്യമായ നിയമസഹായമുൾപ്പെടെയുള്ള സഹായം ലഭിക്കുവാനുമുള്ള സൗകര്യമില്ലായ്മ.
9. പരമ്പരാഗതമായ വ്യവസായങ്ങളുടെ തകർച്ച.
   ഗ്രാമസഭാ ചർച്ചയിൽനിന്നും മറ്റും പൊന്തിവന്ന പ്രശ്നങ്ങൾക്ക് അവർതന്നെ ചില പരിഹാരനിർദ്ദേശങ്ങൾ ചൂണ്ടികാണിച്ചിട്ടുണ്ട്.
10. ഉൽപാദനപരമായ സ്വയംതൊഴിൽ പദ്ധതികൾ സ്ത്രീകളുടെ ഇടയിൽ സംഘടിപ്പിക്കുവാൻ ശ്രമിക്കുക.

പരമ്പരാഗതമേഖലയിലെ വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുകയും, ഉള്ളത് നിലനിർത്തുകയും ചെയ്തുകൊണ്ട് ഈ മേഖലകളുടെ ഭരണാധിപത്യം സ്ത്രീകൾക്ക് തന്നെ നല്കുക.

വിഭവസാധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ സ്ഥാപിക്കുക. ഇതിനാവശ്യമായ പരിശീലനം നല്കുകയും വേണം.

തുല്യജോലിക്ക് തുല്യവേതനം കർശനമായി നടപ്പിലാക്കുക.

തൊഴിൽ സംരഭത്തിനാവശ്യമായ IRDP പദ്ധതി, DWCRA എന്നീ വകുപ്പുകളുടെ സാമ്പത്തിക സഹായം സ്ത്രീകൾക്ക്തന്നെ ഉറപ്പ് വരുത്തുക.

സാമൂഹ്യക്ഷേമ പദ്ധതികൾ അർഹരായ എല്ലാവർക്കും വിതരണം ചെയ്യുന്നത് സ്ത്രീകൾക്കുകൂടി ലഭ്യമാക്കുക.

സ്ത്രീകളുടെ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ ക്ഷേമപദ്ധതികൾ എന്നിവ അറിയുന്നതിനും, പഠിക്കുന്നതിനും വേണ്ടി പഞ്ചായത്ത് തലത്തിൽനിന്ന് വനിതാ കമ്മറ്റികൾക്ക് രൂപം നല്കുക.

സ്ത്രീകളുടെ നിയമപരമായ അറിവ് വർദ്ധിപ്പിക്കുന്നതിനും അവർക്ക് നേരെയുള്ള പീഢനങ്ങൾ തടയുന്നതിനും ആവശ്യമായ ഒരു ലീഗൽ സെൽ സ്ഥാപിക്കുക.

വിദ്യാഭ്യാസ മേഖലയിൽ പഠനത്തോടൊപ്പം പാഠ്യേതര വിഷയങ്ങളിലും സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുക.

# സഹകരണമേഖല

കടക്കെണിയിൽ പെട്ട് ഉഴലുന്ന കർഷക സമൂഹത്തിന് തെല്ലൊരു ആശ്വാസം നല്കുന്നതിന്നായി 1904 ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പ സംഘങ്ങളാണ് കേരളത്തിൽ സഹകരണ പ്രസ്ഥാനത്തിന്ന് തുടക്കമിട്ടത്.

1946 ൽ വേങ്ങേരി, പടിഞ്ഞാറ്റുംമുറി, മക്കട, പാലത്ത് താമരശ്ശേരി, കണ്ണങ്കര എന്നീ 6 അംശങ്ങൾ പ്രവർത്തന പരിധിയായി രൂപീകരിച്ച ചേളന്നൂർ താമരശ്ശേരി പ്രൊഡ്യൂസേർസ് ആന്റ് കൺസ്യൂമേർസ് കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആവിർഭാവത്തോടുകൂടിയാണ് കക്കോടി ഗ്രാമപഞ്ചായത്തിൽ സഹകരണപ്രസ്ഥാനം രൂപംകൊണ്ടത്. 1956 ൽ മലബാറിലെ പി. സി. സി. സൊസൈറ്റികൾ താരതമ്യേന പ്രവർത്തനം നിലച്ച സാഹചര്യത്തിൽ ചേളന്നൂർ താമരശ്ശേരി കോ ഓപ്പറേറ്റീവ് റൂറൽ ബേങ്ക് 26-.1-.56 ൽ റജിസ്റ്റർ ചെയ്യുകയും ഏ. കെ. ചോയി, പി. സി. രാഘവൻ നായർ, എം. പരമേശ്വരൻ മൂസ്സത്, ടി. മൂത്തോറൻ, കെ. ഉണ്ണീരി, കെ.സി. രാഘവൻനായർ, പി. സി. കൃഷ്ണൻനായർ എന്നിവർ ഡയരക്ടർ മാരായി കൊണ്ടു പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 17.3.56 ന്ന് ചേർന്ന ആദ്യഡയരക്ടർ ബോർഡ് യോഗത്തിൽ ഏ. കെ. ചോയി പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെടുകയും മുൻ പി.സി.സി സൊസൈറ്റി പ്രസിഡന്റ് എൻ. അചുതൻനായരിൽ നിന്നും ബാധ്യതകളടക്കം റിക്കാർഡുകൾ ചാർജ് എടുക്കുകയും ചെയ്തു പി.സി.സി സൊസൈറ്റിയുടെം സിക്രട്ടറിയായിരുന്ന സി. വാസു ദേവൻ നായർ താല്കാലിക സിക്രട്ടറിയായി. 1962 മാർച്ചിൽ നടന്ന പൊതുയോഗത്തിൽ അംഗീകരിച്ച ബൈലോ ഭേദഗതിയിലൂടെ പ്രസ്തുത റൂറൽ ബേങ്ക് ചേളന്നൂർ താമരശ്ശേരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബേങ്കായും പിന്നീട് ഇന്ന് നിലവിലുള്ള ചേളന്നൂർ കക്കോടി സർവ്വീസ് കോഓപ്പറേറ്റീവ് ബേങ്കായും രൂപാന്തരപ്പെട്ടു. കക്കോടി പഞ്ചായത്തിൽ വായ്പാരംഗത്ത് പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സഹകരണ സ്ഥാപനമാണിത്. ഹെഡ് ഓഫീസും രണ്ടു ബ്രാഞ്ചുകളുമുള്ള ഈ സ്ഥാപനത്തിന്റെ പരിധിയിൽ ചേളന്നൂർ കക്കോടി പഞ്ചായത്തുകൾ ഉൾപ്പെടുന്നു. 18700 ലധികം അംഗങ്ങളുണ്ട്. ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ 32 ശതമാനം പേരും മേപ്പടി ബേങ്കിൽ അംഗങ്ങളാണ്.

വിവിധ മേഖലകളിലായി 13 സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നു. അവയിൽ പലതും ഭരണ വൈകല്യവും കെടുകാര്യസ്ഥതയും കാരണം ഇന്ന് പ്രവർത്തനരഹിതമാണ്.

**സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ**

കാർഷികമേഖലയിൽ ചേളന്നൂർ കക്കോടി സർവ്വീസ് സഹകരണ ബേങ്ക് സമാന്യം നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിൽ ആകെ 2 ക്ഷീരോല്പാദക സഹകരണ സംഘങ്ങളാണുള്ളത്. ഇതിൽ കക്കോടി ക്ഷീരോല്പാദക സഹകരണ സംഘം ഇന്ന് പ്രവർത്തനരഹിതമാണ്. അടുത്ത കാലത്ത് രൂപീകരിച്ച ഒറ്റത്തെങ്ങ് ക്ഷീരോല്പാദക സഹകരണസംഘം പ്രവർത്തിച്ചുവരുന്നുണ്ട്. കൈത്തറി രംഗത്ത് കക്കോടി നെയ്തുകാരുടെ പരസ്പര സഹായ സഹകരണസംഘം, സ്റ്റാർ വീവേർസ് വർക്ക്ഷോപ്പ് കോ ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ പ്രവർത്തിച്ചു വരുന്നു. ഇതിൽ 115 ഓളം തൊഴിലാളികളുള്ള സ്റ്റാർ വീവേർസ് വർക്ക്ഷാപ്പ് കോ ഓപ്പറേറ്റീവ് സൊസൈറ്റി മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. ഖാദി ഗ്രാമവ്യവസായ വകുപ്പിന്റെ കീഴിൽ കക്കോടി ഗ്രാമീണ എണ്ണയാട്ട് വ്യവസായ സഹകരണസംഘം, കക്കോടി പൊട്ടറിവർക്കേർസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി, കക്കോടി വില്ലേജ് ഇൻഡസ്ട്രീസ് കോഓപ്പറേറ്റീവ് സൊസൈറ്റി,

| ക്രമ ന. | | അംഗകളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം | മൊത്തം | ലാഭം/നഷ്ടം |
|---|---|---|---|---|---|
| 1. | സ്റ്റാർ വീവേർസു വർക്ക് ഷോപ്പ് കോഓപ്പറേറ്റീവ് സൊസൈറ്റി | 183 | 115 | 5557920 | ലാഭം |
| 2. | കക്കോടി നെയ്ത്തുക്കാരുടെ പരസ്പര സഹായ സഹകരണസംഘം | 209 | 25 | 203000 | നഷ്ടം. |
| 3. | കക്കോടി കയർ വ്യവസായ സഹകരണസംഘം, ചെലപ്രം | 422 | 39 | 70020 | ” |
| 4. | ചെറുകുളം കയർ വ്യവസായ സഹകരണസംഘം | 562 | 43 | 38745 | ” |
| 5. | ഒറ്റതെങ്ങ് ക്ഷീരോല്പാദക സഹകരണസംഘം | | 1996 ൽ പ്രവർത്തനം ആരംഭിച്ചു | | |
| 6. | കക്കോടി മിൽക്ക് പ്രൊഡ്യൂസേർസു കോഓപ്പറേറ്റീവ് സൊസൈറ്റി | | പ്രവർത്തനരഹിതം | | |
| 7. | കക്കോടി ഖാദി ഇൻഡസ്ട്രിയൽ പ്രൊഡ്യുസേർസ് കോഓപ്പറേറ്റീവ് സൊസൈറ്റി | | പുനരുദ്ധാരണത്തിന്ന് നടപടികൾ നടന്നുവരുന്നു. | | |
| 8. | കക്കോടി വില്ലേജ് ഇൻസ്ട്രീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി | | പ്രവർത്തനരഹിതം | | |
| 9. | കക്കോടി ഗ്രാമീണ എണ്ണയാട് വ്യവസായ സഹകരണസംഘം | | ” | | |
| 10. | കക്കോടി പോട്ടറി വർക്കേസ് കോഓപ്പറേറ്റീവ് സൊസൈറ്റി | | ” | | |
| 11. | കക്കോടി ബീഡിവർക്കേർസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി | | ” | | |
| 12. | കക്കോടി ചക്കരനിർമ്മാണസഹകരണ സംഘം. | | ” | | |

കക്കോടി ഖാദി ഇൻഡസ്ട്രിയൽ പ്രൊഡ്യുസേർസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയാണുള്ളത്. ഇവനാലും ഇന്ന് പ്രവർത്തനരഹിതമാണ്. കക്കോടി ബീഡി വർക്കേർസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയും, കക്കോടി ചക്കര നിർമ്മാണ സഹകരണ സംഘവും പ്രവർത്തന രഹിതങ്ങളായ സംഘങ്ങളുടെ പട്ടികയിൽ പെടുന്നു. കയർ വ്യവസായ മേഖലയിൽ കക്കോടി കയർ വ്യവസായ സഹ കരണ സംഘം ചെലപ്രം, ചെറുകുളം കയർ വ്യവസായ സഹകരണ സംഘം എന്നിവ പ്രവർത്തിക്കുന്നു.

**കാർഷിക മേഖല**

**A) ഹൃസ്വകാലവായ്പ**

ഏകദേശം 5066 ഓളം കർഷകകുടുംബങ്ങളുള്ള കക്കോടി ഗ്രാമപഞ്ചായത്തിൽ ഈ രംഗത്ത് പ്രവർത്തി ക്കുന്ന ചേളന്നൂർ കക്കോടി സർവ്വീസ് സഹകരണ ബേങ്ക് ഹൃസ്വകാല കാർഷിക, കാർഷികേതര വായ്പകളാണ് മു ഖ്യമായും വിതരണം ചെയ്യുന്നതെങ്കിലും മുഴുവൻ കർഷ കർക്കും അർഹമായ വായ്പ നല്കുവാൻ സംഘത്തിന് സാധിക്കുന്നില്ല. കർഷകാംഗങ്ങളുടെ സാമ്പത്തികാവശ്യ ങ്ങൾ പരിമിതമായ തോതിലെങ്കിലും നിർവ്വഹിക്കുവാൻ 2 കോടി രൂപ പ്രതിവർഷം ആവശ്യമാണ്. ലാന്റ് റജിസ്റ്റ് പ്രകാരം ക്രെഡിറ്റ് ലിമിറ്റ് സ്റ്റേറ്റുമെന്റ് തെയ്യാറാക്കി വർഷം തോറും ജില്ലാ ബേങ്കിൽ നിന്നും അംഗീകാരം വാങ്ങുന്നു ണ്ടെങ്കിലും അർഹരായ എല്ലാവർക്കും വായ്പ നല്കുന്ന തിന്നുള്ള സംവിധാനം ഇന്ന് നിലവിലില്ല. 'നബാർഡ്' നി ലവിലുള്ള കാർഷിക വായ്പ വിതരണ സംവിധാനത്തിൽ മാറ്റം വരുത്തിയെങ്കിൽ മാത്രമെ ഉദ്ദേശിച്ച രൂപത്തിൽ വായ്പ വിതരം ചെയ്യുവാൻ സാധിക്കുകയുള്ളു. കൃത്യ സമയത്ത് വായ്പ തിരിച്ച ടവ് വരാത്തതും ബാങ്ക് പ്രവർത്ത നത്തിന്ന് തടസ്ഥം നില്ക്കുന്നുണ്ട്. വളം വിതരണം കൊ പ്ര സംഭരണം, സഹകരണ മാവേലിസ്റ്റോർ എന്നിവയും ബേങ്ക് നടത്തിവരുന്നു.

**b) ദീർഘകാല കാർഷികവായ്പ**

കോഴിക്കോട് പ്രാഥമിക സഹകരണ കാർഷിക വി കസന ബേങ്കാണ് ഈ പഞ്ചായത്തിലെ കർഷകർക്കാവ ശ്യമായ ദീർഘകാല കാർഷിക വായ്പകൾ നല്കിവരു ന്നത്. കാർഷിക മേഖലയുടെ ആവശ്യത്തിന്നായി വേ ണ്ടത്ര ഫണ്ട് ഈ സ്ഥാപനത്തിൽ ലഭ്യമാണെങ്കിലും വായ്പ ലഭിക്കുന്നതിന്നുള്ള സാങ്കേതിക വിഷമം കാരണം കർഷകർ വായ്പ വിനിയോഗിക്കുന്നതിൽ വിമുഖത പ്ര കടിപ്പിക്കുന്നു.

**കയർ വ്യവസായ സഹകരണ സംഘങ്ങൾ**

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ടു കയർവ്യ വസായ സഹകരണ സംഘങ്ങളും നഷ്ടത്തിലാണ് പ്ര വർത്തിക്കുന്നത്. നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെ ടുത്തി വ്യാവസായിക കാഴ്ചപാടിൽ പ്രവർത്തനം പുനഃ സംഘടിപ്പിക്കുകയും കൂടുതൽ തൊഴിലാളികളെ ഈ മേ ഖലയിലേക്ക് ആകർഷിക്കുകയും ചെയ്തെങ്കിൽ മാത്രമെ ഈ രംഗത്ത് പുരോഗതി കൈവരിക്കുവാൻ കഴിയുക യുള്ളു.

**പാർപ്പിട പ്രശ്നം**

പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കുന്ന

തിന് സഹകരണ മേഖലയിലെ വിവിധ സംഘങ്ങൾവഴി വിവിധ ഏജൻസികളിൽ നിന്ന് ലഭിക്കുന്ന വായ്പയാണ് പഞ്ചായത്തിൽ കൂടുതൽ ആളുകളും ഉപയോഗിക്കുന്നത്. ഭവന നിർമ്മാണവായ്പകൾ പ്രധാനമായും വിതരണം ചെയ്തുവരുന്നത് തലക്കുളത്തൂർ ഭവന നിർമ്മാണ സഹകരണ സംഘമാണ്. കൂടാതെ കോഴിക്കോട് പ്രാഥമിക സഹകരണ കാർഷിക വികസന ബേങ്ക്, കോഴിക്കോട് ജില്ലാ സഹകരണ ബേങ്ക് , ചേളന്നൂർ കക്കോടി സർവ്വീസ് സഹകരണ ബേങ്ക് എന്നിവയും ഈ രംഗത്ത് വായ്പകൾ നല്കിവരുന്നു. ഫണ്ടുകളുടെ അപര്യാപ്തത കാരണം ഈ സംഘങ്ങൾക്ക് വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ പൂർണ്ണമായും നിറവേറ്റാൻ സാധിക്കുന്നില്ല.

**വിവിധ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ കാർഷിക മേഖല**

1. വർദ്ധിച്ചുവരുന്ന അവധിബാക്കി കാരണം സാങ്കേതികമായി ചേളന്നൂർ കക്കോടി, സർവ്വീസ് സഹകരണ ബേങ്ക് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. സാങ്കേതികമായ ഈ നഷ്ടം നികത്താതെ വികസന പ്രവർത്തനങ്ങൾ ഒന്നുംതന്നെ ഈ ബേങ്ക് വഴി നടത്തുക സാദ്ധ്യമല്ല. അവധിബാക്കി പൂർണ്ണമായും പിരിച്ചെടുത്തു സംഘത്തിന്റെ നഷ്ടം ഒഴിവാക്കുന്നതിന്ന് നടപടികൾ വേണ്ടതാണ്.
2. എല്ലാകർഷകരേയും അംഗങ്ങളാക്കി ബേങ്കിന്റെ ഓഹരിമൂലധനം വർദ്ധിപ്പിക്കുക
3. നിക്ഷേപസമാഹരണം ഊർജിതപ്പെടുത്തി പ്രവർത്തനമൂലധനം വർദ്ധിപ്പിക്കുകയും ഈ തുക ലാഭകരമായ വിധത്തിൽ വിനിയോഗിക്കുകയും ചെയ്യുക. (കൺസ്യൂമർവായ്പ, ഭവനനിർമ്മാണ വായ്പ, സ്വർണ്ണപണ്ടം പണയ വായ്പ തുടങ്ങിയവ)
4. ചിട്ടികളുടെ പ്രവർത്തനം വിപുലീകരിക്കുകയും ചിട്ടി സംബന്ധമായ നിയമവ്യവസ്ഥകൾ ഉദാരവൽക്കരിക്കുകയും ചെയ്യുക.
5. സഹകരണ ബേങ്ക് കർഷകരെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളടങ്ങിയ ലാന്റ് റജിസ്റ്റർ തെയ്യാറാക്കി സൂക്ഷിക്കേണ്ടതും അതനുസരിച്ച് ഓരോവർഷത്തേക്കും ആവശ്യമായ വായ്പ തുക തിട്ടപ്പെടുത്തുകയും ചെയ്യുക.
6. ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ കാർഷിക വായ്പാ സംഖ്യ വർഷാരംഭത്തിനു മുമ്പു തന്നെ പാസാക്കി കർഷകർക്ക് ക്രെഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.
7. കാർഷികാവശ്യത്തിന്നായി നബാർഡിൽ നിന്നും കൺസഷനൽ ഫിനാൻസു കൃത്യമായി അനുവദിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.
8. വായ്പ ലഭിച്ചവർക്ക് അർഹതപ്പെട്ട പലിശ സബ്സിഡി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി യഥാകാലം സബ്സിഡി ലഭിക്കുന്നതിന്ന് നടപടികൾ സ്വീകരിക്കുക.
9. വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷിക വായ്പയുടെ പരിധി വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്തു കലോചിതാമായി ഉയർത്തുക
10. വളം വിതരണത്തിൽ ഇന്നനുഭവപ്പെടുന്ന കാലതാമസം ഒഴിവാക്കി കൃഷിക്കാർക്ക് എളുപ്പത്തിൽ വളം ലഭിക്കുന്നതിന്ന് വേണ്ട നടപടികൾ സ്വീകരിക്കുക.
11. കാർഷിക ഉല്പന്നങ്ങൾക്ക് വിലയിടിവ് ഉണ്ടാകുമ്പോൾ അവ സെക്യൂരിട്ടിയായി സ്വീകരിച്ച് "കൃഷിക്കാർക്ക് കീ ലോൺ അനുവദിച്ചുകൊടുക്കുവാൻ നടപടികൾ സ്വീകരിക്കുക.
12. ഉല്പന്നങ്ങളുടെ സംഭരണത്തിന്നും സൂക്ഷിപ്പിന്നുമായി ആവശ്യമായ ഗോഡൗണുകൾ നിർമ്മിക്കുന്നതിന്ന് വേണ്ടി വരുന്ന സംഖ്യ വായ്പയായും സബ്സിഡിയായും ബേങ്കിന്ന് ലഭ്യമാക്കുന്നതിന്ന് നടപടികൾ സ്വീകരിക്കുക.
13. കൊപ്രസംഭരണം വ്യാപകമായ തോതിൽ നടത്തി കർഷകർക്ക് പരമാവധി ആശ്വാസം ഉറപ്പുവരുത്തുക.
14. നെൽകൃഷിലാഭകരമാക്കുന്നതിന്നായി കർഷകർക്ക് ഹെക്ടർ ഒന്നിന്ന് 2500 രൂപയെങ്കിലും സബ്സിഡിയായി നല്കുകയും മേത്തരം വിത്ത്, വളം, കാർഷികോപകരണങ്ങൾ (ട്രാക്ടർ, ടില്ലർ, കൊയ്തു മെതി ഉപകരണങ്ങൾ) എന്നിവ യഥാക്കാലം എളുപ്പത്തിൽ ലഭ്യമാക്കുന്നതിന്ന് നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
15. ദീർഘകാല വായ്പകൾ വിതരണം ചെയ്യുന്ന പ്രാഥമിക സഹകരണ കാർഷിക വികസന ബേങ്കുകളുടെ വായ്പ വിതരണ നടപടിക്രമങ്ങൾ പരമാവധി ലഘൂകരിക്കുക.
16. സഹകരണ മാവേലി സ്റ്റോറുകൾ പഞ്ചായത്തിന്റെ കൂടുതൽ ഭാഗങ്ങളിൽ ആരംഭിക്കുക.

**ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ**

കക്കോടി, പഞ്ചായത്തിൽ ക്ഷീരവ്യവസായ രംഗത്തുള്ള സാദ്ധ്യതകൾ അവഗണിക്കപ്പെട്ടിരിക്കയാണ്. ക്ഷീരവിപണന രംഗത്ത് 1996 ൽ പുതുതായി രൂപീകൃതമായ ഒറ്റത്തെങ്ങ് ക്ഷീരോല്പാദക സഹകരണസംഘം മാത്രമെ ഇന്ന് പ്രവർത്തിക്കുന്നുള്ളു. ഇവിടെ പ്രതിദിനം 200 ഓളം ലിറ്റർ പാൽ ശേഖരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നുണ്ട്. സംഘങ്ങളുടെ അഭാവത്തിൽ കോതാടത്ത്താഴം, ചോയിബസാർ, ബദിരൂർ, കോട്ടുപാടം, കക്കോടി, ചെലപ്രം, പടിഞ്ഞാറ്റും മുറി എന്നീസ്ഥലങ്ങളിൽ സ്വകാര്യവ്യക്തികൾ 1200 ലിറ്ററോളം പാൽപ്രതിദിനം ശേഖരിക്കുകയും വിപണനം നടത്തുകയും ചെയ്തുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ, പ്രവർത്തനരഹിതമായ കക്കോടി ക്ഷീരോല്പാദക സഹകരണസംഘം പുനരുജ്ജീവിപ്പിക്കുകയും ചെറുകുളം, ചെലപ്രം, പടിഞ്ഞാറ്റും മുറി എന്നീ സ്ഥലങ്ങളിലെങ്കിലും പുതിയ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

**മറ്റുനിർദ്ദേശങ്ങൾ**

1. സംഘങ്ങൾ ശേഖരിക്കുന്ന പാലിൽ പ്രാദേശിക ഉപഭോഗം കഴിച്ച് മിച്ചം വരുന്നവ കേടുകൂടാതെ സംഭരിച്ച് സൂക്ഷിക്കുവാനും സംസ്കരിക്കുവാനും വേണ്ട സംവിധാനങ്ങൾ ഏതെങ്കിലും ഒരു സംഘത്തിലെങ്കിലും ഉണ്ടായിരിക്കണം. അതിന്നാവശ്യമായ പണം ബന്ധപ്പെട്ട സംഘത്തിന്ന് ലഭ്യമാക്കേണ്ടതാണ്.

2. കാലിത്തീറ്റ വിതരണത്തിന്നും, നല്ലയിനം കറവമാടുകളെ അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിന്നുമുള്ള സംവിധാനം സംഘങ്ങൾ ചെയ്തുകൊടുക്കണം.
3. പഞ്ചായത്തുതലത്തിലോ, മറ്റേതെങ്കിലും ഏജൻസികൾ മുഖേനയോ ക്ഷീരവികസത്തിന്ന് അനുവദിക്കുന്ന ആനുകൂല്യങ്ങൾ സംഘങ്ങൾ മുഖേനമാത്രം വിതരം ചെയ്യുക.
4. മൃഗസംരക്ഷണ ഉദ്യോഗസ്ഥന്മാരുടെ സേവനം ആവശ്യമായ സമയത്ത് ലഭ്യമാക്കുന്നതിന്നുള്ള നടപടികൾ ഉണ്ടായിരിക്കണം.

**മത്സ്യോല്പാദക സഹകരണ സംഘങ്ങൾ**

മത്സ്യോല്പാദന രംഗത്ത് പരിമിതമായ സാദ്ധ്യതകളെ കക്കോടി പഞ്ചായത്തിലുള്ളൂ. 5 ഹെക്ടർ വിസ്തീർണ്ണമുള്ളതായ ചെലപ്രം ചതുപ്പുനിലങ്ങൾ ചെമ്മീൻ കൃഷിക്ക് വളരെ യേറെ ഉപയുക്തമാണ്. മത്സ്യം പിടിച്ച് ഉപജീവനം നടത്തുന്നവരേയും ഇതുമായി സഹകരിക്കുവാൻ തെയ്യാറുള്ളവരേയും ഉൾപ്പെടുത്തി ചെലപ്രത്ത് ഒരു മത്സ്യോല്പാദക സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്. ഗവർമ്മേണ്ടിൽനിന്നും ഉൾനാടൻ മത്സ്യവികസനത്തിന്ന് ലഭിക്കുന്ന ഫണ്ട് ഈ ആവശ്യത്തിന്ന് വിനിയോഗിക്കാവുന്നതാണ്.

**കയർ വ്യവസായ സഹകരണ സംഘങ്ങൾ**

ഈ പഞ്ചായത്തിൽ നിലവിലുള്ള രണ്ടു കയർ വ്യവസായ സഹകരണ സംഘങ്ങളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. വ്യവസായ രംഗത്ത് കാലോചിതമായി സംഭവിക്കുന്ന മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിന്നുള്ള വിമുഖതയും തൊണ്ടു തല്ലൽ തുടങ്ങിയ പ്രവർത്തികൾക്ക് തൊഴിലാളികളെ ലഭിക്കുന്നതിന്നുള്ള പ്രയാസവും ഇതിന്ന് കാരണങ്ങളായി ചൂണ്ടിക്കാണിക്കുന്നു.

**നിർദ്ദേശങ്ങൾ**

1. ചെറുകുളം കക്കോടി കയർവ്യവസായ സഹകരണ സംഘങ്ങളിൽ യാന്ത്രവല്ക്കരണം നടപ്പിലാക്കുക
2. സംഘങ്ങളിൽ മാറ്റ്സ് ആന്റ് മാറ്റിംഗ് യൂണിറ്റുകൾ ആരംഭിച്ച് വികസനത്തിന്ന് നടപടികൾ സ്വീകരിക്കുക.
3. തുപ്പ് ഉല്പാദിപ്പിക്കുന്നതിന്ന് ഒരു ഡിഫൈബറിംഗ് യൂണിറ്റ് ആരംഭിക്കുക.
4. പരമ്പരാഗത തൊഴിൽ മേഖല പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി സംഘങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ സാമ്പത്തിക സഹായം ലഭ്യമാക്കുക.
5. യന്ത്രവൽകൃത മാക്കപ്പെട്ട കയർപിരി സംഘങ്ങൾക്ക് പച്ചത്തൊണ്ട് പാകം ചെയ്യുന്നതിന്ന് കയർ റാട്ട് ടാങ്ക് നിർമ്മിക്കുന്നതിന്ന് ധനസഹായം നല്കുക.

**പട്ടികജാതി സഹകരണസംഘങ്ങൾ**

കക്കോടി ഗ്രാമപഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമരംഗത്ത് ഇപ്പോൾ പുതുതായി രൂപീകൃതമായ പട്ടികജാതി പട്ടികവർഗ്ഗ കരിങ്കൽ ചെങ്കൽ തൊളിലാളി സഹകരണ സംഘം ഒഴികെ മറ്റു സഹകരണ സംഘങ്ങൾ നിലവിലില്ല. ഇവരുടെ ക്ഷേമത്തിന്നും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്നുമായി ഒരു പട്ടികജാതി വിവിധോദ്യേശ സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

**വനിതാസഹകരണ സംഘം**

കക്കോടി ഗ്രാമപഞ്ചായത്തിൽ വനിതകളുടെ ഇടയിൽ സഹകരണ മേഖലക്ക് കാര്യമായ പ്രവർത്തനങ്ങളൊന്നും കാഴ്ചവെക്കുവാൻ സാധിച്ചിട്ടില്ല. പഞ്ചായത്തിൽ ഒരു വനിതാ സഹകരണ സംഘം രൂപീകരിച്ച് ധാരാളം വിപണന സാദ്ധ്യതകളുള്ള റെഡിമെയ്ഡ് വസ്ത്രനിർമ്മാണം കറിപൗഡർ, മെഴുകുതിരിനിർമ്മാണം, അച്ചാർ, സ്ക്വാഷ് തുടങ്ങിയവ നിർമ്മിക്കൽ, വീടുകൾ കേന്ദ്രീകരിച്ച് കോഴി വളർത്തൽ എന്നിവക്ക് പ്രത്യേകം യൂണിറ്റുകൾ ആരംഭിക്കുന്നതായാൽ വനിതകളുടെ ഇടയിൽ വളരേയേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്ന് ഇത് സഹായകമായിരിക്കും.

**നാളികേരവികസന സഹകരണസംഘം**

നമ്മുടെ നാട്ടിലെ പ്രധാന ഉല്പന്നങ്ങളിലൊന്നായ നാളികേരം ശേഖരിച്ച് സംസ്ക്കരിച്ച് വിപണനം നടത്തുന്നതിന്ന് പഞ്ചായത്തിൽ പ്രത്യേക സംവിധാനങ്ങളൊന്നും തന്നെ നിവിലില്ല. നാളികേരവികസന സഹകരണസംഘം രൂപീകരിച്ച്, കൊപ്ര നിർമ്മാണം, നാളികേര വെള്ളത്തിൽ നിന്നും വിനാഗിരി നിർമ്മിക്കുക, ചിരട്ട ഉപയോഗിച്ച് കരകൗശവസ്തുക്കൾ ചിരട്ടക്കരി, എന്നിവനിർമ്മിക്കുക. ചകിരിതുപ്പ് നിർമ്മാണം എന്നിവക്ക് ധാരാളം സാദ്ധ്യതകളുണ്ട്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്നും ഇതുസഹായകമാണ്.

**ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം**

അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന ധാരാളം തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തുകൾ നേരിട്ടും മറ്റു വകുപ്പുകളുടേതുമായി വളരെയേറെ വികസന പ്രവർത്തികൾ ഇന്ന് നടന്നുവരുന്നുണ്ട്. ഇത്തരം പ്രവർത്തികളുടെ ചിലവിൽ നല്ലൊരു പങ്ക് ഇടത്തട്ടുകാരുടേയും കരാറുകാരുടേയും പോക്കറ്റിൽ എത്തുന്നു. പഞ്ചായത്തിൽ ഒരു ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനം നടത്തുന്നതായാൽ നിർമ്മാണ പ്രവർത്തികൾ ഈ സംഘം മുഖേന നിർവ്വഹിക്കാവുന്നതാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്നും വിഭവസമാഹരണം നടത്തുന്നതിന്നും ഇത് സൗകര്യം നല്കുന്നു.

സഹകരണ മേഖലയുടെ വളർച്ചക്കായി പഞ്ചായത്തിലെ പ്രമുഖ സഹകാരികളെ ഉൾക്കൊള്ളിച്ചുകൊണ്ട് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു "സഹകരണ സെൽ" രൂപീകരിക്കാവുന്നതും സഹകരണ സംഘങ്ങൾക്കാവശ്യമായ വിദഗ്ദഉപദേശങ്ങളും നിർദ്ദേശങ്ങളും ഈ സെൽ മുഖേന നല്കാവുന്നതുമാണ്. സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിന്നു ഇതു സഹായകമായിരിക്കും.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം നിർദ്ദിഷ്ട രൂപത്തിലും ഭാവത്തിലും നടപ്പിലാക്കുകവഴി കക്കോടി പഞ്ചായത്തിലെ കാർഷിക രംഗത്തും തൊഴിൽ രംഗത്തും സമൂലമായ മാറ്റം വരുത്താൻ സാധിക്കുന്നതും സാമ്പത്തിക മേഖലയിൽ ഒരു കുതിച്ചു ചാട്ടത്തിന്ന് പഞ്ചായത്തിനെ സജ്ജമാക്കാൻ സഹായിക്കുന്നതുമായിരിക്കും.

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ചരിത്രപരമായ കാരണങ്ങളാൽ സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരവുമായും പിന്നോക്കം നിൽക്കുന്ന സമുദായങ്ങളാണ് പട്ടികജാതി പട്ടികവർഗ്ഗക്കാർ. ഇന്ത്യയുടെ സാമൂഹ്യ അസമത്വം ഈയടുത്ത കാലം വരെ അയിത്തം കൽപ്പിച്ച് രാഷ്ട്രപുനർനിർമ്മാണ പ്രക്രിയയുടെ മുഖ്യധാരയിൽ നിന്ന് അകറ്റി നിർത്തപ്പെട്ട വിഭാഗമാണ് ഇവർ. മറ്റുള്ളവരുടെ ഭൂമിയിൽ തന്റെ അധ്വാനം പ്രതിഫലമില്ലാതെ നൽകാൻ നിർബന്ധിക്കപ്പെട്ട ഇക്കൂട്ടർ നമ്മുടെ മണ്ണിൽ കനകം വിളയിച്ചവരാണ്. സാമൂഹ്യമായ അയിത്തം നിലനിൽക്കുമ്പോൾത്തന്നെ നമ്മുടെ രാജ്യത്തിന്റെ കാർഷികമേഖലയെ പുഷ്ടിപ്പെടുത്തിയത് ഇക്കൂട്ടരാണ്. മേലാളന്മാർ ഇവരോട് കാട്ടിയ ക്രൂരതകൾ ഈ ആധുനിക ലോകത്തിന് യോജിക്കാത്തതാണ്. ജന്മിതമ്പ്രാക്കന്മാരുടെ ക്രൂരമായ മർദ്ദനത്തിനിരയാകേണ്ടിവന്ന കഥ നമ്മുടെ ഈ കേരളത്തിൽ പോലും നാം കേട്ടുവല്ലോ. എന്നാൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി പുരോഗമന പ്രസ്ഥാനങ്ങൾക്ക് ശക്തമായ വേരോട്ടം ഉള്ള കേരളത്തിൽ ഈ ക്രൂരതകൾക്ക് അറുതി വരുത്തുവാനും അവരുടെ സാമൂഹ്യപദവി ഉയർത്തുവാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ ആദ്യത്തെ ജനകീയ ഗവണ്മെന്റ് നടപ്പിലാക്കിയ ഭൂപരിഷ്കരണം ഇക്കൂട്ടർക്ക് കേറി കിടക്കാൻ ഒരു കൂര ഉണ്ടാക്കി കൊടുത്തു. സ്വന്തമായി ഭൂമി എന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കെത്തി. മാത്രവുമല്ല, സവർണ്ണരോടൊപ്പം സാമൂഹ്യപദവി പങ്കിടുവാനും ഒന്നിച്ചിരുന്ന് കാര്യങ്ങൾ വിചിന്തനം ചെയ്യുവാനും കഴിവുള്ള ഒരു പരിഷ്കൃത സമൂഹമായി വളർന്നു വരാൻ കഴിഞ്ഞു.

1991 ലെ സെൻസസ് പ്രകാരം കക്കോടി പഞ്ചായത്തിലെ ജനസംഖ്യയിൽ 3168 പേരാണ് പട്ടികജാതിയിൽ പെട്ടത്. ഇവർ പഞ്ചായത്ത് ജനസംഖ്യയുടെ 10.55% വരും. 5% വളർച്ചാ നിരക്ക് കണക്കാക്കിയാൽ 1996 ൽ 4022 പേർ ഉണ്ടാകും. ഇപ്പോൾ പഞ്ചായത്തിൽ പത്ത് ഹരിജൻ കോളനികളുണ്ട്. 12ലധികം കുടുംബങ്ങൾ ഈ കോളനികളിലാണ് താമസിക്കുന്നത്.

**കക്കോടി പഞ്ചായത്തിലെ ഹരിജൻ കോളനികൾ**

| ക്രമനമ്പർ | ഹരിജൻ കോളനികൾ | വാർഡ് | വൈദ്യുതി |
|---|---|---|---|
| 1. | ചിരട്ടാട്ടുതാഴം കോളനി | V | ഇല്ല. |
| 2. | മക്കട ഹരിജൻ കോളനി ( അയ്യപ്പൻകുഴി) | II | " |
| 3. | പേരടിക്കുന്ന് തലപ്പാത്തിൽമീത്തൽ കോളനി | II | " |
| 4. | പാലോറക്കുന്ന് ഹരിജൻ കോളനി | VII | " |
| 5. | ധർമ്മംകുന്ന് ഹരിജൻ കോളനി | VII | " |
| 6. | വളരാട്കുന്ന് ഹരിജൻ കോളനി | VIII | " |
| 7. | ചാലിക്കര ഹരിജൻ കോളനി | XII | 14 വീട് |
| 8. | കുറുക്കൻകുന്ന് ഹരിജൻ കോളനി | VII | ഇല്ല |
| 9. | കമ്മിളിതാഴം ഹരിജൻ കോളനി | XII | 9 വീട് |

ഇതിനുപുറമെ മറ്റുള്ളവരോടൊപ്പം കഴിയുന്നവരാണ് കൂടുതൽ കുടുംബവും. ഈ കോളനികളിലെ അടിസ്ഥാനസൗകര്യങ്ങൾ തൃപ്തികരമല്ല. കുടിവെള്ളം, കക്കൂസ്, വൈദ്യുതി എന്നിവയുടെ കാര്യം വളരെ ശോചനീയമാണ്. രണ്ട് ഹരിജൻ കോളനി ഒഴിച്ച് ബാക്കി എല്ലാ ഹരിജൻ കോളനികളിലും പൊതു കിണർ സൗകര്യം ഇല്ല. ഉള്ളതു തന്നെ ഫിബ്രവരി മാസമാകുമ്പോഴേക്ക് വറ്റിപ്പോവുകയും

ചെയ്യും. വളരെ ദൂരം സഞ്ചരിച്ചാണ് ഇവർക്ക് കുടിവെള്ളം ലഭ്യമാകുന്നത്. ഗ്രാമസഭാചർച്ചയിൽ കുടിവെള്ളം ഒരു പ്രധാനപ്രശ്നമായി ഉയർന്നുവന്നിട്ടുണ്ട്. കുടിവെള്ള പ്രശ്നം പോലെ കക്കൂസ് സൗകര്യമില്ലായ്മ കോളനി നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. പഴയരീതിയിലുള്ള കക്കൂസുകളാണ് ഉപയോഗിക്കുന്നത്. ഇത് പരിസരമലി നീകരണം മാത്രമല്ല, ആരോഗ്യപ്രശ്നം പോലും വരുത്തി വയ്ക്കുന്നു. രണ്ട് കോളനികളിലായി 23 വീടുകളിലാണ് വൈദ്യുതി എത്തിയത്. ഭൂരിപക്ഷം കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല. വയറിംഗ് ചെയ്തിട്ട് വൈദ്യുതിക്കായി കാത്തുനിൽക്കുന്നവരും നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ട്.

വിദ്യാഭ്യാസസൗകര്യം എല്ലാ വിധത്തിലും അനുഭവിക്കുന്ന ഇക്കൂട്ടർ, ഈ സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ മറ്റുള്ള വിഭാഗങ്ങൾക്കൊപ്പം നിൽക്കുന്നു. എന്നാൽ ഉന്നത വിദ്യാഭ്യാസം നേടുന്നതിൽ വിമുഖത കാണിക്കുന്നതായി കാണുന്നു. കുടുംബത്തിലെ നാഥന്മാരുടെ വിദ്യഭ്യാസമില്ലായ്മ ഇവരുടെ കുട്ടികളുടെ വിദ്യാഭ്യാസക്കുറവിന് കാരണമാണ്.

ചെറുപ്പത്തിലേ കുടുംബ ബാധ്യത ഏറ്റെടുക്കേണ്ടി വരുന്നത് കൊണ്ട് പഠനം തുടരാൻ കഴിയാത്ത അവസ്ഥ സൃഷ്ടിക്കുന്നുമുണ്ട്. ഇവർക്ക് തോറ്റാൽ പോലും സാമ്പത്തിത സഹായം സർക്കാർ നൽകുന്നുണ്ട് എന്നാൽ ഇവ ഉപയോഗപ്പെടുത്താൻ തയ്യാറാകുന്നില്ല എന്നത് ഒരു ദു:ഖകരമായ സത്യമാണ്.

പട്ടികജാതി കുടുംബങ്ങളിൽ കൂടുതലും കർഷക തൊഴിലാളികളാണ്. കാർഷിക രംഗത്ത് പരിഷ്കരണവും കർഷകർക്ക് കൃഷിയിലുണ്ടായ വിമുഖതയും ഇക്കൂട്ടരുടെ തൊഴിൽ ദിനങ്ങൾ കുറച്ചു. ആയതിനാൽ നിർമ്മാണ രംഗത്തേക്കാണ് ഇവരുടെ തൊഴിൽ ശ്രദ്ധ പതിഞ്ഞത്. കല്ല് വെട്ട്, കരിങ്കല്ല് പൊട്ടിക്കൽ, കെട്ടിടനിർമ്മാണം തുടങ്ങിയ രംഗങ്ങളിൽ ഇവർ തൊഴിൽ കണ്ടെത്തുന്നു. പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയും വിപണിയില്ലായ്മയും ഈ രംഗത്ത് തൊഴിൽ ചെയ്യുന്ന സ്ത്രീ വിഭാഗങ്ങൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടായി.

സമൂഹത്തിൽ ഏറ്റവുമധികം പാർപ്പിടപ്രശ്നം അനുഭവിക്കുന്നത് ഈ വിഭാഗക്കാരാകുന്നു. നമ്മുടെ രാജ്യത്ത് മുമ്പ് നിലനിന്നിരുന്ന സാമൂഹ്യദുരാചാരങ്ങളുടെ ഭാഗമായി ഇവർ പാർപ്പിട സൗകര്യം കണ്ടെത്തിയത് മലമുകളിലോ മലഞ്ചെരിവിലോ ആണ്. ഇന്ന് നമ്മുടെ ഗവൺമെന്റിന് പല യിനം പദ്ധതികളിലൂടെ ചെറ്റക്കുടിലുകൾക്ക് പകരം കല്ല് വെച്ച വീടുകൾ ഉണ്ടാക്കികൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും നമ്മുടെ ചില കോളനികളിൽ കുടിലുകൾ കാണുന്നുണ്ട്. ഭവനനിർമ്മാണത്തിന് സർക്കാർ നൽകുന്ന സാമ്പത്തിക സഹായം വളരെ അപര്യാപ്തമാകയാൽ വീട് നിർമ്മാണം പാതിയിലെത്തിനിൽക്കുകയാണ് അധികവും. പുതിയ സാമ്പത്തിക പദ്ധതികൾ സർക്കാർ പ്രഖ്യാപിക്കുമ്പോഴും നമ്മുടെ പഞ്ചായത്തിൽ 8% ത്തോളം പേർക്ക് പാർപ്പിട സൗകര്യമില്ല എന്നു കാണുന്നു.

സാമൂഹ്യവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ കൊണ്ട് ശുചിത്വ രംഗത്ത് ഇവർ വളരെ പിന്നിലാണ്. ജലലഭ്യതയുടെ അഭാവം, കക്കൂസിന്റെ ശോചനീയാവസ്ഥ തുടങ്ങിയവ അനാരോഗ്യത്തിലേക്ക് ഇവരെ നയിക്കുന്നു. പകർച്ച വ്യാധികൾ, മറ്റു മാരകമായ രോഗങ്ങൾ എന്നിവ ഇവരുടെ ഇടയിലാണ് കൂടുതൽ കാണുന്നത്. പരിസരശുചീകരണരംഗത്ത് മറ്റുള്ളവരോടൊപ്പം എത്തുവാൻ നാം കിണഞ്ഞു പരിശ്രമിക്കേണ്ടതുണ്ട്. ഭൂമിയുടെ അളവ് വളരെ കുറവായതിനാൽ ശവം മറവ് ചെയ്യാൻ വളരെയധികം ബുദ്ധിമുട്ടുന്നുണ്ട്

**പ്രശ്നങ്ങൾ**

* കോളനിയിൽ കുടിവെള്ളം, കക്കൂസ്, വൈദ്യുതി എന്നിവ ലഭിക്കുന്നില്ല.
* കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
* ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
* ദരിദ്രകുടുംബങ്ങളിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
* സർക്കാർ ക്ഷേമപദ്ധതികൾ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുന്നില്ല.
* പട്ടികജാതിവകുപ്പും വികസനകോർപ്പറേഷനും നടപ്പാക്കുന്ന തൊഴിൽ പദ്ധതികളും വായ്പകളും ലക്ഷ്യം നേടുന്നില്ല.
* സർക്കാർ ക്ഷേമപദ്ധതികൾ, മറ്റു സഹായങ്ങൾ എന്നിവയെക്കുറിച്ച് വേണ്ടത്ര അറിവ് ഇല്ല.
* പൊതു ശ്മശാനം ഇല്ല.
* സ്വന്തമായി വീട് വെയ്ക്കാൻ കഴിഞ്ഞിട്ടില്ല.
* പാർപ്പിട സൗകര്യത്തിനായി നൽകുന്ന സാമ്പത്തിക സഹായം അപര്യാപ്തമാണ്. ഇത് ദുർവിനിയോഗം ചെയ്യുന്നുണ്ട്.
* വിദ്യാഭ്യാസപുരോഗതി വേണ്ടത്ര നേടിയിട്ടില്ല. നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നു.
* കാർഷികമേഖലയിൽ തൊഴിൽ ദിനങ്ങൾ കുറഞ്ഞു വരുന്നുണ്ട്. പരമ്പരാഗത വ്യവസായങ്ങൾ നാശോന്മുഖമായത് സത്രീകളുടെ തൊഴിലില്ലായ്മയെ രൂക്ഷമാക്കിയിട്ടുണ്ട്.
* കോളനികളിലേക്കും റോഡ് സൗകര്യം അപര്യാപ്തമാണ്.

**സാദ്ധ്യതകൾ**

* കാർഷികമേഖലയിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന തൊഴിൽ പുന:സ്ഥാപിക്കുവാൻ പദ്ധതികളാവിഷ്കരിക്കണം.
* 5– ൽ കൂടുതൽ കുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്ന പ്രദേശങ്ങളെ കോളനികളായി അംഗീകരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കുക.
* കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിന് കിണറുകളെ മാത്രം ആശ്രയിക്കാതെ ചെറുകിട ജലവിതരണപദ്ധതികൾ ഏർപ്പെടുത്തുക.
* കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് മുൻഗണന നൽകുക. വൈദ്യുതി കണക്ഷൻ നൽകുന്നതിനും മുൻഗണന നൽകുക.
* കോളനിയിലെ മുഴുവൻ വീടുകൾക്കും കക്കൂസ് ഉണ്ടാക്കണം.
* തൊഴിലാളികൾക്ക് തൊഴിലുപകരണങ്ങളും വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും സൗജന്യമായി നൽകുക.
* സ്വയം തൊഴിൽ വായ്പ ഉയർത്തുകയും അവ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യുക.
* പൊതുശ്മശാനം നിർമ്മിക്കുക.
* മരപ്പണി, ഇരുമ്പുപണി, കല്പണി, കെട്ടിടനിർമ്മാണം എന്നീ മേഖലകളിൽ സഹകരണസംഘം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക..
* ഭൂമിയില്ലാത്ത ആളുകൾക്ക് പുറമ്പോക്ക് ഭൂമി കണ്ടുപിടിച്ച് അർഹമായ രീതീയിൽ ഭൂമി ലഭ്യമാക്കുക.
* ആനുകൂല്യങ്ങൾ ലഭിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ എളുപ്പം ലഭിക്കുന്നതിന് സൗകര്യങ്ങൾ ഏർപ്പെടുത്തുക.
* നശിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗത കൈത്തൊഴിൽ സംരക്ഷിച്ച് തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കണം.
* പട്ടികജാതി വനിതകൾക്ക് മാത്രമായി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കണം.
* പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ഉദ്യോഗസ്ഥന്മാർ കോളനികൾ സന്ദർശിച്ച് ആരോഗ്യരംഗത്തെ സംബന്ധിച്ച് ഉപദേശങ്ങൾ നൽകുക.
* ഇവർക്ക് സർക്കാർ മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നടപ്പിലാക്കുന്ന പദ്ധതികളെപ്പറ്റിയും സാമ്പത്തിക സഹായങ്ങളെപ്പറ്റിയും ഉള്ള അറിവുകൾ നൽകാൻ പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ ബ്യൂറോ ആരംഭിക്കുക.
* കോളനികളില്ലാതെ ഒറ്റപ്പെട്ട വീടുകളിൽ താമസിക്കുന്നവർക്കും എല്ലാവിധ ആനുകൂല്യങ്ങളും ലഭ്യമാക്കുക.

വിദ്യാഭ്യാസ സാമൂഹ്യ രംഗങ്ങളിൽ പുരോഗതിയുണ്ടായാൽ മാത്രമേ ഇവർക്ക് സാമ്പത്തിത സാശ്രയത്വം കൈവരിക്കുവാൻ കഴിയുകയുള്ളൂ. കൂടാതെ സമൂഹത്തിലെ മറ്റു വിഭാഗങ്ങളോടൊപ്പം രാഷ്ട്രപുനർനിർമ്മാണ പ്രക്രിയയിൽ ഭാഗമാകുവാനും, ജനാധിപത്യസംവിധാനത്തിലേക്ക് ഇറങ്ങിച്ചെല്ലുവാനും പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് കഴിയുമാറുള്ള ഒരു വികസനപ്രക്രിയക്ക് തുടക്കം കുറിക്കണം.

# വിഭവ സമാഹരണം

വികസന റിപ്പോർട്ടിൽ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളിലെല്ലാം നിലവിലുള്ള പ്രശ്നങ്ങളും അവ പരിഹരിക്കാനുള്ള നിർദ്ദേശങ്ങളും പ്രസ്തവിക്കപ്പെട്ടിട്ടുണ്ട്. അവയെല്ലാം യഥാസമയം ഫലവത്താക്കണമെങ്കിൽ അതിനു വേണ്ട വിഭവ സമാഹരണം നടത്തേണ്ടതുണ്ട്. അതുകൊണ്ട് തന്നെ പഞ്ചായത്തിൽ സമാഹരിക്കപ്പെടുന്ന വിഭവങ്ങളും അവയുടെ വിനിയോഗവും സംബന്ധിച്ച കണക്കുകൾ പരിശോധിക്കണം.

പഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ ഇതോടൊന്നിച്ച് പട്ടികപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും താഴെപ്പറയുന്ന കാര്യങ്ങൾ ബോധ്യമാകും

1. പഞ്ചായത്തിന്റെ വാർഷിക വരുമാനം കൂടിക്കൊണ്ടാണിരിക്കുന്നത്.
2. മുൻ വർഷങ്ങളെ അപേക്ഷിച്ച് വരവിനേക്കാൾ അധികം ചെലവ് വരുന്നുണ്ട്.
3. തൊഴിൽ നികുതിയിനത്തിലെ വരവ് ഈ വർഷം കുറവാണ്.
4. വിനോദനികുതി, ലൈസൻസ് ഫീ, എന്നിവയിലെ വരുമാനം കുറവാണ്.
5. വസ്തുകൈമാറ്റ നികുതി ഈ വർഷം ലഭിച്ചത് കുറവാണ്.
6. മരാമത്ത് വകയിൽ ചെലവഴിക്കുന്ന തുക വർധിച്ചു കൊണ്ടിരിക്കുന്നു.
7. തെരുവ് വിളക്കുകൾ കത്തിക്കാൻ 73200 രൂപയും വിദ്യാഭ്യാസത്തിന് 46000 രൂപയും ചെലവഴിക്കുന്നു.
8. മറ്റു ചെലവുകൾ അഞ്ചു വർഷത്തിനിടയിൽ മൂന്നിരട്ടിയായി വർധിച്ചിരിക്കുന്നു.

| *1996ലെ ചലവ് ഒറ്റ നോട്ടത്തിൽ* | |
|---|---|
| ഭരണം | 40% |
| മരാമത്ത് | 31.1% |
| വിദ്യാഭ്യാസം | 2.51% |
| കുടിവെള്ളം | 3% |
| തെരുവ് വിളക്ക് | 4.9% |
| മറ്റുള്ളവ | 18.49% |
| | 100.00 |

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിഭവം കണ്ടെത്താൻ പഞ്ചായത്തിന് സാധിക്കുന്നില്ല എന്നാണ് ഗ്രാമസഭയിൽ ഉയർന്ന വന്ന ചർച്ചകൾ വ്യക്തമാക്കുന്നത്. എന്നാൽ പഞ്ചായത്തിലെ വരുമാന സ്രോതസ്സുകളും (പട്ടിക 1) സാധ്യതകളും പരിശോധിച്ചാൽ അധിക വിഭവ സമാഹരണം നടത്താൻ പഞ്ചായത്തിന് ക്ലേശിക്കേണ്ടതില്ല എന്ന് വ്യക്തമാവും

**പട്ടിക 3**

| ലൈസൻസ് ഫീ സംബന്ധിച്ച വിവരങ്ങൾ | | | | | |
|---|---|---|---|---|---|
| വ്യവസായം/വ്യാപാരം | ഹോട്ടൽ | സാധാരണ | മറ്റുള്ളവ | ആകെ | ഫീസ് |
| 20 | 21 | 100 | 60 | 210 | 12300 |

പട്ടിക 3 പ്രകാരം പഞ്ചായത്തിൽ 210 സ്ഥാപനങ്ങൾ മാത്രമെ ലൈസൻസിന് അപേക്ഷിച്ചിട്ടുള്ളു. ഹോട്ടലുകൾ, കച്ചവട സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, മെഡിക്കൽ ഷാപ്പ്കൾ എന്നിവരുടെ എണ്ണം പരി

| പട്ടിക 1 വരവുകൾ | | | | | |
|---|---|---|---|---|---|
| ഇനം | 91-92 | 92-93 | 93-94 | 94-95 | 95-96 |
| കെട്ടിട നികുതി | 183300 | 190000 | 279200 | 283700 | 263600 |
| തൊഴിൽ നികുതി | 71300 | 112200 | 121100 | 125200 | 96800 |
| വിനോദ നികുതി | 118100 | 136300 | 147800 | 140800 | 122700 |
| അഡി. ടാക്സ് | 72100 | 83100 | 89500 | 92000 | 73260 |
| ഷോ ടാക്സ് | 2200 | 2300 | 3500 | 4300 | 3500 |
| അഡി.ഷോ ടാക്സ് | 500 | 600 | 800 | 1000 | 800 |
| ലൈസൻസ് ഫീ | 54500 | 54900 | 53500 | 18500 | 12300 |
| വസ്തു കൈമാറ്റ | | | | | |
| നികുതി | 145900 | 158800 | 293400 | 293900 | 176300 |
| " 25% | 25000 | - | 50000 | 100000 | 100000 |
| ഗ്രാന്റ് & | | | | | |
| കോൺട്രിബ്യൂഷൻ | 232300 | 195200 | 204800 | 3001100 | 522800 |
| മറ്റുള്ളവ | 51900 | 265300 | 152000 | 163900 | 398600 |
| **ആ കെ** | **957100** | **1198700** | **1395600** | **1523400** | **1770660** |

| പട്ടിക 2 ചെലവുകൾ | | | | | |
|---|---|---|---|---|---|
| ഭരണം | 427600 | 508500 | 609800 | 558200 | 748300 |
| പൊതുമരാമത്ത് | 28000 | 239600 | 237400 | 503900 | 569200 |
| വിദ്യാഭ്യാസം | 33800 | 38400 | 32900 | 31000 | 46000 |
| ജലവിതരണം | | | | | |
| ഡ്രൈനേജ് | 63700 | 55200 | 63800 | 75200 | 54600 |
| തെരുവ് വിളക്ക് | 62000 | 78000 | 73100 | 73200 | 73200 |
| മറ്റുള്ളവ | 91000 | 76100 | 152100 | 372000 | 338500 |
| **ആ കെ** | **706100** | **935800** | **1169100** | **1613500** | **1829800** |

ശോധിച്ചാൽ കക്കോടി ബസാറിൽ മാത്രം 210ൽ കൂടുതൽ സ്ഥാപനങ്ങൾ ഉള്ളതായികാണാം. നാമമാത്രമായ ലൈസൻസ് ഫീസ് ചുമത്തിയാൽ പോലും അതു വഴി പഞ്ചായത്തിന്റെ വരുമാനം വർധിപ്പിക്കുവാൻ കഴിയും. കരിങ്കൽ ക്വാറികൾ, ചെങ്കൽ ക്വാറികൾ മണ്ണ് എടുക്കുന്ന ക്വാറികൾ എന്നിങ്ങനെ പഞ്ചായത്ത് കേന്ദ്രീകരിച്ച് വ്യാപകമായ കച്ചവടം നടക്കുന്നുണ്ട്. ഇവക്കെല്ലാം ശാസ്ത്രീയമായ ഒര ളവിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്താവുന്നതാണ്. പഞ്ചായത്തിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് തീരുവ ഈടാക്കിക്കൊണ്ടും വിഭവ സമാഹരണം നടത്താവുന്നതാണ്.

തെരുവ് വിളക്കുകൾ, സ്ക്കൂളുകൾ, ആശുപത്രി,കുടിവെള്ളം എന്നിവക്ക് ഒന്നര ലക്ഷം രൂപയോളം ചെലവു വരുന്നുണ്ട്. പഞ്ചായത്തിലെ ഒരൊ വീട്ടിൽ നിന്നും മാസത്തിൽ 1 രൂപ കണക്കാക്കി വർഷത്തിൽ 12 രൂപ സെസ്സ് ഏർപ്പെടുത്തിയാൽ 75000 രൂപയോളം സമാഹരിക്കാം. പഞ്ചായത്തിൽ കച്ചവടസ്ഥാപനങ്ങളിലടക്കം നിരവധി പേർ തൊഴിൽ ചെയ്യുന്നുണ്ട്. അവരിൽ നിന്നും തൊഴിൽ നികുതി വസൂലാക്കാവുന്നതാണ്. കൂടാതെ ഓട്ടോറിക്ഷ, ജീപ്പ്, ടാക്സി, ലോറി എന്നീ വാഹനങ്ങൾക്കും നികുതി

ചുമത്തി വരുമാനം ഉണ്ടാക്കുവാൻ കഴിയും

കച്ചവടസ്ഥാപനങ്ങളുടെ കെട്ടിട നികുതി ചുമത്തുന്നതിനു ഇന്നുള്ള മാനദണ്ഡം പലതാണ്. എല്ലാ കെട്ടിട ഉടമകളിൽ നിന്നും കൂലിക്കച്ചീട്ട് വാങ്ങി നികുതിഘടന ഏകീകരിക്കേണ്ടതാണ്. പഞ്ചയത്തിൻ നികുതിയേതര വരുമാനം വർധിപ്പിക്കുവാൻ മാർഗ്ഗങ്ങൾ ആരായേണ്ടതുണ്ട്. ടാക്സിസ്റ്റാണ്ട്, ചന്ത മുതലായവസ്ഥാപിച്ചുകൊണ്ട് വാടക ഈടാക്കാവുന്നതാണ്. കമ്മ്യൂണിറ്റിഹാൾ നിർമ്മിച്ച് ഷോപ്പിംഗ് കോപ്ലക്സിൽ നിന്നും വരുമാനം ലഭ്യമാക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണം

ഉല്പാദന മേഖലയിൽ ഇടപ്പെടുന്ന മൂന്ന് ധനകാര്യസ്ഥാപനങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്.പൊതുമേഖലാ സ്ഥാപനമായ കനറാ ബാങ്ക്, കോഴിക്കോട് ഡിസ്ട്രിക്ട് കോ ഓപ്പ്റേറ്റീവ് ബാങ്കിന്റെ കക്കോടി ശാഖ, ചേളന്നൂർ താമരശ്ശേരി സഹകരണ ബാങ്ക്.

വിവിധ ഇനങ്ങളിൽ ഏഴ് കോടി രൂപയിലേറെ നിക്ഷേപമുള്ള കനറാബാങ്കാണ് പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനം. അതിൽ 70% ത്തോളം സേവിംഗ്സ് ബാങ്ക് നിക്ഷേപമാണ്. ശരാശരി ഒരു കോടി രൂപയുടെ ബിസിനസ്സ് എല്ലാ മാസവും ബാങ്ക് നടത്തുന്നുണ്ട്. ഡെപ്പോസിറ്റ് ലോക്കർ, ക്രഡിറ്റ് കാർഡ് എന്നീ സൗകര്യമുള്ള ഈ ശാഖയുടെ പ്രവർത്തനം പക്ഷെ പഞ്ചായത്തിലെ കൃഷി, വ്യവസായം എന്നീ മേഖലയിൽ ഇനിയും വ്യാപിപ്പിക്കേണ്ടതായിട്ടാണിരിക്കുന്നത്.

**സ്കീമുകൾ**

| സ്കീം | യോഗ്യത | തുക | പലിശ നിരക്ക് |
|---|---|---|---|
| PMRY | SSLC | പ്രോജക്ട് കോസ്റ്റിന്റെ 95% | രൂപ 25000 വരെ 12.5% |
| | | വാർഷിക വരുമാനം 24000 രൂപ വരെ | രൂപ 25000 ന് മേൽ 14% (15% സബ്സിഡി) |
| IRDP | IRDP ലിസ്റ്റിലുള്ളവർക്ക് | മുഴുവൻ തുക | പലിശ നിരക്ക് 12.5% 14% SC/ST ക്ക് 50% സബ്സിഡി |

1. ജില്ലാ വ്യവസായ കേന്ദ്രം
2 . കാർഷിക വകുപ്പ്
3 . പട്ടിക ജാതി / പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ
5 . എംപ്ലോയ്മെന്റ് എക്സേഞ്ച്
6 . എക്സ് സർവീസ് മെൻ സംഘടനകൾ

ഈ വകുപ്പുകൾ ശുപാർശ ചെയ്യുന്ന സ്വയം തൊഴിൽ കണ്ടെത്താനുള്ള സംരംഭങ്ങൾക്ക് 25000 രൂപ വരെ ലഭിക്കുന്ന വായ്പയ്ക്ക് പ്രത്യേകം ഈട് നൽകേണ്ടതില്ല.

വലിയ വ്യവസായങ്ങൾ, കൃഷി ഫാമുകൾ, ക്ഷീരോൽപാദന കേന്ദ്രങ്ങൾ എന്നിവക്കും വായ്പ നൽകുന്നു. നാഷനൽ പെർമിറ്റുള്ള ട്രക്കുകൾ, ലോറി , ബസ് എന്നിവ വാങ്ങുവാനും വായ്പ ലഭിക്കുന്നതാണ്. ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കും ഉപരിപഠനത്തിനും ബാങ്ക് വായ്പ്പ അനുവദിക്കുന്നുണ്ട്. അധ്യാപകർക്കായി 19.75% പലിശ നിരക്കിൽ 10000രൂപ വരെ വായ്പ അനുവദിക്കും. കൂടാതെ ഫ്രിഡ്ജ്, ടിവി മുതലായവ വാങ്ങാനും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വീടുവെക്കുന്നതിനും ലോൺ ലഭ്യമാണ്.

**കെ ഡി സി ബാങ്ക്**

ഉദ്ദേശം 75 ലക്ഷം രൂപയോളം നിക്ഷേപമുള്ള കക്കോടി ബ്രാഞ്ചിൽ വിവിധ സ്കീമുകളിലായി 65 ലക്ഷം രൂപ വായ്പയായി നൽകിയിട്ടുണ്ട്. കക്കോടി, ചേളന്നൂർ, കാക്കൂർ, നരിക്കുനി എന്നീ പഞ്ചായത്തുകളിലെ ജനങ്ങൾക്ക് ഈ ശാഖയുടെ സേവനം ലഭ്യമാണ്

| സ്കീമുകൾ | തുക | ഈട് | പലിശ |
|---|---|---|---|
| വ്യക്തികൾക്കുള്ള വായ്പ (3 വർഷത്തേക്ക്) | 25000.00 | രണ്ട് ജാമ്യക്കാർ | 18½% |
| ഗോൾഡ് ലോൺ (ഒരു വർഷത്തേക്ക്) | ഗ്രാമിന് 300 | | 18½ % |
| വിവാഹ വായ്പ (48 മാസത്തേക്ക്) | 25000.00 | " | 18½% |
| ഫർണീച്ചർ വാങ്ങാൻ (36 മാസത്തേക്ക്) | 25000.00 | " | 18½% |
| ബിസിനസ്സ് ( 1 വർഷത്തേക്ക്) | 25000.00 | " | 18½% |

കൃഷി, ഭവന നിർമാണം എന്നീ തുറകളിലുള്ള വായ്പ പ്രൈമറി സഹകരണ സംഘങ്ങൾ വഴിയാണ് വിതരണം ചെയ്യുന്നത്.

**ചേളന്നീർ കക്കോടി സർവീസ് സഹകരണ ബാങ്ക്**

മൊത്തം 3 കോടി 42 ലക്ഷം രൂപ നിക്ഷേപമുള്ള ഈ ബാങ്കിന്റെ ഹെഡ് ഓഫീസും ഒരു ശാഖയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കെ.ഡി.സി ബാങ്ക്, സംസ്ഥാന സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നിന്ന് ഫണ്ട് സമാഹരിച്ച് പഞ്ചായത്തിനൊപ്പം നിന്ന് പ്രവർത്തിക്കേണ്ട സ്ഥാപനമാണ്. താഴെ പട്ടികയിൽ കൊടുത്ത വിധം വായ്പകൾ ഈ ബാങ്കിൽ നിന്നും ഓഹരി ഉടമകൾക്ക് ലഭിക്കും.

കൂടാതെ രണ്ടു പ്രധാന ഉൽപന്നങ്ങളുടെ സംഭരണം ബാങ്ക് നടത്തിക്കൊണ്ടിരിക്കുന്നു. 1. കൊപ്രസംഭരണം 2 കശു അണ്ടി സംഭരണം. ബാങ്കിന്റെ മേൽ നോട്ടത്തിൽ മാവേലി സ്റ്റോർ നടത്തുന്നുണ്ട് വിവിധ സലകളിലുള്ള ചിട്ടികളും നടത്തുന്നുണ്ട്.

| സ്കീമുകൾ | അർഹത | പരമാവധി തുക | വ്യവസ്ഥ | പലിശ | സമയം |
|---|---|---|---|---|---|
| A കാർഷിക വായ്പകൾ | | | | | |
| 1. ഹ്രസ്വകാലവിളകൾ<br>2. വാഴ / മരച്ചീനി | 5 സെന്റും കൂടുതലും | 25000 | 5000 വരെ ആൾ<br>5000 ന് മേൽ പണയം | 12% | 1 വർഷം |
| B. മറ്റു വായ്പകൾ | | | | | |
| 1. വ്യവസായം | പ്രോജക്ട് റിപ്പോർട്ടിൽ | 1 ലക്ഷംവരെ | പനയം | 19% | 3 വർഷം |
| 2. കച്ചവടം | നിലവിലുള്ളത് | 25000 | ആൾ ജാമ്യം | 19% | 3 വർഷം |
| 3. വ്യക്തിഗതവായ്പ | തിരിച്ചടവിനുള്ള കഴിവ് | 25000 | ആൾ ജാമ്യം | 19% | 3 വർഷം |
| 4. ഹയർ പർച്ചേയ്സ് | " " | 25000 | " | 19% | 3 വർഷം |

മേൽപറഞ്ഞവക്ക് പുറമെ കലിക്കറ്റ് യുണൈറ്റഡ് ബാങ്ക്, ഷീജ ബാങ്ക്, മൂത്തൂറ്റ് ഫൈനാൻഷ്യൽ എന്റർ പ്രൈസസ് തുടങ്ങി ഏതാനും പണമിടപാട് സ്ഥാപനങ്ങളും പഞ്ചായത്തിലുണ്ട് നിക്ഷേപങ്ങൾ സ്വീകരിച്ച് സ്വർണ്ണപ്പണയത്തിന്മേൽ കടം കൊടുക്കുന്നതാണ് ഇവരുടെ പ്രധാന ബിസിനസ്.

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ 5 ശാഖകൾ നഗരത്തിൽ പ്രവർത്തിക്കുന്നതിനാൽ വിവിധ പദ്ധതികളിലായി പഞ്ചായത്തിലേക്ക് അവ യുടെ ധനസഹായം എത്തുണ്ട്.

കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ കോഴിക്കോട് ശാഖയിലൂടെ പഞ്ചായത്തിലെ വ്യാവസായിക വികസനത്തിന് പണം കണ്ടെത്താവുന്നതാണ്. വിവിധ സ്കീമുകളിലായി പട്ടികജാതി/പട്ടികവർഗതിൽപ്പെട്ട വിമുക്തഭടൻമാർ, അംഗവൈകല്യമുള്ളവർ, മഹിളകൾ, പ്രൊഫഷണലുകൾ, എന്നിവർക്ക 30 ലക്ഷം വരെയും ഇലക്ട്രോ – മെഡിക്കൽ യന്ത്രങ്ങൾ, കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങാൻ 60 ലക്ഷം വരെയും വായ്പ അനുവദിക്കും. കൂടാത ഫുഡ് പ്രിസർവേഷൻ, ഹോട്ടൽ, ടൂറിസം, ട്രാൻസ്പോർട്സ്, വൈദ്യുതി ഉൽപാദനം, യന്ത്രങ്ങളുടെ അസംബ്ലിങ്ങിനും റിപ്പയറിങ്ങിനും വായ്പ ലഭ്യമാണ്.

ഇവക്കെല്ലാമുപരിയായി കച്ചവടക്കാരും കൈത്തൊഴിലുകാരും ആശ്രയിക്കുന്ന മറ്റൊരു വിഭവസ്രോതസ്സുണ്ട്. തമിഴ്നാട്ടുകാരായ ആളുകളിൽ നിന്ന് കൈവായ്പയായി ലഭിക്കുന്നതുകൊണ്ട് കച്ചവടം, കൃഷി, മറ്റ് ഗാർഹികാവശ്യങ്ങൾ എന്നിവയ്ക്ക് ജനം തുകകണ്ടെത്തുന്നുണ്ട്. ഒരായിരം രൂപ വായ്പ നൽകുമ്പോൾ തന്നെ പലിശയായി

**പട്ടികകൾ 6**
**സ്കീമുകൾ**

## DETAILS REGARDING VARIOUS SCHEMES OF THE KSFE LTD

| Scheme | Amount of Advance | Rate of Interest | Type | Period of Advance |
|---|---|---|---|---|
| General Hire Purchase | up to 50,000 | 11% | Flat | 60 months |
| Trade Finance<br>വാർഷിക വരുമാനത്തിന്റെ<br>1 ½ ഇരട്ടി | up to 50,000<br>up to 3,00,000<br>up to 10,00,00 | 11%<br>12%<br>13 % | Flat<br>Flat<br>Flat | 60 "<br>60 "<br>60 " |
| NHFS വാർഷികവരുമാനത്തിന്റെ മൂന്നിരട്ടി | up to 1,50,000 | 17% | Diminishi | for plot alone 4 years |
| Plot purchase 1½ ഇരട്ടി | up to 5,00,000 | 18% | Diminishing 15years | forhouse / & plot |
| House modernisation<br>വാർഷികവരുമാനത്തിന്റെ മൂന്നിരട്ടി | up to 50,000<br>up to 2 lakhs | 11%<br>12% | Flat<br>Flat | 84 months<br>84 |
| NFDL ശമ്പളത്തിന്റെ 5 ഇരട്ടി<br>Gold loan | up to 25,000<br>up to 50,000 | 18%<br>19% | yearly diminishing<br>simple | 24 "<br>1 year |

10% കുറച്ചാണ് നൽകുന്നത്. ആഴ്ചതോറും, 110 രൂപ നിരക്കിൽ 10 ആഴ്ചകൊണ്ട് തിരിച്ചുനൽകണം എന്നാണ് വ്യവസ്ഥ. 124%ത്തോളം പലിശനിരക്ക് കണക്കാക്കാവുന്ന ഈ വായ്പക്ക് പക്ഷെ, ആവശ്യക്കാർ കൂടുതലാണ്.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിന്റെ വരുമാനസാദ്ധ്യതകൾ, പൂർണമായി പ്രയോജനപ്പെടുത്തുന്നില്ല.
2. ധനകാര്യ സ്ഥാപനങ്ങളുടെ ശേഷിയും പ്രവർത്തനവും ആവശ്യക്കാർ എല്ലാവരും അറിയുന്നില്ല.
3. പഞ്ചായത്തിന്റെ മൊത്തം വികസനം ലക്ഷ്യമാക്കിയുള്ള നയം/പ്രവർത്തനം സ്ഥാപനങ്ങൾ രൂപീകരിക്കുന്നില്ല.
4. വായ്പ തിരിച്ചടയ്ക്കുന്നതിൽ ഗുണഭോക്താവ് കാണിക്കുന്ന അലസത.
5. ആവശ്യത്തിനനുസരിച്ച് സ്കീമുകൾ തയ്യാറാക്കാൻ സഹകരണ ബാങ്കുകൾ തയ്യാറാകുന്നില്ല.

**സാദ്ധ്യതകൾ**

1. നികുതി പിരിവ് കാര്യക്ഷമവും സമയബന്ധിതവുമാക്കണം.
2. കുടിവെള്ളം, റോഡുകൾ, ആശുപത്രികൾ, തെരുവ് വിളക്കുകൾ, എന്നിവയുടെ കാര്യക്ഷമമായ മെയ്ന്റനൻസിന് ഓരോ വീട്ടിൽ നിന്നും ഒരു മാസം ഒരു രൂപനിരക്കിൽ (വർഷം 12 രൂ) സെസ്സ് ഏർപ്പെടുത്തി ഒരു നിധി സ്വരൂപിക്കാം.
3. ധനകാര്യ സ്ഥാപനങ്ങളുടെ പ്രധാന ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് അവർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സ്കീമുകൾ പഞ്ചായത്തിന്റെ പൊതു വികസനപദ്ധതിക്ക് അനുസൃതമായി ചിട്ടപ്പെടുത്തി പരസ്യപ്പെടുത്താം. കൃഷി, കൂട്ടുകൃഷി, (കൃഷിഭവൻ) വ്യവസായം (വ്യവസായകേന്ദ്രം) എന്നീ രംഗങ്ങളിൽ കൂടുതൽ തൊഴിൽ സൃഷ്ടിക്കാം
4. പഞ്ചായത്തിൽ ഒരു രജിസ്ട്രേഡ് വികസന സമിതി ഉണ്ടാക്കി വിവിധ ഏജൻസികളിൽനിന്ന് പദ്ധതികൾക്കുവേണ്ട ധനസമാഹരണം നടത്താം.
5. ഇടത്തട്ടുകാരെ ഒഴിവാക്കിക്കൊണ്ടുള്ള മരാമത്ത് ജോലികൾക്ക് സന്നദ്ധസേവനത്തിലൂടെ മൂല്യവർധന ഉറപ്പുവരുത്താം.
6. സോഷ്യൽ ഓഡിറ്റിംഗ് സാദ്ധ്യമാവുന്ന തരത്തിൽ എല്ലാ സാമ്പത്തിക ചെലവുകളും അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയാൽ ജനപങ്കാളിത്തം ഉറപ്പുവരുത്താം.
7. ആവശ്യങ്ങൾ കണ്ടെത്തുകയും, അതിനനുസരിച്ച് നിലവിലുള്ള സ്കീമുകൾ പ്രയോജനപ്പെടുത്തുകയും വേണം. കക്കോടി സർവ്വീസ് ബാങ്കിന്റെ സ്കീമുകൾ ഉദാരമാക്കി എല്ലാ ആവശ്യങ്ങൾക്കും ആശ്രയിക്കാവുന്ന ഒരു സ്ഥാപനമായി ഉയർത്താൻ കഴിയണം.

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് നമ്മുടെ സംസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങളാണ് കേരളത്തിന്റെ മുഖമുദ്രയായി എല്ലാവരും ചൂണ്ടിക്കാണിക്കാറുള്ളത്. വികസനത്തിന്റെ സൂചകങ്ങളായ പൊതുജനാരോഗ്യം, വിദ്യാഭ്യാസം, സാക്ഷരത, പൊതുവിതരണ സമ്പ്രദായം എന്നീ തുറകളിൽ വികസിത രാജ്യങ്ങളുടെ നിലവാരത്തോടൊപ്പം നിൽക്കുന്ന ഏക ഇന്ത്യൻ സംസ്ഥാനമാണ് കേരളം. ഏറെ പ്രശംസിക്കപ്പെട്ട ഈ 'കേരള മോഡൽ' ലോക സമ്പദ് വ്യവസ്ഥയിൽത്തന്നെ പ്രത്യേകം ചർച്ച ചെയ്യപ്പെടുകയും പലരും പഠനത്തിനായി ഈ കൊച്ചു കേരളത്തെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രാഥമിക-ദ്വിതീയ മേഖലകളിൽ ഏറെയൊന്നും മുന്നോട്ടു പോകാതെ തന്നെ തൃതീയ മേഖലയായ പൊതുക്ഷേമകാര്യങ്ങളിൽ വളരെ മുന്നേറി എന്നതാണ് കേരള മോഡലിന്റെ പ്രത്യേകത. ഈ മോഡലിന്റെ വികസനത്തിന് ചൂണ്ടിക്കാണിക്കാവുന്ന കാരണങ്ങൾ പ്രധാനമായും ഇവയാണ്.

1. ദേശീയ പ്രസ്ഥാനത്തോടൊപ്പം ഉയർന്നുവന്ന സാമൂഹ്യനവോത്ഥാനം.
2. സാംസ്കാരിക ഉണർവ്വോടൊപ്പം ഉയർന്നുവന്ന ട്രേഡ് യൂണിയൻ/രാഷ്ട്രീയ പ്രസ്ഥാനങ്ങൾ.
3. ഭൂ പരിഷ്കരണം.
4. സേവനരംഗത്തെ സർക്കാരിന്റെ ഇടപെടൽ.

പ്രാഥമികാവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം, വൈദ്യസഹായം എന്നീ മേഖലകളിലെല്ലാം വലിയൊരളവ് മുന്നേറാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾക്കനുസൃതമായി ഇവ കൂടുതൽ വികസിപ്പിക്കാൻ പ്രാഥമിക- ദ്വിതീയ മേഖലകളിലുണ്ടായ മുരടിപ്പ് പ്രതിബന്ധമായി നിൽക്കുന്നു. സേവനരംഗത്തെ ഈടുവെയ്പുകൾ നിലനിർത്താൻ റവന്യൂ വരുമാനത്തിന്റെ വലിയൊരളവ് ചെലവഴിക്കപ്പെടുന്നു. പുതിയവ ആരംഭിക്കാൻ സാധിക്കാതെ വരുന്നു എന്നു മാത്രമല്ല, മുൻകാലങ്ങളിൽ നൽകിയിരുന്ന പല ആനുകൂല്യങ്ങളും നിലനിർത്താൻ പറ്റാത്ത അവസ്ഥയും വന്നു ചേരുന്നു. പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി ലാഭം എന്ന ഘടകം സേവനത്തുറകളിലും ഉറപ്പാക്കേണ്ടി വരുന്നതുമൂലം പല രംഗത്തുനിന്നും സർക്കാരിന് പിന്തിരിയേണ്ടി വരുന്നു. നിർബന്ധിതവും സാർവത്രികവും സൗജന്യവുമായ വിദ്യാഭ്യാസം സ്വകാര്യ അൺ എയിഡഡ്/സെൽഫ് ഫൈനാൻസിങ്ങ് സ്ഥാപനങ്ങൾക്ക് വഴി മാറിക്കഴിഞ്ഞു. സർക്കാർ ആശുപത്രികളിൽ സൗജന്യമായി ലഭിച്ചിരുന്ന പല സേവനങ്ങളും ഇന്ന് പണമുണ്ടെങ്കിൽ മാത്രം ലഭിക്കുന്നവയായി മാറി.

**വസ്തുതകൾ**

1991 ലെ കാനേഷുമാരി കണക്കനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 30024 ആണ്. പ്രതിവർഷം 5% വളർച്ചാ നിരക്ക് കണക്കാക്കിയാൽ 96 ൽ 38317 ആയിരിക്കും. പുരുഷന്മാരുടെ എണ്ണം സ്ത്രീകളെ അപേക്ഷിച്ച് 1% കുറവാണ്. ഹരിജൻ കോളനികൾ ഉൾപ്പെടെ ലക്ഷം വീട്, നാലുസെന്റ് കോളനികൾ മൊത്തം 36എണ്ണമുണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ 4 സെന്റ് കോളനികൾ ഉള്ള പഞ്ചായത്താണ് കക്കോടി.

പട്ടിക 1

ലക്ഷംവീട് കോളനികൾ

| പേര് | വീടുകളുടെ എണ്ണം | വാർഡ് |
|---|---|---|
| 1. പുറണാടത്ത് താഴം | 20 | I |
| 2. മേയന്തല പറമ്പ് | 20 | II |
| 3. എടവലത്ത് പറമ്പ് | 10 | III |
| 4. കൂളിച്ചാളയ്ക്കൽ | 10 | IV |
| 5. കിഴക്കേടത്ത് പറമ്പ് | 20 | X |
| 6. ഐലാടത്ത് പറമ്പ് | 14 | VII |
| 7. എളേടത്ത് പറമ്പ് | 6 | VIII |

പട്ടിക 2    4 സെന്റ് കോളനികൾ

| | | |
|---|---|---|
| 1.എടക്കണ്ടി പറമ്പ് | 16 | XI |
| 2. വടക്കേ എടോളി പറമ്പ് | 19 | XI |
| 3. ചെമ്പോളി പറമ്പ് | 21 | II |
| 4. മുണ്ടകത്തിൽ തൊടി പറമ്പ് | 13 | VI |
| 5. കാരക്കുന്ന് ( ചാലിൽ) | 11 | II |
| 6. ഒറ്റപ്പിലാക്കൽ പറമ്പ് | 19 | III |
| 7. മണന്തലപ്പറമ്പ് | 18 | XII |
| 8. വളപ്പിൽ എന്ന കളത്തിൽ പറമ്പ് | 16 | XI |
| 9. മുപ്പറ്റമ്മൽ കുന്ന് | 18 | VI |
| 10. മലേമ്മൽ പറമ്പ് | 10 | VIII |
| 11. എടോളി മീത്തൽ | 10 | VI |
| 12. തടത്തിൽ പുറായി | 8 | VI |
| 13. കാരാളിപറമ്പ് | 21 | XI |
| 14. പനയത്തിങ്കൽ പറമ്പ് | 17 | VIII |
| 15. മൂത്തേടത്ത് പറമ്പ് | 12 | X |
| 16. തെയ്യമ്പാടി കണ്ടിപറമ്പ് | 32 | II |
| 17. കൂരങ്ങാട്ട് കുന്ന് പടിഞ്ഞാറേത്തല | 19 | III |
| 18. കാരാട്ട് പറമ്പ് | 26 | XI |
| 19. കമലത്തൂർ പറമ്പ് | 12 | IX |
| 20. ഒറ്റപ്പിലാക്കൽ | 13 | III |

**ഹരിജൻ കോളനി**

| | |
|---|---|
| 1.ചിരട്ടാട്ട് താഴം കോളനി | V |
| 2.മക്കട ഹരിജൻ കോളനി (അയ്യപ്പൻ കുഴി) | II |
| 3.പേരടിക്കുന്ന് തലാപ്പാക്കിൽ മീത്തൽ | II |
| 4.പലോറക്കുന്ന് | VII |
| 5.ധർമ്മൻകുന്ന് | VII |
| 6.വാഴറാട് കുന്ന് | VII |
| 7.ചാലിക്കര | XII |
| 8.കുറുക്കൻ കുന്ന് | VII |
| 9.കമ്മിളിത്താഴം | XII |
| 10.ഒറ്റപ്പിലാക്കൽ | . |

പഞ്ചായത്തിലെ ജനസംഖ്യയിൽ 3045 പേർ ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. മൊത്തം ജനസംഖ്യയുടെ 10.55% വരുന്ന ഹരിജനങ്ങളുടെ എണ്ണം 4042 ആണ്.

സാമൂഹ്യക്ഷേമരംഗത്ത് പഞ്ചായത്ത് പല പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ അശ്രദ്ധ കൊണ്ടും നടത്തിപ്പിൽ വന്ന വീഴ്ചകൾ കൊണ്ടും ചില പദ്ധതികൾ അപൂർണ്ണമായിട്ടേ നടപ്പിലായിട്ടുള്ളൂ. വിവിധ പദ്ധതികളിലൂടെ പഞ്ചായത്തിൽ 293 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. ട്രൈസം തൊഴിൽ പരിശീലന പരിപാടി അനുസരിച്ച് 67 പേർക്ക് വിവിധ തൊഴിൽ മേഖലയിൽ പരിശീലനം നൽകപ്പെട്ടിട്ടുണ്ട്. DWCRA പദ്ധതിപ്രകാരം 10 പേർക്ക് റെഡിമെയ്ഡ്, ബേക്കറി എന്നീ മേഖലകളിലും 10 പേർക്ക് മൺപാത്ര നിർമ്മാണത്തിലും, 10 പേർക്ക് പശുവളർത്തലിലും 5 പേർക്ക് മെറ്റൽ നിർമ്മാണത്തിലും ധനസഹായം ലഭിച്ചിട്ടുണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ നിന്നും പരിശീലനം ലഭിച്ചവർക്ക് ജീവിത വൃത്തി കണ്ടെത്താൻ പ്രയാസങ്ങൾ നേരിടുന്നു എന്നതാണ് വസ്തുത. പഞ്ചായത്തിലെ വീടുകൾ, കുടിവെള്ള ലഭ്യത, വൈദ്യുതിയുടെ ഉപയോഗം, കിണറുകൾ, കക്കൂസുകൾ എന്നിവ ഈ റിപ്പോർട്ടിന്റെ ഇതര അദ്ധ്യായങ്ങളിലുണ്ട്. ഓല ഷെഡുകൾ, ഓടുമേഞ്ഞവ, കോൺക്രീറ്റ് വീടുകൾ എന്നിവ മൊത്തം 5422 എണ്ണമുണ്ട്. പാർപ്പിടമില്ലാത്ത 300ഓളം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്.

12 വാർഡുകളിലായി 8 റേഷൻ ഷാപ്പുകൾ പഞ്ചായത്തിലുണ്ട്. ഒരു ഗവ : മാവേലിസ്റ്റോറും, ഒരു സഹകരണമാവേലി സ്റ്റോറും മാത്രമേയുള്ളൂ. ഒരു ഹൈസ്കൂളും, 12 എൽ.പി/യു.പി. സ്കൂളുകളും പഞ്ചായത്തിലുണ്ട്. എന്നാൽ ഉയർന്ന വിദ്യാഭ്യാസം ലഭിക്കുന്നതിനാവശ്യമായ സ്വകാര്യ പാരലൽ കോളേജുകളും ഏതാനും ഇൻസ്റ്റിറ്റ്യൂട്ട് മാത്രമേ ഉള്ളൂ.

പ്രൈമറി ഹെൽത്ത് സെന്റർ, ഹോമിയോ ഡിസ്പെൻസറി എന്നിവ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം തൃപ്തികരമല്ല. ഗർഭിണികൾക്ക് നഗരത്തിലെ ആശുപത്രികളുടെ സേവനം മാത്രമേ ലഭിക്കുന്നുള്ളൂ. മുലയൂട്ടുന്ന അമ്മമാർക്കുള്ള പ്രത്യേക പോഷകാഹാര പരിപാടി പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിലായി നടക്കുന്നു.

90% സ്ത്രീകളും വീടുകളിൽ ഒതുങ്ങിക്കഴിയുന്നു. കുടിൽ വ്യവസായസംരഭങ്ങൾ ഇവരുടെ സ്വപ്നമാണ്.

**പ്രശ്നങ്ങൾ**

1. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയെക്കുറിച്ച് പലരും അറിയുന്നില്ല. അതുകൊണ്ടുതന്നെ വളരെ കുറച്ചു പേർക്കുമാത്രമേ അവ പ്രയോജനപ്പെടുന്നുള്ളൂ.
2. ആനുകൂല്യങ്ങൾ യഥാക്രമം കിട്ടുന്നില്ല.
3. പദ്ധതികളുടെ നടത്തിപ്പിൽ ഇടത്തട്ടുകാരുടെ സാന്നിദ്ധ്യം ഗുണഭോക്താവിന് നഷ്ടമുണ്ടാക്കുന്നു.
4. പെൻഷനുകൾക്ക് അപേക്ഷകൊടുത്ത് കാത്തിരിക്കുന്നവർ ധാരാളമാണ്.
5. IRDP പദ്ധതിപ്രകാരമുള്ള സഹായം പൂർണ്ണമായും കിട്ടുന്നില്ല.
6. വീടുനിർമ്മാണത്തിനുള്ള ധനസഹായം അപര്യാപ്തമാണ്.
7. ചിലവ് കുറഞ്ഞവീടുകൾ നിർമ്മിക്കുന്നതിനുള്ള സംവിധാനമില്ല.
8. തൊഴിൽപരിശീലനം നേടിയവർക്ക് തൊഴിലെടുക്കാ

നുള്ള അവസരം ലഭിക്കുന്നില്ല.

9. എല്ലാ വാർഡുകളിലും അംഗനവാടികളില്ല.
10. മഹിളാ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
11. വേനൽക്കാലങ്ങളിൽ രൂക്ഷമാകുന്ന വരൾച്ചയും കുടിവെള്ളപ്രശ്നവും എല്ലാ വർഷവും ആവർത്തിക്കുന്നു.
12. കുടിവെള്ളം, കക്കൂസ്, വൈദ്യുതി, പൊതുവഴി എന്നിവ എല്ലാകോളനികളും ഇല്ല.
13. പൊതുവിതരണ കേന്ദ്രങ്ങൾ അപര്യാപ്തതയും ക്രമക്കേടുമുള്ളതായി അനുഭവപ്പെടുന്നു.
14. പൊതുവിതരണ കേന്ദ്രങ്ങൾ അപര്യാപ്തമായും ക്രമക്കേടുള്ളതുമായി അനുഭവപ്പെടുന്നു.
15. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തമാണ്.

**സാധ്യതകൾ**

1. വാർഡ് വികസന സമിതികളുടെ മേൽനോട്ടത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കിയാൽ അർഹരായവർക്കെല്ലാം പ്രയോജനം ലഭിക്കും.
2. വിവിധ സ്കീമുകൾ പ്രകാരം ധനസഹായം ലഭിക്കാൻ അർഹതയുള്ളവരുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി പ്രസിദ്ധീകരിച്ചാൽ നീതി പുലർത്താൻ കഴിയും.
3. എല്ലാ വാർഡിലും അംഗനവാടികളുണ്ടാക്കുക. സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളിൽ അമ്മമാരെയും കുടുംബങ്ങളെയും പങ്കെടുപ്പിക്കുക വഴി സാമൂഹ്യ ക്ഷേമം ഉറപ്പാക്കുക.
4. പൊതുവിതരണ കേന്ദ്രങ്ങളിൽ സാധനങ്ങളുടെ വില വിവരപട്ടിക വെപ്പിക്കുക വഴി സ്വകാര്യ കച്ചവടക്കാരുടെ കൊള്ളലാഭം നിയന്ത്രിക്കാനാകും.
5. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കാനുള്ള പരിശീലനം നൽകുന്നതോടൊപ്പം അത്തരം വീടുകൾ പണിതുകൊടുത്ത് പാർപ്പിടപ്രശ്നത്തിന് പരിഹാരം കാണാം.
6. വാർഡുകളിലെ നീരുറവുകൾ പ്രയോജനപ്പെടുത്തി ചെറുകിട പദ്ധതികൾവഴി അടുത്ത അഞ്ചുവർഷത്തിനുള്ളിൽ എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുവാൻ കഴിയും.
7. ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ വീടുകൾ കേന്ദ്രീകരിച്ച് കുടിൽ വ്യവസായങ്ങൾ ആരംഭിക്കുകയും പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാം.
8. കന്നുകാലിഫാം, കുടിൽ വ്യവസായ യൂണിറ്റുകൾ, മുതലായവ തുടങ്ങാൻ പറ്റിയ രീതിയിൽ ഒരു സർവ്വെ നടത്തി അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി രൂപപ്പെടുത്തി പ്രാവർത്തികമാക്കുക.

## വികസന റിപ്പോർട്ടിനു പിന്നിൽ പ്രവർത്തിച്ചവർ...

കെ.കെ.ചോയിക്കുട്ടി
മാടിച്ചേരി ഗംഗാധരൻ
വാസുമാസ്റ്റർ
പി. രാജൻ
കെ.പി.മജീദ്
അരവിന്ദാക്ഷൻ
വിജയൻ നായർ കെ.പി.
നെച്ചുളി സുരേഷ് ബാബു
പ്രൊഫ. ശോഭീന്ദ്രൻ
ജയകൃഷ്ണൻമാസ്റ്റർ
വിശ്വാമിത്രൻ
പ്രഭാകരൻ നമ്പ്യാർ
നെല്ല്യേരി ബാലൻ
അഡ്വ.സി.ടി. ശിവദാസൻ
കെ.പി. മനോജ് കുമാർ
പി. ബീന
മൂസക്കോയ
ഉണ്ണിരാമൻ
കാർത്യായനി
പി.ടി പത്മിനി
പുഷ്പ കെ.
എം.ടി. പ്രഭാകരൻ
ടി.ടി. ശിവദാസൻ

എം. രാജേന്ദ്രൻ
ബീന സി.
ഷീബാ ശശി
ഗോകുൽദാസ്
വാസുദേവൻ മാസ്റ്റർ
പി. വാസുദേവൻ
ഉപശ്ലോകൻ
പി.ശശി
രാമകൃഷ്ണൻ കെ.
എം.പി.ദേവി
രവീന്ദ്രൻ വി.എം.
വാസന്തി, ശ്രീനിലയം
സുജാഅശോകൻ
ഗോവിന്ദൻ നമ്പൂതിരി
കൃഷ്ണൻകുട്ടി
അഡ്വ. രജിത് കുമാർ
പി. ശോഭീന്ദ്രൻ
കെ.സി.കെ. ഉണ്ണി
അബൂബക്കർമാസ്റ്റർ
എം. രാമദാസൻ
എം.എ. സിറാജ്
കുനിയിൽ ദയാനന്ദൻ
ആർ.പി. സുരേന്ദ്രൻ

# കേരളം



കർണ്ണാടകം
സംസ്ഥാന തലസ്ഥാനം
ജില്ലാ ആസ്ഥാനങ്ങൾ
കാസർകോഡ്
കണ്ണൂർ
വയനാട്
കൽപ്പറ്റ
കോഴിക്കോട്
അറബിക്കടൽ
മലപ്പുറം
പാലക്കാട്
തമിഴ്നാട്
തൃശൂർ
എറണാകുളം
ഇടുക്കി
പൈനാവ്
കോട്ടയം
ആലപ്പുഴ
പത്തനംതിട്ട
കൊല്ലം
തിരുവനന്തപുരം